VII റിപ്പോർട്ട് സമർപ്പണം

1. IX-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പീരിയോഡിക്കൽ റിപ്പോർട്ട്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ) : സർ, തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2002-2003 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-ാമത് റിപ്പോർട്ട്.

ശ്രീ. എം. മുരളി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII ധനകാര്യം

2005-2006 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ V-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച നയരേഖയും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)
III	നീതിന്യായ നിർവ്വഹണം	106,10,58,000	–	106,10,58,000
XII	പോലീസ്	6,92,48,96,000	50,02,000	6,92,98,98,000
XIII	ജയിലുകൾ	34,57,13,000	–	34,57,13,000

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ജയിലുകൾ എന്ന 13-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന പ്രസ്താവന നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ഇനി പറയുന്ന കട്ട്മോഷനുകൾ അവതരിപ്പിക്കേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 1,06,10,58,000 രൂപ.

ശ്രീ. പി.എസ്. സുപാൽ : സർ,

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,06,10,58,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് കുടുംബകോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 692,98,98,000 രൂപ.

ശ്രീ. പി. എസ്. സുപാൽ : സർ,

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 692,98,98,000 രൂ.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 34,57,13,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ : സർ,

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,13,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(തടവുകാർക്ക് ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായിട്ട് എതിർക്കുകയാണ്. പുരാതന ഭാരതത്തിൽ മൗര്യ സാമ്രാജ്യം സ്ഥാപിച്ച ഭരണാധികാരിയാണ് ചന്ദ്രഗുപ്തമൗര്യൻ. ചാണക്യൻ അദ്ദേഹത്തിന്റെ ഉപദേഷ്ടാവായിരുന്നു. ആ ഭരണകാലത്ത് രാജ്യത്ത് നില നിന്നിരുന്ന ക്രമസമാധാനത്തെ സംബന്ധിച്ച് ഇങ്ങനെ പറയാറുണ്ട്. സുന്ദരിയായ ഒരു സ്ത്രീ അർദ്ധരാത്രിയിൽ തെരുവിലൂടെ നടന്നു നീങ്ങുന്നു. ആരും അവളെ ശല്യം ചെയ്യുന്നില്ല. ആ സമയത്ത് കാറ്റ് വീശുന്നുവെങ്കിലും അവളുടെ കാർകൂന്തൽ ഇളക്കുവാൻ ആ കാറ്റുപോലും ധൈര്യപ്പെടുന്നില്ല. സ്ത്രീയുടെ മഹത്വവും അവരെ സംരക്ഷിക്കുന്നതിന് രാജ്യത്ത് നിലനിൽക്കുന്ന ശക്തമായ നിയമവാഴ്ചയുമാണ് ഇത് ഓർമ്മിപ്പിക്കുന്നത്. കാലഘട്ടം മാറുകയാണ്. ഭരണാധികാരികൾ മാറുകയാണ്. കേരളത്തിൽ ഇപ്പോൾ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഇവിടെ സ്ത്രീകളുടെ ചാരിത്ര്യം പകൽ പോലും അപഹരിക്കപ്പെടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. നമ്മുടെ സഹോദരിമാർ വേട്ടയാടപ്പെടുന്നു. യു.ഡി.എഫ്. ഭരണത്തിൽ സ്ത്രീ പീഡനവും പെൺവാണിഭവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ അവസാനിപ്പിക്കേണ്ടത് ഭരണാധികാരികളുടെ ഉത്തരവാദിത്വവും കടമയുമാണ്. പക്ഷേ ഭരണാധികാരികൾ തന്നെ ഇത്തരം കാര്യങ്ങൾക്ക് സഹായികളായി വർത്തിക്കുന്നു എന്നുള്ളതാണ് വർത്തമാന കേരളം നേരിടുന്ന ഏറ്റവും വലിയ ദുരന്തം. ഇവിടെ ഐസ്ക്രീം പാർലർ, സൂര്യനെല്ലി, തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് ആരോപണ വിധേയരായിട്ടുള്ള പ്രതികളായിട്ടുള്ള ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി മുൻകൈ എടുത്തത് ആരാണ് ? സംരക്ഷിച്ചു കൊണ്ടിരിക്കുന്നത് ആരാണ് ? ഐസ്ക്രീം പാർലർ കേസിൽ ആരോപണ വിധേയനായ മന്ത്രിയെ സംരക്ഷിക്കുന്നതിനുവേണ്ടി തുടക്കം മുതൽ ഒടുക്കംവരെ നിലകൊണ്ട ആളാണ് നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി. അതുപോലെ തന്നെ സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട് ആരോപണ വിധേയരായവർക്കെതിരെ ഗവൺമെന്റ് എടുക്കുന്ന സമീപനം എന്താണ് ? സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട് പ്രതിയെ സംരക്ഷിക്കുന്ന സമീപനമല്ലേ ഈ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെൻറ് എടുത്തുകൊണ്ടിരിക്കുന്നത്.; അതിന്റെ ഭാഗമല്ലേ സൂര്യനെല്ലിക്കേസുമായി ബന്ധപ്പെട്ട വിഷയം സുപ്രീംകോടതിയുടെ മുമ്പാകെ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള നടപടികളുമായി ഈ ഗവൺമെൻറ് മുന്നോട്ട് പോകാത്തത്? അതുകൊണ്ടല്ലേ ഇത്തരത്തിലുള്ള സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നത്. എനിക്ക് ഒരു കാര്യം പറയാനുള്ളത്. ചന്ദ്രഗുപ്ത മൗര്യൻ തന്റെ പ്രജകളുടെ ക്ഷേമം അറിയുന്നതിനുവേണ്ടി വേഷംമാറി

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ രാജ്യത്ത് ഉടനീളം സഞ്ചരിക്കുമായിരുന്നു. അദ്ദേഹം മാത്രമല്ല പലഭരണാധികാരികളും, ചക്രവർത്തിമാരും വേഷംമാറി പ്രജകളുടെ ക്ഷേമം അന്വേഷിക്കുന്നതിനുവേണ്ടി നടക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. എനിക്ക് ആധുനിക കേരളത്തിൽ ഭരണ സാരഥിയായിട്ടുള്ള ശ്രീ. ഉമ്മൻചാണ്ടി തിരുമനസിനോട് അഭ്യർത്ഥിക്കാനുള്ളത്, ക്ഷമിക്കണം അഭ്യർത്ഥിക്കാനല്ല, ഉണർത്താനുള്ളത് അങ്ങ് വേഷം മാറി ഈ കേരളത്തിൽ അങ്ങോളമിങ്ങോളം ഒന്നു സഞ്ചരിക്കുന്നതിന് തയ്യാറാകണമെന്നാണ്. കേരളത്തിൽ ഉടനീളം ഇന്നു നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനു വേണ്ടി, ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി അങ്ങ് കേരളത്തിൽ വേഷം മാറി സഞ്ചരിച്ചാൽ സൂപ്പർ ഫാസ്റ്റിൽ തിരിച്ചെത്തി അങ്ങ് രാജി വയ്ക്കും എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അങ്ങനെയുള്ള, അത്രമോശപ്പെട്ട സംഭവങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ മറ്റൊരു കാര്യം സൂചിപ്പിക്കാം. ആ കാലഘട്ടമൊന്നുമല്ലെങ്കിലും നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി സ്ത്രീവേഷം ധരിച്ചുകൊണ്ട് അർദ്ധരാത്രി 12 മണിക്ക് ഈ നിയമസഭയുടെ മുമ്പിലുള്ള റോഡിലൂടെയോ അല്ലെങ്കിൽ ഈ തലസ്ഥാന നഗരിയിലെ സെക്രട്ടേറിയറ്റിനു മുമ്പിലുള്ള റോഡിലൂടെയോ അങ്ങേയ്ക്ക് ഒന്നു സഞ്ചരിക്കാൻ കഴിയുമോ ? അങ്ങേയ്ക്ക് ഒന്നു ഇറങ്ങി നടക്കാൻ കഴിയുമോ ? അങ്ങ് മുഖ്യമന്ത്രിയാണെന്നറിയാതെ തന്നെ അങ്ങയെ തട്ടിക്കൊണ്ടുപോകാൻ അവിടെ ആളുകൾ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതുപോലെ സ്ത്രീകൾ ഏറ്റവും അധികം അപമാനം സഹിക്കേണ്ടിവന്ന കാലം ഉണ്ടായിട്ടില്ല. അങ്ങേയറ്റം ആക്ഷേപം സഹിക്കേണ്ടിവന്ന കാലഘട്ടം ഉണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഇന്നു വരെ കേരളത്തിലെ സ്ത്രീ സമൂഹം അനുഭവിക്കുന്ന പ്രയാസങ്ങൾ കാണുമ്പോൾ ഈ ഗവൺമെന്റിന്റെ ചെയ്തികൾ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതിന് സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് പറയേണ്ടിവരും. ഇവിടെ ഏറ്റവും മോശപ്പെട്ട ക്രമസമാധാന നിലയാണുള്ളത്. ഇന്നു ഇന്ത്യയിൽ ക്രമസമാധാന നില ഏറ്റവും അധികം തകർന്ന ഒരു സംസ്ഥാനമായി കണക്കാക്കപ്പെടുന്നത് ബീഹാർ ആണ്. പക്ഷേ ബീഹാറിനേക്കാൾ മോശപ്പെട്ട ക്രമസമാധാന സ്ഥിതിയുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു എന്നു പറയുമ്പോൾ ഈ കാര്യത്തെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോ ; മുഖ്യമന്ത്രി തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇന്നു കേരളം കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുന്നു. 'ഇന്ത്യാ ടുഡേ' നടത്തിയ ഒരു സർവ്വേയിൽ ഇന്ത്യയിലെ ഏറ്റവും മോശപ്പെട്ട മുഖ്യമന്ത്രിയായാണ് ഉമ്മൻചാണ്ടിയെ ചിത്രീകരിച്ചിരിക്കുന്നത്. എന്തുകൊണ്ടാണിത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ട കാര്യമാണ് കേരളത്തിലെ സംഭവങ്ങൾ, കേരളത്തിലെ ഭരണം ആ നിലയ്ക്കാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഭരണമാറ്റം ഉണ്ടായി. ഭരണമാറ്റം ഉണ്ടാകുന്നതിന് മുമ്പുള്ള സ്ഥിതി എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമാൻ എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ പോലീസ് സ്റ്റേഷനുകൾ ഭരിച്ചിരുന്നത് ഗുണ്ടാ മാഫിയാ സംഘങ്ങളായിരുന്നു. അങ്ങേയ്ക്കറിയാം, പോലീസ് സ്റ്റേഷന്റെ ഭരണം നടത്തിയിരുന്നത് ഗുണ്ടാ മാഫിയാ സംഘങ്ങളായിരുന്നു. ഇവിടെ ഭരണ മാറ്റമുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി. ഇപ്പോൾ പോലീസ് സ്റ്റേഷനുകളുടെ സ്ഥിതി എന്താണ്? ഗുണ്ടാ മാഫിയാ സംഘങ്ങളോടൊപ്പംതന്നെ, കോൺഗ്രസ് പ്രവർത്തകർകൂടി ചേർന്നുകൊണ്ട്, ഗുണ്ടാ മാഫിയാ സംഘങ്ങളും കോൺഗ്രസ് പ്രവർത്തകരുംകൂടി ചേർന്നുകൊണ്ട് ഇന്ന് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന ഏറ്റവും മ്ലേച്ഛമായ കാഴ്ചയാണ് നമുക്കു കാണാൻ കഴിയുന്നത്. ഇവിടെ മോഷണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു; സ്ത്രീപീഡനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു; പെൺവാണിഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാമുദായിക സംഘർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും യാതൊരു സംരക്ഷണവും ലഭിക്കാത്ത നിലയിലേയ്ക്ക് കേരളത്തിലെ സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. മോഷണങ്ങൾ പെരുകുന്നു. പിടിച്ചുപറി വർദ്ധിക്കുന്നു. പോലീസിന് എന്തു പണിയാണ്. പോലീസ് ഇത് കാണുന്നില്ലേ? ഇവിടെ ശക്തമായ ഒരു പോലീസ് സംവിധാനമില്ല. പോലീസിനെ അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ അസംബ്ലിയിൽ പറഞ്ഞതാണ്. മറ്റു പാർട്ടിക്കാരുടെ ആഭ്യന്തര പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെ പോലീസിനെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ മുഖ്യമന്ത്രിയുടെ പാർട്ടിയുടെ ഗ്രൂപ്പു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ഇവിടെ പോലീസിനെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ന് കേരള നിയമസഭയിൽ പോലീസുമായി ബന്ധപ്പെട്ട് ചർച്ച നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ കേരളത്തിൽ പോലീസ് ഭരണം കൈകാര്യം ചെയ്യുന്നതിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ നേതാക്കന്മാരും പ്രവർത്തകരും കേരളത്തിലുടനീളം ഒരു റാലിയുടെ പേരിൽ, ഗ്രൂപ്പ് തർക്കത്തിന്റെ പേരിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കോൺഗ്രസ്സിന് എത്ര വിപ്പ്-ആണ്? കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങൾ കണ്ടപ്പോൾ നിയമസഭയുമായി ബന്ധപ്പെട്ടു നടക്കുന്ന കാര്യങ്ങളാണോ എന്ന് സംശയം തോന്നിപ്പോയി. കോൺഗ്രസ്സിനു എത്ര വിപ്പ് ആണ്? വാളെടുത്തവരെല്ലാം വെളിച്ചപ്പാട് എന്നപോലെ കാണുന്നവരെല്ലാം കോൺഗ്രസ്സിന്റെ വിപ്പ് ആണ്. അവിടെ നോക്കുമ്പോൾ കോൺഗ്രസ്സിന്റെ വിപ്പുമാരെ മാത്രമേ കാണാൻ കഴിയുന്നുള്ളൂ. ഇത്രയ്ക്ക് വിപ്പുമാരുള്ള ഒരു പാർട്ടിയുണ്ടോ? കയ്യും കാലും ഛേദിക്കപ്പെട്ട്, മൂക്കുംമുലയും ഛേദിക്കപ്പെട്ട് അപ്പുറത്ത് കുറച്ചു മിണ്ടാപ്രാണികൾ ഇരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറെങ്കിലും അതൊന്നു കാണാൻ ശ്രമിക്കണം. പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കണം. മിണ്ടാൻ കഴിയുന്നില്ല. അവർക്ക് അഭിപ്രായങ്ങൾ പറയാൻ കഴിയുന്നില്ല. അവർക്ക് റാലിയിൽ പങ്കെടുക്കുവാൻ കഴിയുന്നില്ല. റാലിയിൽ പങ്കെടുക്കാതിരിക്കുവാൻ കഴിയുന്നില്ല. ഇത്ര വലിയ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പീഡനമുണ്ടോ ? ഇത് ഒരു മനുഷ്യാവകാശ ലംഘനമല്ലേ ? ഒന്നുമല്ലെങ്കിൽ അവർക്ക് മനുഷ്യാവകാശ കമ്മീഷനിലെങ്കിലും പരാതിപ്പെടാനുള്ള അവസരം ഒരുക്കിക്കൊടുക്കണം. അതിനുള്ള മുൻകൈ ബഹുമാനപ്പെട്ട സ്പീക്കർ എടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇവിടെ മുഖ്യമന്ത്രി എപ്പോഴും നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നു സൂചിപ്പിക്കാറുണ്ട്. നിയമം നിയമത്തിന്റെ വഴിക്കു പോകും. അഴിമതി ഞാൻ വെച്ചു പൊറുപ്പിക്കുകയില്ലാ എന്ന് മുഖ്യമന്ത്രി ആവർത്തിച്ച് ആവർത്തിച്ച് ഇവിടെ സൂചിപ്പിക്കാറുണ്ട്. നിയമം നിയമത്തിന്റെ വഴിക്കാണോ പോകുന്നത് ? സർ, കേരളത്തിൽ നിയമം നിയമത്തിന്റെ വഴിക്കാണോ പോകാറുള്ളത്? ഇവിടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്ന പ്രവർത്തനങ്ങളാണോ നടന്നുകൊണ്ടിരിക്കുന്നത്? അഴിമതിക്കാരെ സംരക്ഷിക്കുന്ന, സത്യസന്ധമായി പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥന്മാരെ പീഡിപ്പിക്കുന്ന പ്രവർത്തനമല്ലേ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന? ലോട്ടറി വിവാദവുമായി ബന്ധപ്പെട്ട് നമുക്ക് അറിയാം. വളരെ സ്റ്റേൺ ആയ നിലപാടെടുത്ത ഉദ്യോഗസ്ഥന് എതിരായി നടപടികൾ സ്വീകരിച്ച ഗവൺമെന്റാണിത്. അതുപോലെ എനിക്ക് ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഇവിടെ കരകൗശല വികസന കോർപ്പറേഷനിൽ ജനറൽ മാനേജരായി നിയമിക്കപ്പെട്ട സത്യസന്ധനായ ഉദ്യോഗസ്ഥനായ ശ്രീ. ആരിഫിനോട് നിങ്ങൾ എന്താണു ചെയ്തത്? ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം മുഖ്യമന്ത്രിക്ക് അറിയാം. ശ്രീ. ജോൺ ജേക്കബ് വള്ളിക്കാലിൽ എന്നു പറയുന്ന കരകൗശല വികസന കോർപ്പറേഷൻ ചെയർമാന്റെയും അദ്ദേഹത്തിന്റെ പാർശ്വവർത്തികളുടേയും അനാവശ്യമായിട്ടുള്ള റെക്കമെന്റേഷനും അഴിമതികളും അംഗീകരിക്കാത്ത നിലപാടു സ്വീകരിച്ചതിനെത്തുടർന്ന് ആരിഫ് എന്ന ഉദ്യോഗസ്ഥനെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെ കള്ളക്കേസുകളുണ്ടാക്കി. ഒരു പ്രാഥമികമായ അന്വേഷണംപോലും നടത്താതെ വിജിലൻസിനെ ഉപയോഗിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ കേസ് ചാർജ്ജ് ചെയ്യുകയുണ്ടായി. വ്യാജ ഡിഗ്രി കരസ്ഥമാക്കിക്കൊണ്ട് അദ്ദേഹം ഡെപ്യൂട്ടേഷനിൽ വന്നു എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ നിയമനം ഏതാണ്ട് ഒന്നര വർഷക്കാലത്തോളം തടഞ്ഞുവച്ചു. അദ്ദേഹത്തെ സസ്പെന്റ് ചെയ്തു. ജോൺ ജേക്കബ് വള്ളിക്കാലിൽ ആരാണ് ? ജോൺ ജേക്കബ് വള്ളിക്കാലിൽ എന്ന ആ ചെയർമാന്റേയും പാർശ്വവർത്തികളുടേയും അഴിമതിക്ക് കൂട്ടുനിൽക്കാത്തതിന്റെ പേരിൽ ഒന്നര വർഷക്കാലം അദ്ദേഹത്തിന്റെ നിയമനം തടഞ്ഞുവെച്ചു. ആരിഫ് എന്ന ആ ജനറൽ മാനേജരെ അതിനുശേഷം സസ്പെന്റു ചെയ്തു. അദ്ദേഹത്തിനെതിരെ കള്ളക്കേസ് എടുക്കുന്ന സാഹചര്യമുണ്ടായി. നമ്മുടെ മാധ്യമങ്ങളിൽ അതിനെ സംബന്ധിച്ചുള്ള വാർത്തകൾ വന്നിട്ടുള്ളതാണ്. ഇപ്പോഴും അദ്ദേഹത്തിനെതിരെ പ്രതികാര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജോൺ ജേക്കബ് വള്ളിക്കാലിൽ എന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ സഹായിക്കുന്ന നിലപാട് ആരാണ് സ്വീകരിച്ചിട്ടുള്ളത് ? മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ സഹായിക്കുന്ന നിലപാടുകൾ പലപ്പോഴും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വഴിവിട്ടു പ്രവർത്തിക്കാത്ത സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന് എതിരായിട്ടുള്ള നിലപാടുകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടു പോയത്.

LIBRARY ARCHIVES Kerala Legislative Assembly

ഏതിലാണ് അഴിമതിക്കെതിരായ നിലപാടു സ്വീകരിച്ചത്? അഴിമതിക്കെതിരായ കുരിശുയുദ്ധമെന്നു പറയുന്നത് ഇതാണോ? ഇതിനോട് ഒരു കാരണവശാലും യോജിക്കുവാൻ കഴിയുകയില്ല. മുഖ്യമന്ത്രി ഈ വിഷയം പരിശോധിക്കണം. അനാവശ്യമായി അഴിമതിക്കാരെ സംരക്ഷിക്കുന്ന സമീപനങ്ങൾ തിരുത്തുവാൻ തയ്യാറാകണം. സത്യസന്ധരായ ഉദ്യോഗസ്ഥന്മാർക്ക് സർവ്വീസിൽ തുടരാനുള്ള സംവിധാനം ഒരുക്കണം. ആ നിലയ്ക്ക് കേരളത്തിലെ സാഹചര്യങ്ങൾ മാറ്റിക്കൊണ്ടുവരാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്.

ഇവിടെ വർഗ്ഗീയ സംഘർഷങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാമുദായിക സംഘർഷങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പരസ്പരം ചേരി തിരിഞ്ഞ് സംഘർഷങ്ങൾ വർദ്ധിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ അടുത്ത സമയത്താണ് പൂവാറിൽ ആക്രമണങ്ങൾ ഉണ്ടായത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്രയോ സംഘർഷങ്ങൾ ഉണ്ടായി. എത്രയോ വർഗ്ഗീയ കലാപങ്ങളുണ്ടായി. വർഗ്ഗീയ കലാപത്തിന്റെ പേരിൽ എത്രയോ ആളുകളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. എന്തുകൊണ്ടാണ്? വർഗ്ഗീയ ശക്തികളെ സഹായിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വർഗ്ഗീയ ശക്തികൾക്കെല്ലാം അടിയറ വയ്ക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണം തുടങ്ങിയ ശേഷം കന്യാസ്ത്രീകൾ ഒളവണ്ണയിൽ ആക്രമിക്കപ്പെട്ടില്ലേ? വൈദികൻ കൊലചെയ്യപ്പെട്ട സാഹചര്യമുണ്ടായില്ലേ? വർഗ്ഗീയ ശക്തികൾ ഇവിടെ സംഘർഷം ഉണ്ടാക്കുവാൻ ശ്രമിക്കുന്നു. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയുവാൻ സാധിക്കും; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന അവസരത്തിൽ കേരളത്തിൽ ഒരു വർഗ്ഗീയ സംഘർഷംപോലും ഉണ്ടായിരുന്നില്ല. വർഗ്ഗീയ സംഘർഷത്തിന്റെ പേരിൽ ഒരുതുള്ളി ചോരപോലും കേരളത്തിന്റെ പവിത്രമായ മണ്ണിൽ വീഴുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. പക്ഷേ ശ്രീ. ആന്റണി ഭരിച്ചപ്പോൾ, ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുമ്പോൾ കേരളത്തിൽ സമുദായത്തിന്റെ പേരിൽ, ജാതി-മതങ്ങളുടെ പേരിൽ, വർഗ്ഗീയ സംഘർഷം ഉണ്ടാകുന്നു. ചേരിതിരിവ് ഉണ്ടാകുന്നു. ആളുകളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ഒരുപാടുപേരുടെ നാശത്തിലേയ്ക്കു പോകുന്ന സാഹചര്യം ഉണ്ടാകുന്നു. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, നീതിന്യായ നിർവ്വഹണം, പോലീസ്, ജയിലുകൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. എന്റെ അനുജന്റെ പ്രായമുള്ള ശ്രീ. സുപാലിനോട് എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്, രാഷ്ട്രീയമായി അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും രാഷ്ട്രീയമായ സംഭവവികാസങ്ങളിൽ സൂക്ഷ്മമായ ഒരു നിരീക്ഷണം വേണമെന്നാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോട് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത് വേഷം മാറി കേരളം മുഴുവൻ സഞ്ചരിക്കണമെന്നാണ്. ഞങ്ങൾക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കുവാനുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ സഞ്ചാരം ഒന്നു കുറയ്ക്കണമെന്നാണ്. സർ, ഇന്ത്യാ മഹാരാജ്യത്ത് ഇത്രയധികം സഞ്ചരിക്കുന്ന, മുഖ്യമന്ത്രി ആണെങ്കിലും അല്ലെങ്കിലും, ജനങ്ങളെ കാണുന്ന, ഒരു രാഷ്ട്രീയ നേതാവില്ല എന്നുള്ളത് ഞാൻ അഭിമാനപൂർവ്വം ഇവിടെ പറയുന്നു. മറ്റൊന്ന് അർദ്ധ രാത്രിയിലും വെളുപ്പാൻകാലത്തും പകലും എപ്പോഴും വേഷം മാറാതെതന്നെ ജനമദ്ധ്യത്തിലേയ്ക്ക് ഒരു നേതാവിനു ചെല്ലാൻ കഴിയുമെങ്കിൽ അതിനപ്പുറം ആ ജനനേതാവിന്റെ ജനസമ്മിതി മറ്റെന്തെങ്കിലുമുണ്ടോ ? ഒന്നുകൂടി പറയട്ടെ, അദ്ദേഹത്തിന്റെ ഈ ഓട്ടം ലേശം കുറയ്ക്കണമെന്നും കുറച്ച് അവെയിലബിൾ ആകണമെന്നും സാങ്കേതികമായി പറഞ്ഞുവെന്നു മാത്രമേയുള്ളൂ അദ്ദേഹമിനി നാളെ തീരുമാനിക്കും ; സുപാൽ പറഞ്ഞല്ലോ ഇനി വേഷംമാറി സഞ്ചരിക്കാമെന്ന്. അതൊന്നും വേണ്ട, അല്ലാതെതന്നെ ജനഹൃദയങ്ങളിലിരിക്കുന്ന മനുഷ്യനാണ്.

11.00 A.M.

സർ, ഇവിടെ പോലീസ് എന്ന ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ച നിർവ്വീര്യമൊന്നുമല്ല. നമ്മുടെ സുഹൃത്തുക്കൾ പുറത്തിരുന്നു കേൾക്കുന്നുണ്ടായിരിക്കും. എല്ലാ ഡിപ്പാർട്ടുമെന്റുകളും പ്രധാനമാണ്. പക്ഷേ നീതിന്യായ നിർവ്വഹണത്തിൽ ഒരു സേനയുടെ, ഒരു ഡിപ്പാർട്ടുമെന്റിന്റെ പങ്കിനെക്കുറിച്ചു പറഞ്ഞു. പോലീസ് എന്നു പറയുമ്പോൾ ജനങ്ങളുടെ സമാധാന ജീവിതത്തെ സംരക്ഷിക്കലും അതോടൊപ്പംതന്നെ അക്രമ പ്രവർത്തനങ്ങളിൽനിന്നും അവരെ രക്ഷിക്കലും കൂടിയാണ്. രണ്ടുംകൂടി മിക്സ് ചെയ്തു കിടക്കുന്ന സംവിധാനമാണ്.പഴയ കാലത്തെ അപേക്ഷിച്ച് പോലീസിന്റെ പ്രവർത്തനം മാറി. കാരണം സമൂഹം മാറുന്നു, പുതിയ പുതിയ ട്രെൻഡുകൾ വരുന്നു. മനുഷ്യന്റെ ആവശ്യങ്ങൾ മാറുന്നു. അതിനനുസരിച്ച് പോലീസിന്റെ കർമ്മമണ്ഡലവും മാറേണ്ടിവരും. ഇന്ന് ആഭ്യന്തരമന്ത്രി സ്ഥാനത്തിരിക്കുന്നത് മുഖ്യമന്ത്രിയാണ്. പ്രസംഗിക്കുമ്പോഴെല്ലാം നാഷണൽ ക്രൈം ബ്യൂറോയുടെ പോലീസ് ലാത്തിച്ചാർജ്ജിന്റേയും വെടിവയ്പ്പുകളുടേയും കണക്കുകൾ താരതമ്യപ്പെടുത്തേണ്ടതിന്റെ ആവശ്യമില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള കേരളീയ സമൂഹത്തിൽ സമാധാനമുണ്ടായി. ഒറ്റപ്പെട്ട കലാപങ്ങൾ നടന്നില്ല എന്ന് ഞാൻ പറയുന്നില്ല. ശ്രീ. എ. കെ. ആന്റണിയുടെ കാലത്തെ പോലീസ് സംവിധാനങ്ങളും സമീപനങ്ങളും ശ്രീ. ഉമ്മൻ ചാണ്ടി തുടരുന്നു. ഇവിടെ കുഴപ്പങ്ങളുണ്ടായിട്ടുണ്ടോ ? സമാധാന ജീവിതത്തിന് ഭംഗം വന്നിട്ടുണ്ടോ? മലബാറിൽ നിന്നു വരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ബാലേട്ടനുമൊക്കെ ഇവിടെ ഉണ്ടല്ലോ. കേരളത്തിന്റെ ദൈന്യമുഖമായിരുന്നു മലബാർ. കണ്ണൂർ കണ്ണീരായി മാറിയ ഒരു സാഹചര്യമുണ്ടായിരുന്നു. കൊലപാതകങ്ങളും കൈകാൽ ഛേദിക്കലുകളും വെടിവയ്പ്പുകളും തീവയ്പ്പുകളും order of the day എന്നപോലെ കണ്ണൂരിലുണ്ടായിരുന്നു. അതിന് പ്രധാനപ്പെട്ട കാരണം അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെ സംരക്ഷിക്കാൻ കേരളത്തിൽ ഒരു ഭരണവും ഡൽഹിയിൽ ബി.ജെ.പി. ഭരണവും ഉണ്ടായി എന്നുള്ളതാണ്. കേന്ദ്ര നേതാക്കന്മാരും കേരള നേതാക്കന്മാരും മന്ത്രിമാരും മാറിമാറി തങ്ങളുടെ ആളുകൾ കൊല്ലപ്പെട്ട വീടുകളിലേക്ക് ജാഥ നടത്തി ഫോട്ടോകൾക്ക് പോസ് ചെയ്യുന്ന കുറെ നാളുകൾ കേരളത്തിലുണ്ടായിരുന്നു. ആ അവസ്ഥ മാറിയത് പോലീസിന്റെ സമീപനം കൊണ്ട് മാത്രമാണ്. നിയമ സമാധാനം ഭരണ കക്ഷികൾക്ക് മാത്രമുള്ളതല്ല. സമൂഹത്തിന് മൊത്തമായി കിട്ടേണ്ടതാണ്. അത് ഏറ്റെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന ഇച്ഛാശക്തിയുള്ള നേതൃത്വം ഉണ്ടാകണം. ആ നേതൃത്വം കേരളത്തിലുണ്ടായിരുന്നു, ശ്രീ. എ. കെ. ആന്റണി. അത് ഏറ്റെടുത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുന്നോട്ട് നീങ്ങുന്നു. അതിൽ നിന്ന് മാറരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആക്ട് ചെയ്യുന്ന പോലീസിനെയാണ് നമുക്ക് വേണ്ടത്. പോലീസാണ് ഒരു ഗവൺമെന്റിനെ ഏറ്റവും പോപ്പുലറാക്കുന്നതും അൺപോപ്പുലറാക്കുന്നതും. ശ്രീ. എ. കെ. ആന്റണി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്ത് പോലീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തിപരമായി ശ്രീ. എ. കെ. ആന്റണി എന്ന നേതാവിനും കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിക്കും ഇന്നത്തെ ശ്രീ. എ. കെ. ആന്റണിക്കും നൽകിയ സംഭാവനകളെ ഈ സഭയുടെ നിശബ്ദമായ ഒരു ഡിബേറ്റിന് വിടുന്നു. അതെക്കുറിച്ചുള്ള ചർച്ചകളിലേക്ക് ഞാൻ പോകുന്നില്ല. എന്നാൽ പോലീസിന് അദ്ദേഹം കൊടുത്തിരുന്ന ഫ്രീ ഹാൻഡ് അവർ 'ആലോചിക്കേണ്ട കാര്യമാണ്. എന്തായിരിക്കണം പോലീസ്? ഇതിനെക്കുറിച്ച് ദീർഘമായ പഠനം നടത്തിയ ആളുകളുടെ പഠനങ്ങൾ പരീക്ഷിക്കണം, നിരീക്ഷിക്കണം. വളരെ പ്രശസ്തമായ ഒരു കാട്ടിംഗ് ഉണ്ട്. പോലീസിനെക്കുറിച്ച് പറയുന്നത് Policemen should have the wisdom of Solomon എന്നാണ്. ഉണ്ടോ നമ്മുടെ ആളുകൾക്ക്? Courage of Daveed, the leadership of Mossas, strategy of Alexander the great, diplomacy of Lincoln, tolerance of the carpenter of Nazreth, ഇതൊന്നും നമ്മുടെ പോലീസിന് ആവശ്യമല്ലെങ്കിലും പോലീസ് എന്താകണമെന്നുള്ള ചിന്തകന്മാരുടേയും സാമൂഹ്യപ്രവർത്തകന്മാരുടേയും സാധാരണക്കാരന്റേയും ചിന്തയുടെ സമന്വയമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അതുപോലെ ആകണമെന്നല്ല. പക്ഷേ പോലീസിന് ചില പ്രത്യേകതകളുണ്ട്. അത് എന്താണ്? സമൂഹത്തിൽ പോലീസിനുള്ള സ്ഥാനം. ഒരു സബ് ഇൻസ്പെക്ടർക്ക് ഉള്ള സ്ഥാനത്തിന്റെ പതിനായിരത്തിലൊന്നു മാത്രമാണ് ഇവിടെയുള്ള ഒരു എഞ്ചിനീയർക്കുള്ളത്. രാഷ്ട്രീയക്കാരനെക്കാളും സമൂഹം പോലീസുകാരനെ ബഹുമാനിക്കുന്നു. ഞാൻ തുറന്നു പറയുന്നു ഒരു എം.എൽ.എ. ഒരു സ്ഥലത്ത് ചെല്ലുമ്പോൾ രാഷ്ട്രീയ വിരോധമുള്ളവർ ഉടുത്തിരിക്കുന്ന മുണ്ട് ഒന്ന് കയറ്റി മടക്കിക്കുത്തും. പോലീസുകാരനെ കണ്ടാൽ മടക്കിക്കുത്ത് അഴിച്ചിടും. നൂറു പേർ ജാഥയായി വരുമ്പോൾ രണ്ട് പോലീസുകാർ ലാത്തി കൊണ്ട് മാറി നിൽക്കുക എന്നുപറയുമ്പോൾ ലാത്തി നൽകുന്ന ഒരു ശക്തിയുണ്ട്. അധികാരം. ആ അധികാരത്തിന്റെ ഏറ്റവും ശക്തി കേന്ദ്രമെന്നു പറയുന്നത് പോലീസ് ഡിപ്പാർട്ടുമെന്റാണ്. പോലീസിനുള്ള സ്വാധീനം എങ്ങനെ ഉപയോഗപ്പെടുത്തുന്നു, ദുരുപയോഗപ്പെടുത്തുന്നു എന്നുള്ളതാണ്. ഞാൻ ഒരു അനുഭവം പറയട്ടെ, ശ്രീ. വി. എം. സുധീരനും ഞാനും ഞങ്ങളുടെ മക്കളുടെ അഡ്മിഷനുവേണ്ടി തിരുവനന്തപുരത്തെ പ്രശസ്തമായ ഒരു കോൺവെന്റ് സ്കൂളിൽ പോയി. ഞാൻ അന്ന് യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റ് കൂടിയാണ്. ശ്രീ. വി.എം. സുധീരൻ അന്ന് എം. എൽ. എ. ആണ്. ഞങ്ങൾ അടുത്തടുത്താണ് താമസിച്ചിരുന്നത്. ഞങ്ങൾക്ക് ആദ്യം അഡ്മിഷൻ കിട്ടിയില്ല. ഞങ്ങളോടൊപ്പം വന്ന പാർട്ടിയുടെ അന്നത്തെ ജില്ലാ ഭാരവാഹി പറഞ്ഞു വഞ്ചിയൂരിലെ എസ്.ഐ.-യെക്കൊണ്ട് പറയിപ്പിച്ചു അഡ്മിഷൻ വാങ്ങിത്തരാമെന്ന്. ആ അഡ്മിഷൻ വാങ്ങാൻ പോയില്ല. വേറെ മെറിറ്റിൽ കിട്ടി. ഈ വിഷയം നിയമസഭയിൽ ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരിക്കൽ കാട്ട് ചെയ്തു. പറയാൻ കാരണം കാർത്തികേയൻ എന്ന വ്യക്തിയേയോ സുധീരനേയോ മഹാൻ എന്നുപറയുന്നതിനു വേണ്ടിയല്ല. ഓർഗനൈസ്ഡ് സമൂഹങ്ങൾ പോലും പോലീസിന് കൊടുക്കുന്ന പ്രത്യേകമായ പൊസിഷൻ സൂചിപ്പിക്കാൻ പറഞ്ഞുവെന്നേയുള്ളൂ. അതിനനുസരിച്ച് അവർ മാറണ്ടേ? അവർ മാറുന്നില്ല. മറ്റ് മേഖലകളിൽ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. അപ്ഡേറ്റിംഗ് ഉണ്ടായിട്ടുണ്ട്. മാറ്റം ഉപകരണങ്ങളിൽ മാത്രമല്ല വേണ്ടത്. പോലീസിന്റെ തോക്കിലും വാഹനത്തിലും മാത്രമല്ല മാറ്റം വേണ്ടത്. പോലീസിന് കാതലായ മാറ്റമുണ്ടാകണം. Law and Order-ഉം Discipline-ഉം വരുത്തേണ്ട ആളുകൾ അവരിൽ അതുണ്ടോ എന്നല്ലേ നോക്കേണ്ടത്? 1902-ൽ ആണ് ഇൻഡ്യയിൽ ആദ്യമായി നാഷണൽ പോലീസ് കമ്മീഷൻ വന്നത്. അതിനുശേഷം 75 വർഷങ്ങൾക്കുശേഷമാണ് ധരംവീരയുടെ നേതൃത്വത്തിൽ ഒരു പോലീസ് കമ്മീഷൻ വന്നത്. അതിൽ ഒരുപാട് ശുപാർശകളുണ്ടായി. 1977-ൽ ആണെങ്കിൽപ്പോലും കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ കേരളത്തിലെ മാറി മാറി വന്ന ഭരണകൂടങ്ങൾ, ഇൻഡ്യൻ ഭരണകൂടത്തെ വിടുന്നു. പോലീസിന്റെ hierarchy-ൽ top level-ലുള്ള ആളുകളെല്ലാം അതിൽ നിന്ന് സ്വീകരിച്ചത് പോലീസുകാർക്ക് സംഘടിക്കാൻ കഴിയുന്ന അസ്സോസിയേഷൻ ഉണ്ടാക്കുന്ന ഒരു പ്രധാനപ്പെട്ട ഭാഗമല്ലാതെ അതിലെ എത്ര നിർദ്ദേശങ്ങൾ പാലിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്? പോലീസുകാരന്റെ സംഘടനയ്ക്ക് മൂന്നു സംസ്ഥാനങ്ങളാണ് ആദ്യം അംഗീകാരം കൊടുത്തത്. അത് വെസ്റ്റ് ബംഗാളും ത്രിപുരയും ചരിത്രപരമായി കേരളവുമാണ്. പോലീസ് സേനയിൽ അസ്സോസിയേഷൻ ഉണ്ടായപ്പോൾ അതിനുശേഷം കേരളത്തിലെ പോലീസ് വിഭാഗത്തിൽ വന്ന അസ്വസ്ഥതയെപ്പറ്റി ഞാൻ പറയേണ്ട കാര്യമില്ല. അത് മുകളിലുള്ള ഓഫീസർമാരും പോലീസുകാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസമാണ്. ട്രേഡ് യൂണിയൻ സ്പിരിട്ട് പോലീസ്സേനയുടെ പ്രവർത്തിക്കാൻ കഴിയുന്ന എല്ലാ ആർജ്ജവത്തേയും ഇല്ലാതാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് പഠനങ്ങളെല്ലാം പോലീസിന് എതിരായി മാറുന്നത്. പോലീസിനെ ജനങ്ങൾ ഭയക്കുന്നത് എന്താണ്? പോലീസ് സ്റ്റേഷനിൽ പോകാൻ ജനങ്ങൾ ഭയക്കുന്നു. അത് ഇവർ ഉണ്ടാക്കിയിരിക്കുന്ന ഒരു ട്രെൻഡാണ്. അത് ശരിയാണോ? പി.ഡബ്ല്യു.ഡി.-യിലും എഡ്യൂക്കേഷനിലും വിവിധ വകുപ്പുകളിലും തീരുമാനങ്ങളെടുത്ത് മന്ത്രിമാർ നടപ്പാക്കുന്നതു പോലെ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പോളിസി രൂപീകരിക്കുന്നത് ആരാണ്? സ്വാഭാവികമായും ആഭ്യന്തര മന്ത്രിയാണ്. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ hierarchy-ൽ അതിന്റേതായ ചില സ്വാതന്ത്ര്യങ്ങളുണ്ടാകും. അങ്ങനെ പോളിസി നിശ്ചയിക്കുമ്പോൾ ചില കാര്യങ്ങൾ കാണണ്ടേ? എന്തുകൊണ്ട് പോലീസിനെ ജനങ്ങൾ ഭയക്കുന്നു. ആ ഭയം മാറ്റിയെടുക്കേണ്ടതല്ലേ? ആ ഭയമുള്ളതു കൊണ്ടാണ് രാജ്യത്ത് നടക്കുന്ന എല്ലാ പഠനങ്ങളും പോലീസിനെ കുറ്റപ്പെടുത്തുന്നത്. ജസ്റ്റിസ് എ.എൻ.മുള്ള പറഞ്ഞിരിക്കുന്നത് uniformed gang of criminals എന്നാണ്. അങ്ങനെ ഞാൻ അതിനോട് യോജിക്കുന്നില്ല. അദ്ദേഹം പറഞ്ഞിരിക്കുന്നത് അങ്ങനെയാണ്. ബർണാഡ് ഷാ പറഞ്ഞിരിക്കുന്നത് ആരെ കണ്ടാലും തല്ലുന്ന ഒരു വിഭാഗം എന്നാണ്. ഡോ. പി. ജെ. അലക്സാണ്ടർ policing in the millennium എന്നുപറയുന്ന പഠനലേഖനങ്ങളുടെ ഒരു വലിയ സമാഹാരമുണ്ടാക്കി. അതിൽ ജസ്റ്റിസ് കെ. ടി. തോമസിന്റെ ഒരു മുഖവുരയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, In this country the police are more feared than respected. Who should fear the police? Violators of law have to fear the police normally. But here the police are feared by the law abiding because of the sad experience that the police suspect everyone they confront. ശരിയായ ആവശ്യങ്ങൾക്ക് വേണ്ടിയും സ്റ്റേഷനിലേക്ക് പോകാൻ ആളുകൾ മടിക്കുന്നത് എന്തുകൊണ്ടാണ്? പോലീസിനെ ഭയമായതുകൊണ്ടാണ്. അത് ശരിയാണോ? ഇപ്പോൾ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായിരുന്ന ശ്രീ. എം. കെ. നാരായണൻ അദ്ദേഹത്തിന്റെ പഠനങ്ങളിലൂടെ കടന്നുപോയപ്പോഴും പോലീസിനെക്കുറിച്ച് നല്ല കമൻഡ് അല്ല, കോംപ്ലിമെന്റല്ല പറയുന്നത്. എന്തുകൊണ്ട് അത്തരം അഭിപ്രായം പറയാൻ അവരെ പ്രേരിപ്പിച്ചു ? ഒരു പക്ഷെ കേരള പോലീസ് മൊത്തം അങ്ങനെ അല്ലെങ്കിൽ പോലും നമ്മൾ അത് മാറ്റണ്ടേ? ഇന്നുരാവിലെ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഗുണ്ടകളുടെ കാര്യം പറഞ്ഞു. ഈ നഗരം ഭീതിയിലല്ലേ? ഇപ്പോൾ മാത്രമല്ല എപ്പോഴും. രാഷ്ട്രീയ നേതൃത്വത്തെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഗുണ്ടകളിൽനിന്നും നമ്മുടെ സമൂഹത്തിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതത്തെ സംരക്ഷിക്കണമെങ്കിൽ പോലീസ് ആക്ട് ചെയ്യണം. മനുഷ്യാവകാശങ്ങളെക്കുറിച്ച് വളരെയധികം പഠനങ്ങൾ നടക്കുന്ന സമയമാണിത്. മനുഷ്യാവകാശങ്ങളുടെ ഭാഗമാണ് നീതിന്യായ നിർവ്വഹണവും. മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന് ബാധകമല്ലേ? നാഷണൽ പോലീസ് കമ്മീഷൻ റിപ്പോർട്ടിനകത്ത് 60% അറസ്റ്റ്. എങ്ങനെയാണ്? ഒന്നുകിൽ unnecessary or unjustified, അങ്ങനെ 60% ആളുകളെ ടോർച്ചർ ചെയ്യുന്നത്.— ബ്രിട്ടീഷ് ഭരണം ഉണ്ടായിരുന്ന സമയത്ത് പോലും 1954-ൽ ഭാരതത്തിലും ഒരു ടോർച്ചർ കമ്മീഷൻ കൊണ്ടുവന്നിട്ടുണ്ട്. ഇന്നത്തെ മദിരാശി ഗവൺമെന്റാണ് ഇത് കൊണ്ടുവന്നത്. കമ്മീഷന്റെ കാര്യം പറയാൻ കാരണം ഇന്ന് നമ്മുടെ പോലീസ് സ്റ്റേഷനിൽ ടോർച്ചർ നടക്കുന്നു. അവിടെ പോലീസുമായിട്ടുള്ള അവിഹിത ബന്ധത്തിന്റെ കാര്യം പറയുമ്പോൾ രാഷ്ട്രീയക്കാരുടെ തലയിൽ വച്ചുകെട്ടുന്നു. ബഹുമാനപ്പെട്ട സുപാൽ പറഞ്ഞു ഇവിടുത്തെ യു.ഡി.എഫ്. ഭരണ കാലത്തെ ഇടപെടലുകളെക്കുറിച്ചൊക്കെ കഴിഞ്ഞ നായനാരുടെ കാലത്തു നടന്നു, ശ്രീ. എ.പി. കുര്യന്റെ കാലത്ത് നടന്ന ഇടപെടലുകളും അതിനു മുൻപ് നടന്ന ഇടപെടലുകളുമാണ് അത് പറയാൻ കാരണം. പൊളിറ്റിക്കൽ സെക്രട്ടറിമാരെ വച്ചുകൊണ്ട് നമ്മുടെ കേരളത്തിൽ പോലീസ് സേനയിൽ നടന്ന ഇടപെടലുകൾ മുൻ ചീഫ് മിനിസ്റ്റർ ഇ. കെ. നായനാരുടെ പൊളിറ്റിക്കൽ സെക്രട്ടറി ശ്രീ. എ. പി. കുര്യൻ, the political Secretary of the Chief Minister E.K. Nayanar was the deity of the Police Department. He was the very personification in what was referred as extra constitutional authority. The Chief Minister was a simple person disarming in his manner and quiet averse to details of work. Kurian was imblended into the Secretariat by CPI(M) as an effective instrument for carrying our party directions. ഇപ്പോൾ ഇത് വായിക്കാൻ കാരണം അന്ന് നടന്ന കാര്യങ്ങൾ പുസ്തകത്തിൽ വന്നിരിക്കുന്നതാണ്. ഞാൻ പറഞ്ഞുവന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ ഇരിക്കുമ്പോൾ പാർട്ടിയുടെ പ്രധാനപ്പെട്ട ആളുകളെ പൊളിറ്റിക്കൽ സെക്രട്ടറിയാക്കി വച്ച് കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിക്ക് വേണ്ടി ഭരണം നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണമാക്കി കേരളത്തിൽ പോലീസ് സേനയെ മാറ്റിയിരുന്നു. ഇന്നും കേരളത്തിൽ പൊളിറ്റിക്കൽ സെക്രട്ടറിമാരുണ്ട്. അങ്ങേയ്ക്ക് സെക്രട്ടറിയുടെ പേര് അറിയാമോ? എന്തുകൊണ്ടാണ് അറിയാത്തത്? ഈ പൊളിറ്റിക്കൽ സെക്രട്ടറി ഇവിടെയിരിക്കുന്നത് ഇതര രാഷ്ട്രീയ പ്രവർത്തകരെ പഠിപ്പിക്കുന്നതിനുവേണ്ടി അവരുടെ പേരിൽ കേസെടുക്കുന്നതിനുവേണ്ടിയല്ല, അതുകൊണ്ടാണ് പൊളിറ്റിക്കൽ സെക്രട്ടറി നിശബ്ദനായ പൊളിറ്റിക്കൽ സെക്രട്ടറിയാകാം എന്ന് വന്നിട്ടുള്ളത്. അതുകൊണ്ടാണ് പൊളിറ്റിക്കൽ സെക്രട്ടറിമാർ കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽനിന്ന് മാറി കേരളത്തിലെ മുഖ്യമന്ത്രിതന്നെ ഇന്ന് പോലീസ് ഭരണം നടത്തുന്നത്. ഇനി മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. ശ്രീ. എ. കെ. ആന്റണിയും ഈ നിയമസഭയിലുണ്ട്. പോലീസിന് അദ്ദേഹം കൊടുത്ത ഫ്രീ ഹാന്റ്, എന്നോട് അഭിപ്രായ വ്യത്യാസമുള്ളവർ കാണുമായിരിക്കും. ഞാനിത് പറയുമ്പോൾ എന്നാണ് ശ്രീ. എ. കെ. ആന്റണിയുടെ വികാരമെന്നറിയില്ല. ശ്രീ. ഉമ്മൻചാണ്ടിയുടെ വികാരവുമറിയില്ല. ഞങ്ങൾ അന്ന് മന്ത്രിസഭയിൽ ഉണ്ടായിരുന്ന ആളുകളാണ്. മുഖ്യമന്ത്രി കൊടുത്ത ഫ്രീ ഹാന്റ് കാരണം അന്നത്തെ പോലീസ് സന്ദർഭത്തിനൊത്ത് top to bottom, ഉയർന്നു. മുഖ്യന്ത്രി അന്ന് നേരിടേണ്ടി വന്ന മാനസികമായ ആഘാതം, രാഷ്ട്രീയമായ ആഘാതങ്ങളെ ഞാൻ മാറ്റിവയ്ക്കുന്നു. പക്ഷെ അതിന്റെ തുടർച്ചയായിട്ട് ഇന്നും കേരളത്തിൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുന്നു. കൊടുക്കേണ്ടത് തിരിച്ച് കൊടുക്കേണ്ടേ? അത് പോലീസ് ഡിപ്പാർട്ടുമെന്റിന് കൊടുക്കണം. അത് ലഭിക്കുന്ന പോലീസ് കേരളത്തിന്റെ ലാ ആന്റ് ഓർഡർ സിറ്റുവേഷൻ ഭദ്രമാക്കാൻ ശ്രമിക്കണം. നമ്മളൊക്കെ രാഷ്ട്രീയക്കാരാണ്. ഞാൻ ഒരു പത്രസമ്മേളനത്തിൽ പങ്കെടുത്തപ്പോൾ അന്ന് അവിടെയുണ്ടായിരുന്ന ഒരു പോലീസ് ഐ.ജി. അദ്ദേഹം ഇവിടെ ഇരുപ്പുണ്ട്.— രാഷ്ട്രീയ പ്രവർത്തകരേക്കാളും ലോക്കൽ ലെവലായി പോലീസുകാരെ സ്വാധീനിക്കുവാൻ ഇവിടെയുള്ള സമ്പന്നൻമാർക്ക് കഴിയുന്നു. ചില അണ്ടർ വേൾഡിന് കഴിയുന്നു. ബിസിനസ് കമ്യൂണിറ്റിക്ക് കഴിയുന്നു. പ്രധാനപ്പെട്ട ആളുകൾക്ക് കഴിയുന്നു. പോലീസിൽ എന്തുകാര്യവും നടക്കണമെങ്കിൽ ഇന്നയാൾ പറഞ്ഞാൽ മതിയെന്നുള്ള ട്രന്റ് കേരളത്തിൽ പലസ്ഥലത്തും ഉണ്ട്. എല്ലാ പഴിയും കേൾക്കുന്നത് നമ്മുടെ നാട്ടിലെ രാഷ്ട്രീയക്കാരാണ്. പോലീസിലെ നവീകരണത്തിന്റെ കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. നവീകരണം ഉണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. പഴയ കാലം പോലെ പോരല്ലോ? അത്യന്താധുനിക മെഷിനറിയുമായിട്ട് മോഷണം, ഗുണ്ടാ പ്രവർത്തനം, കൊലപാതകം നടത്തുന്ന mobility-യുള്ള സംഘം നിൽക്കുമ്പോൾ എല്ലാത്തരത്തിലുമുള്ള സൗകര്യങ്ങൾ പോലീസിനും ഉണ്ടാകണം. ഇപ്പോൾ ഒരു ഗുണമുണ്ട്. പോലീസിൽ വിമൻ പോലീസ് ധാരാളം ഉള്ളതുകൊണ്ട് പോലീസ് സ്റ്റേഷനുകളിൽ ചീത്തവിളി കുറവുണ്ട്. പെൺകുട്ടികൾ അവിടെയിരിക്കുന്നതുകൊണ്ട് ചീത്തവിളിക്കാൻ അസൗകര്യം വരുന്നുണ്ട്. മറ്റൊന്ന് പോലീസിനു നൽകുന്ന സൗകര്യങ്ങളെക്കുറിച്ചാണ്. എങ്ങനെ ട്രാൻസ്ഫർ നൽകുന്നുവെന്ന് പറയുന്നില്ല. പക്ഷെ ഇതിനകത്ത് ചില കൺവീനിയൻസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഭാഗമായി എടുക്കണം. അവരുടെ ഹൗസിംഗ് ഫെസിലിറ്റീസ്, ലോൺ ഫെസിലിറ്റീസ്, വെഹിക്കിൾ ഫെസിലിറ്റീസ്, ലോണിന്റെ ചില പ്രശ്നങ്ങളും ഉണ്ട്. എന്ത് ജോലിയാണ് അവർ ചെയ്യുന്നത്. പോലീസ് എന്നുപറയുന്നത് അവർ വി.ഐ.പി. കൾക്കും, അക്രമങ്ങൾക്കും, ചത്തവർക്കും മാത്രമല്ല അവർ ദൈവങ്ങൾക്കും കാവൽ നിൽക്കണം, ശവങ്ങൾക്ക് കാവൽ നിൽക്കണം, പാർട്ടി റാലികൾക്ക് കാവൽ നിൽക്കണം. ഗ്രൂപ്പ് റാലികൾക്ക് കാവൽ നിൽക്കണം. അങ്ങനെ എന്തെല്ലാം. കേരളത്തിലെ അല്ല ഏത് സംസ്ഥാനത്തേയും പോലീസ് സേനയ്ക്ക് ചെയ്യാനായിട്ട് എന്തെല്ലാം കാര്യങ്ങളുണ്ട്. അതുകൊണ്ട് അങ്ങനെ പോലീസ് സേനയെ സജ്ജമാക്കിക്കൊണ്ട് പോകാൻ മോറൽ കറേജ് കൊടുക്കണം. പോലീസ് സേനയിൽ എല്ലാവരും അഴിമതിക്കാരാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അതിനകത്ത് അഴിമതിയുണ്ട്. അതുകൊണ്ട് പോലീസ് സേനയെ സജ്ജമാക്കി മുന്നോട്ട് കൊണ്ടുപോകുമ്പോൾ അവരുടെ ആവശ്യങ്ങളും കൂടി പരിഗണിക്കണം. അതോടൊപ്പം കർശനമായി ഡിസിപ്ലീൻ പാലിക്കുന്നതിന് നിർദ്ദേശിക്കണം. ഡിസിപ്ലീൻ ഇല്ലാത്ത പോലീസിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ജയിലുകളുടെ കാര്യത്തിലാണെങ്കിൽ ഇപ്പോൾ 398 ജയിലുകളിലായി 6004 തടവുകാർക്കുള്ള സൗകര്യമേയുള്ളൂ. എന്നാൽ ഇപ്പോൾത്തന്നെ അറയിൽ 7000 തടവുകാരുണ്ട്. ബാക്കി തടവുകാരെ എങ്ങനെയാണ് ഇട്ടിരിക്കുന്നത്? ചില ജയിലുകൾ മെയിന്റനൻസിനുവേണ്ടി അടച്ചിട്ടിരിക്കുകയാണ്. അതിന്റെ അർത്ഥം packed ആണെന്നുള്ളതാണ്. പിന്നെ പഴയതുപോലെ അല്ല; പ്രതികളെ കൈകാര്യം ചെയ്യുന്ന രീതികൾക്കൊക്കെ മാറ്റമുണ്ട്. ആധുനിക സമൂഹം മാറി വരുന്നു. അവിടേയും മനുഷ്യാവകാശ പ്രശ്നം വരുന്നുണ്ട്. ഭക്ഷണ പ്രശ്നങ്ങൾ വരുന്നുണ്ട്. അവരുടെ കൂലിയുടെ കാര്യങ്ങൾ കുറച്ചുകൂടി മാറണം. ചില സ്ഥലങ്ങളിൽ വാർഡൻമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നാണ് എടുക്കുന്നത്. ആറുമാസത്തേക്ക് മാത്രമായി വരുന്ന ഇവർക്ക് എന്തെങ്കിലും ഇതിനെക്കുറിച്ച് അറിയാമോ? ജയിലിൽ നടക്കുന്ന കഞ്ചാവ് കൃഷി, ജയിലിൽ നടക്കുന്ന മയക്കുമരുന്ന് കച്ചവടം, ഇതിനൊക്കെ ഡിപ്പാർട്ടുമെന്റിലൂടെ തുടർജോലി ലഭിക്കാൻ സാധ്യതയില്ലാത്ത ആറുമാസത്തേക്ക് ജോലിക്കുവേണ്ടി വരുന്ന വാർഡൻമാർ പ്രധാന ഘടകമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി പി.എസ്.സി. യുമായി ബന്ധപ്പെട്ട് സ്ഥിരം നിയമനം നടത്തണം. ശ്രീ. ഹോർമിസ് തരകൻ RAW-യുടെ ചീഫായിട്ട് പോയി. ഇത് അഭിമാനിക്കാവുന്ന കാര്യം തന്നെയാണ്. അടുത്തകാലത്ത് ഗവൺമെന്റ് പ്രസിദ്ധീകരണത്തിൽ മൊസാദിന്റേയും മറ്റ് പലരുടേയും ചാരക്കണ്ണുകൾ തിരയുന്ന മുഖം, മലയാളിയുടെ മുഖം, മൊസാദിനെപ്പോലുള്ള ലോകത്തെ കുപ്രസിദ്ധമായ ചില സംഘടനകളെല്ലാം ഇൻഡ്യയുടെ, RAW-യുടെ തലവന്റെ മൂവ്മെന്റ്സ് ശ്രദ്ധിക്കും. ആ നിലയ്ക്ക് ഒരു മലയാളി വന്നത് കേരളാ പോലീസിന് അഭിമാനകരമായ കാര്യംതന്നെയാണ്. പക്ഷെ ഒരുകാര്യം പറയാനുണ്ട്. അദ്ദേഹം വിടവാങ്ങുന്നതിനുമുൻപ് ഒരു പത്ര സമ്മേളനം. നമ്മളെല്ലാം convenience അനുസരിച്ച് പോസിഷൻ എടുക്കുന്ന ആളുകളാണ്. അത് ശരിയല്ല. അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ അദ്ദേഹം എന്താണ് പറഞ്ഞത്? പോലീസിന്റെ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയാണെന്നാണ്. രണ്ടുവർഷത്തിലധികം അദ്ദേഹം കേരളത്തിന്റെ ഡി.ജി.പി. ആയിരുന്നു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പോലീസിന് ഫ്രീ ഹാന്റ് കൊടുത്തിരുന്നു. പോലീസിന്റെ ജോലി എന്താണ്? ജനങ്ങൾക്ക് സുരക്ഷിതത്വം കൊടുക്കുക, ഭയം ഇല്ലാതാക്കുക, ഭയം എന്ന വികാരത്തിൽനിന്ന് മോചിപ്പിക്കുക, സുരക്ഷിതരാണെന്ന ബോധം ജനങ്ങൾക്ക് കൊടുക്കുക, ഇതിന് പ്രധാനപ്പെട്ട പങ്ക് പോലീസ് ഫോഴ്സിനുണ്ട്. പോലീസ് ഫോഴ്സിന്റെ തലപ്പത്തിരിക്കുന്നത് പോലീസ് ഡി.ജി.പി. യാണ്. കഴിഞ്ഞ മന്ത്രിസഭയിൽ മുഖ്യമന്ത്രി ശ്രീ.ആന്റണിയും, മന്ത്രിമാരായിരുന്ന ഞങ്ങളെല്ലാവരും കേരളത്തിലെ ജനങ്ങളും സംഭ്രാന്തിയിലായിരുന്നോ? ഒരുപക്ഷെ അങ്ങനെയാണെങ്കിൽ.....

<u>ശ്രീ. ആർ ബാലകൃഷ്ണപിള്ള</u>: നമ്മുടെ സംസ്ഥാനത്തെ നിയമത്തിൽ ഡിപ്പാർട്ടുമെന്റ് ഹെഡ്ഡുകൾ, ഗവൺമെന്റ് സെക്രട്ടറിമാർ ഗവൺമെന്റിന്റെ അനുവാദം കൂടാതെ പത്രസമ്മേളനം നടത്താൻ പാടില്ലെന്ന് വ്യവസ്ഥയുള്ളത് അങ്ങേക്ക് അറിയാമോ അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന് പത്ര സമ്മേളനം നടത്താൻ മുഖ്യമന്ത്രിയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. ജി. കാർത്തികേയൻ</u>: എനിക്ക് പറയാനുള്ളത് അത്തരം അവസ്ഥയുണ്ടെങ്കിൽ ഡി.ജി.പി.യായിരുന്ന ആൾ ജന മധ്യത്തിൽ ഇത്തരം കാര്യം പറയാൻ പാടുണ്ടോ? അദ്ദേഹത്തിന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. ആരുടേയും അഭിപ്രായത്തെ ചോദ്യം ചെയ്യുകയല്ല, പോലീസിന്റെ തലപ്പത്തിരിക്കുന്ന വ്യക്തി പോകാൻ സമയത്ത് കേരളത്തിൽ പോലീസിലുള്ള ആളുകളെല്ലാം അഴിമതിക്കാരാണെന്ന് പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല. അത് ശരിയല്ല. അങ്ങനെ പറയുന്നത് ശരിയല്ല. Voltire-ന്റെ ഒരു quoting-ഓടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഇവിടെ പറയുന്നു, I disagree with what you say. But I will defend to the death, your right to say it. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തെ ജനസമൂഹത്തെ സംരക്ഷിക്കാൻവേണ്ടി മുന്നോട്ട് നീങ്ങുന്ന മുഖ്യമന്ത്രിയുടെ, ഈ ഗവൺമെന്റിന്റെ കീഴിലുള്ള വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, നീതിന്യായനിർവ്വഹണം, പോലീസ്, ജയിലുകൾ തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ വളരെ സന്തോഷത്തോടുകൂടി പിൻതാങ്ങുകയാണ്. പോലീസിന്റെ ഉത്തരവാദിത്വം എന്നുപറയുന്നത് നിയമവാഴ്ച നടപ്പാക്കുക, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക, അവരുടെ പരാതികൾ അർഹിക്കുന്ന വിധത്തിൽ ഉൾക്കൊള്ളുക തുടങ്ങിയവയാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. പി. എസ്. സുപാൽ വേഷം മാറി പോകുന്ന കാര്യം സൂചിപ്പിച്ചു. തീർച്ചയായും അദ്ദേഹത്തിന് ഇക്കാര്യത്തിലുള്ള അസഹിഷ്ണുത വളരെ വ്യക്തമായി ബോദ്ധ്യപ്പെടുന്നുണ്ട്. ഈ ഗവണ്മെന്റിനെ സംബന്ധിച്ച് വളരെ അഭിമാനിക്കാവുന്ന കാര്യം, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇതുപോലുള്ള ഒരു മുഖ്യമന്ത്രി ഉണ്ടായിട്ടില്ല എന്നുള്ളത് തന്നെയാണ്. ഓരോ ദിവസവും ആയിരക്കണക്കിന് ജനങ്ങളുമായി ബന്ധപ്പെട്ട് , അവരുടെ വിചാരങ്ങളും, വികാരങ്ങളും ഉൾക്കൊള്ളാനും പ്രതികരിക്കാനും തയ്യാറായ മുഖ്യമന്ത്രിക്ക് നിങ്ങളുടെ പ്രവർത്തനങ്ങൾ പ്രയാസം ഉണ്ടാക്കും. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് അസഹിഷ്ണുതയുണ്ട്. അതുകൊണ്ടുതന്നെയാണ് വേഷം മാറി പോകണമെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. എന്തായിരുന്നു കഴിഞ്ഞ കാലത്തുള്ള സ്ഥിതി?. ബഹുമാനപ്പെട്ട കാർത്തികേയൻ ആ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. കണ്ണൂരിലെ സ്ഥിതി ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ. തല ഉരുളുകയായിരുന്നില്ലേ?. നാദാപുരത്ത് കൊലയും, കൊള്ളിവയ്പ്പുമായിരുന്നില്ലേ? ഇപ്പോൾ എന്തെങ്കിലും ഉണ്ടോ?. എത്ര ശാന്തമായിരിക്കുന്നു അന്തരീക്ഷം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്. എ.കെ.ജി. സെന്ററായിരുന്നില്ലേ പ്രതികളെ തീരുമാനിച്ചിരുന്നത്. ആർക്കാ സംശയമുള്ളത്. ജയിൽ പുള്ളികളെ ഭീക്ഷണിപ്പെടുത്തി, മസിൽ കാണിച്ച് പേടിപ്പിച്ച് കൊണ്ടുപോകുകയല്ലേ ചെയ്തത്. ആ സാഹചര്യങ്ങളൊക്കെ മാറി. ഇപ്പോൾ അടുക്കും ചിട്ടയും കൈവന്നിരിക്കുന്നു. എന്തിനേറെ. സഭയിലെ പ്രമുഖനായ പാർട്ടിയുടെ നേതാവിനെ എന്തുമാത്രമാണ് വേട്ടയാടിയത്. ആരാണ് എ.കെ.ജി. സെന്ററിൽ വച്ച് വേട്ടയാടപ്പെട്ടത്. ആരെയാണ് പ്രതിയാക്കിയത്. അതുസംബന്ധിച്ച് ശ്രീ. വി. എസ് അച്ചുതാനന്ദനും, ശ്രീ. പിണറായി വിജയനും തമ്മിലുള്ള മത്സരം പുറംലോകം അറിഞ്ഞു. സാംസ്ക്കാരിക നായകന്മാർ കക്ഷി ചേർന്നു, സാംസ്ക്കാരിക പോഷക സംഘടനകൾ കക്ഷി ചേർന്നു, പോലീസ് ഉദ്യോഗസ്ഥന്മാർ കക്ഷി ചേർന്നു, നീതിന്യായ ഉദ്യോഗസ്ഥന്മാർ കക്ഷി ചേർന്നു . അവസാനം എന്ത് സംഭവിച്ചു. ഈ നിയമ സഭയിലെ പാർട്ടി ലീഡറെ പോലും കക്ഷി ചേർക്കുന്നു എന്നുള്ള കാര്യം ജനമറിഞ്ഞു. ഒരു എഫ്. ഐ. ആറിലും പേരുവരാത്ത, ഒരു സമൻസും ലഭിക്കാത്ത ഒരു കേസും രജിസ്റ്റർ ചെയ്യാത്ത കുടുംബവും, ഭാര്യയുമുള്ള ഒരു മനുഷ്യനെ നിരന്തരമായി വേട്ടയാടി സൈരവും, സമാധാനവുമുള്ള ഈ സംസ്ഥാനത്ത് പൊതുമുതൽ നശിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കി. ലക്ഷക്കണക്കിന് രൂപ മുടക്കിനടത്തുന്ന ഈ നിയമസഭയുടെ പ്രവർത്തനം പോലും സ്തംഭിപ്പിച്ചില്ലേ ? എന്ത് ന്യായീകരണമാണുള്ളത്?. അവസാനം എന്തായി ?. ഏറ്റെടുക്കാൻ പോയ ആൾ ഇരട്ട പെറ്റ പോലെ ആ പാർട്ടി തന്നെ നെടുകെ പിളർക്കുകയാണ്. ഇന്നല്ലെങ്കിൽ നാളെ യാതൊരു സംശയവും വേണ്ട. ഈ രാജ്യത്ത് നിങ്ങളുടെ ഉത്തരവാദിത്വം എന്നു പറയുന്നത് രാജ്യത്ത് കുഴപ്പം ഉണ്ടാക്കുകയാണ്, അതു ക്രിയേറ്റ് ചെയ്യുകയാണ്. ക്രമസമാധാനത്തകർച്ച സൃഷ്ടിക്കുകയാണ്. അതുകണ്ട് കയ്യും കെട്ടി നോക്കി നിൽക്കുന്ന പ്രശ്നം ഈ ഗവണ്മെന്റിനെ സംബന്ധിച്ചില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഞാൻ ഇപ്പോൾ അതിനെ സംബന്ധിച്ച് സൂചിപ്പിക്കേണ്ട കാര്യമില്ല. വിശദമായ വിവരങ്ങൾ ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. അവസാനം മഹിള ഫെഡറേഷൻ പോലും കോടതിയിൽ പോയപ്പോൾ ഉള്ള വിധിയെന്താണ്. നിങ്ങളുടെ ദുരാരോപണങ്ങളുടെ ശവപ്പെട്ടിക്ക് ശക്തമായി ആണി അടിച്ചുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളോട് കോടതി പറഞ്ഞിരിക്കുകയാണ്. ആളുകളെ ഇനിയെങ്കിലും വെറുതെ വേട്ടയാടരുതെന്ന്. ഇവിടെ വേറെ ആരെയാണ് നിങ്ങൾ വേട്ടയാടാൻ ഇരിക്കുന്നത്. ശ്രീ. എ.കെ. ബാലനെ പോലെയുള്ള ആളുകൾക്ക് കമ്മ്യൂണിസത്തിന്റെ ബാലപാഠം പഠിപ്പിച്ച് തന്നിട്ടുള്ള ബർലിൻ കുഞ്ഞനന്തൻ നായരടക്കം ചിറക് വിടർത്തിയത് ആർക്ക് വേണ്ടിയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, വളരെ പ്രധാനപ്പെട്ട ഡിമാന്റ്സ് ആണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പ്രത്യേകിച്ച് ആഭ്യന്തരവകുപ്പിന്റെ കാര്യം. ബഹുമാനപ്പെട്ട ഡി. ജി. പി. ഗ്യാലറിയിൽ ഇല്ല. വളരെ പ്രധാനപ്പെട്ട പ്രശ്നം ചർച്ച ചെയ്യുമ്പോൾ പൊതുവികാരം മനസ്സിലാക്കേണ്ട ഡി. ജി. പി. ഇവിടെ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി : സർ, അദ്ദേഹത്തിന്റെ വികാരം ഞാനും മാനിക്കുകയാണ്. തീർച്ചയായും അത് തെറ്റാണ്. ഇവിടെ ക്രമസമാധാനം മുമ്പൊരിക്കലും ഇല്ലാത്ത തരത്തിൽ ഭദ്രമാണ്. അത് തകരുന്നതിനു വേണ്ടി വളരെ ഗൗരവതരമായ ഇടപെടലുകളാണ് ആ ഭാഗത്ത് നിന്നുണ്ടാകുന്നത്. അത് വേദനാജനകമാണെന്ന് മാത്രമാണ് ഞാൻ പറയുന്നത്. കമ്മ്യൂണിസ്റ്റ്- മാർക്സിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന പ്രതിപക്ഷ പ്രസ്ഥാനം നേരായ പാതയിലല്ല സഞ്ചരിക്കുന്നത്. നിങ്ങൾ പരസ്പരം വിഴുപ്പലക്കുന്നത് വഴി ഈ രാജ്യത്ത് ക്രമസമാധാന പ്രശ്നം ഉണ്ടാകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങളുടെ നയസമീപനങ്ങളിൽ മാറ്റം വരുത്തണം എന്ന് മാത്രമേ എനിക്ക് പറയാൻ പറ്റൂ. നിങ്ങളുടെ ഭരണകാലത്ത് അടിച്ചെല്ലൊടിച്ചിട്ട് ഒരു അന്വേഷണം പോലും വന്നിട്ടില്ല. നിരവധി സബ്മിഷൻസ് വന്നിട്ടുള്ളതാണ്. ജനനേതാക്കന്മാർക്ക്, മന്ത്രിമാർക്ക്, എം. എൽ. എ. മാർക്ക് ഒക്കെ ഇത്തരം അവസ്ഥ ഉണ്ടാകുമ്പോൾ അതിനെതിരായി ഒരക്ഷരം ഉരിയാടാൻ നിങ്ങൾക്ക് സാധിക്കില്ല. അത്രയേറെ രാഷ്ട്രീയ പ്രേരിതരാണ് രാഷ്ട്രീയത്തിന്റെ തിരിരം ബാധിച്ചവരാണ് നിങ്ങളെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ പോലീസ് സേനക്ക് ഒരിക്കലും വ്യക്തിത്വം നഷ്ടപ്പെട്ടിട്ടില്ല. ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലത്തു സ്വീകരിച്ച സമീപനം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തുടരുന്ന നയസമീപനം ഞങ്ങൾക്കൊക്കെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. എന്തുകൊണ്ടാണ്?. എ ക്ലാസ് പൗരനില്ല, ബി ക്ലാസ് പൗരനില്ല, രാഷ്ട്രീയ ഇടപെടലില്ല. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ തീർച്ചയായും ശക്തമായ രാഷ്ട്രീയ ഇടപെടലുകൾ, മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ അവസ്ഥ ഈ രാജ്യത്ത് സൈരത ഉറപ്പുവരുത്തി, സമാധാനം ഉറപ്പുവരുത്തി . പക്ഷേ ഇത് ചൂഷണം ചെയ്യപ്പെടുന്നു എന്നുള്ള കാര്യത്തിൽ തർക്കമില്ല. എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരേയും ഞാൻ പറയുന്നില്ല. ഒരുപാട് ഉദ്യോഗസ്ഥന്മാർ ചൂഷണം ചെയ്ത് ഈ രാജ്യത്ത് പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആഴിമതിയുടെ കൂത്തരങ്ങായി ചില മേഖലകളും മാറിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ ഏജന്റുമാർ ഉണ്ടായിട്ടുണ്ട്. ഇതിനെതിരായിട്ട് ശക്തമായ സമീപനം മുഖ്യമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ഡി. ജി. പി. അധികാരത്തിൽ വന്നപ്പോൾ പറഞ്ഞ ഒരു കാര്യം ഒരു കാരണവശാലും അഴിമതിയും ഏജൻസി പണിയും അനുവദിക്കില്ലയെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കരങ്ങൾക്ക് കരുത്തു നൽകികൊണ്ട് ഈ രംഗത്ത് പരിപൂർണ്ണമായി ശുദ്ധീകരണത്തിന് നേതൃത്വം നൽകണമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. പോലീസുകാർക്കും നൊമ്പരങ്ങളും, വേദനകളും പരാധീനതകളും പ്രയാസങ്ങളുമുണ്ട്. കലാപഭൂമിയിൽ, സംഘർഷഭൂമിയിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം പലപ്പോഴും എല്ലാ ആളുകളും സൂചിപ്പിച്ച ഒരു കാര്യമുണ്ട്. അവരുടെ പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്ത സാഹചര്യം. നല്ല താമസ സൗകര്യമില്ല, നല്ല ഭക്ഷണമില്ല, ഇത് വളരെ ഗൗരവമായി കാണണം. പോലീസുകാരും കുടുംബവും, ബന്ധുക്കളുമൊക്കെയുള്ള ആളുകളാണ്. ഇത് ബഹുമാനപ്പെട്ട ഗവണ്മെന്റ് വളരെ ഗൗരവമായി കാണണം. അതുപോലെത്തന്നെ ചില മേഖലയിലുള്ള ചില പോലീസ് അധികാരികളിൽ നിന്ന് ലഭിക്കുന്ന പരിഹാസം ക്രൂരമായിട്ടുള്ള മർദ്ദനമുറകൾ ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ ആത്മവീര്യം പലപ്പോഴും കെടുത്തുന്നുണ്ട് എന്ന് തോന്നിപ്പോകുകയാണ്. അവരുടെ പെരുമാറ്റത്തിൽ ദൃശ്യമാകുന്ന നിഷേധാത്മകമായ സമീപനം ഒരുപക്ഷേ ഇത്തരം സാഹചര്യങ്ങളിൽനിന്ന് ഉണ്ടാകുന്നതായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്നതാണ് നമ്മുടെ നിയമമെങ്കിൽ ആ ഒരു ഉദ്ദേശശുദ്ധി പരിഗണിച്ചുകൊണ്ട് നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നത് പരമാവധി ഒഴിവാക്കുന്നതിന് വേണ്ടിയിട്ടുള്ള ശ്രമങ്ങളിൽ തീർച്ചയായും വ്യാപൃതരാകണം എന്നാണെനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ജനപ്രതിനിധികൾക്ക് പോലീസിൽ നിന്നും വേണ്ട പോലെ പരിഗണന ലഭിക്കുന്നില്ല. അവരെ അവഗണിക്കരുത്. പഴയ കാലത്ത് ജില്ലാപോലീസ് സൂപ്രണ്ട്, ജില്ലാ പോലീസ് കമ്മീഷണർ എന്നിവരെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചർച്ചകൾ നടത്തിയിരുന്നു. പക്ഷേ ഇപ്പോൾ അതില്ല. നിയമസഭാ സാമാജികന്മാർ, നിയമസഭാ കമ്മിറ്റി മെമ്പർമാർ, മേയർമാർ ഉൾപ്പെടെയുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ എന്നിവരുമായി മാസത്തിലൊരിക്കലെങ്കിലും ചർച്ച നടത്തണം. ആ കാര്യത്തിലുള്ള നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. അതുണ്ടാകണം. ഞങ്ങൾ പറയുന്നത് നിങ്ങൾ അനുസരിക്കണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങിത് ശ്രദ്ധിക്കണം. അങ്ങയോട് എനിക്ക് പറയാനുള്ളത് മാസത്തിലൊരിക്കലെങ്കിലും നിയമസഭാ സാമാജികന്മാർ, മേയർമാർ, മുൻസിപ്പൽ ചെയർമാൻമാർ എന്നിവരെ വിശ്വാസത്തിലെടുത്തുകൊണ്ട് ഒരുജോയിന്റ് മീറ്റിംഗ് ഉണ്ടാക്കുന്നത് തീർച്ചയായും പ്രയോജനപ്പെടും. അതിന് വേണ്ടിയുള്ള പ്രഖ്യാപനം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. അത് നടക്കുന്നു എന്നുകൂടി ഉറപ്പുവരുത്താൻ അങ്ങ് തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. പോലീസുകാരുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയതിനെ തീർച്ചയായും സ്വാഗതം ചെയ്യുകയാണ്. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കണം. ഉദാഹരണമായി കഴിഞ്ഞയാഴ്ച എനിക്ക് കരുനാഗപ്പള്ളിയിൽ പോയപ്പോൾ ബോധ്യപ്പെട്ട ഒരു കാര്യം ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. രാക്ഷസ തിരമാലകൾ വെട്ടി വിഴുങ്ങിയ 100 കണക്കിനാളുകളെ രക്ഷിച്ച പോലീസ് ഉദ്യോഗസ്ഥന്മാരെ എനിക്ക് കാണാൻ കഴിഞ്ഞു. അവർ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അവർ രോഗത്തിനടിമയാണ്. അവർക്കാവശ്യമായ പ്രോൽസാഹനം നൽകണം. ആവശ്യമായ റിവാർഡ് നൽകാൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 57 പോലീസ് സ്റ്റേഷനുകളിൽ ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തികൊണ്ടുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്വന്തം ജില്ലയിൽ എസ്. ഐ. മാരെ നിയമിക്കും എന്നത് പരിഗണിക്കുമെന്നുള്ളത് വളരെ നല്ല കാര്യമാണ്. സ്വന്തം ജില്ലയിൽ എസ്.ഐ. ആയി ജോലി ചെയ്തുകൂടാ എന്നുള്ളത് പരിഷ്കൃത സമൂഹത്തെ സംബന്ധിച്ച് ആശാവഹമായ കാര്യമല്ല. എന്താണ് അതിൽ ഒരു അപകടമുള്ളത്. അവർ സ്വന്തം നാട്ടിൽ പിറന്നു പോയി എന്നത് ഒരിക്കലും ഒരു തെറ്റാകാൻ വഴിയില്ല. അതുകൊണ്ട് അവിടെ ജോലി ചെയ്യാനുള്ള ഒരു സൗകര്യം ഉണ്ടാക്കണം. സ്വന്തം കുടുംബത്തിൽ നിന്ന് പോലീസ് ഉദ്യോഗസ്ഥന്മാരെ അകറ്റി നിർത്തുന്നത് തീർച്ചയായും ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ ഒരു നിഷേധാത്മക സ്വഭാവം അവരിൽ ഉണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗുണ്ടാ വിളയാട്ടം ഈ സംസ്ഥാനത്ത് ഒട്ടും കുറവല്ല. തിരുവനന്തപുരം സിറ്റിയിൽപ്പോലും മലബാറിൽ നിന്ന് വന്ന് കച്ചവടം ചെയ്യുന്ന ആളുകളും, അതുപോലെയുള്ള മറ്റ് ആളുകളും മണ്ണിന്റെ മക്കൾ വാദം വച്ചുകൊണ്ടോ, അല്ലെങ്കിൽ കൊള്ള ലക്ഷ്യം വച്ചുകൊണ്ടോ ആക്രമിക്കപ്പെടുന്നത് തീർച്ചയായും കയ്യും കെട്ടി ഒരു പരിഷ്കൃത ഗവണ്മെന്റ് നോക്കി നിന്നുകൂടാ വളരെ ശക്തമായിട്ടുള്ള നടപടികൾ ഈ സന്ദർഭത്തിലുണ്ടാകണം. ഗുണ്ടാ നിയമം കുറ്റമറ്റതാക്കാനും അത് പ്രാവർത്തികമാക്കാനും വേണ്ടി ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചു കൂട്ടണം. അവരുടെ കൂടി അഭിപ്രായങ്ങൾ ആരായാൻ അങ്ങ് തയ്യാറാകണം. പോലീസ് സ്റ്റേഷൻ നവീകരണം സ്വാഗതാർഹമായ ഒരു കാര്യമാണ്. ജയിലിലെ സ്ഥിതി വളരെ ഗുരുതരമാണ്. ജയിലിൽ രാധോലോകവിളയാട്ടം നടക്കുന്നു. മദ്യവും, മയക്കുമരുന്നും അവിടെ വ്യാപകമാണ്. കണ്ണൂർ ജയിലിനെ സംബന്ധിച്ച് ആരാണ് കേമന്മാർ എന്നരൂപത്തിൽ മാറ്റുരയ്ക്കുകയാണ്. ആർ. എസ്. എസ്സും, സി.പി.എമ്മും. അതിന്റെ ഫലമായി അക്രമങ്ങൾ നടക്കുന്നു, കൊലപാതകങ്ങൾ നടക്കുന്നു. മേലിൽ ഇതാവർത്തിക്കാതിരിക്കാനുള്ള വളരെ കർശനമായ നടപടികൾ ഉണ്ടാകണം. ജയിലിൽ സംഘർഷം സ്ഥിരമായി നടക്കുന്നു. ജയിലിൽ പാർട്ടി യോഗങ്ങൾ നടക്കുന്നു, ലഘുലേഖ വിതരണം നടക്കുന്നു, ക്ലാസുകൾ നടക്കുന്നു. ഇത് തടയാൻ ശക്തവും, കർശനവുമായ നടപടികൾ എടുക്കണം. ജയിലധികൃതർ ജയിൽ പുള്ളികളെ വളരെ ഭയപ്പാടോടെയാണ് കാണുന്നത്. കാരണം രാഷ്ട്രീയ പിൻബലമാണ് അവരുടെ പിന്നിലുള്ള ശക്തി. അതുകൊണ്ട് ജയിലധികൃതർ ജയിൽ നിയന്ത്രിക്കാനും, ജയിൽ കൈകാര്യം ചെയ്യാനുമുള്ള അധികാരങ്ങളും സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. തടവുകാരുടെ ക്ഷേമം ഉറപ്പുവരുത്തണം അത് ഒരിക്കലും തടവുകാരുടെ കയ്യുക്കുകൊണ്ടോ, സംഘടിത ശക്തികൊണ്ടോ ആകരുത്. സ്വാഭാവികമായും ഒരു പരിഷ്കൃത സമൂഹത്തിന് ജയിൽ പുള്ളികളുടെ ക്ഷേമം ഉറപ്പു വരുത്തണം; അതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. കണ്ണൂർ ജയിലിൽ നടക്കുന്ന ആശാസ്യമല്ലാത്ത, അത്യന്തം ഗൗരവതരമായ അക്രമപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിയുണ്ടാകണം. 2004 ഏപ്രിൽ മാസത്തിൽ കണ്ണൂർ സെൻട്രൽ ജയിലിൽ ഒരു സി.പി.എം. പ്രവർത്തകൻ ആർ. എസ്.എസ്. പ്രവർത്തകന്റെ വെട്ടേറ്റ് കൊല്ലപ്പെട്ട സംഭവം അറിയാമല്ലോ. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശനമായ നടപടികൾ ഉണ്ടാകണം. പൂജപ്പുര സെൻട്രൽ ജയിലിൽ ഡ്യൂട്ടിക്കും, ഗാർഡിനും, ഗുമസ്ത പണിക്കും തടവുകാരെ നിയോഗിക്കുന്നതായിട്ടുള്ള പത്രവാർത്ത വന്നിട്ടുണ്ട്. അത് ഗൗരവമായി കാണണം. അത്തരം നടപടികൾ ഒരിക്കലും ആശാസ്യമല്ല എന്ന് മാത്രം സൂചിപ്പിച്ച് കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

<u>ശ്രീ. സ്റ്റീഫൻ ജോർജ്:</u> സർ, 2005-06 സാമ്പത്തികവർഷത്തേക്കുള്ള സമ്പൂർണ്ണ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ദോഷൈക ദൃക്കുകൾ സാധാരണ എന്നപോലെ ഈ ചർച്ചയിലും വിമർശനം ഉയർത്തിയിട്ടുണ്ട്. അതിന് യു.ഡി.എഫ്. വളരെ കൃത്യമായും, അക്കമിട്ട് മറുപടി പറഞ്ഞുവരികയാണ്. പോലീസ്, ജയിലുകൾ നീതിന്യായ നിർവ്വഹണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

ദിശാബോധത്തോടുകൂടിയ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളം ക്രമസമാധാനത്തിന്റെ കാര്യത്തിൽ ബംഗാൾ, ബീഹാർ എന്നീ സംസ്ഥാനങ്ങളെക്കാളും തികച്ചും വ്യത്യസ്തമാണ്. സമാധാനത്തിന്റെ നാടാണ് കേരളം എന്ന് എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നു. ബീഹാറിലെ ഇപ്പോഴത്തെ മുഖ്യ വ്യവസായം കിഡ്നാപ്പിംഗാണ്. അടുത്തകാലത്തായി സ്കൂളിലെ വിദ്യാർത്ഥികളെ കിഡ്നാപ്പ് ചെയ്താണ് പണം സമ്പാദിക്കുന്നത്. ബംഗാളിലെ കാര്യം തികച്ചും വ്യത്യസ്തമാണ്. അവിടെ സി.പി.എം. എം.പി. മാരുടെ ഭർത്താക്കന്മാരെ അറസ്റ്റു ചെയ്യുന്നത് അഭിസാരിക കേന്ദ്രം നടത്തുന്നതിന്റെ പേരിലാണ്. ഈ കേരളത്തിൽ ആരോപിക്കപ്പെടുന്ന പെൺവാണിഭത്തിൽ പലതും വെറും പ്രഹസനം മാത്രമാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, പെൺവാണിഭത്തെക്കുറിച്ച് അങ്ങ് സംസാരിച്ചപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ബഹുമാന്യയായ ശ്രീമതി മീനാക്ഷി തമ്പാൻ എക്സ്. എം.എൽ.എ. സി.പി.ഐ.യുടെ നേതാവാണ്. നിയമസഭാകമ്മിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ശ്രീമതി മീനാക്ഷി തമ്പാൻ ഒരു വാക്ക് പറഞ്ഞതിന് ശ്രീമതി മീനാക്ഷി തമ്പാൻ പ്രായാധിക്യംമൂലം പിച്ചും പേയും പറയുകയാണെന്ന് സി.പി.ഐ. (എം)-ന്റെ സെക്രട്ടറി ശ്രീ. പിണറായി വിജയൻ പത്രത്തിലൂടെയും മറ്റ് സമ്മേളനത്തിലൂടെയും വലിയ ആക്ഷേപം നടത്തി അവരെ മാനസികമായി പീഡിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് സി.പി.ഐ. സംസ്ഥാനസമ്മേളനത്തിലെങ്കിലും പറയുമെന്ന് വിചാരിച്ചു. ബഹുമാനപ്പെട്ട ശ്രീ. സുപാലിനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന് മറുപടിയില്ല. സ്ത്രീകളോട് ഇത്ര സ്നേഹമുള്ള സി.പി.ഐ. ക്ക് അവരുടെ സ്വന്തം പാർട്ടിയിലെ ശ്രീമതി മീനാക്ഷി തമ്പാനെ മാനസികമായി പീഡിപ്പിക്കുന്ന തരത്തിൽ സി.പി.ഐ.(എം)-ന്റെ സെക്രട്ടറി സംസാരിച്ചിട്ട് ഒരു വാക്കുപോലും പറയാൻ കഴിയാത്ത നിലപാടിനെക്കുറിച്ച് എന്താണഭിപ്രായം?

<u>ശ്രീ. സ്റ്റീഫൻ ജോർജ്</u> : സർ, കോട്ടയത്ത് സി.പി.ഐ.യുടെ സംസ്ഥാന സമ്മേളനത്തിൽ ബഹുമാന്യനായ വെളിയം ഭാർഗവൻ സംസാരിച്ചത് അങ്ങ് ശ്രദ്ധിച്ചുകാണുമല്ലോ. അദ്ദേഹം പറഞ്ഞത് സി.പി.എം.-നെ ഞങ്ങൾക്ക് ഭയമായതുകൊണ്ടാണ് തക്കസമയത്ത് മറുപടി കൊടുക്കാത്തത് എന്നാണ്. കോട്ടയത്തെ സി.പി.ഐ. സെക്രട്ടറി പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചുകാണുമല്ലോ. കേരളത്തെ സംബന്ധിച്ച് കേരളം ഇന്ന് സ്വർഗ്ഗമാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെങ്കിൽ ബംഗാൾ ചെകുത്താന്മാരുടെ സ്വന്തം നാടാണ്. ആ നിലയ്ക്കാണ് കേരളവും, ബംഗാളും തമ്മിലുള്ള വ്യത്യാസം. നല്ല ഭരണം ഇവിടെ നടക്കുന്നതുകൊണ്ടാണ് നമുക്കിവിടെ ഇങ്ങനെ പറയാൻ കഴിയുന്നത്. കഴിഞ്ഞ ദിവസമാണെങ്കിൽ ഷാജി എന്ന ഡി.വൈ.എസ്.പി. ഒരു യുവാവിനെ അരുംകൊല ചെയ്തത് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചു. സാധാരണയായി ഇത്തരം കൊലപാതകം നടന്നാൽ അന്വേഷണം ദീർഘമായി പോകും. നിരവധി ആവശ്യങ്ങൾ വരും. സമരങ്ങൾ വരും. പക്ഷെ കൊലപാതകം നടന്ന് ദിവസങ്ങൾക്കകം, സി.ബി.ഐ. അല്ല ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കേരള പോലീസാണ് ആ പ്രതിയെ അറസ്റ്റ് ചെയ്തത്. ആ പ്രതിയെ അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥന്മാർക്ക് അവാർഡ് നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ പോലീസുകാർ വളരെ സത്യസന്ധന്മാരും, ബുദ്ധിമാന്മാരും മാത്രമല്ല Scotland Yard-ലെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനേക്കാൾ സമർത്ഥരും, വളരെ കാര്യക്ഷമതയുള്ളവരുമാണ് എന്ന് ഈ സംഭവത്തോടുകൂടി അവർ തെളിയിച്ചിരിക്കുകയാണ്. നമ്മുടെ പോലീസുകാരെ സംബന്ധിച്ച് 20% ക്രിമിനലുണ്ടാകും. അടുത്തകാലത്ത് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് വരെ പറഞ്ഞത്, 20% ജഡ്ജിമാർ അഴിമതിക്കാരാണ്. എന്നാണ് സ്വാഭാവികമായും കുറച്ചു മോശമായി പെരുമാറുന്നവർ പോലീസിൽ ഉണ്ടാകും. അത് എല്ലാ കാലഘട്ടത്തിലുമുള്ള യാഥാർത്ഥ്യമാണ്. കഴിഞ്ഞ 4 വർഷമായി കേരളത്തിൽ പോലീസിന്റെ മുഖഛായ മാറിയിരിക്കുന്നു. ഉദാഹരണത്തിന് കേരളത്തിലെ ഉന്നത ബിരുദധാരികളായ നാരികൾ അർദ്ധരാത്രിയിൽ പോലീസ് സ്റ്റേഷനിൽ പാറാവുകാരായി നിൽക്കുന്നത് കേരളത്തിൽ ശ്രദ്ധേയമാണ്. സാധാരണ പോലീസിനെ കുറിച്ചുള്ള ധാരണ കൊമ്പൻ മീശയുള്ള പോലീസ് എന്നാണ് . ആ ധാരണ ഇന്ന് മാറിയിരിക്കുന്നു. അത് മാറ്റിയത് ഈ ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റാണ്. കേരളത്തിൽ അധോലോകമല്ല ഇന്നുള്ളത്. നാലാം ലോകമാണ്. അധോലോകം ഇന്ന് പ്രശ്നമില്ല. 4-ാം ലോകം ഉണ്ടെന്നും, ഇല്ലെന്നുമുള്ള തർക്കം വളരെ ഗൗരവമായി നടക്കുകയാണ്. സി.പി.എം.-ന്റെ പല തലകളും ഇനിയും ഉരുളുമെന്നാണ് അറിയുന്നത്. അടുത്ത നാളിൽ സാക്ഷാൽ ബർലിൻ കുഞ്ഞനന്തൻ നായരെ ജർമ്മൻ മതിൽ ഇടിച്ചുതകർത്തപോലെ പിണറായിയുടെ കമ്പനികൾ ഇടിച്ചു തകർത്ത സംഭവം കാണുകയുണ്ടായി. വരും ദിവസങ്ങളിൽ റെഡ് വാളന്റിയർമാർ ചേരി തിരിഞ്ഞു ഇൻകിലാബ് വിളിയും അതുപോലെ ക്രമസമാധാനം അടിച്ചു തകർക്കാനുള്ള സാധ്യതകളും കാണുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ക്രമസമാധാന പാലനത്തിന് വേണ്ടി കൂടുതൽ തുക മാറ്റിവയ്ക്കുന്നതിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. അങ്ങനെ വയ്ക്കണമെന്നാണെന്റെ അഭിപ്രായം. പോലീസിന്റെ ഹെഡ്ഡിൽ ക്ഷേമഗ്രാന്റായി ഒരു കോടിയാണ് വച്ചിട്ടുള്ളത്. അതുമാത്രമല്ല, പോലീസിന് വേണ്ടി, ഹോസ്പിറ്റലിനു വേണ്ടി മൂന്ലക്ഷത്തി ഇരുപതിനായിരം രൂപ ആണ് വച്ചിട്ടുള്ളത്. ഇതൊക്കെ സ്വാഗതാർഹമാണ്. പോലീസ് സേനയുടെ നവീകരണം കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്. പോലീസ് സയൻസ് എന്ന ഒരു ശാസ്ത്രശാഖ തന്നെ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് കഴിഞ്ഞ നാളുകളിൽ നിന്ന് വ്യത്യസ്തമായൊരു പുതിയ ശാസ്ത്രീയമായ പരിശീലനം അനിവാര്യമാണ്. മലപ്പുറത്തെ റെഡ് വാളന്റിയർമാരെപോലെ കവാത്ത് നടത്തുകയല്ല വേണ്ടത്. പോലീസിനെ ശാസ്ത്രീയമായി പരിശീലിപ്പിക്കണം. ഉദാഹരണത്തിന് Criminology-യും Psychology-യും എല്ലാം ഇവരെ പഠിപ്പിച്ച് പരിശീലിപ്പിച്ചെങ്കിൽ മാത്രമേ നമുക്ക് പോലീസിനെ ആധുനികവൽക്കരിക്കാനും ആ നിലയ്ക്ക് ഗുണപ്രദമായി ഉപയോഗിക്കാനും കഴിയൂ. ബഹുമാന്യനായ ഉമ്മൻ ചാണ്ടി സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി പോലീസ് സേനയെ നവീകരിക്കാൻ 60% ചെലവു തുകയും നേടിയെടുക്കുകയുണ്ടായി. അത് ചെറിയ കാര്യമല്ല. അത് മാത്രമല്ല, മുപ്പത്തി ഏഴുകോടി എൺപതു ലക്ഷം രൂപയാണ് പോലീസ് സേനയെ നവീകരിക്കുന്നതിന് വേണ്ടി ഗവണ്മെന്റ് മാറ്റി വച്ചിരിക്കുന്നത്. ഈ തുക ഉപയോഗിച്ച് വലിയൊരു മാറ്റം പോലീസ് സേനയിൽ ഉണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഫോറൻസിക്ക് സാംഗ്ഷനുവേണ്ടി എൺപത്തി രണ്ടു ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ മാറ്റി വച്ചിട്ടുണ്ട്. ആ നിലയ്ക്ക് ഇത് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് സഹായിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർ വൽക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഏറ്റവും വലിയ കാര്യമായി ഞാൻ കാണുകയാണ്. രണ്ടു കോടി തൊണ്ണൂറ്റിഒന്നു ലക്ഷത്തിതൊണ്ണൂറ്റി എണ്ണായിരം രൂപയാണ് കമ്പ്യൂട്ടർവൽക്കരിക്കാൻ വേണ്ടി മാറ്റി വച്ചിട്ടുള്ളത്. പോലീസ് സ്റ്റേഷനുകൾ E-Police Station ആക്കി മാറ്റണം. E-Commerce, E-Judiciary എന്നൊക്കെ പറയുന്ന പോലെ സാധാരണക്കാർക്ക് ഇന്റർനെറ്റിലൂടെ പരാതി നൽകാൻ കഴിയത്തക്കവിധത്തിൽ ആധുനിക വൽക്കരിക്കണം കംപ്യൂട്ടർവൽക്കരണം പോലീസിൽ അനിവാര്യമാണ്. അതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ട്രാഫിക്ക് വിഭാഗത്തിലും മറ്റും കഷ്ടപ്പെടുന്ന, ബുദ്ധിമുട്ടുന്ന ധാരാളം ജീവനക്കാർ ഈ ഡിപ്പാർട്ട്മെന്റിലുണ്ട്. നമ്മളത് കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. അങ്ങനെ ബുദ്ധിമുട്ടി ജോലി ചെയ്യുന്നവർക്ക് ഉയർന്ന risk allowance നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്രപോലീസിനുവേണ്ടിയും മറ്റു സംസ്ഥാന പോലീസിന്റെ ക്ഷേമത്തിനുവേണ്ടിയും നമ്മൾ മാറ്റിവച്ചിരിക്കുന്ന തുകയുണ്ട്. അതൊരു വൻതുകയാണ്. ആ തുക ഉപയോഗിച്ച് കേരളത്തിലെ ജനസംഖ്യാ പോലീസ് അനുപാതം വർദ്ധിപ്പിക്കത്തക്ക രൂപത്തിൽ പി.എസ്.സി. വഴി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനും അങ്ങനെ പോലീസ് സേനയെ കൂടുതൽ ശക്തിപ്പെടുത്താനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ജയിൽ പരിഷ്ക്കരണം സംബന്ധിച്ച് ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ കമ്മിഷൻ റിപ്പോർട്ട് നൽകുകയുണ്ടായി. ആ റിപ്പോർട്ട് വന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. പക്ഷേ ഇപ്പോഴാണ് അതിന്റെ അടിസ്ഥാനത്തിൽ ജയിലുകൾ നവീകരിക്കാൻ ആവശ്യമായ 31,12,73,000 രൂപ മാറ്റിവയ്ക്കാൻ കഴിഞ്ഞത്, ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഉപയോഗിക്കാൻ കൂടി വേണ്ടിയാണ് അത്രയും വലിയ തുക മാറ്റിവച്ചത്. അതൊക്കെ തീർച്ചയായും ശ്ലാഘനീയമാണ്, സ്വാഗതാർഹമാണ്. സാധാരണയായി ജയിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നത് സി.പി.എം. സഖാക്കളും ബി.ജെ.പി. സുഹൃത്തുക്കളും തമ്മിലുള്ള സംഘട്ടനമായിരുന്നുവെങ്കിൽ ഇന്ന് ഒരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതായ ചുമതല അവർക്ക് വന്നിരിക്കുകയാണ്. നാലാം ലോക സഖാക്കളും നാലാംലോക വിരുദ്ധ സഖാക്കളും ജയിലിൽ തമ്മിലടിക്കാൻ പോവുകയാണ്. അതുകൂടി ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമാണ് ഇപ്പോൾ ജയിൽ അധികൃതർക്ക് വന്നുചേർന്നിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമാധാനത്തിന്റെ അന്തരീക്ഷത്തിൽ കേരളം പോകുന്നു. ഏതു വനിതയ്ക്കും ഏതു രാത്രിയിലും ഇറങ്ങി നടക്കാൻ കഴിയുന്ന ഒരന്തരീക്ഷം ഇവിടെയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന സമയത്ത് ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ മണ്ഡലത്തിൽ കീഴ്വായ്പൂർ പോലീസ് സ്റ്റേഷനിൽ അടിവസ്ത്രത്തിന്റെ ഇലാസ്റ്റിക്കിൽ പ്രതി തൂങ്ങിമരിച്ച സംഭവം ഞാൻ ഓർക്കുകയാണ്. ഇടതുപക്ഷം ഭരിക്കുന്ന സമയത്തെല്ലാം നടന്നിട്ടുള്ള പോലീസ് അക്രമങ്ങളും തൊഴിലാളി സംഘട്ടനങ്ങളും കൊലപാതകങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഭരിക്കുമ്പോൾ വളരെ സമാധാനപരമായ അന്തരീക്ഷത്തിലാണ് കേരളം എന്നത് ഏറ്റവും ശ്രദ്ധേയമായ കാര്യമായി കരുതേണ്ടതുണ്ട്. ഒരു ചെറിയ കവിത ചൊല്ലാൻ ഞാൻ ഉദ്ദേശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

"ശരിയാം ദിശാബോധമുള്ളോരു ബഡ്ജറ്റ്
പകുതയാർന്നോരു വക്കത്തിൻ ബഡ്ജറ്റ്
പകുതയുള്ളോർക്കത് മനസ്സിലായിടും നവകേരളം
നിർമ്മിക്കും ഉമ്മൻ ചാണ്ടിതൻ സർക്കാരിൻ ബഡ്ജറ്റ്."

നവകേരള സൃഷ്ടിക്കുവേണ്ടി ആഗ്രഹിക്കുന്ന ഒരു സർക്കാരാണ് ഈ കേരളം ഭരിക്കുന്നത് എന്നതുകൊണ്ട്, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി സമാധാനമുള്ള , നല്ല അന്തരീക്ഷമുള്ള ഒരു സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ ആഭ്യന്തര വകുപ്പിന് അല്ലെങ്കിൽ ഐക്യജനാധിപത്യമുന്നണിയുടെ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് വളരെ ശ്രദ്ധേയമാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ.പി. മോഹനൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ശ്രീ. സ്റ്റീഫൻ ജോർജിന്റെ കവിത എന്തായാലും എന്തിനുവേണ്ടിയാണെന്ന് എല്ലാവർക്കും അറിയാം. അപ്പുറത്താണെങ്കിൽ ബഹുമാനപ്പെട്ട മെമ്പറും മുൻ മന്ത്രിയുമായ ശ്രീ.ജി. കാർത്തികേയൻ മുഖ്യമന്ത്രിയുടെ സ്പീഡ് കുറയ്ക്കാൻ പറഞ്ഞിട്ടുണ്ട്. എനിക്കും പറയാനുള്ളത് അതാണ്. ഓട്ടത്തിന്റെ സ്പീഡ് കുറയ്ക്കണം. കാരണം തിങ്കളാഴ്ച വൈകുന്നേരം കാസർഗോഡു നിന്നും കണ്ണൂർ വരെയുള്ള റോഡിന്റെ ഇരുഭാഗങ്ങളിലുമുള്ള ആളുകളെല്ലാം കിടുകിടാ വിറച്ചു. രാജധാനി എക്സ്പ്രസ് പിടിക്കാൻവേണ്ടി മുഖ്യമന്ത്രി ഓടിയഓട്ടം ആ പ്രദേശത്തുള്ള ജനങ്ങളെയാകെതന്നെ ഭയവിഹ്വലരാക്കി. ഇപ്പോഴും ആ ഭയം മാറിയിട്ടില്ല. അതുകൊണ്ട് സ്പീഡ് കുറയ്ക്കണം. ലീഡറേക്കാളും വലിയ സ്പീഡാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്. ഓട്ടത്തിനല്ല സ്പീഡ് വേണ്ടത്. ഉദ്യോഗസ്ഥന്മാരെക്കൊണ്ട് കാര്യങ്ങൾ സ്പീഡിൽ ചെയ്യിപ്പിക്കാനുള്ള നടപടിയാണ് ഉണ്ടാകേണ്ടത് അതാണ് ഇവിടെ വേണ്ടത്. അങ്ങ് ഇവിടെ സ്പീഡ് കൂട്ടുന്നുണ്ടെങ്കിലും മറ്റ് ഉദ്യോഗസ്ഥന്മാരൊന്നും സ്പീഡ് കൂട്ടുന്നില്ല. അങ്ങ് ദുരിതാശ്വാസ ഫണ്ടിൽ നിന്നും ജനങ്ങൾക്ക് കൊടുക്കുന്ന സഹായങ്ങൾക്ക് ഓർഡർ ഇടുന്നുണ്ടെങ്കിലും അതിന്മേൽ വില്ലേജ് ഓഫീസർ, തഹശീൽദാർ, കളക്ടർ എന്നിവരുടെ നടപടി തുടങ്ങുമ്പോഴേയ്ക്കും ചിലപ്പോൾ ആ രോഗിയോ അതുപോലെയുള്ള ആളുകളോ മരിച്ചിട്ടുണ്ടാകും. അതാണ് നടന്നുവരുന്നത്. ആധുനികവൽക്കരണം, പരിശീലനം തുടങ്ങിയവയെക്കുറിച്ച് ഇവിടെ പറഞ്ഞു. പോലീസ് സേനയ്ക്കകത്ത് അഴിമതിയാണ് മുഖമുദ്ര എന്നു പറഞ്ഞത് ആരാണ്? ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ.ജി. കാർത്തികേയൻ പറഞ്ഞപോലെ ശ്രീ. ഹോർമിസ് തരകൻ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ വിലാപകാവ്യം അതായിരുന്നു. ബഡ്ജറ്റിൽ പോലീസിന് മൂന്നിരട്ടി തുകയാക്കിയിട്ടുണ്ട്. എന്തിനാണത്? ഉന്നത ഉദ്യോഗസ്ഥന്മാർക്ക് ധൂർത്തടിക്കാൻ. പാവപ്പെട്ട സാധാരണ പോലീസുകാർ എ.ആർ. ക്യാമ്പിൽ ക്ഷീണിച്ച് ബോധംകെട്ടുവീഴുന്നു. അവരെ സഹായിക്കണം. പാവപ്പെട്ട പോലീസുകാർക്കാവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല. സാധാരണക്കാരായ പോലീസുകാർ വെയിൽകൊണ്ട് പണിയെടുക്കുമ്പോൾ അവർക്ക് കുറച്ചുകൂടി സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഡിവൈ.എസ്.പി.മാർക്കും അതുപോലെതന്നെ മുകളിലുള്ളവർക്കും മാത്രം സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

പോര. പോലീസ് സേനയിലെ പരിഷ്ക്കാരങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട എ.കെ. ആന്റണി ഭരിച്ചുകൊണ്ടിരുന്ന കാലത്ത് നാടാകെ വാടകഗുണ്ടകളെക്കൊണ്ടുള്ള വിഷമമായിരുന്നു. പക്ഷേ ഇന്ന് എന്താണ് സ്ഥിതി? ഡിവൈ.എസ്.പി.മാരാണ് വാടകഗുണ്ടകളുടെ സ്ഥാനം ഏറ്റെടുത്തിരിക്കുന്നത്. ഡിവൈ.എസ്.പി. ഷാജി, പ്രവീണിനെ കൊന്നത് എങ്ങനെയാണ്? കേരളം ഇതുവരെ കേട്ടിട്ടില്ലാത്ത തരത്തിലുള്ള ഒരു കൊലപാതകമാണ്. കൈയും കാലും മുഖവുമെല്ലാംതന്നെ പിച്ചിച്ചീന്തി പലസ്ഥലത്തുകൊണ്ടുപോയി കുഴിച്ചിട്ടില്ലേ?ഇതുവരെ ഇങ്ങനെയുണ്ടായിട്ടില്ല. അത്തരത്തിലുള്ള ആളുകൾ ഇനിയുമുണ്ടാകും. അതൊക്കെ പരിശോധിക്കണം.

സാമൂദായിക സൗഹാർദത്തെക്കുറിച്ച് പറഞ്ഞു. ക്ഷേമകാര്യങ്ങളിൽ ജാഗരൂകരായി നടപടിയെടുക്കുമെന്ന് ബഹു. മുഖ്യമന്ത്രി ഇവിടെ നയരേഖയിൽ പറഞ്ഞിട്ടുണ്ട്. മാസങ്ങൾക്കുമുൻപേ അറിഞ്ഞിട്ടും നമുക്ക് മാറാട് വൻദുരന്തം ഒഴിവാക്കാൻ സാധിച്ചില്ല. പൂവാറും സംഭവിച്ചത് അതല്ലേ? പൂവാറിൽ അത്തരത്തിലുള്ള വർഗ്ഗീയത വളരാൻ വളം വച്ചുകൊടുക്കുന്നത് ആരാണ് എന്നത് പരിശോധിക്കണം. ജയിലുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ജയിലുകളിൽ സുരക്ഷയില്ല. ഇവിടെ ശ്രീ. മോയിൻകുട്ടി ജയിലുകളിൽ വച്ചുനടന്ന കൊലപാതകത്തെക്കുറിച്ചു പറഞ്ഞു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കണ്ണൂർ സെൻട്രൽ ജയിലിൽ വളരെയധികം ആളുകൾ തടവുകാരായി കഴിയുന്നുണ്ട്. ഞാനത് ഇവിടെ പറഞ്ഞിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി അത് ഗൗരവത്തിൽ എടുത്തില്ല. അവർക്കൊന്നും പരോൾ ലഭിക്കുന്നില്ല. പരോൾ ലഭിക്കാത്തതിന്റെ വിഷമം അവർ അനുഭവിക്കുന്നുണ്ട്. അവരുടെ പാവപ്പെട്ട രക്ഷിതാക്കളും കുടുംബാംഗങ്ങളുമൊക്കെത്തന്നെ അവരെ ഒരുനോക്കുകാണാൻ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് പരോൾ അനുവദിക്കാനുള്ള നടപടികളുണ്ടാകണം. കണ്ണൂർ ജില്ലയിൽ മാത്രമാണ് ഇത് തുടരുന്നത്. അവിടെ പോലീസിനു വേറൊരു നയമാണ്. അതൊക്കെ മാറ്റണം. അതുപോലെ ജയിൽ തടവുകാരെല്ലാംതന്നെ ശിക്ഷിക്കപ്പെട്ടവരാണ്. പക്ഷേ അവർക്ക് എപ്പോഴെങ്കിലും അമ്മയേയും കുഞ്ഞുങ്ങളേയും വന്ന് കാണാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതൊന്നും കണ്ണൂരിൽ നടക്കുന്നില്ല. അതിനുവേണ്ട റിപ്പോർട്ട് അവിടെയുള്ള എസ്.പി. നൽകുന്നില്ല. അവരുടെ ആളുകൾ എന്റെ മണ്ഡലത്തിലുണ്ട്. അവരുടെ അമ്മയും സഹോദരങ്ങളും ഇങ്ങോട്ടുവന്ന് എന്നിക്കെന്റെ മോനെ കാണണമെന്ന് പറയുമ്പോൾ അതിന് സൗകര്യം ചെയ്തുകൊടുക്കാൻ മുഖ്യമന്ത്രിയും അതുപോലെ പോലീസ് വകുപ്പും തയ്യാറാകുന്നില്ല എന്നുപറഞ്ഞാൽ അത് വേദനാജനകമാണ്. അത് ചെയ്തുകൊടുക്കണം. അവരോടുള്ള അനുകമ്പയല്ല, പക്ഷേ അവർക്ക് അവരുടെ സ്വന്തം രക്ഷിതാക്കളെ കാണാനും രക്ഷിതാക്കൾക്ക് അവരെ കാണാനുമുള്ള അവകാശമുണ്ട്. ഭാര്യ ഗർഭിണിയായിരിക്കുമ്പോൾ തടവുകാരായവർ, കുട്ടികളെ ഇതുവരെ കണ്ടിട്ടില്ലാത്തവർ ഉണ്ട്. അവർക്കൊക്കെ അത്തരത്തിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുക എന്നുള്ളത് അങ്ങയുടെ നയരേഖയിൽ പറഞ്ഞിട്ടുള്ളതാണ്. അതിവിടെ നടക്കണ്ടേ? ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സമൂഹത്തിലെ മറ്റ് ഇതര ദുർബല വിഭാഗങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് അങ്ങയുടെ നയരേഖയിൽ പറഞ്ഞിട്ടുള്ളതാണ്. അങ്ങ് പരിശോധിക്കണം, അതിവിടെ നടക്കുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ഇന്ന് പ്രതിപക്ഷനേതാക്കന്മാരൊക്കത്തന്നെ സമരത്തിലാണ്. സമരത്തിന്റെ കാരണമെന്താണ്? ബഹു മുഖ്യമന്ത്രി പരിഹാരനപടികളെക്കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും അത് നടപ്പാക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, നീതിന്യായം, പോലീസ്, ജയിൽ എന്നീ ധനാഭ്യർത്ഥനകളുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത് ഞാൻ പറയുന്ന കാര്യങ്ങൾ ആരേയും വിമർശിക്കാനോ വേദനിപ്പിക്കാനോ വേണ്ടി പറയുന്നതാണെന്ന് ധരിക്കരുത്. ഒരു ആത്മപരിശോധന ഇക്കാര്യത്തിൽ ആവശ്യമുണ്ട്. ഏതാണ്ട് 40000-ത്തോളം പോലീസ് കോൺസ്റ്റബിൾമാർ ജോലി ചെയ്യുന്ന ഈ സേനാവിഭാഗത്തിൽ ബഹുഭൂരിപക്ഷം ആളുകളും മാനസികമായ അസംതൃപ്തിയോടു കൂടിയാണ് ജോലി ചെയ്യുന്നത്. ഇത് പറയാതിരിക്കാൻ കഴിയില്ല. അതിന് പല കാരണങ്ങളുണ്ട്. ഒരിക്കൽ ഉദ്ഘാടനം ചെയ്യപ്പെട്ടാൽ ഒരിക്കലും അടയ്ക്കാത്ത സർക്കാർ ഓഫീസ് എന്നുപറയുന്നത് പോലീസ് സ്റ്റേഷനാണ്. ഉദ്ഘാടനംചെയ്ത് തുറന്നാൽ പിന്നെ അടയ്ക്കുന്ന പ്രശ്നമേയില്ല. അത്തരത്തിലുള്ള ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന പോലീസുകാരുടെ തൊഴിൽ സമയത്തുള്ള സാഹചര്യങ്ങളെപ്പറ്റി നമ്മൾ പഠിക്കണം. ഇവിടെ പോലീസിൽ നവീകരണം എന്ന് കൊട്ടിഘോഷിക്കപ്പെടുന്നുണ്ട്. പോലീസിലെ നവീകരണം ക്വാളിസ് കാർ വാങ്ങുന്നതിലോ ജീപ്പിന് നീല പെയിന്റടിക്കുന്നതിലോ അല്ല. രാവെന്നോ പകലെന്നോ ഇല്ലാതെ, ഡ്യൂട്ടിക്ക് നിശ്ചിതമായ സമയമില്ലാതെ കഠിനജോലിചെയ്യുന്ന പോലീസുകാരന് പോലീസ് സ്റ്റേഷനിൽ ഇരിക്കാൻ കസേരയില്ലെന്നുള്ള വസ്തുത നമ്മൾ മനസ്സിലാക്കണം. എസ്.ഐ.ക്കും റൈറ്റർക്കും ഹെഡ് കോൺസ്റ്റബിളിനുമൊക്കെ മാത്രമേ കസേരയുള്ളൂ. ഒന്നുവിശ്രമിക്കാൻ പോലീസുകാരന് കെട്ടിടമില്ല, കിടക്കാൻ കട്ടിലില്ല. ഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളിലേയും സ്ഥിതി അതാണ്. ആധുനിക സൗകര്യങ്ങളുള്ള പുതിയ പോലീസ് സ്റ്റേഷനുകൾ ഉണ്ടാക്കുമെന്നു പറയുന്നു. ബഹുമാനപ്പെട്ട ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴും ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോഴും ആധുനിക പോലീസ് സ്റ്റേഷൻ എന്ന നിലയിൽ, റിസപ്ഷൻ കൗണ്ടറുകളൊക്കെയുള്ള പോലീസ് സ്റ്റേഷൻ വരെയുണ്ടായിരുന്നു. അവിടെ പോലീസുകാരുടെ ജോലി സമയം എട്ടു മണിക്കൂർ ആയി കുറയ്ക്കുന്നതിന് ഒരു കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുകയും ചെയ്തു. ഇന്ന് അതു നിലവിലില്ല. ഇന്നു ഡ്യൂട്ടിക്ക് നിശ്ചിത സമയമില്ലാതെ, എട്ടു മണിക്കൂർ എന്നുള്ളത് എടുത്തു കളഞ്ഞിട്ട് വീണ്ടും തുടരുകയാണ്. റിസപ്ഷൻ കൗണ്ടറിൽ പോലീസ് ഫോണെടുക്കുമ്പോൾ മര്യാദയായിട്ടു പെരുമാറുമെന്നാണ് കേട്ടിട്ടുള്ളത്. ഇപ്പോൾ പുതിയതായി ചാർജ്ജെടുത്ത ഡി.ജി.പി.യെപ്പറ്റി എനിക്ക് എതിരഭിപ്രായമൊന്നുമില്ല. മുമ്പ് ഇരുന്ന ഡി.ജി.പി.യെപ്പറ്റി ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇപ്പോൾ വന്ന ഡി.ജി.പി.യുമായി സംസാരിച്ചിട്ടില്ല. എന്റെ സഹപ്രവർത്തകരായ എം.എൽ.എ. മാർ പറയുന്നത് പൊതു പ്രവർത്തകരോട് മാന്യമായി സംസാരിക്കാനുള്ള അന്തസ്സ് ഡി.ജി.പി. കാണിക്കുന്നുണ്ട് എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈയടുത്ത ദിവസങ്ങളിൽ അതെനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. എന്റെ നാട്ടിൽ ഒരു അക്രമം നടന്നതിനെപ്പറ്റി സംസാരിക്കാനായി അവിടത്തെ എം.എൽ.എ. അദ്ദേഹത്തെ വിളിക്കുമ്പോൾ ഞാൻ അടുത്തുണ്ടായിരുന്നു. വളരെ മാന്യമായി പെരുമാറുകയും പതിനഞ്ചു മിനിട്ടിനുള്ളിൽ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപിച്ച് വളരെ എഫിഷ്യന്റായി അദ്ദേഹം പ്രതികരിക്കുകയും ചെയ്തു. എനിക്ക് അതിൽ സന്തോഷവും നന്ദിയുമുണ്ട്. പോലീസ് വകുപ്പിലെ അസംതൃപ്തിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. പോലീസ് സ്റ്റേഷനുകളിൽ സൗകര്യമില്ല. അതുണ്ടാക്കിക്കൊടുക്കണം എന്നു മാത്രമല്ല ആധുനികവൽക്കരണത്തെക്കുറിച്ചു പറയുകയാണെങ്കിൽ ഒരു പോലീസുകാരൻ ഒരു കുറ്റവാളിയുമായി കോടതിയിലേക്കു പോകേണ്ട സാഹചര്യം വരുമ്പോൾ, അയാളുടെ കയ്യിൽ കൊടുക്കുന്നത് 303 റൈഫിളാണ്. 200 വർഷം മുമ്പുണ്ടാക്കിയതാണ്. വെടിയുണ്ട കണ്ടുപിടിച്ച കാലത്തുണ്ടാക്കിയ റൈഫിളുംകൊണ്ടാണ് കേരളാ പോലീസ് പോകുന്നത്. തമിഴ്നാട്ടിലും കർണ്ണാടകത്തിലുമൊക്കെ സ്റ്റൺഗണ്ണും, പിസ്റ്റളും മറ്റ് ആധുനിക ഉപകരണങ്ങളുമായിട്ടു നടക്കുമ്പോൾ, ഇവിടെ എടുത്താൽ പൊങ്ങാത്ത ഒരു തോക്കുമായിട്ടാണ് കോടതിയിലേക്ക് കുറ്റവാളികളുമായി പോകുന്നത്. ജയിൽപ്പുള്ളി ഓടിപ്പോയാൽ തോക്ക് ആരെയെങ്കിലും ഏല്പിച്ചിട്ടു പുറകെ ഓടണം. തോക്കും കൊണ്ട് ഓടാനുള്ള ശേഷി നമ്മുടെ പോലീസുകാർക്കില്ല. സെൻട്രി നിൽക്കാൻ, ഒരു ഷോയ്ക്കു മാത്രമേ ഈ സാധനം കൊള്ളൂവൂ; അല്ലാതെ ഉപയോഗിക്കാൻ കൊള്ളില്ല. ഒരാളെ വെടിവച്ചാൽ 15 പേർ മരിക്കും. പക്ഷേ നമ്മുടെ പോലീസ് വെടിവച്ചാൽ മാനത്തു കൂടി പറക്കുന്ന കാക്കയല്ലാതെ മറ്റൊന്നും ചാകത്തില്ല. പക്ഷേ വെടിവയ്ക്കാൻ അധികാരമില്ല. വെടിവച്ചാൽ ജോലി പോകും. തോക്ക് ആരെയെങ്കിലും ഏല്പിച്ചിട്ടു പോയാൽ ജോലി പോകും, കള്ളൻ ഓടിപ്പോയാൽ ജോലി പോകും. ഈ മൂന്നായാലും പോലീസുകാരന്റെ പണി പോകും എന്നുള്ള കാര്യത്തിൽ സംശയമില്ല. ആധുനികവൽക്കരണത്തിൽ, കുപ്പായിസ് വാങ്ങിക്കൊടുത്ത് ഹൈവേയിൽ കിടന്ന് കാശു വാങ്ങുന്നതിനുപകരം, ഈ അടുത്ത കാലത്ത് ഒരു ഐ.ജി. വേഷം മാറി നടന്ന് കുറ്റവാളികളെ പിടിച്ചു എന്നു പത്രത്തിൽ വാർത്ത വന്നു. അദ്ദേഹം കേരളം വിട്ടുപോയി എന്നാണ് പിന്നീട് കേട്ട വാർത്ത. അങ്ങനെയുള്ളവർക്ക് കേരളം വിട്ടുപോകേണ്ടി വരും. അതു നമ്മുടെ നാടിന്റെ ഒരു ശാപമാണ്. നമ്മളൊക്കെ ഈ ദുരിതങ്ങൾ അനുഭവിക്കുകയും ചെയ്യേണ്ടവരാണ്. ഞാൻ ഒരു ഉദാഹരണം പറയാം. ഒരു പോലീസുകാരൻ അവന്റെ കുട്ടിയെ എൽ.കെ.ജി.യിൽ ചേർക്കാൻ വേണ്ടി ഒരു സ്കൂളിൽ ചെല്ലുമ്പോൾ, അച്ഛനെന്താണ് ജോലി എന്നു ചോദിച്ചാൽ, അച്ഛൻ കോൺസ്റ്റബിളാണെന്ന് എഴുതിക്കൊടുക്കും. അതേസമയം റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒരു എൽ.ഡി.സി. അല്ലെങ്കിൽ ഒരു യു.ഡി.സി. കുട്ടിയെ സ്കൂളിൽ ചേർക്കാൻ കൊണ്ടുപോകുമ്പോൾ അച്ഛന്റെ ജോലി എൽ.ഡി.സി. അല്ലെങ്കിൽ യു.ഡി. സി. എന്ന് എഴുതിക്കൊടുക്കും. കുറെ വർഷങ്ങൾക്കുശേഷം പോലീസുകാരൻ തന്റെ മകനെ എം.എ. ക്കു ചേർക്കാൻ കോളേജിൽ കൊണ്ടുപോകുമ്പോഴും അച്ഛന്റെ ജോലിയുടെ സ്ഥാനത്ത് കോൺസ്റ്റബിൾ എന്നായിരിക്കും എഴുതുക. അതേസമയം റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻ ആ സ്ഥാനത്തു എഴുതുക ഡെപ്യൂട്ടി കളക്ടർ എന്നായിരിക്കും. എം.എ.യും എം.എസ്.സി.യും എം.ബി.എ.യും ഒക്കെ പാസ്സായ പോലീസുകാരുണ്ട്. അവർക്ക് പ്രൊമോഷനുള്ള അവസരങ്ങളില്ല. കേരളാ പോലീസിൽ ലോക്കൽ പോലീസ്,

LIBRARY ARCHIVES Kerala Legislative Assembly

ആംഡ് പോലീസ്., ആംഡ് ബറ്റാലിയൻ എന്നീ വിഭാഗങ്ങളുണ്ട്. ഈ മൂന്നു വിഭാഗങ്ങളേയും ഒന്നിപ്പിച്ചു കൊണ്ടുപോകണം. നമ്മുടെ മുഖ്യമന്ത്രിയുടെ കയ്യിൽ കേരളത്തിലെ പോലീസുകാരെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുണ്ടെന്നാണ് പറയുന്നത്. മുഖ്യമന്ത്രി ഏറ്റവും കൂടുതൽ പിന്താങ്ങുന്ന മലയാള മനോരമ പത്രം പറയുന്നത്, കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാരിൽ 20 ശതമാനത്തിലധികവും കുറ്റവാളികളും ക്രിമിനലുകളുമാണെന്നാണ്. അവരുടെയൊക്കെ ലിസ്റ്റ് മുഖ്യമന്ത്രിയുടെയും ഡി.ജി.പി.യുടെയും കയ്യിലുണ്ടെന്നാണ് പറയുന്നത്. വേലി തന്നെ വിളവു തിന്നുന്ന ഒരു കാഴ്ചയാണ് നമ്മൾ കാണുന്നത്. ഷാജി എന്നു പറയുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന്റെ ബന്ധുവായ ശത്രുവിനെ വെട്ടിനുറുക്കി പ്ളാസ്റ്റിക്ക് ചാക്കിൽ നിറച്ച് കായലിലും കടലിലും എറിഞ്ഞു. അങ്ങനെയുള്ള കുറ്റവാളികളായ പോലീസുകാരെ എന്തുകൊണ്ട് സർവ്വീസിൽനിന്നും പിരിച്ചു വിടുന്നില്ല? അവരെ പിരിച്ചു വിടണം. ആംഡ് പോലീസിലോ ആംഡ് ബറ്റാലിയനിലോ ഉള്ള പോലീസുകാരെ ഇങ്ങോട്ടു മാറ്റി നിയമിക്കണം. അഴിമതിക്കാരായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരെ ആംഡ് റിസർവ്വ്ഡ് പോലീസിലേക്ക് സ്ഥലം മാറ്റണം. അതിനുള്ള സംവിധാനം ഉണ്ടാക്കണം. ഒന്നിപ്പിക്കാൻ പോയില്ലെങ്കിലും അവരെ അങ്ങോട്ടു മാറ്റാനും അവിടെനിന്നും സത്യസന്ധരും മിടുക്കരുമായ പോലീസുകാരെ ഇങ്ങോട്ടു കൊണ്ടുവരാനും ശ്രമിക്കണം. ഇവിടെ ഷാജിയുടെ മുടി പറിക്കാൻ കോടതിയുടെ അനുവാദം വേണം. ഈ നാട്ടിലെ ദളിതരുടെയും പാവപ്പെട്ടവരുടെയും പട്ടികജാതിക്കാരുടെയും മീശ പറിക്കാനും നഖത്തിനിടയിൽ ആണിയടിച്ചു കയറ്റാനും മൂത്രം കുടിപ്പിക്കാനും പോലീസിന് ആരുടെയും അനുവാദം വേണ്ട. ഷാജിയുടെ ഒരു രോമം പറിക്കാൻ കോടതിയുടെ അനുമതി തേടുന്ന നാണംകെട്ട അവസ്ഥ തെറ്റാണ്. അയാളെപ്പോലെയുള്ള ആളുകളെ എറണാകുളത്തു തന്നെ ഇരുത്താൻ വേണ്ടി ഏതോ ഒരു എം.എൽ.എ. കത്തു കൊടുത്തു എന്നാണ് പത്രത്തിൽ വായിച്ചത്. മിടുക്കനായ ഷാജിയെ മലപ്പുറത്തുള്ള അഡ്മിനിസ്ട്രേഷനിൽ നിന്നും മാറ്റി കൊച്ചിയിൽ ഒരു സ്ഥലത്ത് കൊണ്ടിരുത്തണമെന്ന്, എറണാകുളം ജില്ലയിലുള്ള ഒരു എം.എൽ.എ. കത്തു നൽകി എന്നാണ് പത്രത്തിൽ വായിക്കാൻ സാധിച്ചത്. വളരെ നാണക്കേടാണ്. അത്തരത്തിലൊരു കത്ത് ജനപ്രതിനിധികളായ നമ്മൾ കൊടുക്കാൻ പാടില്ല. നമ്മൾ അത്തരക്കാരെ പ്രോൽസാഹിപ്പിക്കാൻ പാടില്ല. മണൽ വാരുന്നവനേയും മദ്യം വിൽക്കുന്നവനേയും പ്രോൽസാഹിപ്പിക്കാൻ പാടില്ല. എന്റെ നാട്ടിൽ, വാളകത്ത് അണ്ടൂരിൽ ഒരു സഹോദരിയുടെ താലി പറിച്ചു. ഈ താലി പറിക്കുമ്പോൾ അതു സംരക്ഷിക്കേണ്ടത് ഭർത്താവിന്റെ മാത്രം കടമയല്ല. ഈ നാട്ടിലെ മുഴുവൻ ഭാരതീയന്റേയും ചുമതലയാണ്. താലി ഭാരതീയ സ്ത്രീത്വത്തിന്റെ, സംസ്ക്കാരത്തിന്റെ ഭാഗമാണ്. അതു പറിക്കുമ്പോൾ അതു കണ്ടു നിൽക്കാൻ നമുക്കാവില്ല. നീതിന്യായ വ്യവസ്ഥയിൽ തുല്യ നീതിയാണ് ഭരണഘടന നമുക്കു പ്രദാനം ചെയ്യുന്നത്. അതു നൽകാൻ ഇവിടെ കഴിയുന്നുണ്ടോ? ആർക്കാണ് തുല്യനീതിയുള്ളത്? എം.എൽ.എ.ക്കു തുല്യ നീതിയുണ്ടോ? ഇങ്ങനെ പോയാൽ കേരളം എവിടെ എത്തും? അതുകൊണ്ട് മുഖ്യമന്ത്രിയോട് ഞാൻ പറയുന്നത് അങ്ങ് ഇതൊരു വിമർശനമായി കാണരുതെന്നാണ്. വലിയ മഹത്തായ ലോകത്തിലെ ആശയങ്ങളൊന്നുമല്ല ഇത്. സ്നേഹത്തിന്റെ ഭാഷയിൽ ഇതിനെ കാണാൻ ശ്രമിക്കണം. ഞാൻ പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വിമർശനമാകും. ഇവിടെ നടന്നിട്ടുള്ള ചില പ്രശ്നങ്ങൾ, അതിൽ ഏറ്റവും കൂടുതൽ വേദനിക്കുന്ന ഒരാളാണ് ഞാൻ. പക്ഷേ എനിക്കു പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ ദിവസം എന്റെ ഒരു സുഹൃത്ത് സംസാരിക്കുമ്പോൾ പറയുകയുണ്ടായി., മുന്നണി മര്യാദകൾ പാലിച്ചില്ലെന്ന്. ആരാണ് മര്യാദകൾ പാലിക്കാത്തത്? രാജ്യസഭയിൽ ഒരു സ്ഥാനാർത്ഥിയെ നിർത്തി മൽസരിപ്പിച്ചപ്പോൾ, അദ്ദേഹത്തിനു ഞങ്ങൾ വോട്ടു ചെയ്തു എന്നാണ് പറയുന്നത്. ആരു കണ്ടു വോട്ടു ചെയ്തുവെന്ന്. അദ്ദേഹത്തിന് ഇലക്ഷൻ നോമിനേഷൻ കൊടുക്കാൻ വേണ്ടി ഒപ്പിട്ടു കൊടുത്തവർ ഇന്ന് ഈ മന്ത്രിസഭയിൽ ഇല്ലേ? അദ്ദേഹത്തിന്റെ ഇലക്ഷൻ ഏജന്റായിരുന്ന ഒരു സ്നേഹിതൻ, അദ്ദേഹം ഇന്നു കേരള മന്ത്രിസഭയിൽ മന്ത്രിയാണ്. തെറ്റ് ആരു ചെയ്താലും ഒരേ നീതിയായിരിക്കണം. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ മൽസരിച്ച പാർലമെന്ററി സ്ഥാനാർത്ഥിയെ മാറ്റണമെന്ന് യു.ഡി.എഫ്.ലും മന്ത്രിസഭയിലും ഞങ്ങളുടെ പാർട്ടി ചെയർമാൻ ആവശ്യപ്പെട്ടിട്ടും അതിനൊരു പരിഗണനയുമില്ലാതെ വന്നു. ഞങ്ങൾ എതിർക്കുമെന്നു പറഞ്ഞുകൊണ്ടാണ് എതിർത്തത്; മാണിസാറിന്റെ മകനെ പുറകിൽ നിന്നും കുത്തി തോൽപ്പിച്ചതുപോലെയല്ല ജോസ് കെ. മാണി മൽസരിച്ചപ്പോൾ അവിടെ ജോസിനെ തോൽപിച്ചത് ശ്രീ. ടി. എം. ജേക്കബിന്റെ പാർട്ടിക്കാരല്ല. ശ്രീ. ജോണി നെല്ലൂരിന്റെ പാർട്ടിക്കാരല്ല. ഞാൻ അവിടെ പോയതാണ്. എന്നോട് എത്രയും വേഗം പ്രചാരണം മതിയാക്കി അവിടെ നിന്നും വലിയണമെന്നു പറഞ്ഞവരുണ്ട്. ഏറ്റവും കൂടുതൽ വോട്ട് ശ്രീ. കെ.എം. മാണിയുടെ മകന് നഷ്ടപ്പെട്ടത് കേരളാ കോൺഗ്രസ്സ് ജേക്കബ് ഗ്രൂപ്പിനും കേരളാ കോൺഗ്രസ്സ് (ബി)ക്കും മുൻതൂക്കമുള്ള നിയോജകമണ്ഡലങ്ങളിൽ നിന്നല്ല. അതു നിങ്ങൾ മനസ്സിലാക്കണം. നീതി എല്ലാവർക്കും ഒരുപോലെയായിരിക്കണം. കയ്യൂക്കുള്ളവന് ഒരു നീതി, അല്ലാത്തവന് ഒരു നീതി, അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഷിബു ബേബിജോണിന്റെ കാര്യം. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി, ശ്രീ. ഷിബു ബേബിജോണിനെ അറസ്റ്റു ചെയ്തത് നിലവിലുള്ള നിയമമനുസരിച്ചാണെന്ന്. ഞാൻ നിയമം പഠിച്ചിട്ടില്ല. പക്ഷേ നിയമം പഠിച്ചവരാണല്ലോ നിങ്ങളിൽ പലരും. ക്രിമിനൽ നിയമപ്രകാരം ഒരാളെ, അതിനു മുമ്പ് വിളിച്ചു കൂട്ടിയ ഒരു കമ്മിറ്റിയുടെ പേരിൽ, ആ കമ്മിറ്റിയുടെ മിനിട്ട്സിൽ, ഒരു കൂട്ടം ആളുകളുമായി ചേർന്ന് മാധ്യമ പ്രവർത്തകരെ ആക്രമിച്ചു എന്നാണ്. എനിക്ക് മാധ്യമ പ്രവർത്തകരോട് സ്നേഹമുണ്ട്. മാധ്യമ പ്രവർത്തകർക്ക് നൽകിയ ഉറപ്പിന്റെ പുറത്ത്, ഒരാളുടെ പേരിൽ ഇന്ന കുറ്റം ചാർജ്ജു ചെയ്യാമെന്ന് മുൻകൂട്ടി ഉറപ്പു നൽകാൻ എങ്ങനെ കഴിയും? ആ മിനിട്ട്സിൽ പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്. ശ്രീ. ഷിബു ബേബിജോണിനെ അറസ്റ്റു ചെയ്ത ദിവസം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു സംസാരിച്ചു. അന്ന് അദ്ദേഹം എന്നോടു പറഞ്ഞു, കഴിഞ്ഞ ദിവസം പത്രക്കാരുമായി നടത്തിയ ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ, ഇനി ഏതു പാർട്ടിയിലെ ആളുകൾ പത്രക്കാരെ തല്ലിയാലും അതിന്റെ നേതാവിനെ അറസ്റ്റു ചെയ്യുമെന്ന്. അദ്ദേഹം നൽകിയ ഉറപ്പിന്റെ പുറത്ത് അറസ്റ്റു ചെയ്യാനും അദ്ദേഹത്തിന്റെ പേരിൽ കൊലപാതകകുറ്റം ചുമത്താനും നിയമം അനുവദിക്കില്ല എന്നാണ് എന്റെ അറിവ്. അറിവില്ലായ്മയാണെങ്കിൽ വിട്ടേയ്ക്കുക. പക്ഷേ അങ്ങനെയുള്ള സാഹചര്യത്തെ, ശ്രീ. ഷിബു ബേബിജോണിനെ അറസ്റ്റു ചെയ്തതിന്റെ തൊട്ടടുത്ത ദിവസം കണ്ണൂരിൽ

LIBRARY ARCHIVES Kerala Legislative Assembly

മാധ്യമപ്രവർത്തകരെ നടുറോഡിലിട്ട് തല്ലിച്ചതച്ച ഒരു ഭരണ കക്ഷിയിലെത്തന്നെ, രാഷ്ട്രീയ കക്ഷിയിലെ നേതാക്കൾക്കെതിരെ ആരാണ് കൊലപാതക ശ്രമത്തിന് കേസ് ചാർജ്ജ് ചെയ്തത്? ശ്രീ. ഷിബു ബേബിജോണിന് ഒരു നീതി, ബാക്കിയുള്ളവർക്ക് ഒരു നീതി. രണ്ട് എം.എൽ.എ. മാർ മാത്രമേയുള്ളൂവെങ്കിൽ ഒരു നീതി, 20 എം.എൽ.എ. മാർ ഉണ്ടെങ്കിൽ മറ്റൊരു നീതി. ഇതു ശരിയല്ല. ഇതാണ് യു.ഡി.എഫ്.-ന്റെ പ്രശ്നം. അതു തന്നെയാണ് കേരളത്തിലെ ഗവൺമെന്റിന്റേയും പ്രശ്നം. ഞാൻ ഗവൺമെന്റിനെ വിമർശിക്കുകയല്ല. ഒരു പുനർ ചിന്തനം വേണം. ഒത്തുകൂടി മുന്നോട്ടു പോകണം. വരുന്ന പ്രശ്നങ്ങളെല്ലാം മുന്നണിക്കും നല്ലതെല്ലാം ഒരു കക്ഷിക്കും എന്നു വിചാരിക്കുന്നത് ശരിയല്ല. കോൺഗ്രസ്സിലെ പ്രശ്നങ്ങളെല്ലാം കോൺഗ്രസ്സിനെ ബാധിക്കുന്ന കാര്യങ്ങളാണ്. പക്ഷേ ഇങ്ങനെ മുന്നോട്ടു പോകുന്നതിൽ ഒരു സാധാരണ മനുഷ്യനെന്നുള്ള നിലയിൽ എന്നെ സംബന്ധിച്ചിടത്തോളം അതിയായ വേദനയുണ്ട്. അതിവേഗം ബഹുദൂരമൊക്കെ പോകുന്നതു നല്ലതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പീഡിൽ പോകുന്നതിനോടും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ അപകടമുണ്ടാകരുത്. അപകടമുണ്ടാകാതിരിക്കാൻ വേണ്ടി തയ്യാറാക്കിവച്ച റോഡ് സേഫ്റ്റി ബിൽ ഇന്നും റെഫ്രിജിറേറ്ററിൽ ഇരുന്ന് ഉറങ്ങുകയാണ്. നമ്മുടെ നിയമസഭ പാസ്സാക്കിയതല്ലേ? അത്യാവശ്യമായി ആ നിയമം കൊണ്ടുവരേണ്ടതല്ലേ? മുഖ്യമന്ത്രി വേഗത്തിൽ പോകുന്നതിനോടും അദ്ദേഹം നല്ല കാർ ഉപയോഗിക്കുന്നതിനോടും എനിക്ക് എതിർപ്പില്ല. നല്ല വൃത്തിയുള്ള വീട്ടിൽ ധനകാര്യമന്ത്രി താമസിക്കുന്നതിനും ഞാൻ എതിരല്ല. ഉദ്യോഗസ്ഥന്മാർക്കും സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. നീതിന്യായ വ്യവസ്ഥിതിയിൽ എല്ലാവർക്കും തുല്യ നീതി ഉറപ്പാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു കഴിയണം. അല്ലെങ്കിൽ അതു വേദനാജനകമാണ്.

ആത്മഹത്യ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുമെന്ന് അദ്ദേഹം സബ്മിഷനു മറുപടി പറഞ്ഞു. നല്ല കാര്യമാണ്. പക്ഷേ അതിന്റെ പുറകിൽ ഒരു വൻ രഹസ്യമുണ്ട്. മുഖ്യമന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. ആത്മഹത്യ തടയുവാൻ വേണ്ടി ഈ രാജ്യത്തെ എല്ലാ സാമൂഹ്യ സംഘടനകളും ആരോഗ്യ വകുപ്പുമൊക്കെ ശ്രമിക്കുമ്പോൾ, ആത്മഹത്യ ചെയ്യുന്നവർക്ക് മാത്രം പണം കൊടുക്കുകയും ആനുകൂല്യം കൊടുക്കുകയും ചെയ്യുന്നത് ആത്മഹത്യയെ പ്രോൽസാഹിപ്പിക്കാൻ ഇടയാക്കും. അവർക്ക് കാശു കൊടുക്കരുതെന്നു ഞാൻ പറയുന്നില്ല. പക്ഷേ അങ്ങ് ശ്രദ്ധിക്കണം. അഞ്ചു കുട്ടികളുടെ പിതാവായ ഒരു മനുഷ്യൻ ആത്മഹത്യ ചെയ്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെ പോയിരുന്നു? അതുകൊണ്ട് അരെങ്കിലും പറയുന്നതു കേട്ട് അങ്ങ് എടുത്തു ചാടരുത്. 101 സീറ്റിന്റെ ഭൂരിപക്ഷം കിട്ടി വന്ന ഒരു ഗവൺമെന്റാണ് ഇത്. പരസ്പരം കലഹിച്ച് നമുക്ക് ഒന്നും ചെയ്യാൻ [12 Noon] കഴിയാത്ത ഒരവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ പ്രസംഗിക്കുന്നത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം വളരെ പ്രസക്തമായ ചില കാര്യങ്ങൾ പറഞ്ഞു. പോലീസിനെ നിയന്ത്രിക്കണം. ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ഒരു നിയന്ത്രണമുണ്ടാകണം. പൊളിറ്റിക്കൽ സെക്രട്ടറി ആര് എന്നുള്ളതല്ല, മുഖ്യമന്ത്രിയുടെ നിയന്ത്രണം വേണം. സത്യസന്ധനെന്ന് പേരുകേട്ട ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം കൊടുത്ത സ്വാതന്ത്ര്യം അന്തസ്സായി കൊണ്ടുപോകാൻ കേരളാ പോലീസിന് കഴിയുന്നുണ്ടോ? ജയിലിൽ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന അഴിമതിയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. എന്നാലും ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്, ഒരു എം.എൽ.എ.-യെ അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുചെന്നാലും എം.എൽ.എ. ഉദ്ദേശിക്കുന്ന പ്രിവിലേജ് കൊടുക്കണമെന്നുണ്ടെങ്കിൽ കാശ് വാങ്ങിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് താഴത്തെ ഗണപതിയമ്പലത്തിൽ രണ്ടായിരം രൂപ കൊടുത്താൽ കൊള്ളാമെന്ന് പറയുന്നവരാണ് ഇവിടത്തെ ജയിലുകളിലുള്ളതെന്ന് അങ്ങ് മനസ്സിലാക്കണം. സത്യമാണ്, മുഖ്യമന്ത്രി ഇതൊന്ന് ശ്രദ്ധിക്കണം. മുഖ്യമന്ത്രി പല സ്ഥലത്തും പോകുന്ന ഒരാളാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജയിൽ സെല്ലുണ്ട്. അവിടെ അങ്ങ് പോയിനോക്കണം. കുറ്റംചെയ്തു എന്നുള്ളത് ശരിതന്നെ അവരും മനുഷ്യരല്ലേ? നമ്മൾ മഅദനിക്ക് നീതി നിഷേധിക്കുന്നതിനെതിരെ ശബ്ദമുയർത്തിയ ആളുകളാണ്. ജയിലിൽ കിടക്കുന്നവർ കുറ്റകൃത്യം ചെയ്തവരായാലും അവർ മനുഷ്യരാണ്. അവർ കിടക്കുന്ന മുറി അങ്ങ് പോയി കാണണം. പത്ത്പേർക്കുപോലും കിടക്കാൻ സൗകര്യമില്ലാത്ത മുറിയിൽ 24 പേർ കിടക്കുകയാണ്. അതിൽ ഓപ്പറേഷൻ കഴിഞ്ഞവരുമുണ്ട്. അവർക്ക് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കണം. ജയിൽപുള്ളിയായിയെന്നു കരുതി അവരെ നരകിക്കാൻ വിട്ടുകൊടുക്കരുത്. ഇവർ രോഗികളാകുമ്പോൾ അവർക്ക് ചികിൽസ ലഭ്യമാക്കണം. പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, എന്റെ സുഹൃത്ത് ശ്രീ. ഷിബു ബേബിജോൺ എം.എൽ.എ.-യോട് ചെയ്തത് തെറ്റാണ്. മന്ത്രിമാരും എം.എൽ.എ.-മാരും തമ്മിൽ വ്യത്യാസമില്ല. ഇവിടെയിരിക്കുന്ന 141 പേർക്കും മന്ത്രിയാകാൻ സാധിക്കില്ല. ഒരു എം.എൽ.എ.-യോട് കാണിച്ചത് നാളെ നമുക്കുമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർക്കെങ്കിലും ഉറപ്പ് കൊടുക്കുമ്പോൾ മുൻകൂട്ടി കേസ് ചാർജ്ജ് ചെയ്തോളാമെന്ന ഉറപ്പ് ദയവായി കൊടുക്കാതിരിക്കണം. അങ്ങ് നിയമസഭയിൽ തന്ന മറുപടിയിലും ഒരു മിനിറ്റ്സ് വേണമെങ്കിൽ കാണിക്കാമെന്ന് പറഞ്ഞു. അത് ദു:ഖകരമാണ്, ഖേദകരമാണ്. പോലീസിനെ നിയന്ത്രിക്കണം. മുഖ്യമന്ത്രിയും ഭരിക്കുന്ന കക്ഷികളും പോലീസിനെ നിയന്ത്രിക്കണം. ഏതായാലും അച്ചടക്കമുള്ള പോലീസ് സംവിധാനമുണ്ടാകാൻ ആധുനികവൽക്കരണം ഉണ്ടാക്കുമ്പോൾ സാധാരണ കോൺസ്റ്റബിൾമാർക്കുകൂടി ഗുണം കിട്ടത്തക്കവിധം, അവർക്ക് പ്രൊമോഷൻ കൊടുക്കത്തക്കവിധത്തിൽ മുന്നോട്ടുപോകാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് എന്റെ സുഹൃത്ത് ശ്രീ. ഷിബു ബേബിജോണിനോട് കാണിച്ച മര്യാദകേടിനെ ശക്തമായി വിമർശിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്.

ശ്രീ. വി. ജെ. പൗലോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാനം വളരെയധികം മെച്ചപ്പെട്ട ഒരു സാഹചര്യമാണ് ഇന്നുള്ളതെന്നത് എല്ലാപേരും അംഗീകരിക്കുന്ന കാര്യമാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച ചില ആളുകൾ നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനനില തകർച്ചയിലാണ്, കൊലപാതകങ്ങൾ വർദ്ധിക്കുകയാണ്, അഴിമതി വർദ്ധിക്കുകയാണ്, അങ്ങനെ അടച്ച് കുറെ കാര്യങ്ങൾ പറഞ്ഞു എന്നുള്ളതല്ലാതെ വസ്തുതാപരമായി കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം. പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ സൂചിപ്പിച്ചത് മുഖ്യമന്ത്രിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേഗത കൂടുതലാണെന്നാണ്. ഇതുവരെ സഭയിൽ കേൾക്കാറുള്ളത് വേഗത പോരാ, നടപടി ഇല്ല, പരിഗണനയില്ല എന്നുള്ളതാണെങ്കിൽ ഇപ്പോൾ നടപടിയുണ്ട്, വേഗതയുണ്ട്, കാര്യങ്ങൾ നടക്കുന്നുണ്ട്. ഇന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ താഴെതട്ടിൽ ജനങ്ങളുടെ പടിവാതിക്കൽവരെ എത്തുന്ന രീതിയിൽ വളരെ വേഗത്തിൽ നമ്മുടെ സംസ്ഥാനത്ത് ഭരണം നടക്കുന്ന ഒരു സാഹചര്യമാണുള്ളത്. ശ്രീ. പി. എസ്. സുപാലും മറ്റും ക്രമസമാധാനനില തകർന്നുയെന്ന് പറഞ്ഞതിനെ സംബന്ധിച്ച്, അദ്ദേഹത്തെ ഓർമ്മിപ്പിക്കാൻ വേണ്ടിമാത്രം, നിങ്ങളുടെ ഭരണകാലത്തുണ്ടായിട്ടുള്ള ഒന്നുരണ്ട് കാര്യങ്ങൾ ഓർമ്മിപ്പിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപുള്ള അഞ്ചുവർഷക്കാലം ഈ സംസ്ഥാനം ഭരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. അന്ന് നിയമസഭയിൽ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരമായി കിട്ടിയിട്ടുള്ളതാണ്. നിങ്ങൾ ഭരിച്ച അഞ്ചുവർഷക്കാലം ഈ സംസ്ഥാനത്ത് മൊത്തത്തിൽ സംഘട്ടനങ്ങളും കൊലപാതകങ്ങളും എല്ലാംകൂടി 33142 കേസുകളാണുണ്ടായിട്ടുള്ളത് അതിൽ കൊലപാതകങ്ങൾ 2302, സംഘട്ടനങ്ങളിൽ മരിച്ചത് 337, രാഷ്ട്രീയ സംഘട്ടനമുണ്ടായിട്ടുള്ളത് 6363. മരിച്ചത് 75 പേർ, പരിക്കുപറ്റിയവർ 9875. ഇതാണ് മൊത്തത്തിലുള്ള സ്ഥിതിവിവരക്കണക്ക്. ആ സാഹചര്യം ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടോയെന്നുള്ള ഒരു പരിശോധന നമ്മൾ സ്വയം നടത്തുക. ഇപ്പോൾ രാഷ്ട്രീയ കൊലപാതകങ്ങളെന്നു പറയുന്നത് നാമമാത്രമാണ്. ക്രമസമാധാനനില വളരെയധികം മെച്ചപ്പെടുകയും ചെയ്തു. ഇവിടെ ക്രമസമാധാനനില മെച്ചപ്പെട്ടില്ലെന്ന് നമുക്ക് എപ്പോഴെങ്കിലും തോന്നുന്നെങ്കിൽ അതിന് കാരണക്കാർ മറ്റാരുമല്ല. അതിന് എല്ലാപേർക്കും ഉത്തരവാദിത്വമുണ്ട്. വിശേഷിച്ചും ഉത്തരവാദിത്വം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാണ്. ഒരു പത്രത്തിൽവന്ന മുഖപ്രസംഗത്തിലെ ഒരുവരി ഞാൻ വായിക്കാം. സംസ്ഥാനത്ത് കഴിഞ്ഞ വർഷം പ്രാദേശിക തലങ്ങളിലുൾപ്പെടെ 123 ഹർത്താലുകൾ നടന്നു. മൂന്നുദിവസത്തിൽ ഒരു ദിവസം ഹർത്താൽ എന്നുള്ള രീതിയിലാണ് നമ്മുടെ രാജ്യത്ത് കഴിഞ്ഞ ഒരുവർഷക്കാലം ഹർത്താലുകളുണ്ടായത്. സംസ്ഥാന തലത്തിലുണ്ടായിട്ടുള്ളത് മൂന്ന് ഹർത്താലുകളാണ്. ജില്ലാതല ഹർത്താലുകൾ എട്ട്, പൊതുപണിമുടക്ക് രണ്ട്, പണിമുടക്ക് 11, സി.പി.എം. സമരം 41, സി.പി.ഐ. സമരം 13, ജനതാദൾ സമരം 5, കേരളാ കോൺഗ്രസ് ജെ-യുടെ സമരം രണ്ട്, രാഷ്ട്രീയസംഘട്ടനങ്ങൾ 735, മറ്റുള്ളവ 52. അങ്ങനെയുള്ള വലിയൊരു കണക്കാണ് കഴിഞ്ഞ ഒരു വർഷക്കാലം ക്രമസമാധാനനില വഷളാകാൻ കാരണമായി ഈ സംസ്ഥാനത്ത് അരങ്ങേറിയത്. ക്രമസമാധാനനില മെച്ചപ്പെടണമെങ്കിൽ ഭരിക്കുന്ന മുഖ്യമന്ത്രി വിചാരിച്ചാൽ നടക്കില്ല, പോലീസ് വിചാരിച്ചാൽ നടക്കില്ല. അതിന് കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും വിചാരിക്കണം. എല്ലാവരും സഹകരിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ ഇനിയും ക്രമസമാധാന നില മെച്ചപ്പെടുത്താൻ സാധിക്കും. ഇപ്പോൾ ക്രമസമാധാനനില കുറേയൊക്കെ മെച്ചപ്പെട്ടതിലൂടെ, ആ ഗുണപരമായ മാറ്റങ്ങൾ സംസ്ഥാനത്ത് കൂടുതലായി ഉണ്ടാക്കിക്കൊണ്ട്, സംസ്ഥാനത്തിന്റെ പേരിലുണ്ടായിട്ടുള്ള ചീത്തപ്പേര് മാറ്റിയെടുക്കാൻ നമ്മളെല്ലാപേരും ആത്മാർത്ഥമായി വിചാരിച്ചാൽ സാധിക്കും. ക്രമസമാധാനനിലയെ സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിവിശേഷമിതാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പോലീസ് സേനയെ അടച്ചാക്ഷേപിക്കാൻ കഴിയില്ല. പക്ഷെ മോശമായ ഒരു പ്രവണതയുണ്ട്. പോലീസ് എന്നുപറഞ്ഞാൽ അച്ചടക്കമുള്ള ഒരു സേനയാണ്. അച്ചടക്കമുള്ള ഒരു സേനയുടെ ഭാഗത്തുനിന്നും മോശമായിട്ടുള്ള പല പ്രവർത്തനങ്ങളും ഈ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് സൂചിപ്പിക്കാതെ കടന്നുപോകുന്നത് ശരിയല്ല. നമ്മുടെ പോലീസുകാർ പലരും മോശമായ കേസുകളിൽ പ്രതിയായിട്ടുണ്ട്. പിടിച്ചുപറി, മോഷണം, അടിപിടി സംഘട്ടനം, ലൈംഗികപീഡനം, തുടങ്ങി കൊലപാതകത്തിൽവരെ നമ്മുടെ പോലീസ് സേനയിലെ ആളുകൾ ഉൾപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ സൂചിപ്പിച്ചു. ഡി.വൈ.എസ്.പി. ആയിരുന്ന ഷാജി എത്ര പൈശാചികമായ ഒരു കൊലപാതകമാണ് പ്ലാൻ ചെയ്ത് നടത്തിയിട്ടുള്ളത്. വിരലുകൾപോലും പല ഭാഗത്ത് കൊണ്ടിട്ട് ഒരിക്കലും കണ്ടുപിടിക്കാൻ കഴിയാത്ത രീതിയിൽ ആസൂത്രിതമായി നടത്തിയിട്ടുള്ള ഒരു കൊലപാതകമായിരുന്നിട്ടുപോലും നമ്മുടെ പോലീസ് സേന അത് പുറത്തുകൊണ്ടുവന്നു. അത് നല്ല കാര്യമാണ്. അത് മൂടിവയ്ക്കാൻ ആരും ശ്രമിച്ചില്ല. അത് വെളിച്ചത്ത് കൊണ്ടുവന്ന പോലീസ് സേനയിലെ ആളുകളെ അഭിനന്ദിക്കുന്നതോടൊപ്പം തന്നെ ഇത്തരം ദുഷിച്ച ഒരു പ്രവണത നമ്മുടെ പോലീസ് സേനയിൽ ഉണ്ടായിരിക്കുന്നത് നിസ്സാരമായി കാണാൻ കഴിയില്ല. അതിന്റെ കാരണങ്ങളിലേക്ക് നാം ഇറങ്ങി ചെല്ലുമ്പോൾ അമിതമായ സ്വത്ത് സമ്പാദനം അല്ലെങ്കിൽ അഴിമതി പോലീസ് സേനയിലുള്ള ആളുകളേയും കുറെയൊക്കെ ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാകും. ഷാജിയെ ഈ കൊലപാതകത്തിന് പ്രേരിപ്പിച്ചത് അദ്ദേഹം അധികാരം ദുർവിനിയോഗം ചെയ്ത് അഴിമതി പ്രവർത്തിച്ച് ഉണ്ടാക്കിയിട്ടുള്ള സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി, അദ്ദേഹം വിവാഹം ചെയ്യാത്ത മൂന്നാം ഭാര്യ എന്ന് പറഞ്ഞ് കൂടെ താമസിപ്പിക്കുന്ന സ്ത്രീയുടെ പേരിൽ എഴുതിവച്ച സ്വത്ത് അന്യാധീനമാകുമോ എന്നുള്ള ആശങ്കമൂലം ഉണ്ടായിട്ടുള്ള കൊലപാതകമാണ് എന്ന് പറഞ്ഞാൽ അത് ധനത്തിന്റെ പേരിലാണ് ചെയ്തിരിക്കുന്നത്. പോലീസ് സേനയിലെ ഉന്നതൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർ ഇവിടെ സന്നിഹിതരായിരിക്കുന്ന സമയത്തിൽ, ഈ പ്രവണത ഇത്രയുമൊക്കെ കണ്ട സാഹചര്യത്തിൽ ഇത് ഒരിക്കലും നമ്മുടെ പോലീസ് സേനയിൽ വർദ്ധിക്കാൻ ഇടകൊടുക്കാതെ മുളയിലേ നുള്ളിക്കളയുന്ന രീതിയിലുള്ള ശക്തമായ നടപടികൾ ഉണ്ടാകണം. അതിലേക്ക് നയിക്കുന്ന പ്രവർത്തനമാണ് നാം കണ്ടുപിടിക്കേണ്ടത്. രോഗകാരണം കണ്ടുപിടിക്കണം.

ശ്രീ. കെ. മുഹമ്മദാലി: അഴിമതി പ്രവർത്തനങ്ങൾ, അമിതമായ സ്വത്ത് സമ്പാദനം ഇതൊക്കെ ശ്രീ പൗലോസ് ഇവിടെ പറയുകയുണ്ടായി. ഷാജി എന്ന് പറയുന്ന വ്യക്തി വളരെ നാളുകളായി ബസ് സർവ്വീസ് നടത്തുന്ന ആളാണ്. പോലീസ് സേനയിലെ ആഫീസർമാർ ബസ് സർവ്വീസുകൾ നടത്തുക, മറ്റ് ഏർപ്പാടുകൾ ചെയ്യുക, ബിസിനസും മറ്റു കാര്യങ്ങളുമൊക്കെ നടത്തുക ഒക്കെ ചെയ്യുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാതെ വരുന്നതല്ലേ ഇത്രയുമധികം കുറ്റകൃത്യം ഉണ്ടാകുന്നതിന് കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ്: ശ്രീ. മുഹമ്മദാലി സൂചിപ്പിച്ച കാര്യം ഞാൻ അംഗീകരിക്കുന്നു. നമ്മുടെ പോലീസ് സേനയിലുള്ള പല ഉദ്യോഗസ്ഥൻമാരും സേനയിൽ പ്രവർത്തിക്കുന്നതോടൊപ്പംതന്നെ അതിനേക്കാൾ കൂടുതൽ താൽപ്പര്യമെടുത്ത് മറ്റ് പല ബിസിനസുകളിലും ഏർപ്പെടുകയാണ്. ഷാജി ബസ് സർവ്വീസ് നടത്തുന്നുണ്ട്. അദ്ദേഹം ഗുണ്ടാസംഘത്തെ വളർത്തി സംരക്ഷിച്ച് അമിതമായി സമ്പാദിക്കുന്ന പണം മാഫിയക്കാരെ ഏൽപ്പിച്ചിട്ട് ബ്ലെയ്ഡ് ബിസിനസ് നടത്തുന്നു. അങ്ങനെ പല ആളുകളുമുണ്ട്. അതുപോലെ ആരോപണ വിധേയരായ പല ഉദ്യോഗസ്ഥൻമാരും ഉണ്ട്. പലരും റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുന്നുണ്ട്; ബ്ലെയ്ഡ് ബിസിനസ് നടത്തുന്നുണ്ട്. മണിചെയിൻ നടത്തുന്നുണ്ട്. എങ്ങനെയാണ് പെട്ടെന്ന് പണം ഉണ്ടാക്കാൻ കഴിയുക എന്നുള്ളത് മനസ്സിലാക്കി, ആ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം ഉദ്യോഗസ്ഥൻമാർ നമ്മുടെ പോലീസ് സേനയിൽ ഉണ്ട് എന്നുള്ള കാര്യം ഒരുപക്ഷേ മനസ്സിലാക്കിയതുകൊണ്ടായിരിക്കാം ശ്രീ. കാർത്തികേയൻ ഇവിടെ വിമർശിച്ചാണ് സംസാരിച്ചതെങ്കിലും നല്ല പോലീസ് ഓഫീസറായ ഹോർമിസ് തരകനെ എല്ലാം ചേർത്ത് പറഞ്ഞിട്ട് അതിന്റെ രത്നച്ചുരുക്കം എന്നുള്ള രീതിയിൽ അദ്ദേഹം പോലീസ് സേനയെ സംബന്ധിച്ചിടത്തോളം പരിതപിച്ചുകൊണ്ട് സംസാരിച്ചത് ഇതൊക്കയായിരിക്കാം എന്ന് ഞാൻ സംശയിക്കുകയാണ്. ഇങ്ങനെ ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ പോലീസ് സേന മുന്നോട്ടുപോയാൽ ഭാവിയിൽ ഉണ്ടാകാവുന്ന അപകടം വളരെ ഗുരുതരമാണ്. ആ സ്ഥിതിവിശേഷം തീർച്ചയായും ഒഴിവാക്കുന്നതിന് ആവശ്യമായിട്ടുള്ള ശക്തമായ നടപടി പോലീസ് സേനയിൽ ഉണ്ടാകണം. അല്ലെങ്കിൽ പോലീസിന് എത്ര അധികാരം കൊടുത്താലും ആ അധികാരവിനിയോഗം ജനങ്ങൾക്ക് പ്രയോജനപ്രദമാകില്ല. ജനങ്ങൾക്ക് ദോഷകരമായി ബാധിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തും എന്നുള്ളത് മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ഇടപെടൽ ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്. പോലീസ് സേനയ്ക്ക് കഴിഞ്ഞ കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ വളരെ കൂടുതൽ അധികാരങ്ങൾ വിട്ടുകൊടുത്തു. പക്ഷേ ആ അധികാരത്തിന്റെ വിനിയോഗം നല്ലരീതിയിലാണെന്ന് സമ്മതിക്കാൻ കഴിയില്ല. അത് ദുർവിനിയോഗം ചെയ്ത ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇടപെടലുകൾ കുറഞ്ഞപ്പോൾ അവർക്ക് കൂടുതൽ പ്രവർത്തിക്കാനുള്ള അവസരങ്ങൾ ഉണ്ടായിട്ടുള്ളതാണ് അതിന്റെ ഏറ്റവും വലിയ ഒരു ദൃഷ്യവശം. രാഷ്ട്രീയ ഇടപെടൽ വേണമെന്ന് പറയുന്നില്ല. രാഷ്ട്രീയ ഇടപെടൽ കൂടാതെ പോലീസ് സേനയുടെ തലപ്പത്തുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള, അഴിമതിക്കും സ്വജനപക്ഷപാതത്തിനും അതുപോലെയുള്ള പ്രവർത്തനങ്ങൾക്കും കൂട്ട് നിൽക്കാത്ത നിലപാട് സ്വീകരിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർ ശക്തമായ ഇടപെടൽ നടത്തി, ഈ സേനയെ കൂടുതൽ പരിഷ്ക്കരിച്ച് കൂടുതൽ ജനോപകാരപ്രദമാക്കി, ക്രമസമാധാനപാലനത്തിന് കൂടുതൽ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു സേനയാക്കി ഇതിനെ വളർത്തിയെടുക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണം എന്നാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, എന്റെ മാന്യ സുഹൃത്ത് ശ്രീ. പൗലോസിന്റെ പ്രസംഗം ശ്രദ്ധേയമാണ്. ഒരു ഭരണകക്ഷി അംഗത്തിന്റെ ഭാഗത്തുനിന്ന് പോലീസ് നയത്തേയും നടപടികളേയും എല്ലാം അങ്ങ് വിമർശിക്കുകയുണ്ടായി. പക്ഷേ ഇത് പോലീസിന്റെ തലപ്പത്തുള്ള അഞ്ചോ പത്തോ ആളുകളുടെ മാത്രം പ്രശ്നമാണ്. അധോലോകവുമായും അധോലോക മാഫിയയുമായും എല്ലാ തരത്തിലുള്ള നിഗൂഢ ശക്തികളുമായും ഉള്ള പോലീസിന്റെ പുതിയ ബന്ധത്തിന്റെ പുറകിൽ രാഷ്ട്രീയം പങ്ക് വഹിക്കുന്നില്ല. ഭരണ രാഷ്ട്രീയത്തിന്റെ സ്വാധീനവും അംഗീകാരവും ഉപയോഗിച്ചാണ് പോലീസിന്റെ ഈ മാഫിയബന്ധം ചിട്ടപ്പെടുത്തിയിട്ടുള്ളത്. അത് അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ പോലീസിന്റെ നയത്തെ വിമർശിക്കുകയായിരുന്നില്ല. ഞാൻ സർവ്വാത്മനാ എല്ലാ പിന്തുണയും കൊടുത്തുകൊണ്ട് സംസാരിച്ച കൂട്ടത്തിൽ നമ്മുടെ പോലീസ് സേനയിൽ ഉണ്ടായിട്ടുള്ള അപചയത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയാണുണ്ടായത്. അത് പറയാൻ ഞങ്ങൾക്ക് അധികാരമുണ്ട്. കാരണം, പോലീസ് സേനയ്ക്ക് ഇത്രയേറെ പറയാൻ മാത്രം അധികാരം വിട്ടുകൊടുത്ത മറ്റൊരു ഗവൺമെന്റില്ല. പോലീസ് സേനയുടെ പ്രവർത്തനങ്ങളിൽ ഇപ്പോൾ രാഷ്ട്രീയ ഇടപെടലിന് കൂടുതൽ അവസരങ്ങൾ ഇല്ല എന്നുള്ള ഒരു വലിയ പരാതിയുണ്ട്. പക്ഷേ ഈ പരാതി ഉണ്ടായിട്ടും ശ്രീ. എ. കെ. ആന്റണി സ്വീകരിച്ച പോലീസ് നയത്തിൽനിന്നും കടുകിട മാറ്റം വരുത്താതെ ശ്രീ. ഉമ്മൻചാണ്ടി മുന്നോട്ടുപോകുമ്പോൾ അതിന്റെ ഉദ്ദേശശുദ്ധിയെ ആർക്കും ചോദ്യം ചെയ്യാൻ പറ്റില്ല. ശ്രീ. വിജയകുമാർ സൂചിപ്പിച്ചതുപോലുള്ള ഇടപെടലുകളും മറ്റുമൊക്കെ രാഷ്ട്രീയ മേലാളൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് ശ്രീ. എ. കെ. ആന്റണി വന്നതിനുശേഷമല്ല, ശ്രീ. ഉമ്മൻചാണ്ടി വന്നതിനുശേഷമല്ല, അതിന് മുൻപ് ഉണ്ടായിരുന്ന ഭരണ കാലഘട്ടത്തിലാണ് അപ്രകാരമുള്ള ഇടപെടലുകളും തീരുമാനങ്ങളും നടപടികളും ഒക്കെ ഉണ്ടായിട്ടുള്ളത്. സ്ത്രീപീഡനം ഉൾപ്പെടെയുള്ള കേസുകളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ ഭാഗത്തുതന്നെ ഇപ്പോൾ തർക്കം നടക്കുകയല്ലേ? ശ്രീമതി മീനാക്ഷി തമ്പാൻ എന്താണ് പറഞ്ഞത്? മീനാക്ഷി തമ്പാന്റെ വാക്കുകൾ മാത്രം എടുത്താൽ പോരേ?

പിന്നെ ജയിലുകളുടെ കാര്യമാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് വളരെ കുറച്ച് ജയിലുകൾ മാത്രമേയുള്ളൂ. ശിക്ഷിക്കുന്നവരെ താമസിപ്പിക്കാനും അതുപോലെ തന്നെ കുറ്റം ആരോപിക്കപ്പെട്ടവരെ റിമാന്റ് ചെയ്ത് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനുംവേണ്ടിയുള്ള ജയിലുകളെ സംബന്ധിച്ചിടത്തോളം അതിന്റെ ഭരണത്തിന്, ഒരു അഡീഷണൽ ഡി.ജി.പി.യാണ് അതിന്റെ ചുമതലക്കാരൻ. ഇത്രയും ചെറിയ ഒരു ചുമതല വഹിക്കുന്ന വലിയ ഒരാൾക്ക് പോലും ജയിലുകളെ സംബന്ധിച്ചിടത്തോളം ആക്ഷേപങ്ങൾ എന്തുകൊണ്ട് ഉണ്ടായി? അതുപോലുള്ള ആക്ഷേപങ്ങൾ മേലിൽ ഉണ്ടാകാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ജയിലിന്റെ കോംപൗണ്ടിൽ കഞ്ചാവ് കൃഷി ചെയ്യുന്നു. അവിടെ ചരസ് കിട്ടുന്നു. അവിടെ ബ്ലൂ ഫിലിം കാണാനുള്ള അവസരം കിട്ടുന്നു.

കുറ്റവാളികൾക്ക് യഥേഷ്ടം ഉപയോഗിക്കുന്നതിനായി മൊബൈൽ ഫോൺ ഹാന്റിൽ ചെയ്യാനുള്ള അവസരം കിട്ടുന്നു. അങ്ങനെ ധാരാളം ആക്ഷേപങ്ങൾ പത്രത്തിൽ വന്നുകൊണ്ടിരിക്കുന്നത് തള്ളിക്കളയാൻ കഴിയില്ല. കുറ്റവാളികളെ പാർപ്പിക്കുന്ന ജയിലുകളിൽ ഇപ്രകാരമാണ് സംഭവിക്കുന്നതെങ്കിൽ ഇത് വലിയ ഒരു പ്രശ്നമാണ്. അങ്ങനെയുള്ള ആക്ഷേപങ്ങൾ ഉണ്ടാകാത്ത രീതിയിൽ ജയിലിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടക്കത്തക്ക രീതിയിൽ പ്രവർത്തിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം എന്നാണ് എനിക്ക് ഈ കാര്യത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. കെ. എ. ചന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ ജയിലുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറഞ്ഞ കൂട്ടത്തിൽ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്ക് ഉത്തമബോദ്ധ്യമുണ്ടെങ്കിലും സാധാരണ നിയമം അനുസരിച്ച് നൽകേണ്ടുന്ന ഓർഡിനറി പരോൾ അനുവദിച്ചാൽ അതുപോലും നിഷേധിക്കുന്ന ഒരവസ്ഥ ജയിലുകളുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഉണ്ടാകുന്നത് ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഉള്ള ഭരണത്തിന് ഭൂഷണമാണോ, അത്തരം തെറ്റുകൾ തിരുത്തേണ്ടത് ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. വി. ജെ. പൗലോസ്: എനിക്ക് തോന്നിയിട്ടുണ്ട്. ജയിലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചെല്ലാം എടുത്തുപറയാൻ കഴിയാത്തതുകൊണ്ടാണ് പ്രധാനപ്പെട്ട കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചത്. നീതിന്യായ കോടതികളെക്കുറിച്ച് എനിക്ക് രണ്ടു, മൂന്ന് കാര്യങ്ങൾ പറയാനുണ്ട്. നീതി വൈകുക എന്നുപറഞ്ഞാൽ അത് നീതി നിഷേധിക്കുന്നതിന് തുല്യമാണ്. നമ്മുടെ കോടതികളിൽ ഇന്ന് കേസുകൾ കെട്ടിക്കിടക്കുകയാണ്. സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നു എന്നുപറയുന്നതുപോലെ കേസുകൾ കെട്ടിക്കിടക്കുകയാണ്. കേസുകൾ കോടതിയിൽ തീർപ്പാകുന്നതിന് പത്തു വർഷംവരെ കാലതാമസം ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഉണ്ടായിട്ടുണ്ട്. ഒരിക്കലും നീതി വൈകിക്കിട്ടാൻ ഇടവരാത്ത രീതിയിൽ കേസുകൾ കാലേക്കൂട്ടി കൈകാര്യം ചെയ്യാൻ വേണ്ട രീതിയിൽ കൂടുതൽ കോടതികൾ അനുവദിച്ച് ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരണമെന്നുള്ളതാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. എം.എ.സി.ടി. കോടതികൾ നമ്മുടെ റോഡ് അപകടങ്ങളുടെ കാര്യത്തിൽ കഴിഞ്ഞവർഷം സംസ്ഥാനത്ത് 41,220 അപകടങ്ങളിലായി 3059 പേർ മരിക്കുകയും, 51,225 പേർക്ക് പരിക്കുപറ്റുകയും ചെയ്തു. ഇത്രയും ആളുകൾ മരിക്കുകയും, ഇത്രയും ആളുകൾക്ക് പരിക്ക് പറ്റുകയും ചെയ്യുന്ന സംഭവം സുനാമി ദുരന്തത്തേക്കാൾ വലിയ ഒരു ദുരന്തമാണ് ഓരോ ദിവസങ്ങളിലായി സംഭവിച്ച് ഓരോ വർഷങ്ങളിലും ഉണ്ടാകുന്നത്, മരണത്തിന്റെ റിപ്പോർട്ടുകൾ ഒരു വർഷത്തേത് എടുത്തുപരിശോധിച്ചാൽ വലിയ ദുരന്തം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ സംഭവിക്കുന്ന മരണപ്പെട്ടതും, പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്നതുമായ കേസുകളിൽ ചികിത്സക്ക് ഭാരിച്ച തുക ചെലവു വരുന്നതാണ്. അത് എം.എ.സി.ടി. കേസുകളിലൂടെ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നോ, രജിസ്ട്രേഡ് ഓർഗനൈസേഷനിൽ നിന്നോ കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Deputy Speaker: Please conclude.....please conclude .....

ശ്രീ. വി. ജെ. പൗലോസ്: അങ്ങനെയുണ്ടാകുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വളരെയധികം കാലതാമസമുണ്ടാകുന്നു. ആ കാലതാമസം ഒഴിവാക്കുന്നതിന് കൂടുതൽ എം.എ.സി.ടി. കോടതികൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം കുടുംബ കോടതി, നമ്മുടെ സംസ്ഥാനം ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിവാഹമോചനം തേടുന്ന ഒരു സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കേരളത്തിൽ വിവാഹമോചനം കുടുംബ കോടതികളിലൂടെ നേടിയവരുടെ എണ്ണം മൂവായിരത്തോളം വരുന്നു. ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് 50 ശതമാനവും ചെലവു വഹിക്കുന്ന ഒരു സംവിധാനം ഉള്ളപ്പോൾ കൂടുതൽ കുടുംബ കോടതികൾ അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. വിവാഹമോചനം ഉൾപ്പെടെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ദമ്പതികളെ യോജിപ്പിച്ചു നിർത്തുന്നതിന് കുടുംബ കോടതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുമെന്നതിനാൽ ഈ കോടതികളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രദ്ധിക്കണം എന്നുള്ളതാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഈ നിയമസഭയിൽ ആഭ്യന്തര വകുപ്പിന്റെ പല ചർച്ചകളിലും പങ്കെടുക്കാനും സാക്ഷ്യം വഹിക്കാനും അവസരം കിട്ടിയിട്ടുള്ള ഒരംഗമാണ് ഞാൻ. ഇതുപോലെ ഇത്ര നിർജ്ജീവമായ ഒരു ചർച്ച എന്റെ ഓർമ്മയിലില്ല. ഈ സഭയിൽ എ. സി. പ്രവർത്തനരഹിതമായതുകൊണ്ട് നമ്മൾ അനുഭവിക്കുന്ന ചൂടല്ലാതെ ചർച്ചയുടെ ഒരു ചൂടും ഇന്ന് അനുഭവപ്പെടുന്നില്ല. സാധാരണ ആഭ്യന്തര വകുപ്പിന്റെ ചർച്ചയിൽ സർക്കാരിനെ നിരുത്തിപ്പൊരിക്കുക എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ജോലി. ഇതുവരെ ഇവിടെ സംസാരിച്ച പല പ്രതിപക്ഷ മെമ്പർമാരുടേയും സംസാരത്തിൽ കേരളത്തിൽ എന്തെങ്കിലും ക്രമസമാധാന തകർച്ച ഉണ്ടെന്നോ കേരളത്തിലെ സർക്കാരിന്റെ പോലീസ് നയം ജനവിരുദ്ധമാണെന്നോ ഒന്നും പറയാൻ ഈ വിലപ്പെട്ട സമയം വിനിയോഗിക്കേണ്ടി വന്നില്ല എന്നുള്ളതുകൊണ്ടു തന്നെ ഇവിടെ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നിലനിൽക്കുന്നു എന്നുള്ളത് ഉറപ്പായി.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഭരണപക്ഷത്തു നിന്നുതന്നെ അതിനിശിതമായ വിമർശനം ഗവൺമെന്റിനു നേരെ ഉയർത്തിക്കൊണ്ട് നിരവധി പ്രസംഗങ്ങൾ ഇവിടെ നടന്നുകഴിഞ്ഞിരിക്കുകയാണല്ലോ; അങ്ങ് കേട്ടില്ലേ അതൊന്നും?

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ നടന്ന പ്രസംഗങ്ങളിലൊന്നും ഈ ഗവൺമെന്റിന്റെ പോലീസ് നയത്തെക്കുറിച്ചോ, ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ ഭരണകക്ഷിയിൽപ്പെട്ട ആരും ഒരു ആക്ഷേപവും ഉന്നയിച്ചില്ല. ഈ സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഉണ്ടായ ക്രമസമാധാന പ്രശ്നം എന്താണ്? അങ്ങേക്കറിയാം പുവാറിൽ ഉണ്ടായ വർഗ്ഗീയ അസ്വാസ്ഥ്യം. അത് ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

പൊടുന്നനവേ അത് ആ പ്രദേശത്തു മാത്രം ഒതുക്കിനിർത്താനും, തീരപ്രദേശങ്ങളിലൊന്നും ആളിപ്പടരാതെ സൂക്ഷിക്കാനും നമ്മുടെ സംസ്ഥാനത്ത് മതസൗഹാർദ്ദം നിലനിർത്താനും സാധിച്ചു. പോലീസിനെക്കൊണ്ടുമാത്രം സാധിച്ചു എന്ന് ഞാൻ അവകാശപ്പെടുകയില്ല, എല്ലാവരുടെയും പിൻതുണ ഉണ്ടായിട്ടുണ്ട്. അവിടെ വീടുകൾ കത്തിക്കരിഞ്ഞ് ചാമ്പലായ ഹതഭാഗ്യരായ പാവപ്പെട്ട ആളുകളെ ആശ്വസിപ്പിക്കാൻ എല്ലാവരും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓടിയെത്തി. ഏതാനും ദിവസങ്ങൾക്കു മുമ്പ്, വീട് നഷ്ടപ്പെട്ടവർക്ക് വീട് കെട്ടിക്കൊടുക്കാൻ കല്ലിടുന്ന ഒരു ചടങ്ങിന്റെ പടം നമ്മൾ പത്രത്തിൽ കണ്ടു. കല്ലിന്റെ ഒരറ്റത്ത് മുഖ്യമന്ത്രിയും മറ്റേ അറ്റത്ത് പ്രതിപക്ഷനേതാവും പിടിച്ചിരിക്കുന്നു. ഒരുമിച്ചാണ് കല്ലിട്ടത്. ഇതുപോലെ മാതൃകാപരമായ ഒരു പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഈ ഒരുമിച്ച് കല്ല് പിടിച്ചവർക്ക് അപ്പുറത്തു നിന്നുകൊണ്ട് ഇവിടെ പോലീസ് ഇല്ല, ഇവിടെ പോലീസ് അതിക്രമമാണ്, ഇവിടെ വർഗ്ഗീയ ലഹളകളാണ്, ഇവിടെ കൊലപാതകങ്ങളാണ് എന്നുപറയാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് ഇന്ന് നീതിപൂർവ്വമായി, നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സേനയുണ്ട്. അത് സർക്കാരിന്റെ നയംകൊണ്ടാണ്. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ തുടങ്ങിവച്ച പോലീസിന്റെ പ്രവർത്തനശൈലി. ആ സമീപനം ഇന്നും തുടരുകയാണ്. ഇവിടെ രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാത്ത രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ പോലീസിനെ വിനിയോഗിക്കാത്ത ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്, ഒരു നിയമവാഴ്ചയിൽ പോലീസ് വഹിക്കേണ്ട പങ്ക് എന്താണ്? ജനാധിപത്യത്തെ എപ്പോഴും അർത്ഥപൂർണ്ണമാക്കുന്നത് "റൂൾ ഓഫ് ലാ" ആണ്. നിയമവാഴ്ചയിലും, നീതി നിർവ്വഹണത്തിലും പോലീസിന് പ്രധാന പങ്കുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം അതാണ്.

പോലീസിനെക്കുറിച്ച് എല്ലാക്കാലത്തും നാം അസംതൃപ്തി പ്രകടിപ്പിക്കാറുണ്ട്. പോലീസിന്റെ പ്രവർത്തിയെക്കുറിച്ച് 100 ശതമാനം സംതൃപ്തി ഒരു കാലഘട്ടത്തിലും ആർക്കും പറയാൻ സാധിച്ചിട്ടില്ല. അവർക്ക് അവരുടേതായ പ്രയാസങ്ങൾ ഉണ്ട്. പക്ഷെ പോലീസ് നയമാണ് നാം എപ്പോഴും ചർച്ച ചെയ്യുന്നത്. പ്രതിപക്ഷ മെമ്പർമാർ പലരും ഈ ചർച്ചയിൽ പങ്കെടുക്കാത്തതുകൊണ്ട് അവർ എന്താണ് പറയുന്നത് എന്ന് കേൾക്കാൻ ഞങ്ങൾ കാതോർത്തിരുന്നിട്ടും കേൾക്കാൻ കഴിയാത്തതുകൊണ്ട് അവർ അവതരിപ്പിച്ച കട്ട് മോഷനുകളിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നൊന്ന് പരിശോധിച്ചു നോക്കി. അതിൽ സി.പി.എം. മെമ്പർമാർ പലരും പറഞ്ഞിരിക്കുന്നത് സൂര്യനെല്ലി കേസിനെക്കുറിച്ചാണ്. എന്റെ പ്രിയ സ്നേഹിതൻ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിരിക്കുന്നത് ലോട്ടറി കേസിൽ സർക്കാർ പരാജയപ്പെടാൻ ഇടയായ സാഹചര്യം ചർച്ച ചെയ്യണം എന്നാണ്. ചർച്ച ചെയ്യണമെന്നാണ് എന്റെയും അഭിപ്രായം. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ ധനാഭ്യർത്ഥന നമ്പർ III-നീതിന്യായ നിർവ്വഹണത്തിലാണ് അദ്ദേഹം അങ്ങനെ ഒരാക്ഷേപം ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ലോട്ടറിക്കാരെ അൽപ്പം ബുദ്ധിമുട്ടിക്കേണ്ടി വന്നു. അത് എന്തിനാണെന്ന് ആലോചിക്കണം. പേപ്പർ ലോട്ടറി നിരോധിക്കുന്ന ഒരു സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടായി. അതിനു കാരണം ഹൈടെക് ചൂതാട്ടം എന്ന് ഈ സഭയിൽ മുഖ്യമന്ത്രി വിശേഷിപ്പിച്ച ഓൺ ലൈൻ ലോട്ടറിയുടെ വരവും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനവുമാണ്. ലോട്ടറിയുടെ കാര്യത്തിൽ ഒരുപാട് കണ്ണുനീർ ഒഴുക്കിയവരാണ് പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ലോട്ടറി തന്നെ ചർച്ച ചെയ്യണമെന്നു പറഞ്ഞതിന് എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ ചർച്ച ചെയ്യണമെന്ന് ഞാൻ പറയാൻ കാരണം കഴിഞ്ഞ ദിവസം ഇൻഡ്യയിലെ പ്രമുഖ പത്രമായ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. നമ്മുടെ പ്രതിപക്ഷ നേതാവിന്റെ മകൻ അരുണിന്റെ ഭാര്യ രജനി ബാലചന്ദ്രൻ ചെറി എന്റർപ്രൈസസ് എന്ന ഓൺ ലൈൻ ലോട്ടറി കമ്പനിയിൽ ഡയറക്ടറായിരുന്നു എന്ന വസ്തുത ആ പത്രത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ നമ്മുടെ പ്രതിപക്ഷ നേതാവ് പറഞ്ഞു, ഞാൻ നിയമ നടപടി സ്വീകരിക്കും എന്ന്. നല്ലതാണ്. നിയമ നടപടി സ്വീകരിക്കണം. എന്റെ കൈയിൽ എല്ലാ രേഖയും ഉണ്ട്. സർ, കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിലുള്ള വസ്തുതകളിൽ 16-1-2003 മുതൽ ശ്രീ. അരുണിന്റെ ഭാര്യ ശ്രീമതി രജനി ബാലചന്ദ്രൻ ഈ കമ്പനിയുടെ ഡയറക്ടറാണ്. അദ്ദേഹത്തിന്റെ ഭാര്യ ആണെന്ന് തിരിച്ചറിയാതിരിക്കാൻ വേണ്ടി, സാധാരണ ഈ കമ്പനി രജിസ്റ്ററിൽ ചോദിച്ചിരിക്കുന്നു. Father or Husband's name. വിവാഹിതരായ മക്കൾ സാധാരണ ഭർത്താവിന്റെ പേരല്ലേ കൊടുക്കൂ. ഇദ്ദേഹത്തിന്റെ ഭാര്യ കൊടുത്തത് അവരുടെ പിതാവായ ശ്രീ. ബാലചന്ദ്രന്റെ പേരാണ്. കമ്പനി രജിസ്ട്രാറുടെ രേഖയിൽ രജനി ബാലചന്ദ്രൻ, ലീലാ നിവാസ്, ആസാദ് റോഡ്, കലൂർ-17. Father or Husband's name – Balachandran, No. of shares – 50000. അൻപതിനായിരം ഷെയർ ഉണ്ട്. ആ കമ്പനിയുടെ മൊത്തം മുതൽമുടക്കിന്റെ നാലിലൊന്നാണ്. ഈ അൻപതിനായിരം ഷെയർ എടുത്ത് ആദ്യം തന്നെ ശ്രീ. അരുണിന്റെ ബന്ധുവായ പ്രശാന്ത് കുമാർ ഡയറക്ടർ സ്ഥാനത്തുനിന്ന് രാജിവച്ചാണ് ശ്രീ. രജനി ബാലചന്ദ്രൻ അവിടെ വരുന്നത്. ഇപ്പോൾ ഡയറക്ടർ സ്ഥാനം രാജിവച്ചു എന്നാണ് പറയുന്നത്. ഷെയർ പിൻവലിച്ചിട്ടില്ല. ഷെയർ പിൻവലിച്ചാൽ കമ്പനി രജിസ്ട്രാരെ അറിയിക്കണ്ടേ? ഈ സംസ്ഥാനത്ത് ഓൺ ലൈൻ ലോട്ടറിയുടെ പേരിൽ മൂന്നരലക്ഷം മുതൽ നാലു ലക്ഷം രൂപ വരെ ഓരോ ഔട്ട്‌ലെറ്റിൽ നിന്നും ഡെപ്പോസിറ്റ് വാങ്ങി 750 പേരെ വഞ്ചിച്ചിരിക്കുന്നു. അവർക്കാർക്കും പൈസ തിരിച്ചുകൊടുത്തിട്ടില്ല. ആയിരക്കണക്കിന് ലോട്ടറി കച്ചവടക്കാരെ വഴിയാധാരമാക്കിയ ഈ ഓൺ ലൈൻ ലോട്ടറി കച്ചവടത്തിൽ പ്രമുഖപങ്ക് വഹിച്ചത് ശ്രീ. അച്ചുതാനന്ദന്റെ മകന്റെ ഭാര്യയാണ്; ആ കമ്പനിയാണെന്ന വസ്തുതയിരിക്കുമ്പോൾ അത് മനസ്സിലാക്കിക്കൊണ്ടായിരിക്കും എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് ചർച്ച ചെയ്യണമെന്ന് പറഞ്ഞതെന്ന് ഞാൻ സംശയിക്കുന്നു. കോടിയേരി മലപ്പുറത്ത് വച്ച് കത്തി മടക്കിയെന്നാണ് ഞങ്ങൾ വിചാരിച്ചത്. പക്ഷെ ഇപ്പോഴും കത്തി നിങ്ങൾ ഊരിപിടിക്കുന്നു എന്നുള്ളത് ഈ ഖണ്ഡനോപക്ഷേപത്തിൽ നിന്ന് എനിക്ക് മനസ്സിലായി. സൂര്യനെല്ലിയുടെ കാര്യം പറയുന്നില്ല. ഈ സംസ്ഥാനത്ത് ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടി നയിക്കുന്ന ഗവൺമെന്റ്, അദ്ദേഹം കൈകാര്യം ചെയ്യുന്ന ആഭ്യന്തര വകുപ്പിൽ പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിൽ ഇടപെടൽ ഇല്ല എന്നുള്ളതിന് തെളിവ് എന്റെ സ്നേഹിതൻ പൗലോസും, സി.പി. മുഹമ്മദും ഇവിടെ പറഞ്ഞു. കേസിലെ പ്രതികളെ തീരുമാനിക്കുന്നത് പാർട്ടി കമ്മിറ്റി ഓഫീസിലോ മുഖ്യമന്ത്രിയുടെ ഓഫീസിലോ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

കേസിലെ പ്രതികളെ തീരുമാനിക്കാൻ അന്വേഷണം നടത്താനുള്ള അധികാരം പോലീസിനാണ്, പോലീസാണ് സ്വതന്ത്രമായി, നിഷ്പക്ഷമായി, നീതി പൂർവമായി പ്രവർത്തിക്കുന്നത്. അതിന്റെ പ്രതിഫലനമിവിടെ കാണാം. അത് ശ്രീമാൻ എ. കെ. ആന്റണിയുടെ കാലത്ത് തുടങ്ങിവച്ചതാണ്. പോലീസിനെ രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാനുള്ള ആയുധമായി ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. ഞങ്ങളുടെ പാർട്ടിക്കകത്ത് പ്രശ്നങ്ങളുണ്ടെന്ന് ഇവിടെ പറഞ്ഞു. സർ, പോലീസിനെ ഉപയോഗിച്ച് പാർട്ടിക്കകത്ത് പ്രശ്നങ്ങളുണ്ടാക്കുന്നു എന്ന് ഇന്ന് ആരെങ്കിലും പറയുന്നുണ്ടോ? നിങ്ങൾക്കാർക്കെങ്കിലും രേഖാമൂലം തെളിവ് സഹിതം പറയാൻ സാധിക്കുമോ? സാധിക്കില്ല കാരണം പോലീസിന്റെ നിഷ്പക്ഷത നിലനിർത്തിയിരിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടിയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. സുപാൽ ഇവിടെ പറഞ്ഞു, ശ്രീ. സുപാൽ സംശയിക്കേണ്ട, ശ്രീ. ഉമ്മൻചാണ്ടി പ്രഗൽഭനായിട്ടുള്ള ഒരു ആഭ്യന്തരമന്ത്രി തന്നെയാണ്. അദ്ദേഹം ഒറ്റയ്ക്കല്ല, അദ്ദേഹത്തോടൊപ്പം എം.എൽ.എ-മാരുണ്ട്. ജനങ്ങളുണ്ട്. പാർട്ടിക്കാരുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയെ ആരും നൂലിൽ കെട്ടിയിറക്കിയതല്ല. ഉമ്മൻചാണ്ടി ആരുടേയും ഔദാര്യം കൊണ്ട് മുഖ്യമന്ത്രിയായ ആളല്ല. നിയമസഭാകക്ഷി യോഗം കൂടി അദ്ദേഹത്തെ ഏകകണ്ഠമായി തെരഞ്ഞെടുത്തതാണ്. അതുകൊണ്ട് ഉമ്മൻചാണ്ടി ഒറ്റയ്ക്കല്ല. ഉമ്മൻചാണ്ടിയോടൊപ്പം എം.എൽ.എ.മാരുണ്ട്. ഉമ്മൻചാണ്ടിയോടൊപ്പം പാർട്ടിക്കാരുണ്ട്. ഉമ്മൻചാണ്ടിയോടൊപ്പം ജനങ്ങളുണ്ട് എന്നുള്ളതിന് ഓരോ ദിവസവും കൊച്ചുകുട്ടികൾ ചെടിക്ക് വേരു വന്നോയെന്ന് പിഴുത് നോക്കുന്നതു പോലെ നോക്കേണ്ട ആവശ്യം ഞങ്ങളെ സംബന്ധിച്ചില്ല. മാർക്സിസ്റ്റ് പാർട്ടിയിലെ പ്രവർത്തകൻമാർ പാർട്ടിക്കകത്തു നടക്കുന്ന ആഭ്യന്തര കാര്യങ്ങളെപ്പറ്റി ഞങ്ങളോട് ചോദിക്കേണ്ട കാര്യമില്ലല്ലോ. വൈദ്യരേ സ്വയം ചികിൽസിക്കു എന്നേ ഞങ്ങൾക്ക് പറയാനുള്ളൂ.

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. ഉമ്മൻചാണ്ടിയുടെ പിൻതുണയെപ്പറ്റി അങ്ങ് വളരെ വാചാലമായി സംസാരിച്ചത് ക്ഷമാപൂർവം കേട്ടുകൊണ്ടിരുന്നു. നിങ്ങളുടെ മൂന്നുപേരുടെ സ്ഥിതികൂടി എങ്ങനെയുണ്ടായി എന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. എം. എം. ഹസ്സൻ: ഞങ്ങൾ മൂന്നുപേരും ശ്രീമാൻ എ.കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവച്ചപ്പോൾ മന്ത്രിമാർ അല്ലാതായി, ഞങ്ങളുടെ സ്ഥിതിക്ക് എന്താ തകരാറ്? ഞങ്ങളാരും വീട്ടിൽ നിന്ന് മന്ത്രിയായി മടങ്ങിവരാമെന്ന് മുദ്രാവാക്യം വിളിച്ചു ഇറങ്ങിയവരല്ല. ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ എം. എൽ. എ. ആകും, മന്ത്രിയാകും, ഒന്നുമല്ലാതെയുമാകും. ജനങ്ങളെ സേവിക്കാൻവേണ്ടി വന്നാൽ അങ്ങനെ സേവിക്കും. ഇതൊക്കെ വലിയ ആഭരണമായി കാണുന്ന ആളുകൾ അങ്ങനെ തെറ്റിദ്ധരിക്കേണ്ട. അങ്ങയെപ്പോലുള്ള ആളുകൾക്ക് ഒരു ശോഭനമായ ഭാവി ഞാൻ നേരുന്നു. ഒന്നുമല്ലെങ്കിലും എന്റെ തൊട്ടടുത്ത മണ്ഡലത്തിലെ എം.എൽ.എ. അല്ലേ. അതുകൊണ്ട് അങ്ങ് എങ്ങനെ നിന്നാലും ഒരു മന്ത്രിയായി കണ്ടാൽ മതിയെന്നുള്ളതാണ് എന്റെ ആഗ്രഹം.

ശ്രീ. കെ. സി. ജോസഫ്: അങ്ങയെ കുറ്റപ്പെടുത്തുന്ന ശ്രീ. ദേവകുമാർ വി.എസി.-ന്റെ അനുയായിയായിരുന്നു. അദ്ദേഹം വി.എസി.നെ മലപ്പുറത്തുവച്ച് കൈയൊഴിഞ്ഞു. ഈ സഭയിൽ അങ്ങ് ഇത്രയും ആക്ഷേപം ഉന്നയിച്ചിട്ടും ഒരൊറ്റ മെമ്പർമാർ അനങ്ങിയില്ല. അങ്ങ് ശ്രദ്ധിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കെ. സി. അങ്ങനെ വേവലാതിപ്പെടുകയൊന്നും വേണ്ട, ഏതോ ഒരു ചെറിയ കടലാസു കഷണമെടുത്ത് പറഞ്ഞതാണ്. ശ്രീ. ഹസ്സൻ ആധികാരികമായി വല്ലതും ഉന്നയിക്കാനുണ്ടെങ്കിൽ 284-ാം ചട്ടം അനുസരിച്ച് എഴുതിക്കൊടുത്ത് ആരോപണം ഉന്നയിക്കണം. ബാലിശമാണിത്, ഇതിൽ ഒന്നുമില്ല. ഘടകകക്ഷികളുടെ രണ്ട് മന്ത്രിമാരെ ഒഴിവാക്കി ആ സ്ഥാനംകൂടി കോൺഗ്രസ് കൈക്കലാക്കി, കോൺഗ്രസിന്റെ ചില ആളുകളെ മന്ത്രിമാരാക്കിയത് മന്ത്രിമാരാകാൻ സ്ഥാനമോഹികളായി ആരുമില്ലാത്ത കോൺഗ്രസുപാർട്ടി ആയതു കൊണ്ടാണോ?

ശ്രീ. എം. എം. ഹസ്സൻ: എനിക്ക് സമയമില്ല. അതുകൊണ്ട് ഇതു കഴിഞ്ഞിട്ട് നമുക്ക് വിശദമായിട്ട് ചർച്ചചെയ്യാം. സാർ, എനിക്ക് ചില നിർദ്ദേശങ്ങളാണ് പോലീസിനെക്കുറിച്ച് പറയാനുള്ളത്. നമ്മൾ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തും മാറിമാറിവരും. പക്ഷെ സ്ഥിരമായി നിൽക്കുന്ന ഒന്നാണ് പോലീസ്. ജനങ്ങൾ വളരെയധികം പ്രതീക്ഷയർപ്പിച്ചിട്ടുള്ള ഒരു സേനയാണ്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടവരാണ്. നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി പോലീസ് മാറിയിരിക്കുന്നു. ഈ പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണ്ടേ? കൂടുതൽ നവീകരിക്കണ്ടേ? കാലത്തിനൊത്ത് ഇതിന് മാറ്റങ്ങൾ ഉണ്ടാകണ്ടേ? എന്റെ സ്നേഹിതൻ ശ്രീ. ജി. കാർത്തികേയൻ വളരെ അടിസ്ഥാനപരമായ ചില പ്രശ്നങ്ങളിൽ ഊന്നിക്കൊണ്ട് സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുരണ്ടു നിർദ്ദേശങ്ങൾ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോലീസ്സേനയിൽ അടിമുടി മാറ്റങ്ങൾ വേണം. അക്കാര്യത്തിലാർക്കും വിയോജിപ്പില്ല. അത് നിയമനം മുതൽ തുടങ്ങണം. 18 വയസുമുതൽ 30 വയസുവരെയുള്ളവരെയാണ് നമ്മൾ പോലീസിലേക്ക് റിക്രൂട്ട് ചെയ്യുന്നത്. സബ്-ഇൻസ്പെക്ടർമാർ ആണെങ്കിൽ 35 വയസ് ഈ മുപ്പതു വയസുകഴിഞ്ഞയാളുകളും മുപ്പത്തിയഞ്ചുവയസ്സ് കഴിഞ്ഞയാളുകളും സാധാരണ വന്നാലുടനെ എ.പി. ബറ്റാലിയൻ, പിന്നെ എ.ആർ. ക്യാമ്പ് അതുകഴിഞ്ഞ് ട്രാഫിക്, എന്നിട്ടാണ് ലോക്കലിലേക്ക് വരുന്നത്. എത്ര വയസ്സാകുമ്പോഴാണ് ലോക്കൽ പോലീസിലേക്ക് വരുന്നത്. നാൽപ്പത്തിയഞ്ചു വയസ്സിലാണ്,. കുടവയറായി, പ്രഷർ ഷുഗർ, ഡയബറ്റിക് എല്ലാം കാണും. കള്ളനെ കിട്ടുന്നില്ല. കള്ളനെ പിടിക്കാൻ പറ്റുന്നില്ല കേസ് അന്വേഷണം നടക്കുന്നില്ല. എന്ന് നമ്മൾ പരാതി പറയുമ്പോൾ അവരുടെ ആരോഗ്യ സ്ഥിതി നാം മനസ്സിലാക്കണം. ജീവിതത്തിലെ ഏറ്റവും നല്ല ആരോഗ്യമുള്ള കാലഘട്ടം എന്റെ അഭിപ്രായത്തിൽ പോലീസിന്റെ നിയമനത്തിൽ ജനറൽ കാറ്റഗറിയിൽ 18 വയസ്സും റിസർവേഷൻ കാറ്റഗറിയിൽ 21 വയസ്സും , സബ് ഇൻസ്പെക്ടർക്ക് ജനറൽ കാറ്റഗറിയിൽ 22 വയസ്സും റിസർവേഷനിൽ 25 വയസ്സും ആക്കി മാറ്റാമോയെന്ന് ആലോചിക്കണം. സർ, തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് പോലീസ് സേനയിൽ ചുറുചുറുക്കുള്ള ആളുകളെ കൊണ്ടുവരണം. ഇതിനാവശ്യമായ ഒരു സമീപനം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഇതിൽ ഞാൻ പറയുന്നത് എ.പി. ബറ്റാലിയനിൽ ട്രെയിനിംഗ് കഴിഞ്ഞ് ഒരു മൂന്നു കൊല്ലം കഴിഞ്ഞാൽ ഏതെങ്കിലും തരത്തിലുള്ള ടെസ്റ്റ് ഇവർക്ക് ഏർപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ഇരുപത് ഇരുപത്തിനാല് ഇരുപത്തിയഞ്ച് വയസ്സാകുമ്പോൾ ലോക്കൽ പോലീസിൽ നിയമിച്ചാൽ മാത്രമേ നമ്മുടെ പോലീസിന് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. ഇവിടെ പോലീസിനെ കൊണ്ട് നമ്മൾ വിചാരിക്കുന്ന പ്രധാനപ്പെട്ട കാര്യമെന്താണ്? കുറ്റകൃത്യങ്ങൾ കുറയണം. കുറ്റകൃത്യങ്ങൾ കുറയണമെങ്കിൽ ശിക്ഷയെക്കുറിച്ചുള്ള ഭയം വർദ്ധിക്കണം. സംശയമുണ്ടോ? Number of cases detected and successfully prosecuted എത്രയുണ്ട്? ഇതിനെക്കുറിച്ചൊരു പഠിശോധന നടത്തണ്ടേ? പുറത്തുവന്നിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, നമ്മുടെ പോലീസ് തെളിയിക്കുന്നത് 22 ശതമാനം മുതൽ 25 ശതമാനംവരെ കേസുകളിൽ ശിക്ഷിക്കപ്പെടുന്നുണ്ട് എന്നാണ്. അത് ശരിയാണോ? ഇല്ലെന്നാണ് എന്റെ പക്ഷം. ഇപ്പോൾ ശിക്ഷാനിലവാരം 8 ശതമാനം മാത്രമാണ്. മോട്ടോർ വെഹിക്കിൾ കേസുകൾ പെറ്റി കേസുകൾ ഇതെല്ലാം കോംപൗണ്ട് ചെയ്തിട്ടാണ് 22 ശതമാനം മുതൽ 25 ശതമാനം വരെയെന്ന് പറയുന്നത്. അതിനുപകരം എട്ട് ശതമാനം എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും? കഴിയണമെങ്കിൽ കൂടുതൽ കേസുകൾ തെളിയിക്കാൻ കഴിയുന്ന രൂപത്തിൽ ശാസ്ത്രീയമായ അന്വേഷണ രീതികൾ അവലംബിക്കണം. അതുപോലെതന്നെ ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രഗൽഭരായ പ്രോസിക്യൂട്ടർമാരെ വയ്ക്കണം. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന നമുക്ക് സത്യമറിയാം. ആര് അധികാരത്തിൽ വന്നാലും പൊളിറ്റിക്കൽ ലൈൻ നോക്കും പ്രോസിക്യൂട്ടർമാരെ വയ്ക്കാൻ. എന്നാൽ അവരുടെ മെരിറ്റ് ആണ് നോക്കേണ്ടത്. പ്രോസിക്യൂട്ടർമാരും പോലീസും തമ്മിലുള്ള ശക്തമായ ഒരു കോ-ഓർഡിനേഷൻ ഉണ്ടെങ്കിൽ മാത്രമേ ഈ ശിക്ഷകൾ നമുക്ക് കൂടുതൽ വർദ്ധിപ്പിക്കാൻ സാധിക്കൂ. ക്രൈം ബ്രാഞ്ചിൽ ഞാൻ അന്വേഷിച്ചു. നമ്മുടെ എ.ഡി.ജി.പി. മുതൽ എസ്.ഐ. വരെ ഏതാണ്ട് പത്തഞ്ഞൂറോളം ആളുകളുണ്ട്. എത്ര കേസുകളാണ് ക്രൈം ബ്രാഞ്ച് തെളിയിക്കുന്നത്? ഒരാൾ ഒരു കേസ് വച്ച് തെളിയിക്കണമെന്ന് വിചാരിച്ചാൽപോലും 500 കേസുകൾ തെളിയിക്കാൻ കഴിയും. അത്രയും കേസ് തെളിയിക്കുന്നുണ്ടോ? 5 മുതൽ 15 വരെ കൊല്ലമായ കേസുകൾ തെളിയിക്കാതിരിക്കുന്നു. തിരുവനന്തപുരത്ത് നടന്ന വളരെയേറെ പ്രാധ്യാകർഷിച്ച 1985-ലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഗ്യാലറി ഇടിഞ്ഞുവീണ് അപകടം സംഭവിച്ചിട്ട് 20 കൊല്ലമായിട്ടും അതിന്റെ ട്രയൽ നടക്കുകയാണ്. ഇതാണ് കേസുകളുടെ അവസ്ഥ. ഇതിൽ പോലീസുകാർക്ക് ഉത്തരവാദിത്വം ഫിക്സ് ചെയ്യണം. പോലീസ് സേനയുടെ എണ്ണം കൂടിയതുകൊണ്ടായില്ല. ഞങ്ങളൊക്കെ വിദ്യാർത്ഥികളായിരുന്ന സമയത്ത് നമ്മുടെ സംസ്ഥാനത്ത് ഒരു ഐ.ജി. മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് മൂന്നുനാല് ഡി.ജി.പി.-മാർ. പത്തുപതിനെട്ട് ഐ.ജി.-മാർ. പത്തുനാൽപത് എസ്.പി.-മാർ. എണ്ണം കൂടുന്നത് കേരളത്തിന്റെ പ്രത്യേകതകൊണ്ടാണ്. ഇതിനനുസരിച്ച് പോലീസിന്റെ കേസ് അന്വേഷണത്തിൽ പുരോഗതിയുണ്ടാകേണ്ടേ? കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയേണ്ടേ? അതൊന്നും നടപ്പിലാക്കാതെ ഐ.ജി.-മാരുടേയും ഡി.ജി.പി.-മാരുടേയും എണ്ണത്തിൽ വർദ്ധനവുണ്ടായതുമൂലം പോലീസ് സേനയ്ക്ക് എന്താണ് പ്രയോജനം എന്നുള്ളതിനെ സംബന്ധിച്ച് പുനരാലോചന നടത്തേണ്ടതാണ്. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് വർഷം 200 കോടി രൂപവച്ച് 5 വർഷത്തേക്ക് ആധുനൈസേഷൻ കേന്ദ്രഗവണ്മെന്റ് റീ-ഇംബേഴ്സ് ചെയ്യുന്നത് തീരുമാനിച്ചിട്ടുള്ളത്. മോഡേർണൈസേഷനെന്ന് പറഞ്ഞാൽ കുറേ വാഹനങ്ങളും, ആയുധങ്ങളും, ഉപകരണങ്ങളും വാങ്ങൽ മാത്രമാണോ? അത് വേണം. വേണ്ടെന്നല്ല. കംപ്യൂട്ടറൈസേഷന്റെ പേരിൽ വളരെയധികം ഒച്ചപ്പാടുകൾ ഉണ്ടാകുന്നുണ്ടെങ്കിലും ഇപ്പോഴും കാര്യമായ ഡാറ്റാ ബെയ്സ് പോലീസിന്റെ മുമ്പിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

എത്ര പോലീസുകാർ നമുക്കുണ്ട്, എത്രപേരെ അപ്പോയിന്റ് ചെയ്തു, എന്ന് റിട്ടേൺ ചെയ്യും എന്നുള്ള കാര്യങ്ങളെക്കുറിച്ചുള്ള ഒരു ഡാറ്റാ ബാങ്ക് പോലീസിനാവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു കരിയർ പ്ലാൻ വേണമെന്ന് ഞാൻ പറയുന്നു. പോലീസുകാരുടെ മാനുഷിക പ്രശ്നങ്ങൾക്ക് പരിഗണനകൊടുക്കണമെന്ന് നമ്മൾ ശുപാർശ ചെയ്യാറുണ്ട്. ഒരു പോലീസുകാരൻ ലോക്കൽ പോലീസിൽ 20 കൊല്ലം, അല്ലെങ്കിൽ സ്പെഷ്യൽ ബ്രാഞ്ചിൽ 15 കൊല്ലം അല്ലെങ്കിൽ ക്രൈം ബ്രാഞ്ചിൽ ഇത്ര, വിജിലൻസിൽ ഇത്ര.... ഇതിനുപകരം നിശ്ചിത കാലയളവ് ഇവർ ലോക്കലിലും സ്പെഷ്യൽ ബ്രാഞ്ചിലും ക്രൈം ബ്രാഞ്ചിലും വിജിലൻസിലും വർക്ക് ചെയ്തിരിക്കണം എന്നുള്ള നിബന്ധന പോലീസ് സേനയിൽ കൊണ്ടുവരാൻ നമുക്ക് സാധിക്കുമോ? അതുപോലെതന്നെ കംപ്യൂട്ടറൈസ്ഡ് നെറ്റ്വർക്ക് സ്ഥാപിച്ച് കുറ്റകൃത്യങ്ങളെക്കുറിച്ചും, കുറ്റവാളികളെക്കുറിച്ചുമുള്ള വിവരങ്ങൾ, എല്ലാപേർക്കും പ്രാപ്യമാക്കാൻ കഴിയണം. ലൈ ഡിറ്റക്ടർ വാങ്ങിയിട്ട് എട്ടുപത്തുകൊല്ലമായെന്ന് പറയുന്നു. എന്നിട്ട് ഓപ്പറേറ്ററെ നിയമിച്ചിട്ടില്ലെന്ന് ഞാൻ പത്രത്തിൽ വായിച്ചു. അത് ശരിയാണെങ്കിൽ മോഡേണൈസേഷന്റെ പേരിൽ ഇതൊക്കെ വാങ്ങിക്കൂട്ടിയിട്ട് ഓപ്പറേറ്ററെ നിയമിക്കാതിരിക്കുക എന്നത് കൃത്യവിലോപമല്ലേ? ഇപ്പോൾ ഒരു പുതിയ സംവിധാനം വരുന്നുണ്ട്. നൂറ്റാണ്ടിന്റെ പ്രത്യേകതയാണ്. സൈബർ ക്രൈമ് ഇതെല്ലാം ശാസ്ത്രീയമായി പരിശീലനം കിട്ടിയിട്ടുള്ള പോലീസുകാരാണ് കൈകാര്യം ചെയ്യേണ്ടത്. അവർക്കതിനാവശ്യമായ പരിശീലനം നൽകണം.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> പ്രായം കൂടുമ്പോഴാണ് പോലീസിലേക്ക് ആളുകളെ എടുക്കുന്നത്. വിദ്യാഭ്യാസത്തിന്റെ കാര്യം വളരെ പ്രസക്തമാണ്. കഴക്കൂട്ടം സൈനിക സ്കൂൾപോലെ സൈന്യത്തിൽ സേവനം അനുഷ്ഠിക്കുന്നതിന് കൊച്ചുപ്രായത്തിൽ കുട്ടികളെ റിക്രൂട്ട് ചെയ്ത് എടുക്കുന്നതുപോലെ, സ്വഭാവ സംസ്കരണവും ശാസ്ത്രീയമായ പരിശീലനവും നൽകുന്നിന് ഒരു സ്കൂൾ ആരംഭിക്കാൻ .....

<u>ശ്രീ. എം.എം. ഹസ്സൻ:</u> പരിശീലനത്തിന്റെ കാര്യമാണ് എനിക്ക് പറയാനുള്ളത്. എപ്പോഴും പോലീസുകാരെക്കുറിച്ച് പരാതിയുണ്ട്. ഹ്യൂമൻ റൈറ്റ്സ്, സ്ത്രീകളുടെ അവകാശങ്ങൾ എന്നിവയും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, മൈനോറിറ്റി വിഭാഗങ്ങളെയും സംരക്ഷിക്കുന്നതിന് പോലീസിന് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ എടുക്കാൻ കഴിയുന്നുണ്ടോ? അവർക്ക് പരിശീലനം നൽകുമ്പോൾ ബോധവൽക്കരണം കൂടിവേണം. നിയമങ്ങൾക്കനുസരിച്ച് ഈ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെട്ടാൽ കേസ് എടുക്കാൻ തയ്യാറാണെങ്കിൽ അത് നോൺവയ്ലബിളാണ്. ഇവിടെ പരിശീലനത്തെക്കുറിച്ച് പറഞ്ഞല്ലോ? രാജവാഴ്ചക്കാലത്ത് മുകളിൽ രാജാവ് നിൽക്കും. താഴെ വലിയ ഒരു കല്ല് മുമ്പിൽ വച്ചിരിക്കും. ആ കല്ല് പൊക്കുന്ന ആളെ പാലസ് ഗാർഡായി എടുക്കും. ആ പാലസ് ഗാർഡാണല്ലോ പോലീസായി മാറിയത്. സ്ട്രൈംഗ്താണ് അന്നത്തെ പവർ. ഇപ്പോൾ സ്ട്രൈംഗ്ത് മാത്രം പോരാ. നോളജും പവറായി മാറിയിരിക്കുകയാണ്. ഫിസിക്കൽ ട്രെയിനിംഗ് മാത്രം പോരാ, ഇന്റലക്ച്വൽ ട്രെയിനിംഗുംകൂടി കൊടുക്കേണ്ട കാലഘട്ടമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, പരിശീലനം നൽകുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ഇന്റലിജൻസ് വിഭാഗം. ഇന്റലിജൻസ് വിഭാഗത്തെക്കുറിച്ച് ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇന്റലിജൻസിന്റെ പേരിൽ നടക്കുന്ന ഓരോ കാര്യങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഈവന്റ്സ് റിപ്പോർട്ട് ചെയ്യുന്നത് ഇന്റലിജൻസല്ല. പ്രോസ്പെക്ടീവായിട്ടുള്ള ഇന്റലിജൻസാണ് നമുക്കാവശ്യമായിട്ടുള്ളത്. അതിന് ക്രൈം ഇന്റലിജൻസ്,

LIBRARY ARCHIVES Kerala Legislative Assembly

പൊളിറ്റിക്കൽ ഇന്റലിജൻസ്, കമ്മ്യൂണൽ ഇന്റലിജൻസ്, നാർക്കോട്ടിക് ഇന്റലിജൻസ് ഇതിനെക്കുറിച്ചെല്ലാം പോലീസുകാർ ബോധവാൻമാരാണ്. കുറ്റങ്ങൾ ഉണ്ടായിട്ട് അവരെ ശിക്ഷിക്കുന്നതിനുപകരം കുറ്റകൃത്യങ്ങൾ തടയാനുള്ള മുൻകരുതൽ നമുക്കുണ്ടാകണം.

പോലീസുകാരുടെ നല്ല മുഖത്തെപ്പറ്റിയും പറയേണ്ടതുണ്ട്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അല്ലെങ്കിൽ ശബരിമല പോലെയുള്ള സ്ഥലങ്ങളിൽ അവർ ചെയ്യുന്ന മനുഷ്യത്വപരമായ സേവനപ്രവർത്തനങ്ങളെ നമ്മളും മാദ്ധ്യമങ്ങളും ആരും അംഗീകരിക്കുന്നില്ല. അതിന് കൂടുതൽ പ്രചാരണം ഉണ്ടാകണം. ഇപ്പോൾ 42000 പേരാണ് പോലീസ് ഫോഴ്സിലുള്ളത്. പോലീസ് വകുപ്പിൽ പേഴ്സണൽ വിഭാഗമില്ല. ഇത് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കാലഘട്ടമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഡാറ്റാ ബാങ്കുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ എച്ച്.ആർ.ഡി. യൂണിറ്റ് പോലീസിൽ ഉണ്ടാക്കണം. അതായിരിക്കണം കരിയർ പ്ലാനിംഗ്, പീരിയോഡിക്കൽ പ്രൊമോഷൻസ്, ഇൻക്രിമെന്റ്, ഇൻഷ്വറൻസ് തുടങ്ങി കേന്ദ്രീകൃതമായി രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പോലീസിന്റെ മുഖം ഉറപ്പു വരുത്തേണ്ടത്. അവരുടെ ജോലിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത്, അവർക്കുണ്ടാകുന്ന മാനസികമായ പിരിമുറുക്കങ്ങൾക്ക് ആശ്വാസം നൽകിക്കൊണ്ട് പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. യു.സി. രാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷഭരണകാലത്ത് പാർട്ടി ഗുണ്ടകളെപ്പോലെ പ്രവർത്തിച്ചിരുന്ന പോലീസിന് സ്വതന്ത്രമായ പ്രവർത്തനത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്തത് യു.ഡി.എഫ്. സർക്കാരാണ്. ഇത്രയേറെ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിന് തുടക്കമിട്ടത്, ശ്രീ. എ.കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. ആ നിലപാടിനും കാഴ്ചപ്പാടിനും ഒരു മാറ്റവുമില്ലാതെ തുടരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അപ്പുറത്തിരുന്നുകൊണ്ട് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർക്കാരിനെ വിമർശിക്കുന്ന ആളുകൾ അതൊന്നും മനസ്സിൽ തട്ടിയല്ല സംസാരിക്കുന്നത്. കണ്ണൂരും നാദാപുരവും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ ഇടതുപക്ഷ ഭരണകാലത്ത് സ്ഥിരമായി രാഷ്ട്രീയ സംഘർഷങ്ങളും കലാപങ്ങളും, അരുംകൊലകളും നടന്നിരുന്നു. ഈ സഭയിൽ മുഴുവൻ സമ്മേളന ദിവസങ്ങളിലും അവിടെനിന്നുള്ള എം.എൽ.എ.-മാർക്ക് പങ്കെടുക്കാനുള്ള അവസരം ഉണ്ടായിട്ടില്ല. ആ പ്രദേശങ്ങളിലുണ്ടായിട്ടുള്ള സംഘർഷങ്ങൾക്ക് അയവുവരുത്തുന്നതിനും അവിടെ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിനും വേണ്ടി ഓടി നടക്കുന്നതിന് സമയം കണ്ടെത്തേണ്ടിവരുന്നതുകൊണ്ട് സഭാ സമ്മേളനത്തിൽ പങ്കെടുക്കാൻ ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർക്ക് അവസരം ഉണ്ടായിട്ടില്ല. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിട്ടുള്ള മുഴുവൻ രാഷ്ട്രീയ സംഘർഷങ്ങളിലും ഒരു ഭാഗത്ത് സി.പി.എം. ആണെങ്കിൽ മറുഭാഗത്ത് ബി.ജെ.പി. അല്ലെങ്കിൽ ആർ. എസ്. എസ്. ആയിരിക്കും. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തി സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്തുന്നതിന് സർക്കാർ ശക്തമായി നിലപാടെടുത്തിട്ടുണ്ടെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്. പോലീസിന് ഉണർവും

LIBRARY ARCHIVES Kerala Legislative Assembly

ആത്മവീര്യവും പകർന്നിട്ടുണ്ടെങ്കിലും ചില "ഷാജിമാർ" ഇത് ദുരുപയോഗം ചെയ്യുന്നത് നിസ്സാരമായി കാണാൻ കഴിയുകയില്ല. കുറ്റവാളികളെ ഒരു തരത്തിലും സംരക്ഷിക്കുകയില്ല എന്ന സർക്കാരിന്റെ ഈ നിലപാട് തുടരണം. ഷാജിക്ക് എതിരെ തൃശ്ശൂർ എസ്.പി. യായിരുന്ന ശ്രീ. ഹേമചന്ദ്രൻ, നേരത്തെ ഷാജിയെ സർവ്വീസിൽ നിന്നു റിമൂവ് ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് നൽകിയതാണ്. അന്ന് ഇവിടെ ഭരിച്ചിരുന്നത് എൽ.ഡി.എഫ്. ആണ്. ആ സി. ആർ. തിരുത്തി അദ്ദേഹത്തെ സർവ്വീസിൽ തുടരാൻ അനുമതി നൽകിയ വിഭാഗമാണ് ഇന്ന് ഷാജിയെ എതിർക്കുന്നത്. ഇവരുടെ ഇരട്ടത്താപ്പ് ഇവിടെ ബോദ്ധ്യമാവുകയാണ്. മുൻ ഡി.ജി.പി.യുടെ വെളിപ്പെടുത്തൽ നമ്മർ ശ്രദ്ധിക്കണം. പോലീസിൽ രണ്ട് ശതമാനം ക്രിമിനലുകളോ അതല്ലെങ്കിൽ അവരെ സഹായിക്കുന്നവരോ ഉണ്ടെന്ന മുൻ ഡി.ജി.പി.യുടെ വെളിപ്പെടുത്തൽ ഇവിടെ വാതം കുറുന്തോട്ടിക്കാണെന്നു തെളിയിക്കുകയാണ്. പത്തും ഇരുപതും രൂപ ചുരുട്ടി വാങ്ങുന്ന ദരിദ്രവാസികളായ പോലീസുകാർ അല്ല ഇപ്പോഴുള്ളത്. മറിച്ച് ലക്ഷങ്ങൾ ആസ്തിയുണ്ടാക്കുന്ന സമർത്ഥന്മാരായ ആളുകളായി പോലീസ് മാറിയിട്ടുണ്ട്. അത്തരം ആളുകളുടെ സമ്പാദ്യവും വസ്തുക്കളും സ്ഥാവരജംഗമ സ്വത്തുക്കളുമൊക്കെ പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. സാക്ഷര കേരളത്തിൽ പോലീസ് സംസ്ക്കാര സമ്പന്നരായ ജനസേവകന്മാരായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനു വേണ്ടി അവരെ സജ്ജരാക്കുകയാണ് വേണ്ടത്. സുനാമി ദുരന്തം— നമ്മുടെ സംസ്ഥാനത്തുണ്ടായപ്പോൾ, ആ ദുരന്ത പ്രദേശത്ത് നടത്തിയിട്ടുള്ള മികച്ച പ്രവർത്തനങ്ങൾ നമുക്ക് വിസ്മരിക്കാൻ നിവൃത്തിയില്ല. അതിന് കേരളാ പോലീസ് പ്രത്യേക പ്രശംസ അർഹിക്കുന്നു. അത് നമ്മുടെ രാജ്യത്തിനുതന്നെ വലിയ മാതൃകയായി ഉയർത്തി കാട്ടാവുന്നതാണ്. പോലീസിന്റെ ഭാഗത്തു നിന്നു വീഴ്ചയുണ്ടാകുമ്പോൾ പലപ്പോഴും സർക്കാർ ശക്തമായ നടപടി എടുക്കാറുണ്ട്. പോലീസിന്റെ വീഴ്ച പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നു നടപടിയുണ്ടായതുകൊണ്ട് മാത്രമായില്ല. അവർ ഇന്നു അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ കൂടി നടത്തേണ്ടതുണ്ട്. ഇവിടെ വിശ്രമരഹിതമായ ജോലിയും മേൽ ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള മാനസികമായ പീഡനവും സേനയിൽ വൻ അതൃപ്തിക്ക് കാരണമാകുന്നുണ്ട്. ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തണമെന്നത് നേരത്തെ ഉയർന്നു വന്ന ആവശ്യമാണ്. അത് കർശനമായി പാലിക്കാൻ സംവിധാനമുണ്ടാകണം. കൂടാതെ പോലീസിന്റെ റിസ്ക്ക് അലവൻസ് വർദ്ധിപ്പിക്കണം. പോലീസിന്റെ ട്രെയിനിംഗ് പിരീഡ് സർവ്വീസായി പരിഗണിക്കണമെന്ന് സുപ്രീം കോടതിവിധി സർക്കാരിന്റെ മുന്നിലുണ്ട് . അതുപ്രകാരം ട്രെയിനിംഗ് പിരീഡ് പോലീസിന്റെ സർവ്വീസായി പരിഗണിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാകണം. പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ വനിതാ പോലീസുകാരെ വിന്യസിപ്പിച്ചിട്ടുണ്ട്. ഇത് സ്റ്റേഷനുകളിൽ ഒരുപാട് ഗുണപരമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ട് എന്നാൽ അവിടെയുള്ള വനിതാ പോലീസുകാർക്ക് ആവശ്യമായ പ്രത്യേക സംവിധാനങ്ങളും സൗകര്യങ്ങളും ഇന്നു മിക്ക സ്റ്റേഷനുകളിലും ഇല്ല. ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ വനിതാ കോൺസ്റ്റബിൾമാരുണ്ടെങ്കിലും അവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ ആവശ്യമായ രീതിയിലുള്ള സംവിധാനങ്ങളില്ലെന്ന പോരായ്മ നിലനിൽക്കുന്നുണ്ട്. അത് പ്രത്യേകമായി ശ്രദ്ധിക്കണം. സേനയുടെ നവീകരണത്തെക്കുറിച്ച് നിരവധി കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ഒന്നുപോലും വെളിച്ചം കണ്ടിട്ടില്ല. ആ കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം. ചൂടും വെയിലും സഹിച്ചും അന്തരീക്ഷത്തിലെ മാലിന്യങ്ങൾ മൂലവൻ ശ്വസിച്ചും ഒരുപാട് ആരോഗ്യ പ്രശ്നങ്ങൾ ട്രാഫിക് പോലീസിന് ഉണ്ടാകുന്നുണ്ട്. അവരുടെ ജോലി സമയം ലഘൂകരിക്കാൻ ആവശ്യമായ ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. കൂടാതെ ശാസ്ത്രീയമായ കുറ്റാന്വേഷണ സംവിധാനം ഏർപ്പെടുത്തണം. പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറുകളൊക്കെ സ്ഥാപിച്ചിട്ടുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം ഇപ്പോൾ ഇല്ല. ഇത് പരിശോധിക്കണം. ചില ഭാഗങ്ങളിൽ മയക്കുമരുന്നു മാഫിയ , ബ്ലേഡ് മാഫിയ, വണ്ടി പിടുത്തക്കാർതുടങ്ങിയുള്ള സാമൂഹ്യ വിരുദ്ധർക്ക് പോലീസ് ഉദ്യോഗസ്ഥൻമാർ കൂട്ടുനിൽക്കുന്നതായുള്ള പരാതികൾ ഉണ്ടാകുന്നു. അത് കാര്യമായി ശ്രദ്ധിക്കണം. പോലീസ് സ്റ്റേഷനുകളിൽ പോലീസിന്റെ കുറവ് ഇന്ന് കാര്യമായിട്ടുണ്ട്. പ്രത്യേകിച്ച് കോഴിക്കോട് ജില്ലപോലുള്ള പ്രദേശങ്ങളിൽ. അവിടെയാണ് മാറാട് കലാപവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. അവിടെ ജയിലിൽ കഴിയുന്ന കുറ്റവാളികളെ കോടതിയിലേക്ക് കൊണ്ടു പോകുന്നതിനും മറ്റു സാധാരണകാര്യങ്ങൾ നോക്കുന്നതിനും ആവശ്യമായ പോലീസ് ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. അവിടങ്ങളിൽ ആവശ്യമായ പോലീസിനെ നൽകണം. പ്രത്യേകിച്ച് കോഴിക്കോട്ട് എ.ആർ. ക്യാമ്പിലേക്ക് 100 പോലീസുകാരെ നിയമിക്കാൻ ആവശ്യമായ അടിയന്തിര സംവിധാനം ഉണ്ടാകണം. പല പോലീസ് സ്റ്റേഷനുകളിലും ഡീസൽ ചാർജ് യഥാസമയം കിട്ടാത്തതിനാൽ ഒരുപാട് പ്രയാസങ്ങൾ അവർ അനുഭവിക്കുന്നുണ്ട്. പല സ്വകാര്യ വ്യക്തികളുടെയും പമ്പുകളിലൊക്കെ പോയി, അവരുടെ ഔദാര്യം കൊണ്ട് ഡീസൽ അടിച്ചു പോകുന്ന അവസ്ഥയാണിന്നുള്ളത്. യഥാസമയം പണം കൊടുക്കാത്തതിന്റെ പ്രയാസവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്കുണ്ട്. അവരുടെ ഡീസൽ ചാർജ് യഥാസമയം നൽകുന്നതിനാവശ്യമായ സംവിധാനം ഉണ്ടാകണം. ഇവർക്ക് ടെലിഫോൺ ചാർജ് ഇതുവരെ ലിമിറ്റ് ചെയ്തിരുന്നു. നേരത്തെ 500 രൂപയായിരുന്നു. ഇത് മാസം 2000 രൂപയായി വർദ്ധിപ്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. കോഴിക്കോട് ജില്ലയിലെ ഫറോക്ക് പോലീസ് സ്റ്റേഷനിൽ ഫോൺ ലോക്ക് ചെയ്തിരിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അടിയന്തിരമായി ആ അവസ്ഥ മാറ്റണം. ലിമിറ്റ് ചെയ്തിരിക്കുന്ന 500 രൂപ എന്നുള്ളത് മാറ്റി 2000 രൂപയാക്കി വർദ്ധിപ്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. പോലീസ് സേനയിലേക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരെയും വനിതകളെയും സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തി കുറവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. പൊലീസിനെതിരെ പലപ്പോഴും വ്യാപകമായ പരാതി ഉയർന്നു വരുന്നുണ്ട്. ആ പരാതി പരിഹരിക്കുന്നതിന് അത്തരം പരാതികളെക്കുറിച്ച് കർശനമായി അന്വേഷിക്കുകയും അതോടൊപ്പം തന്നെ പൊലീസിനെ കുറ്റമറ്റതാക്കുന്നതിന് ആവശ്യമായ സംവിധാനമുണ്ടാക്കുകയും വേണം. നമ്മുടെ ജയിലുകളിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തടവുകാർക്ക് കിട്ടുന്ന സൗകര്യങ്ങളാണ് ഇന്നു ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷെ ചില ജയിലധികൃതരും തടവുകാരും ചേർന്നു ഇവിടം സുഖവാസകേന്ദ്രമാക്കി മാറ്റുന്നതായി കാണുന്നുണ്ട്. തടവ് കഴിഞ്ഞ് പുറത്തിറങ്ങിക്കഴിഞ്ഞാൽ ഉടനെതന്നെ വീണ്ടും ജയിലിലേക്ക് തിരിച്ചു പോകാൻ ചില കുറ്റവാളികൾ ആഗ്രഹിക്കുന്ന രൂപത്തിലാണ് കാര്യങ്ങളുടെ പോക്ക്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം കണ്ണൂർ തുടങ്ങിയ പ്രദേശങ്ങളിൽ ശാന്തമായിട്ടുണ്ട്. ഇവിടെ സംഘർഷമുണ്ടാക്കുന്ന സി.പി.എം., ആർ.എസ്.എസ്. പ്രവർത്തകർ ഇന്നു ജയിലിനകത്താണുള്ളത്. ഇവർ നാട്ടിലുണ്ടാക്കിയ അസ്വസ്ഥതകൾ നിലച്ചെങ്കിലും ജയിലിൽ ഇപ്പോൾ അസ്വസ്ഥതകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ലഘുലേഖ വിതരണവും, പാർട്ടി ക്ലാസുകളും അക്രമവും എല്ലാം ഇന്ന് അവർ ജയിലിൽ നടത്തുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ ബാദ്ധ്യസ്ഥരായ ജയിലധികൃതരിൽ ഒരുവിഭാഗം ഈ കളിക്ക് അമ്പയർമാരാകുന്ന കാഴ്ചയും കാണുന്നുണ്ട്. ഇവിടെയാണ് വേലിതന്നെ വിളവ് തിന്നുന്നതായി കാണുന്നത്. ഇത് ഒരു കാരണവശാലും തുടരാൻ സമ്മതിക്കരുത്. അത് കർശനമായി പരിശോധിക്കുകയും തടയാൻ ആവശ്യമായ സത്വര നടപടി ഉണ്ടാക്കുകയും വേണം. തടവുകാർക്ക് ലഹരി വസ്തുക്കൾ എത്തിച്ചു കൊടുക്കുന്ന ചില ഉദ്യോഗസ്ഥന്മാർ ഉണ്ടെന്ന കാര്യം നേരത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. ലഹരി വസ്തുക്കൾ എത്തിച്ചു കൊടുക്കുമ്പോൾതന്നെ ജയിലിനകത്ത് കഞ്ചാവ് കൃഷി നടത്തുന്നതായി അതിന്റെ മേൽനോട്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വഹിക്കുന്നതായി പത്രവാർത്തകൾ ഉണ്ടായിരുന്നു. ഇത് വളരെയേറെ ദുഃഖകരമാണ്. അത്തരം ആളുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. പരോൾ അനുവദിക്കുന്ന കാര്യത്തിൽ ചില ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടാകുന്നതായി സൂചനയുണ്ടായിരുന്നു. അനധികൃതമായി പരോൾ അനുവദിക്കുന്ന പ്രവണത തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. ജയിലിലുള്ള അഴിമതി തടയുന്നതിനു നടപ്പിലാക്കിയിട്ടുള്ള സംവിധാനം ഏറെ ഫലപ്രദമാണ്. അതിന് ബന്ധപ്പെട്ട ആളുകളെ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ ജയിലുകൾ സുഖവാസ കേന്ദ്രമോ പീഡന കേന്ദ്രമോ ആകരുത്. കുറ്റവാളികളെ നല്ല പൗരന്മാരായി വാർത്തെടുക്കുന്നതിനുള്ള സംവിധാനമാണ് ഇവിടെയുണ്ടാകേണ്ടത്. പശ്ചാത്താപബോധം ഉണ്ടാക്കേണ്ടിടത്ത് പാർട്ടി ക്ലാസ് എന്ന പേരിൽ സി.പി.എം.ന്റെ ആളുകൾ ജയിലിനകത്ത് കുറ്റവാളികൾക്കിടയിൽ പ്രതികാരത്തിന്റെ കനൽ പടർത്തുന്നത് തടയാൻ ആവശ്യമായ നടപടിയുണ്ടാകണം. നേരത്തെ സൂചിപ്പിച്ചു. മാറാട് കേസ് കാരണം പ്രതികളെ ഒട്ടേറെ ജയിലുകളിൽ കൊണ്ടു പോകുന്നുണ്ട്. അങ്ങനെ ജയിലുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനാവശ്യമായ പോലീസുകാർ ഇല്ലാത്തതുകൊണ്ട് എസ്കോർട്ട് പോകാൻ സാധിക്കാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. എസ്കോർട്ട് കൊടുക്കാൻ സാധിക്കാതെ വന്നതിന്റെ പേരിൽ ജയിൽ സൂപ്രണ്ടിനെതിരെവരെ കേസുണ്ട്. ഇത് ഒരു തരത്തിലും അനുവദിക്കാൻ നിവൃത്തിയില്ല. അക്കാര്യം പരിശോധിക്കണം. ഏറ്റവും ചുരുക്കം ഒരു 150 പോലീസുകാരെയെങ്കിലും അധികമായി കോഴിക്കോട് ജില്ലക്ക് അനുവദിച്ച് കൊടുക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം. എന്നാലെ ഈ പ്രതികളെ യഥാസമയം കോടതിയിൽ ഹാജരാക്കാനും അതുപോലുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാനും സാധിക്കുകയുള്ളൂ. അതിനാവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നു സൂചിപ്പിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ ജയിലുകളിൽ ഇപ്പോൾ ഏതാണ്ട് 250 പേരെ പ്രവേശിപ്പിക്കാനുള്ള സംവിധാനമാണ് നിലവിലുള്ളത്. ഇന്ന് അവിടെ അറുന്നൂറിലധികം ആളുകൾ തടവുകാരായി താമസിക്കുന്നുണ്ട്. അവരെ പരിരക്ഷിക്കുന്നതിനും നോക്കുന്നതിനും ആകെയുള്ളത് 42 ജീവനക്കാരാണ്. ഇതിൽതന്നെ പകുതിയാളുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു നിയമിക്കപ്പെട്ടവരാണ്. അവർക്ക് യാതൊരു പരിശീലനവും കിട്ടിയിട്ടില്ല. അതുകൊണ്ട് അവിടെ

ആവശ്യമായ സ്ഥിരം ജീവനക്കാരെ അനുവദിക്കുന്നതിന് സംവിധാനമുണ്ടാകണം. നമ്മുടെ കോടതികളിലെ ജഡ്ജിമാരുടെയും മജിസ്ട്രേറ്റുമാരുടെയും നിയമനത്തിൽ സംവരണ തത്വം പാലിക്കാൻ കർശനമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ തവണ നിയമനം നടത്തിയപ്പോൾ സംവരണ തത്വം പാലിച്ചിട്ടില്ല എന്ന കാര്യം വളരെ വ്യക്തമായി ബോദ്ധ്യപ്പെട്ടതാണ്. ആ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സജീവമായ ശ്രദ്ധയുണ്ടാകണം നാട്ടിലുള്ള മുഴുവൻ വിഷയങ്ങളിലും കോടതി ഇടപെടുന്ന ഒരവസ്ഥ ഇന്നു നിലനിൽക്കുന്നുണ്ട്. സർക്കാർ ഇക്കാര്യം ഗൗരവമായി കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1.00 p.m.]

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, നീതിന്യായ നിർവ്വഹണം, പോലീസ്, ജയിലുകൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയുക്തം പിന്താങ്ങുന്നു. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷിതത്വം, ഉറപ്പാക്കുക, ക്രമസമാധാന പരിപാലനം, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക, സമാധാനപരമായ ജനജീവിതം ഉറപ്പുവരുത്തുക എന്നിവയാണ് പോലീസിന്റെ പ്രാഥമികമായ കടമ. ഇതിനാവശ്യമായ കുറ്റമറ്റ പരിശീലനം, തെറ്റുകളും കുറ്റങ്ങളും കൂടാതെയുള്ള ഫലപ്രദമായ പ്രവർത്തനം, അത് ഇവിടെയുണ്ടാകണം. നിഷ്പക്ഷവും നീതിപൂർവ്വവും സത്യസന്ധവുമായുള്ള പ്രവർത്തനം നടത്താൻ നമ്മുടെ പോലീസിന് കഴിയുന്ന കാലം സംജാതമായേ മതിയാകൂ. അതിനു ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ രാഷ്ട്രീയ പാർട്ടികളും പോലീസും പ്രതിജ്ഞാബദ്ധമാകേണ്ടതുണ്ട്. അനാവശ്യമായ രാഷ്ട്രീയ ഇടപെടലുകളും സമ്മർദ്ദതന്ത്രങ്ങളും പോലീസിന്റെ വഴിവിട്ട പ്രവർത്തനങ്ങളും അഴിമതിയും ഇല്ലാതായാലേ ഇത് സാദ്ധ്യമാകൂ. സമയത്തിനും സന്ദർഭത്തിനും വിഷയത്തിനും ഒത്തവിധം ബോധപൂർവ്വമായി ആക്ട് ചെയ്യാൻ കഴിയുന്ന ഒരു പോലീസ് സേനയെ വാർത്തെടുക്കേണ്ടതുണ്ട്. പോലീസിലെ മലബാർ പോലീസ്, തിരുവിതാംകൂർ പോലീസ്, കൊച്ചി പോലീസ് എന്നുള്ള ഏർപ്പാടു മാറ്റണം. കേരള പോലീസ് മതി. ആ വേർതിരിവൊക്കെ അവസാനിപ്പിച്ച് കേരളാ പോലീസ് എന്ന ഒറ്റ പോലീസ് സേനയെ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ആംഡ് പോലീസ്, റിസർവ് പോലീസ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങളുടെ സേവന-വേതന, പ്രൊമോഷൻ വ്യവസ്ഥകൾ ക്രമീകരിക്കപ്പെടേണ്ടതാണ്. അതിൽ ഇന്ന് അസന്തുലിതാവസ്ഥ നിലനില്ക്കുന്നു. അത് പോലീസിൽ അസംതൃപ്തി വളർത്തും. ആ അസംതൃപ്തി ഇല്ലാതാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. പോലീസിന് കാലാനുസൃതമായ പരിശീലനം വേണം. പോലീസിൽ പരിഷ്ക്കാരം ഏർപ്പെടുത്തേണ്ടതുണ്ട്. അതിന് ആവശ്യമായ ട്രെയിനിംഗ് സമ്പ്രദായം, ഇപ്പോഴുള്ള ട്രെയിനിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തി ഏർപ്പെടുത്തണം. പോലീസ് ക്യാമ്പുകളിലെ താമസത്തിലും ഭക്ഷണത്തിലും മാറ്റം വരുത്തണം. അവർക്ക് സുഖകരമായി താമസിക്കുവാനും നല്ല രീതിയിൽ ഭക്ഷണം കഴിക്കുവാനുമുള്ള സൗകര്യം ക്യാമ്പുകളിൽ ഉണ്ടാകണം. എല്ലാ പോലീസുകാർക്കും ആഴ്ചയിൽ ഒരു ദിവസം വീട്ടിൽ പോകുവാനുള്ള സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. പോലീസുകാർക്ക് സ്വന്തമായി വീടുണ്ടാക്കുന്നതിനും കുട്ടികളെ പഠിപ്പിക്കുന്നതിനും അവരുടെ പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുന്നതിനും പോലീസുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ സഹായം ലഭ്യമാക്കുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണം. പോലീസിൽ ഇന്റലിജൻസ്, ക്രൈം ബ്രാഞ്ച്, വിജിലൻസ്, ലാ ആന്റ്

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

ഓർഡർ, ട്രാഫിക് വിഭാഗങ്ങളുണ്ട്. ഈ വിഭാഗങ്ങൾക്കെല്ലാം ഇപ്പോൾ വകുപ്പു തലവന്മാരുണ്ട്. ഡി.ജി.പി.യും അഡീഷണൽ ഡി.ജി.പി. യുമൊക്കെയുണ്ട്. ട്രാഫിക്കിന് അഡീഷണൽ ഡി.ജി.പി. ഇല്ല. വാഹനങ്ങൾ വളരെ അധികമായി. ഒരു ടു വീലർ എങ്കിലും ഇല്ലാത്ത ആളുകൾ ഇന്ന് വളരെ ചുരുക്കമാണ്. അതുകൊണ്ടുതന്നെ റോഡ് അപകടങ്ങൾ വളരെ കൂടുതലാണ്. ദൈനംദിനം മരിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുകയാണ്. ഏറ്റവും ഒടുവിലായാലും ഇത്രയും ഡി.ജി.പി.മാർ ഉള്ളപ്പോൾ അതിനുകൂടി ഒരു അഡീഷണൽ ഡി.ജി.പി.യെ നിയോഗിച്ച് ട്രാഫിക് വിഭാഗം പുനഃസംഘടിപ്പിച്ച് വാഹനങ്ങളുടെ ക്രമാതീതമായ ഓട്ടം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. ഇന്റലിജൻസ് രഹസ്യ അന്വേഷണ വിഭാഗവും വിജിലൻസ് വിഭാഗവും പോലീസിൽനിന്നും വേർപെടുത്തി പ്രത്യേക രണ്ടു വിഭാഗങ്ങളാക്കിത്തിരിച്ച് അതിലേയ്ക്ക് നേരിട്ട് റിക്രൂട്ട്മെന്റ് നടത്തിയാൽ തരക്കേടില്ല എന്നു തോന്നുന്നു. ലാ ആന്റ് ഓർഡർ വിഭാഗത്തിലേയ്ക്ക് കൊള്ളരുതാത്തവരെയും, പരാതി വരുന്ന അഴിമതിക്കാരെയുമാണ് അധികവും മാറ്റുന്നത്. അഴിമതിക്കാരാണ്; കൊള്ളരുതാത്തവരാണ്; മദ്യപാനികളാണ്; അതുകൊണ്ട് ശല്യമെന്നു ജനങ്ങൾ പറയുമ്പോൾ അവരെ വിജിലൻസിലേയ്ക്കോ അല്ലെങ്കിൽ സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കോ മാറ്റും. അത് അതിനേക്കാൾ കൂടുതൽ ശല്യമാണ്. ഇപ്പോഴുള്ള സ്പെഷ്യൽ സെല്ലുകളെല്ലാം ലാ ആന്റ് ഓർഡറിൽ പരാതി വരുന്നവരുടെ താവളമാക്കി മാറ്റിയിരിക്കുകയാണ്. ഒരു കാലിലെ മന്ത് മറ്റേ കാലിലേയ്ക്ക് മാറ്റിയാൽ മന്ത് മാറുകയില്ല. അതുകൊണ്ട് ഈ രണ്ടു വിഭാഗങ്ങളുമെങ്കിലും വേർതിരിക്കണം. പ്രധാനപ്പെട്ട രണ്ടു വിഭാഗങ്ങളാണ്. രഹസ്യ അന്വേഷണ വിഭാഗം, (ഇന്റലിജൻസ്), വിജിലൻസ് വിഭാഗം, പോലീസിനെക്കുറിച്ച് അന്വേഷിക്കുവാൻ പോലീസിനെത്തന്നെ ചുമതലപ്പെടുത്തി. പോലീസിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുവാൻ അഴിമതി വീരന്മാരെ ഏർപ്പാടുചെയ്തിട്ട് എന്താണു കാര്യം? ഇവിടെ അഴിമതി നടത്തുന്നവർ തന്നെയാണ് വിജിലൻസിലേയ്ക്കു പോകുവാൻ ഇടവരുന്നത്. അവരെയാണ്, ഏറ്റവും വലിയ അഴിമതിക്കാരെയാണ് ചില്ലറ അഴിമതി നടത്തുന്നവരെക്കുറിച്ച് അന്വേഷിക്കുവാൻ ഏർപ്പാടു ചെയ്യുന്നത്. അതുകൊണ്ട് വല്ല കാര്യവുമുണ്ടോ ? അതുകൊണ്ട് അത് വേർപെടുത്തി പ്രത്യേക വിഭാഗങ്ങളാക്കി മാറ്റുന്നതാണ് നല്ലതെന്ന് എനിക്കു തോന്നുന്നു. നിലവിലുള്ള പോലീസ് സ്റ്റേഷനുകളിൽ പോലീസുകാരുടെ സ്ട്രെംഗ്ത് കുറവാണ്. കേസ്സുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ സ്ട്രെംഗ്ത് ഏർപ്പെടുത്തണം അതുപോലെതന്നെ എല്ലാ പോലീസ് സ്റ്റേഷനുകളിലുമുള്ള പ്രിൻസിപ്പൽ എസ്.ഐ. ഡയറക്ട് റിക്രൂട്ട്മെന്റിൽ വരുന്ന ആളായിരിക്കണം. അവിടെ മുന്നു വിഭാഗങ്ങൾ ഉണ്ടായിരിക്കണം. ലാ ആന്റ് ഓർഡറിൽ പ്രിൻസിപ്പൽ എസ്.ഐ.യുടെ നേതൃത്വത്തിൽ ഒരു വിഭാഗവും അതുപോലെ ക്രൈം അന്വേഷണത്തിനും ട്രാഫിക്കിനും രണ്ട് അഡീഷണൽ എസ്.ഐ.മാരുടെ നേതൃത്വത്തിലുള്ള വിംഗും ഓരോ പോലീസ് സ്റ്റേഷനിലും പ്രവർത്തിക്കുന്നത് സുഖകരമായ കേസ് അന്വേഷണത്തിനും വാഹന നിയന്ത്രണത്തിനും ക്രമ സമാധാന പരിപാലനത്തിനും പ്രയോജനകരമായിരിക്കും എന്നാണ് എന്റെ വിശ്വാസം. അത് ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് നിർബന്ധമായും വീക്ക്ലി ഓഫ് കൊടുക്കണം. അതുപോലെ എട്ടു മണിക്കൂർ ജോലി സമയം നിജപ്പെടുത്തിക്കൊണ്ട് പരിക്ഷണാർത്ഥം പലയിടത്തും നടപ്പാക്കിയിട്ടുണ്ടെങ്കിലും എല്ലായിടത്തും അത്

LIBRARY ARCHIVES Kerala Legislative Assembly

ആക്കിയിട്ടില്ല. എട്ടു മണിക്കൂർ ജോലി എന്നത് നിർബന്ധമാക്കണം. എട്ടു മണിക്കൂർ എന്ന് നിജപ്പെടുത്തുമ്പോൾ അധികമായി ആവശ്യമായ പോലീസുകാരെ നിയമിക്കണം. ഒരുപാട് കാര്യങ്ങൾക്ക് നമ്മൾ അനാവശ്യമായി പണം ചെലവഴിക്കുന്നുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ നിലനില്ക്കുന്ന കേരളത്തിൽ നമ്മുടെ ക്രമസമാധാന പരിപാലനത്തിന്, രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്, ജനങ്ങളുടെ സമാധാനപരമായ സ്വൈര ജീവിതത്തിന്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുവാൻ ആവശ്യമായ പോലീസുകാരെ നിയമിക്കുന്നതിൽ ഒരു മടിയും കാണിച്ചിട്ട് കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗം അതാണ്. അതിന് ആവശ്യമുള്ള ആളുകളെ നിയമിക്കുകയും ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുകയും ആവിശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുകയും അതിനുവേണ്ടി പണം ചെലവഴിക്കുകയും കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടാവുന്നത്ര പണം വാങ്ങിയെടുക്കുകയും ചെയ്യണം. പോലീസുകാർക്ക് കാലാനുസൃതമായ പരിശീലനം നൽകണം. ഇത് അടിയന്തിരമായ ആവശ്യമാണ്. ഇവിടെ പോലീസിലെ അഴിമതിക്കാരെ കണ്ടെത്താൻ ഒരു ശ്രമം നടത്തിയെന്ന് പത്രത്തിൽക്കണ്ടു. അവർ.ഡിവൈ.എസ്.പി.മാരുടെ കുറേ ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ടെന്നു കണ്ടു. ഡിവൈ.എസ്.പി.മാർ മാത്രമല്ല അഴിമതിക്കാർ. അടിമുടി അഴിമതിക്കാരുണ്ട്. കൊള്ളരുതാത്തവരുണ്ട്. സ്വഭാവദുഷ്യമുള്ളവരുണ്ട്. ഡിവൈ. എസ്.പി. ഷാജി എന്നുപറയുന്ന ഒരു കൊലപാതകിയെ പിടിച്ച് ജയിലിൽ ഇട്ടിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർ വലിയ വീരവാദം പറയുന്നത് കേട്ടു. മുഖപ്രസംഗമൊക്കെ ദേശാഭിമാനിയിൽ എഴുതി. എൽ.ഡി.എഫ്.ന്റെ ഭരണകാലത്ത് മുഴുവൻ അദ്ദേഹം പള്ളുരുത്തി സി.ഐ. ആയിരുന്നു. ഒരു മാർക്സിസ്റ്റ് നേതാവിന്റെ ഭാര്യ മരിച്ചപ്പോൾ യൂണിഫോമിൽ പോയി റീത്തുവച്ചു. മാർക്സിസ്റ്റ് പാർട്ടി നേതാവിന്റെ അമ്മയെ യൂണിഫോമിൽ സല്യൂട്ട് ചെയ്ത ആളാണ് ഡിവൈ.എസ്.പി. ഷാജി എന്ന് അപ്പുറത്തിരിക്കുന്നവർ മറക്കരുതെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ ഫോട്ടോ പത്രത്തിൽ വന്നിരുന്നു. മുഖപ്രസംഗം എഴുതുമ്പോൾ ആ ഫോട്ടോ കൂടി ദേശാഭിമാനിയിൽ പ്രസിദ്ധീകരിക്കുന്നത് ന്യായം മാത്രമാണ്. പത്രധർമ്മം മാത്രമാണ് എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എൽ.ഡി.എഫ്.ന്റെ ഭരണകാലത്ത് പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികളായിട്ടുള്ള കേസുകൾ എത്രയുണ്ട്? അതിൽ സ്ത്രീപീഡനവും മോഷണവും പിടിച്ചുപറിയും എത്രയുണ്ട്? ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കഴിഞ്ഞകാല അനുഭവങ്ങൾ ഓർമ്മിപ്പിക്കാൻ പറയുകയാണ്. സുര്യനെല്ലിയും ഐസ്ക്രീം പാർലറും ഇപ്പോൾ പറയുന്നത് കേട്ടു. എന്താണ് കിളിരൂർ പറയാത്തത്? അവിടെ പോയ വി.ഐ.പി.യെക്കുറിച്ച് പറയാത്തത് എന്താണ്? ഞാൻ ആ വി.ഐ.പി.യെ അന്വേഷിക്കുന്നില്ല. അതിലെ പ്രതികളെക്കുറിച്ച് അന്വേഷിക്കുന്നില്ല. പ്രതികളെ മാറ്റാൻ ചീഫ് മിനിസ്റ്ററുടെ ഓഫീസിൽ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചു വരുത്താനൊന്നും ഞാൻ പറയില്ല. അത് ശ്രീ. ദാമോദരനും ശ്രീ. കുറുപ്പുമൊക്കെ പറഞ്ഞിട്ടുണ്ട്. അതൊക്കെ പകൽ പോലെ സത്യമായി ഉള്ളത് ഉള്ളതുപോലെ പുറത്തുവന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഈ സഭയിൽ അതൊന്നും ആവർത്തിക്കുന്നില്ല. ഇനിയെങ്കിലും ഇത് നിർത്തിക്കൂടെ? രാഷ്ട്രീയ ശത്രുവധത്തിന് നീചവും നികൃഷ്ടവുമായ ഏർപ്പാട് ഒന്ന് അവസാനിപ്പിക്കാൻ പറ്റില്ലേ? ഇവിടെ ഇപ്പോഴും 'പെൺവാണിഭവും' 'കുന്തവും കുറുവടിയും' പറഞ്ഞുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. ബസ്സിൽ കയറിയാൽ സാരി നനയുമായിരുന്ന ഒരു ചരിത്രമുള്ള മണമായിരുന്നില്ലേ എൽ.ഡി.എഫ്.ന്റേത്? ബസ്സിൽ കയറി സാരിയിൽ നനവ് പറ്റിയതിനെക്കുറിച്ച് ലാബിൽ പരിശോധന നടത്താൻ അയച്ചില്ലേ? നാണമില്ലേ ഇപ്പോൾ ഇതും പറഞ്ഞുകൊണ്ട് നടക്കാൻ? .....(ബഹളം)..... സംഭവം എനിക്ക് അറിയാൻ പാടില്ലേ? സാജു അവിടെ ഇരിക്കൂ. സാജുവിനേക്കാൾ കൂടുതൽ പാർട്ടി പ്രവർത്തനം നടത്തിയിട്ടുള്ള ആളാണ് ഞാൻ. സാജുവിന് അതൊന്നും അറിയില്ല. .....(ബഹളം).....ആലുവ പാലസിൽ ഞാൻ പത്ത് വയസ്സ് മുതൽ പോകുന്നതാണ്. അവിടെ ഒരുപാട് സംഭവങ്ങൾ നടന്നിട്ടുണ്ട്. ഏതാണെന്ന് ചോദിച്ചാൽ പറയാം.

മി.ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യത്തിന് വഴങ്ങാത്ത സാഹചര്യത്തിൽ അവിടെ നിന്ന് വിളിച്ചു പറയുന്നതിന് മറുപടി പറയേണ്ടതില്ല. .....(ബഹളം).....

ശ്രീ. ടി. എച്ച്. മുസ്തഫ: ഏത് സക്കീർ ഹുസൈൻ? ഇൻഡ്യയുടെ പ്രസിഡന്റായ സക്കീർ ഹുസൈൻ മുതൽ രാജ്യത്ത് ഒരുപാട് സക്കീർ ഹുസൈൻമാരുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഒരെണ്ണമേയുള്ളൂ. അതുകൊണ്ട് തെറ്റില്ല. എണ്ണം കൂടിയാൽ തെറ്റിപ്പോകും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് വഴങ്ങിയാലേ ചോദ്യം ആവുകയുള്ളൂ.

ശ്രീ. ടി. എച്ച്. മുസ്തഫ: അവരുടെ ഏത് ചോദ്യത്തിനും വഴങ്ങാൻ തയ്യാറാണ്.

ശ്രീ. സാജുപോൾ: ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എച്ച്. മുസ്തഫ നിലവിലുള്ള ക്രമസമാധാന പരിപാലനത്തെയും ഗവൺമെന്റിനേയും ഒക്കെ ശക്തിയായി പിന്താങ്ങുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അദ്ദേഹത്തേയും ബഹുമാന്യനായ എം.പി.ഗംഗാധരനേയും ആലുവാ പാലസിൽ വച്ച് ഒരു കൂട്ടം കോൺഗ്രസ്സ് പ്രവർത്തകർ ക്രൂരമായി മർദ്ദിച്ചത്. ഞങ്ങളെ ആരും മർദ്ദിച്ചിട്ടില്ല, ഞങ്ങളെ മർദ്ദിക്കാൻ ആരും ഇവിടെ ജനിച്ചിട്ടില്ല എന്ന് പറയുകയും ചെയ്യുന്നു. ബഹുമാന്യരായ ഈ രണ്ട് അംഗങ്ങളുടേയും പുറത്ത് ഇടി വീഴുന്ന രംഗം ഞങ്ങൾ ടി.വി.യിൽ കണ്ടതാണ്. ആ അവസ്ഥ കൂടി മനസ്സിൽ വച്ചുകൊണ്ടു വേണം ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങാൻ എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. ടി. എച്ച്. മുസ്തഫ: ഇപ്പോൾ മനസ്സിലായി വിവരം. ആലുവ പാലസിൽ എനിക്ക് അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടില്ല. എന്നെ ആരും അടിക്കുകയോ ഇടിക്കുകയോ ചെയ്യുന്നത് ഏതെങ്കിലും ടി.വി.യിലോ പത്രത്തിലോ പടം കാണിച്ചുതരികയോ വാർത്ത കാണിച്ചു തരികയോ ചെയ്താൽ അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കാം. എനിക്ക് യാതൊരു കുഴപ്പവുമില്ല. എന്നെ ആരും തടഞ്ഞുവച്ചിട്ടില്ല. എന്നെ ആരും ഒന്നും ചെയ്തിട്ടില്ല. എന്റെ കാര്യമേ എനിക്ക് അറിയാവൂ. വേറെ ആരുടേയും കാര്യം എനിക്ക് അറിയില്ല. ആർക്കെങ്കിലും തല്ല് കൊണ്ടോ എന്ന് അവരോട് ചോദിച്ചാലേ അറിയാവൂ. എനിക്ക് അറിയില്ല. എനിക്ക് കുഴപ്പമില്ല. ഈ ഗവൺമെന്റിന്റെ കാലത്തും കുഴപ്പമില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും കുഴപ്പമില്ല. തല്ല് അങ്ങോട്ട് കൊടുത്തിട്ടുള്ളതല്ലാതെ ഇങ്ങോട്ട് വാങ്ങിയിട്ടില്ല. അത് വാങ്ങുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: 15 മിനിട്ടായി. ഇനി രണ്ട് മിനിട്ടേയുള്ളൂ.

ശ്രീ. ടി. എച്ച്. മുസ്തഫ: ഞാൻ അവസാനിപ്പിക്കാം. പോലീസിന്റെ സ്വഭാവദൂഷ്യവും അഴിമതി ഭരണവും അവസാനിപ്പിക്കണം. സ്വഭാവ ദൂഷ്യമുള്ളവരെ മുഴുവൻ പോലീസ് സേനയിൽനിന്ന് പുറത്താക്കണം; കുറ്റവാളികളെ പുറത്താക്കണം. അഴിമതി ഇല്ലാതാക്കാനും ക്രമസമാധാന പരിപാലനത്തിന് ജനങ്ങൾക്ക് സമാധാനപരമായ സൈരജീവിതം നൽകാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുമാണ് പോലീസ്. അല്ലാതെ വേലിതന്നെ വിളവ് തിന്നാൽ അത് അപകടകരമാണ്. അത് അവസാനിപ്പിക്കണം. അത് ആരായാലും അവരെ കണ്ടുപിടിച്ച് പോലീസിൽ നിന്ന് നീക്കം ചെയ്യാനുള്ള അടിയന്തിര നടപടി മുഖ്യമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് ശക്തിയായി ആവശ്യപ്പെടാനുള്ളത്. പോലീസ് സേനയെ ശുദ്ധീകരിക്കണം. അഴിമതി വിമുക്തമാക്കണം. മണൽ മാഫിയയുടേയും ഗുണ്ടാ സംഘങ്ങളുടേയും മണ്ണ് മാഫിയയുടേയും വക്താക്കളായി പോലീസുകാർ മാറിയിട്ടുണ്ട്. അതുപോലെ കേസ്സുകളെടുത്താൽ അന്വേഷിക്കണം. ഇപ്പോൾ കേസ്സെടുക്കൽ മാത്രമേയുള്ളൂ. കേസ് അന്വേഷിക്കുന്നില്ല. കേസ് രജിസ്റ്റർ ചെയ്യുന്നില്ല. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ ശിക്ഷിക്കപ്പെടുന്നില്ല. 1967-ലും 1980-ലും 1996-ലുമൊക്കെ ഉണ്ടായിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പരിശീലനമാണ് പോലീസിനുള്ളത്. അവർ നിശ്ചയിക്കുന്ന പ്രതികളെ പ്രതികളാക്കുക, ആ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കുക. ഇത് അവരുടെ നയമായിരുന്നു. അതാണ് ഈ ഗവൺമെന്റ് വന്ന് കേസ് അന്വേഷിക്കുകയും പ്രതികളെ കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ കോടതിക്കെതിരെ ജാഥ നടത്തുന്നത്. കേസ് ശിക്ഷിച്ചാൽ കോടതിക്കെതിരെ ജാഥയാണ്. ഷാജിയെ കണ്ടെത്തിയതു പോലെ ആരാണ് കുറ്റവാളിയെങ്കിലും കണ്ടെത്താനും ശിക്ഷിക്കാനും കർശനമായ നടപടിയുണ്ടാകണം. കോടതിയിൽ അനവധി കേസ്സുകൾ കെട്ടിക്കിടക്കുന്നു. ആ കേസുകളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ നടപടിയുണ്ടാകണം. കോടതിക്ക് വാരിക്കോരി കൊടുത്തിട്ട് കാര്യമില്ല. വലിയ കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ട് കാര്യമില്ല. ജഡ്ജിമാർക്ക് ലാൻസർ കാറുകൾ വാങ്ങി കൊടുത്തിട്ട് കാര്യമില്ല. കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾകൂടി സമയബന്ധിതമായി തീർക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഗവൺമെന്റ് നിയമനങ്ങളിൽ സംവരണമുള്ളതുപോലെതന്നെ കോടതികളിലെ നിയമനങ്ങളിലും സംവരണം നിർബന്ധമായും പാലിക്കണം. കോടതി നടപടികളെ സംബന്ധിച്ച് ആളുകളിൽ ചില ദുരൂഹതകൾ നിലനിൽക്കുന്നുണ്ട്. ആ ദുരൂഹതമാറ്റി കോടതി നീതിപൂർവ്വമായിട്ടാണോ നിഷ്പക്ഷമായിട്ടാണോ സത്യസന്ധമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താനുള്ള ബാധ്യതകൂടി ഗവൺമെന്റിനുണ്ടെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരുകാര്യം ഇവിടെ സൂചിപ്പിച്ചത് ജയിലുകളിൽ ഇന്നുള്ള കുറ്റവാളികളിൽ 60% ആളുകൾക്ക് താമസിക്കാനുള്ള സൗകര്യമേയുള്ളൂ. ഇപ്പോൾ കുറ്റവാളികളായി ജയിലുകളിലുള്ള മുഴുവൻ ആളുകൾക്കും താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. ജയിൽ ജീവിതമാണെങ്കിലും അവരും മനുഷ്യരാണ്. മനുഷ്യത്വത്തോടുകൂടി അവരോട് പെരുമാറാനും മാനുഷികമായി അവർക്ക് ജീവിക്കുവാൻ കഴിയുന്ന അന്തരീക്ഷം ജയിലിൽ ഉണ്ടാക്കാനും നടപടി സ്വീകരിക്കണം. അടിയന്തിരമായി ജയിലുകൾ പരിഷ്ക്കരിക്കപ്പെടണം. കുറ്റങ്ങളും കുറവുകളും പരിഹരിച്ച് ജയിലുകൾ പരിഷ്ക്കരിക്കാൻകൂടി നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച നയരേഖയിൽ പറയുന്ന പുതിയ നടപടികൾക്കും പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ജനകീയപരമായ പ്രശ്നപരിഹാര നടപടികൾക്കും പൂർണ്ണമായ പിൻതുണ പ്രഖ്യാപിക്കുന്നതോടൊപ്പം കുറച്ചുകാലംകൊണ്ട് അദ്ദേഹം നടപ്പിലാക്കിയിട്ടുള്ള പരിപാടി കളിൽ ജനങ്ങൾക്കുള്ള തൃപ്തിയും സന്തോഷവും രേഖപ്പെടുത്തിക്കൊണ്ട് സർവ്വ ഭാവുകങ്ങളും നേർന്നുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി ശക്തമായി പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നീതിന്യായ നിർവ്വഹണം, പോലീസ്, ജയിൽ എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇന്ന് നമ്മുടെ മുഖ്യമന്ത്രിക്ക് ദുർദ്ദിനമാണെന്ന് തോന്നുന്നു. നമ്മുടെ നിയമസഭയിൽ ആദ്യമായി എ.സി. മെഷീൻ പൊട്ടിത്തെറിച്ചു. എ.സി. വർക്ക് ചെയ്യാത്ത അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. ഇതേ ദിവസമാണ് കോഴിക്കോട് റാലി നടക്കാൻ പോകുന്നത്. റാലി നടന്നാൽ മുഖ്യമന്ത്രി ആ സ്ഥാനത്ത് ഇരിക്കില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. റാലി ഇന്ന് വൈകുന്നേരം നടക്കുമെന്ന് ഉറപ്പാണ്. എപ്പോഴാണ് അദ്ദേഹം രാജി വയ്ക്കാൻ പോകുന്നതെന്ന് സഭയോട് പറഞ്ഞാൽ മതി. കോഴിക്കോട് റാലി നടക്കുന്നതോടുകൂടി കോൺഗ്രസ്സിൽ പൊട്ടിത്തെറി വീണ്ടും വരും. ഇവിടെ നിയമസഭയിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആഭ്യന്തര വകുപ്പിനെക്കുറിച്ച് പറഞ്ഞകാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? "സംസ്ഥാനത്തെ ക്രമസമാധാനം കാത്തു സൂക്ഷിക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് അടുത്തകാലത്തായി സാമുദായിക സംഘർഷമില്ല. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ക്രമസമാധാനനില മൊത്തത്തിൽ തൃപ്തികരമാണ്". ഇതാണ് ഗവർണ്ണർ പറഞ്ഞതെങ്കിൽ ഈ ഗവൺമെന്റിനെ അനുകൂലിക്കുന്ന പത്രമാണ് മലയാള മനോരമ. ഗവൺമെന്റിനെ അനുകൂലിക്കുന്നു എന്നു മാത്രം പറഞ്ഞാൽ പോരാ. നമ്മുടെ മുഖ്യമന്ത്രിയായ ഉമ്മൻചാണ്ടിയെ മുഖ്യമന്ത്രി കസേരയിൽ ഇരുത്തിയ ബഹുമാന്യനായ ഉമ്മൻചാണ്ടിയാക്കി മാറ്റിയ പത്രമായ മലയാള മനോരമയിൽ ഇന്നു വന്ന വാർത്ത ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. "ഇത് പോലീസോ അതോ ക്രിമിനലുകളുടെ സംഘമോ" പെൺവാണിഭം മുതൽ ഹവാലാ ബിസിനസ് വരെ നഗ്നവിരുദ്ധമായ ഇടപെടലുകളിൽ പോലീസിൽ എല്ലാത്തരത്തിലുംപെട്ടവർ വിലസുകയാണ്. ഇത് പറഞ്ഞത് മലയാള മനോരമ. കാക്കിക്കുപ്പായത്തിന്റെ കരുത്തിൽ വിദേശങ്ങളിൽ ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുത്തുന്നവർ വരെ നമ്മുടെ പോലീസ് സേനയിലുണ്ട്. അഴിമതി നടത്തിയും കൊള്ളക്ക് കൂട്ടുനിന്നും, പിടിച്ചുപറിച്ചുമാണ് മുടക്കുമുതൽ സമ്പാദിക്കുക. ഗുണ്ടകളാണ് കൂട്ടുകെട്ട്. പ്രത്യുപകാരമായി ഗുണ്ടകൾക്ക് സംരക്ഷണം, ഇത് വീണ്ടും തുടരുന്നു. ജനങ്ങളുടെ ജീവനും സ്വത്തും അപഹരിക്കുന്ന അല്ലെങ്കിൽ അധോലോക പ്രവർത്തകരുടെ കാവൽക്കാരായ, വീതം പറ്റുന്ന കാക്കിക്കുപ്പായക്കാർ കൂടുതലുള്ള സംഘമായി മാറിയിരിക്കുന്നു പോലീസ്. ജനങ്ങളുടെ സംരക്ഷകരായിരിക്കേണ്ട പോലീസുകാരെ പുറത്തുനിന്ന് ആക്രമണ സേന പോലെയോ ഭീകരരെപ്പോലെയോ ജനങ്ങൾ ഭയപ്പെടുന്ന സ്ഥിതിയല്ലേ? ഈ ചോദ്യം ചോദിച്ചത് മലയാള മനോരമ. ലോക്കപ്പ് മർദ്ദനം, അകാരണമായ അറസ്റ്റ് തുടങ്ങിയ മനുഷ്യാവകാശ ലംഘനങ്ങളുടെ പേരിൽ പോലീസ് വില്ലൻ വേഷം കെട്ടുന്നുവെന്നാണ് മുഖപ്രസംഗം. ഇപ്പോൾ വിജിലൻസ്

അന്വേഷണത്തിലിരിക്കുന്ന കേസുകളുടേയും അന്വേഷണം നടത്തി നടപടി സ്വീകരിച്ചതിന്റേയും എണ്ണം നോക്കിയാൽ ഇത്രയും നല്ല പോലീസ് സേന ബ്രിട്ടനിൽ പോലും ഉണ്ടോയെന്ന് സംശയം തോന്നും. അഴിമതിയുടെ സേനയായി പോലീസ് മാറി എന്ന് ഈ ഗവൺമെന്റിനെ അനുകൂലിക്കുന്ന പത്രം മുഖപ്രസംഗം എഴുതിയ ദിവസം ഇന്നാണ്. ഇന്ന് തന്നെ നിയമസഭയിൽ ഇതിനെ സംബന്ധിച്ചുള്ള ചർച്ചയും നടക്കുന്നു. ഈ ഗവൺമെന്റിനെ അനുകൂലിക്കുന്ന ആളുകളുടെ തന്നെ പത്രത്തിൽ ഇതിനുമുൻപും ഇത്തരം വാർത്തകൾ വന്നിട്ടുണ്ട്. ഈ സഭയിലെ സഭാനേതാവായിട്ടുള്ള കോൺഗ്രസ് നേതാവ് കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തിരിക്കുന്ന ആളാണ് ശ്രീ. എം.പി. ഗംഗാധരൻ: ശ്രീ. എം.പി. ഗംഗാധരന്റെ സീറ്റ് ഡെപ്യൂട്ടി ലീഡർ സ്ഥാനത്താണ്. അദ്ദേഹം പറഞ്ഞത് നിങ്ങൾ വായിച്ചിട്ടുണ്ടോ? 'പുതിയ സർക്കാർ വന്നതോടെ സാമുദായിക സംഘർഷം വർദ്ധിച്ചു; ക്രമസമാധാനനില മോശമായി, എന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റൊന്ന് ഡെപ്യൂട്ടി സ്പീക്കർ ശ്രീ. സുന്ദരൻ നാടാർ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞത് പോലീസിനെ കയറൂരി വിടരുതെന്നാണ്. ഇവിടെ അപ്പുറത്തുനിന്ന് ശ്രീ. ജി. കാർത്തികേയൻ മുതൽ ശ്രീ. ടി.എച്ച്. മുസ്തഫ വരെയുള്ള ആളുകളുടെ പ്രസംഗം കേട്ടതിൽ ഭരണ പക്ഷത്ത്നിന്ന് പ്രസംഗിച്ച ആരെങ്കിലും ഈ ഗവൺമെന്റിനേയോ പോലീസിനേയോ അനുകൂലിച്ചിട്ടുണ്ടോ? അവസാനം പ്രസംഗിച്ച ശ്രീ. ടി. എച്ച്. മുസ്തഫ ശ്രീ. ഉമ്മൻചാണ്ടിക്ക് മാവുകം നേർന്നു എന്നുള്ളതൊഴിച്ചാൽ ഈ ഗവൺമെന്റിന്റെ പോലീസ് നയത്തിന് എതിരായിട്ടല്ലേ സംസാരിച്ചത്? ഭരണ പക്ഷത്തിരിക്കുന്ന ശ്രീ. ഗണേഷ്കുമാറിന്റെ പ്രസംഗം ഗവൺമെന്റിനെ അനുകൂലിച്ചു കൊണ്ടാണോ? ശ്രീ. ജി. കാർത്തികേയനും എം.എം. ഹസ്സനും പോലും പോലീസ് നയത്തെ ന്യായീകരിക്കാൻ സാധിച്ചില്ല. ഗവൺമെന്റിന്റെ പോലീസ് നയം ഇന്ന് ഭരണ പക്ഷത്തിന് പോലും അംഗീകരിക്കാൻ സാധിക്കില്ല. ഗവൺമെന്റിന്റെ പോലീസ് നയത്തെക്കുറിച്ച് ജനങ്ങൾക്കിടയിലെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ മുഖ്യമന്ത്രി സമ്പൂർണ്ണ പരാജയമാണെന്ന് തെളിയിക്കാൻ 100 ദിവസം മതിയെന്ന് ശ്രീ. ഉമ്മൻചാണ്ടിയാണ് ഇപ്പോൾ തെളിയിച്ചിരിക്കുന്നത്. ജാലവിദ്യകൊണ്ട് അൽഭുതം സൃഷ്ടിക്കാമെന്നാണ് അദ്ദേഹം പ്രതീക്ഷിച്ചത്. തൊപ്പിക്കുള്ളിൽനിന്ന് മുയലിനെ ചാടിക്കാൻ മജീഷ്യൻ ശ്രീ. മുതുകാടിന് മാത്രമേ സാധിക്കുകയുള്ളൂ. ശ്രീ. ഉമ്മൻചാണ്ടിക്ക് സാധിക്കില്ല. അതിന് ഏറ്റവും വലിയ തെളിവാണ് നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പടെയുള്ള ഈ സഭയിലെ കക്ഷി നേതാക്കൾ നിയമസഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല നിരാഹാരം കിടക്കുമ്പോഴാണ് നാം ഇന്ന് ഇത് ചർച്ച ചെയ്യുന്നത് എന്നത് ആ പ്രശ്നത്തിൽ ഒരാഴ്ചയ്ക്കു മുമ്പ് മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുത്തു. ഇന്നലെ വിളിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി എന്തുകൊണ്ട് തയ്യാറായില്ല? അദ്ദേഹം മുൻകൂട്ടി നിശ്ചയിച്ചിരുന്ന സഭാരേഖ പരിപാടികൾ ഒരു ദിവസം പോലും മാറ്റിവയ്ക്കാൻ തയ്യാറാകാത്തതുകൊണ്ടല്ലേ ഈ സ്ഥിതിവിശേഷം ഇവിടെ ഉണ്ടായത്? പ്രതിപക്ഷകക്ഷികളെ ഇങ്ങനെ ഒരു സമര രംഗത്തേക്ക് തള്ളിവിട്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം മുഖ്യമന്ത്രിക്ക് മാത്രം ഉള്ളതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ക്രമസമാധാന സ്ഥിതി ഓരോന്നോരോന്നായി പരിശോധിച്ചാൽ ഇവിടെയെന്താണ് നടക്കുന്നതെന്ന് മനസ്സിലാകും. ഞാൻ അതിലേയ്ക്ക് പോകുന്നതിനുമുൻപ് ആദ്യമായി നീതിന്യായ നിർവ്വഹണത്തെ സംബന്ധിച്ചുള്ള കാര്യം പറയേണ്ടതായിട്ടുണ്ട്. സുപ്രീം കോടതിയിൽനിന്നും കഴിഞ്ഞ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിധി വന്നിരിക്കുകയാണ്. വാളയാർ റൂറൽ ഇൻഡസ്ട്രീസ് കേന്ദ്രീകരിച്ച് നടന്ന ചന്ദന കള്ളക്കടത്ത് കേസിൽ ഹൈക്കോടതി പരാമർശത്തിനെതിരായി സർക്കാർ ഹർജിയുമായി സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതിയെ സമീപിച്ചപ്പോൾ സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. ടി. എൽ. വിശ്വനാഥ അയ്യരുടെ വിശദീകരണംപോലും കേൾക്കാൻ കോടതി തയ്യാറായില്ല. ചന്ദന മാഫിയയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെല്ലാം മന്ത്രിയെ പരാമർശിക്കുന്നതെന്തുകൊണ്ടാണെന്ന് സുപ്രീം കോടതി അതിരൂക്ഷം പ്രകടിപ്പിച്ചിരിക്കുകയാണ്. സ്റ്റേറ്റ് കൗൺസിലിൽ ശ്രീ. കെ. പി. വിശ്വനാഥന് വേണ്ടി ഹർജി ഫയൽ ചെയ്തത് ഭരണ യന്ത്രം ദുർവിനിയോഗിക്കാൻ വേണ്ടിയല്ലേ? മുൻ മന്ത്രിക്ക് വേണ്ടി എങ്ങനെയാണ് സുപ്രീം കോടതിയിൽ ഗവൺമെന്റ് കേസിന് പോയത്? മന്ത്രിയായിരിക്കുന്ന ആളിന്റെ പേരിലാണെങ്കിൽ നമുക്ക് മനസ്സിലാക്കാം. മുൻമന്ത്രിയായിട്ടുള്ള ആളുടെ പേരിലുള്ള കേസിൽ സുപ്രീം കോടതിയിൽ എങ്ങനെ കക്ഷി ചേർന്നു എന്ന് കോടതി തന്നെ ഇങ്ങോട്ട് ചോദിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി. ശക്തമായ വിമർശനമാണ് കോടതി മുന്നോട്ട് വച്ചത്. ഹൈക്കോടതി പരാമർശം വന്നതിനുശേഷമാണ് ശ്രീ. കെ. പി. വിശ്വനാഥൻ രാജിവച്ചത്. വിമർശനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ആ കസേരയിൽ ഇരിക്കാൻ എന്താണ് യോഗ്യതയെന്നതു സംബന്ധിച്ച് ഗവൺമെന്റിന് എതിരായിട്ടാണ് സുപ്രീം കോടതി ഹൈക്കോടതിയോട് ഈ പരാമർശം നടത്തിയിരിക്കുന്നത്. ചന്ദന മാഫിയയുമായി ബന്ധപ്പെട്ടുള്ള ഗവൺമെന്റാണ് ഈ ഗവൺമെന്റെന്ന് ഹൈക്കോടതിയും സുപ്രീംകോടതിയും വ്യക്തമായി പരാമർശിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ശ്രീ. കെ.പി. വിശ്വനാഥൻ രാജിവച്ച പശ്ചാത്തലത്തിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് രാജിവച്ച് പോകേണ്ടതാണ്. ഇവിടെ നമ്മുടെ നീതിന്യായനിർവ്വഹണത്തിലുള്ള അവസ്ഥയെന്താണ്? അഡ്വക്കേറ്റ് ജനറൽ പദവിയിൽ ഇപ്പോൾ അഞ്ച് ആൾക്കാരാണുള്ളത്. ശരിയായ ഒരു അഡ്വക്കേറ്റ് ജനറൽകൂടാതെ നാല് അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരുടെ പദവിയിൽ ആളിനെ നിശ്ചയിച്ചിരിക്കുന്നു. ഇത് സുപ്രീംകോടതി വിധിയുടെ ലംഘനം ആണ്. 2004 ഏപ്രിൽ മാസത്തിൽ സുപ്രീംകോടതിയുടെ വിധി വന്നിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റേതിന് സമാനമായ ആനുകൂല്യങ്ങൾ നൽകുന്ന മറ്റു സമാന തസ്തികകൾ സൃഷ്ടിക്കാൻ പാടില്ല എന്ന കോടതി വിധി വന്നശേഷം സെപ്റ്റംബർ മാസത്തിലാണ് ഇത്തരത്തിൽ ആളുകളെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. അവരാണെങ്കിൽ ചുവന്ന ലൈറ്റും പോലീസ് എസ്കോർട്ടും മുന്ന് അസിസ്റ്റന്റുമാരെയുമൊക്കെവച്ച് ഭരിക്കുന്നു. ഒരുമാസം ഒരു ലക്ഷം രൂപയാണ് ചുറുങ്ങിയത് ഖജനാവിൽ നിന്ന് കൊടുക്കാൻവേണ്ടി ഈ ധനവിനിയോഗബിൽ പാസാവുമ്പോൾ ചെയ്യാൻ പോകുന്നത്. നീതിന്യായ നിർവ്വഹണത്തിനായി സ്വന്തക്കാരെ നിയമിച്ചുകൊണ്ട് അനർഹമായ ആനുകൂല്യം കൊടുക്കുന്ന സംസ്ഥാന ഗവൺമെന്റ് ഉമ്മൻചാണ്ടി ഗവൺമെന്റാണ്. ശ്രീ. കെ. പി. വിശ്വനാഥനുവേണ്ടി സുപ്രീംകോടതിയിൽ പോയ ഗവൺമെന്റ് സൂര്യനെല്ലിക്കേസിൽ അപ്പീൽ കൊടുക്കാൻ തയ്യാറാകുന്നില്ല. ഇതാണ് ജനങ്ങൾ മനസ്സിലാക്കി കാണുന്ന ചിത്രം ജനങ്ങൾക്കനുകൂലമായകാര്യം ചെയ്യാൻ വേണ്ട ഗവൺമെന്റിന്റെ ബാധ്യത ഈ ഗവണമെന്റ് നിർവ്വഹിക്കുന്നില്ല എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാനപ്രശ്നത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ പറഞ്ഞത്, ശ്രീ. എ.കെ. ആന്റണി മുഖ്യന്ത്രിയായിരുന്ന കാലത്ത് ക്രമസമാധാന നില മോശമായിരുന്നു അതുകൊണ്ട് ക്രമസമാധാനം നേരെയാക്കുന്നതിന് വേണ്ടിയാണ് ശ്രീ. എ.കെ. ആന്റണിയെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നുമാറ്റി ശ്രീ. ഉമ്മൻചാണ്ടിയെ കൊണ്ടുവന്നതെന്നാണ്. പാലമെന്തായി? എ. കെ. ആന്റണി മാറി ഉമ്മൻചാണ്ടി വന്നപ്പോൾ സ്ഥിതി മെച്ചപ്പെട്ടോ? ക്രമസമാധാനം ആകെ മോശമായി. സഭയിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നടത്തിയ പ്രസംഗം ഓർക്കുന്നുണ്ടോ എന്നറിയില്ല. അന്നു പറഞ്ഞു, അമേരിക്കൻ പട്ടാളക്കാർ ഇറാക്കി ജനതയോട് കാണിക്കുന്നതിനേക്കാൾ ക്രൂരമായാണ് കേരളത്തിലെ പോലീസ് കിളളിയിലെ ജനങ്ങളോട് കാണിച്ചതെന്ന് അന്ന് ശ്രീ. എ. കെ. ആന്റണിക്കെതിരെ വിമർശനം മുയർന്നിരുന്നു. ശ്രീ. എ. കെ. ആന്റണിയെ മാറ്റി, അവസാനം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെ മന്ത്രിസഭയിൽ കൊണ്ടുവന്നു. ശ്രീ. ഉമ്മൻ ചാണ്ടിയും ഇവരെല്ലാം ഉൾപ്പെടുന്ന മന്ത്രിസഭ വന്നപ്പോൾ കേരള സംസ്ഥാനം നേരെയായോ? ആറു മാസത്തിനിടയിൽ കുറ്റകൃത്യങ്ങളുടെ എണ്ണം പെരുകി. ശ്രീ. ആന്റണി പോയി ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി വന്നശേഷം കുറ്റകൃത്യങ്ങൾ പെരുകി. ജനുവരി 15 ന് സഭയിൽ പറഞ്ഞ കണക്കുപ്രകാരം ഭവനഭേദനം 13318. ആറു മാസം കൊണ്ട് പുതിയതായി 4201, അങ്ങനെ 17519. ഇവിടെ ഓരോ ദിവസവും ഇരുപത്തിമൂന്നു വീടുവച്ച് കവർച്ച ചെയ്യപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കൊലപാതകങ്ങൾ വർദ്ധിച്ചിരിക്കുന്നു. ആറു മാസം കൊണ്ട് 469 കൊലപാതകങ്ങൾ. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയശേഷം ശരാശരി ഒരു ദിവസം മൂന്ന് ആൾ വീതം കൊലചെയ്യപ്പെടുന്ന സംസ്ഥാനമായി കേരളം മാറി. ആറു മാസത്തിനിടെ പന്ത്രണ്ടു വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു. ഒരു മാസം ശരാശരി രണ്ടു വർഗ്ഗീയ സംഘട്ടനങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറി. അതുപോലെ പെൺവാണിഭ കേസുകൾ , സ്ത്രീപീഡനങ്ങൾ. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയശേഷം എട്ടു പെൺവാണിഭ കേസുകൾ ഉണ്ടായി, സ്ത്രീ പീഡനം വർദ്ധിച്ചു. 43 കൊലപാതകകേസുകളിലെ കേസ് പ്രതികളെ ഇനിയും പിടികൂടാൻ കഴിഞ്ഞിട്ടില്ല. പോലീസ് ഓഫീസർമാരിൽത്തന്നെ ക്രിമിനലുകൾ, അതാണ് ഡി.വൈ.എസ്.പി. ഷാജിയുടെ കഥ പറയുന്നത്. 29 പോലീസ് ഉദ്യോഗസ്ഥൻമാർ ക്രിമിനൽ കേസിൽ പ്രതികളാണ്. 38 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു എന്ന് നിയമസഭയിൽ പറഞ്ഞു. പോലീസുകാർ തന്നെ ആത്മഹത്യചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് 54 പോലീസുകാർ ആത്മഹത്യചെയ്തു. കർഷകർ മാത്രമല്ല പോലീസുകാർ പോലും ആത്മഹത്യചെയ്യുന്ന സ്ഥിതിയാണ് കേരളത്തിലുള്ളത്. ലോക്കപ്പ് മർദ്ദനം ഇവിടെ തുടർച്ചയായി നടക്കുന്നു. പന്ത്രണ്ടോളുകൾ ലോക്കപ്പ് മർദ്ദനം മൂലം ഈ സംസ്ഥാനത്ത് മരണപ്പെട്ടു. പോലീസ് കസ്റ്റഡിയിൽ അഞ്ച് ആളുകൾ മരിച്ചെന്നാണ് നിയമസഭയിലെ കണക്ക്. ജയിലിനകത്ത് കൊലപാതകം നടക്കുന്നു. രവീന്ദ്രനെ ജയിലിൽവച്ച് കുത്തിക്കൊന്നു. പോലീസ് മർദ്ദനം കാരണം ഒരു കോൺഗ്രസ് പ്രവർത്തകൻ മരിച്ചു. പെരുങ്കടവിളയിൽ ഒരു ബിജുകുമാർ ലോക്കപ്പ് മർദ്ദനത്തിൽ കൊലചെയ്യപ്പെട്ടു. ആ ശവവും കൊണ്ട് ആളുകൾ റോഡു തടഞ്ഞുവയ്ക്കുന്ന അവസ്ഥയുണ്ടായി. ഈ സംസ്ഥാനത്ത് പോലീസുകാർക്ക് എന്തുംചെയ്യാൻ സാധിക്കും വിധത്തിൽ ലോക്കപ്പ് മർദ്ദനങ്ങൾ നടക്കുന്നു. അതിനുവേണ്ടി ഈ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ടോ. അങ്ങനെ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രി ന്യായീകരിക്കും. ലോക്കപ്പിൽ ഒരു ജിജു കൊലചെയ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് അദ്ദേഹം പോലീസ് കസ്റ്റഡിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുപോയി എണ്ണ തേച്ചുകുളിച്ചു മരണപ്പെട്ടു എന്നാണ്. അത്ഭുതകരമായ മരണങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറിയില്ലേ? ജനങ്ങൾക്കുനേരെ എന്തെല്ലാം ആയുധങ്ങളാണ് പ്രയോഗിക്കുന്നത്? സംസ്കൃത സർവ്വകലാശാലാ യൂണിയൻ ചെയർമാനായിട്ടുള്ള ബിനിഷ് അടക്കമുള്ള വിദ്യാർത്ഥി പ്രതിനിധികളെ പരിയാരം മെഡിക്കൽ കോളേജിനുമുൻപിൽ പ്രകടനം നടത്തിയതിന്-പിടിച്ചുകൊണ്ടുപോയി ഷർട്ടും മുണ്ടും ഊരിയിട്ട് അവരുടെ ഗുഹ്യഭാഗത്ത് പോലീസ് ഇലക്ട്രിക് ലാത്തി പ്രയോഗിച്ചു മൃഗങ്ങൾക്കുനേരെപോലും ഇലക്ട്രിക്ക് ഷോക്ക് വെയ്ക്കാൻ പാടില്ല എന്ന് നിയമം ഉള്ള രാജ്യത്ത് വിദ്യാർത്ഥി പ്രവർത്തകർക്കുനേരെ ഇലക്ട്രിക്ക് ബാറ്റൺ പ്രയോഗിച്ചു. മന്ത്രിസഭ ഗവൺമെന്റ് ഇലക്ട്രിക്ക് ബാറ്റൺ വാങ്ങാൻ പോലീസിന് അധികാരം കൊടുത്തിട്ടുണ്ടോ ? എങ്ങിനെ പോലീസിന് ഇലക്ട്രിക് ലാത്തി കിട്ടി? ഇതിനെ സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ പറയണം. എന്തും ചെയ്യാൻ പോലീസിന് അധികാരം കൊടുത്തിട്ടുണ്ടോ? ഇത്തരം ആയുധങ്ങൾ വാങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ഇലക്ട്രിക് ബാറ്റൺ എന്നു പറയുന്നത് പോലീസിന് മാത്രം കിട്ടുന്ന സാധനമല്ല. നിയമവിരുദ്ധമായി ജനങ്ങൾക്കുനേരെ ഇത്തരം ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആക്രമണം തുടങ്ങിയാൽ ജനങ്ങൾ തിരിച്ചടിക്കും. ഞാൻ അന്വേഷിച്ചപ്പോൾ ഇത് ഉണ്ടാക്കി കൊടുത്തയാൾ തലശ്ശേരിയിലുണ്ട്. അയാളത് ഉണ്ടാക്കികൊടുക്കുമ്പോൾ പറഞ്ഞിരുന്നു ഇത് ഉപയോഗിക്കുമ്പോൾ കൈക്ക് അടിയ്ക്കുകിൽ കാൽമുട്ടിന് താഴെ മാത്രമേ പ്രയോഗിക്കാൻ പാടുള്ളൂ എന്ന്. ഇത് ഡി.വൈ.എസ്.പി. പ്രയോഗിച്ചത് ഗുഹ്യഭാഗത്തും. ഇനി ഇത് പ്രയോഗിക്കുകയാണെങ്കിൽ സമരത്തിനുപോകുമ്പോൾ ഞങ്ങളും അങ്ങനെയെല്ലാം കൊണ്ടുപോകും. എസ്.പി. ഇങ്ങോട്ടുവയ്ക്കുമ്പോൾ എസ്.പി.യുടെ മറ്റേ സ്ഥലത്ത് ഞങ്ങൾ അങ്ങോട്ടും വയ്ക്കും. നിയമവിരുദ്ധമായി ആയുധം പ്രയോഗിക്കാൻ സാധിക്കുന്ന രീതിയിൽ പോലീസിനെ കയറൂരിവിട്ടിരിക്കുകയാണ്. ഇറാക്കിലെ അബുഗരീബ് ജയിലിൽ ഇറാക്കി തടവുകാരെ അമേരിക്കൻ പട്ടാളക്കാർ നഗ്നരാക്കി പീഡിപ്പിച്ചു. അമേരിക്കൻ പോലീസിന്റെ പൈശാചികതയാണ് ഉമ്മൻചാണ്ടിയുടെ പോലീസിൽ കാണുന്നത്. പോലീസിന്റെ ഇത്തരം നടപടികൾ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്കാവുമോ എന്നാണ് എനിക്കറിയേണ്ടത്. ആന്റണിയെ മാറ്റി ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം വർഗ്ഗീയ സംഘടനങ്ങൾ ഇപ്പോഴും നടക്കുന്നു. വള്ളിക്കുന്നത്ത് അഷറഫ് എന്നു പറയുന്ന ആളെ പള്ളിക്കത്തുകയറി വെട്ടിക്കൊന്ന കാപാലികസംഘത്തിന്, ആക്രമണം നടത്തിയ കൊലപാതകികൾക്ക് ഉമ്മൻചാണ്ടിയുടെ ഭരണത്തിൽ രക്ഷ. എല്ലാ പ്രതികളെയും ഇതുവരെ പിടികൂടാൻ സാധിച്ചില്ല. ഇവിടെ ആക്രമണത്തിന് വിധേയരായ ആളുകൾക്ക് നഷ്ട പരിഹാരം കൊടുക്കണം. മാറാട്ട് പത്തുലക്ഷം രൂപ കൊടുത്തു. ആ പള്ളിയിൽ കയറി നടത്തിയ ആക്രമണത്തിൽ മരിച്ച അഷറഫിന് എന്തുകൊടുത്തു? ചെങ്ങന്നൂരിൽ ബുധനൂർ എന്ന സ്ഥലത്ത് ക്രിസ്ത്യൻ മിഷനറിമാർ ആക്രമിക്കപ്പെട്ടു. ഒളവണ്ണയിൽ മിഷനറീസ് ഓഫ് ചാരിറ്റീസിന്റെ കന്യാസ്ത്രീകൾ ആക്രമിക്കപ്പെട്ടു. ഇൻഡ്യാ രാജ്യത്ത് ആദ്യമായിട്ടാണ് മിഷനറീസ് ഓഫ് ചാരിറ്റീസിന്റെ പ്രവർത്തകർ ആക്രമിക്കപ്പെടുന്നത്. ശ്രീ. ഉമ്മൻചാണ്ടി ഭരിക്കുന്ന കേരളത്തിൽ. ഈ കേരളത്തിലാദ്യമായിട്ടാണ് പള്ളിയിൽവച്ച് ഒരു ക്രൈസ്തവ പുരോഹിതൻ കൊലചെയ്യപ്പെട്ടത്. -ഫാദർ ജോബ് ചിറ്റിലപ്പള്ളി. ആ കേസിലെ പ്രതികളെ പിടികൂടാൻ ഗവൺമെന്റിന് സാധിച്ചില്ല. മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ കിടക്കുന്ന പാറ്റൂർ പള്ളി കയ്യേറ്റക്കാൻ ശ്രമം നടത്തി. പള്ളിയുടെ അൾത്താരയ്ക്ക് തീവച്ചു. ഇവിടെ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെന്താണെന്ന് വ്യക്തമാണ്. നമ്മുടെ കേരളത്തിൽ പോലീസിന്റെ അഴിമതി വ്യാപകമാണ്. എന്നാരോപിച്ചിരിക്കുന്നത് കോൺഗ്രസ്സിലെ സീനിയർ നേതാവ് ശ്രീ. കെ. കരുണാകരനാണ്. പോലീസിൽ അഴിമതി നടക്കുന്നു; നിയമനങ്ങളിൽ അഴിമതി നടക്കുന്നു എന്നദ്ദേഹം പറയുന്നു. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറയുന്നു, തന്റെ മണ്ഡലത്തിൽതന്നെ തടഞ്ഞുവച്ച് പരസ്യമായി ഇരുനൂറു രൂപ ആവശ്യപ്പെട്ടുവെന്ന്. ഒരു എം.എൽ.എ. യെ തടഞ്ഞു നിർത്തി കൈക്കൂലി ചോദിക്കുന്ന സ്റ്റേറ്റ് ഈ കേരളം അല്ലാതെ എവിടെയുണ്ട്? ഞാൻ സ്ഥലം എം.എൽ.എ.യാണ് എന്നു പറഞ്ഞപ്പോൾ താൻ ആരായാലും തരക്കേടില്ല പണം നൽകിയിട്ട് പോയാൽ മതിയെന്നാണ് എസ്.ഐ. പറഞ്ഞത്. ഹൈവേ പോലീസ് ഹൈവേ റോബറി ആണ് നടത്തുന്നതെന്ന് കോൺഗ്രസ് എം.എൽ. എ. ശ്രീ. ജി. പ്രതാപവർമ്മ തമ്പാനാണ് പറഞ്ഞത്. പോലീസിലെ ഉദ്യോഗസ്ഥർക്ക് മാമൂൽ കൊടുക്കണമെന്ന് മംഗളം പത്രം എഴുതി. പോലീസ് ഉദ്യോഗസ്ഥന് നാല്പത്തയ്യായിരം, പോലീസുകാർക്ക് അൻപത്തയ്യായിരം ഇങ്ങനെ മാമൂൽ കൊടുക്കണമെന്നാണ് കേരള കൗമുദിയിൽ വന്ന വാർത്ത. പന്ത്രണ്ട് പോലീസ് ഡിവിഷനുകളിൽ പടി വാങ്ങുന്നു; മിനി ഗൾഫ് ആണെന്ന് റിപ്പോർട്ട് വന്നു. എന്തു നടപടി സ്വീകരിച്ചു? ഏറ്റവും പ്രിയപ്പെട്ട പന്ത്രണ്ടു സബ്ഡിവിഷനുകളിലേയ്ക്ക് ഡി.വൈ.എസ്.പി. മാരെ നിയമിക്കുന്നതിന് കൈക്കൂലി വാങ്ങിക്കുന്നു എന്നാണ് ആക്ഷേപം. ദീപിക പത്രം പറഞ്ഞു ഡി.വൈ.എസ്.പി., സി.ഐ. സ്ഥലം മാറ്റ ലിസ്റ്റ് അട്ടിമറിക്കുന്നു. തൈക്കാട് ഗസ്റ്റ് ഹൗസ് കേന്ദ്രീകരിച്ച് സംഘം പ്രവർത്തിക്കുന്നു. ഞങ്ങൾ ശ്രീ. എ. കെ ആന്റണിയെ ശക്തമായി വിമർശിച്ചിട്ടുണ്ട്. പക്ഷേ ശ്രീ. എ. കെ ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇങ്ങനെ ഒരു ആക്ഷേപം ഉണ്ടായിട്ടില്ല. ശ്രീ. എ. കെ ആന്റണി മാറി ശ്രീ. ഉമ്മൻചാണ്ടി വന്നപ്പോൾ എങ്ങനെ ഇങ്ങനെ ഒരു ആക്ഷേപം ഉണ്ടായി? മറുപടി പ്രസംഗം പറയുമ്പോൾ പറയും എന്ന് പ്രതീക്ഷിക്കുന്നു. ചീഫ് സെക്രട്ടറിക്കും രക്ഷകിട്ടിയില്ല. ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ് വീട്ടു സാധനവുമായി വന്നപ്പോൾ അദ്ദേഹത്തെ തടഞ്ഞുനിർത്തിയില്ലേ? അദ്ദേഹത്തോട് പറഞ്ഞത് ചീഫ് സെക്രട്ടറിയായാലും പ്രധാനമന്ത്രിയുടെ സാധനമായാലും തരക്കേടില്ല ഞങ്ങൾക്കു കിട്ടേണ്ടതു കിട്ടണം എന്നാണ്. അവർ ആയിരത്തിയൻപതു രൂപ ചെക്ക് പോസ്റ്റിൽ കൊടുത്തു; നാനൂറ്റിയെഴുപത്തഞ്ചുരൂപയ്ക്ക് റെസീപ്റ്റ് കൊടുത്തു. കൈക്കൂലിക്ക് റെസീപ്റ്റ് കൊടുക്കുന്ന സംസ്ഥാനം, അതാണ് യു.ഡി.എഫ് . ഭരിക്കുന്ന കേരളം പോലീസിൽ അഴിമതി വ്യാപിച്ചിരിക്കുകയാണ്. വൻ അഴിമതി നടക്കുന്ന അവസ്ഥയിലേയ്ക്ക് വന്നാൽ പോലീസിനെ നിയന്ത്രിക്കാൻ ആർക്കു സാധിക്കും? ഇതിന്റെ ഫലമായി പോലീസിൽ തോന്നുന്നപോലെ ചെയ്യും പോലീസ് ഇന്ന് അരാജകത്വത്തിലാണ്. നാഥനില്ലാത്ത അവസ്ഥ സീനിയോറിറ്റി മറികടന്നാണ് പല നിയമനങ്ങളും നടത്തുന്നതെന്ന ആക്ഷേപം ഉണ്ടാവുകയാണ്. ഡി.ജി.പി. നിയമനത്തിൽ സീനിയോറിറ്റി മറികടന്നു എന്നാക്ഷേപമുണ്ട്. ഡി.ജി.പി. നിയമനം നടത്തികഴിഞ്ഞ് ഡി.ജി.പി. ആയതിന്റെ പേരിൽ സല്യൂട്ട് ചെയ്യാൻ മുതിർന്ന ഓഫീസറുടെ അടുത്ത്, അദ്ദേഹത്തിന്റെ സമാന ഗ്രേഡിലുള്ള ഓഫീസറുടെ അടുത്ത് ചെന്ന് പുതിയ ഡി.ജി.പി. പോയി സല്യൂട്ട് ചെയ്തപ്പോൾ മറ്റേ ഡി.ജി.പി. എഴുന്നേറ്റില്ല എന്ന് ഒരു പത്രം റിപ്പോർട്ടു ചെയ്യുന്നു. എന്തൊരു ദയനീയ അവസ്ഥയാണ്. പോലീസ് സേന ഒരു നാഥനില്ലാത്ത അവസ്ഥയിലേക്ക് നീങ്ങുകയാണോ; പോലീസിന്റെ അച്ചടക്കം തകരുകയാണോ എന്ന് തോന്നുകയാണ്. ഇവിടെ മനുഷ്യാവകാശ കമ്മീഷനു മുൻപാകെ ഡി.ഐ.ജി.ക്കതിരെ പരാതി കൊടുത്തിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഐ. ജി. ശ്രീ. ശങ്കർ റെഡ്ഡിക്കെതിരെ ശ്രീ. സഞ്ജീവ്കുമാർ പട്ജോഷിയുടെ പരാതി. മറ്റേതെങ്കിലും സ്റ്റേറ്റിൽ ഇതു നടക്കുമോ? പോലീസിലെ മേലുദ്യോഗസ്ഥൻമാർ തമ്മിൽ ഇതാണ് സ്ഥിതിയെങ്കിൽ, അരാജകത്വത്തിലേക്ക് കേരള പോലീസ് മാറിയാൽ ഇവിടെ എന്തും സംഭവിക്കും. ജയിൽ വകുപ്പിൽ ഉയർന്ന ഉദ്യോഗസ്ഥൻമാർ കീഴുദ്യോഗസ്ഥൻമാരെ തല്ലുന്നു. ഡി.ജി.പി.ക്ക് എതിരെ ഡി.ഐ.ജി. ഉൾപ്പെടെയുള്ളവർ കലാപത്തിനുപോകുന്നു. ഇതെല്ലാം വ്യക്തമാക്കുന്നത് ഇവിടെ എന്തൊക്കെയോ ചീഞ്ഞു നാറുന്നുവെന്നാണ്. ആരോഗ്യവകുപ്പിന്റെ കീഴിൽ കെമിക്കൽ എക്സാമിനേഷൻ ലാബിൽ വകുപ്പുമേധാവി വിരമിച്ചാൽ സാധാരണ ഗതിയിൽ സീനിയറായ ജോയിന്റ് കെമിക്കൽ എക്സാമിനർക്കാണ് ചുമതല കൊടുക്കുന്നത്. എല്ലാ മാനദണ്ഡങ്ങളും മറികടന്ന് ഒരു ബാലകൃഷ്ണപിള്ളയ്ക്കാണ് ഇപ്പോൾ ചുമതല നൽകിയിരിക്കുന്നത്. ഈ ബാലകൃഷ്ണപിള്ളയാണെങ്കിൽ ഏറ്റവും ജൂനിയറായ ആളെന്നുമാത്രമല്ല അദ്ദേഹം വിജിലൻസ് കേസിൽപ്പെട്ടയാളാണ്. അദ്ദേഹത്തിനാണ് ചീഫ് കെമിക്കൽ എക്സാമിനറുടെ സ്ഥാനം കൊടുത്തിരിക്കുന്നത്. ഇങ്ങനെ എല്ലാ രംഗത്തും ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം സ്വന്തക്കാരെ തിരുകിക്കയറ്റുകയെന്നതാണ്. ഈ ബാലകൃഷ്ണപിള്ള എന്നയാൾ കുപ്പണ മദ്യദുരന്തക്കേസിൽ അന്ന് രാസപരിശോധനയിൽ കൃത്രിമം നടത്തിയതിന്റെ പേരിൽ വിവാദ പുരുഷനായിരുന്നതാണ്. ആ ആളെ ഈ സ്ഥാനത്തേക്ക് നിയമിച്ചു. ഇത്തരംനിയമനങ്ങളിൽപ്പോലും ഗവൺമെന്റ് സ്വീകരിക്കുന്ന നടപടി ഇവിടെ വലിയ വിമർശനങ്ങൾക്ക് വിധേയമായിരിക്കുകയാണ്. സംസ്ഥാനത്ത് ഇപ്പോൾ ഗവൺമെന്റിന്റെ നടപടികൾ പൊതുവിൽ എല്ലാ ഡിപ്പാർട്ടുമെന്റു കളിലും അരാജകത്വമുണ്ടാക്കുകയാണ്. കോൺഗ്രസിൽ വേണ്ടപ്പെട്ടവർക്കുമാത്രം ഇത്തരം സ്ഥാനങ്ങൾ നൽകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നു. പോലീസുകാർ നടത്തുന്ന പീഡനത്തിന് ഇന്ന് യാതൊരു കണക്കുമില്ല. ഇപ്പോൾ പോലീസിൽ ഒരു പുതിയ വിഭാഗം വന്നിരിക്കുകയാണ്. പേര് ചങ്ങാതിപോലീസ്. മുഖ്യമന്ത്രി പറയണം, ചങ്ങാതി പോലീസെന്നു പറയുന്ന പോലീസിനെ ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? എല്ലാ പോലീസ് സ്റ്റേഷനുകളിലും നാലഞ്ച് ആളുകളെ നിശ്ചയിച്ചിരിക്കുന്നു ചങ്ങാതിപോലീസായി: അവർ ഏത് സ്റ്റേഷനിലും പോകും ഭരണം നിയന്ത്രിക്കുന്നു. അന്വേഷിച്ചപ്പോൾ മനസ്സിലായി കോൺഗ്രസിനകത്തുള്ള പുതിയ ഗ്രൂപ്പാണ് ചങ്ങാതി പോലീസ് എന്ന്. അതിന്റെ പേര് പോലീസ് (ഇ) (ഉമ്മൻചാണ്ടി പോലീസ്). നമ്മുടെ നാട്ടിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മൂന്നാല് ആളുകളെ ചങ്ങാതി പോലീസുകാരായി നിയമിച്ചിട്ടുണ്ട്. അവരാണ് ശുപാർശക്കാരായി നിൽക്കുന്നത്; അവരാണ് ഇടനിലക്കാരായിനിന്ന് പോലീസിന് കൈക്കൂലി വാങ്ങിക്കൊടുക്കുന്നത്. ഇത് മുഖ്യമന്ത്രിയുടെ അനുവാദത്തോടുകൂടിയാണോ എന്ന് നിയമസഭയിൽ വ്യക്തമാക്കണം. ഹവാലക്കേസിൽ ഗവൺമെന്റ് അന്വേഷണം നടത്തുന്നുണ്ടോ? തമിഴ്നാട്ടിൽനിന്ന് ഹവാലക്കേസുകൾ പിടിക്കുമ്പോൾ അതെല്ലാം വന്നുപെടുന്നത് കേരളത്തിലാണ്. ഇവിടെ എഴുന്നൂറുകോടി രൂപയുടെ ഹവാല പണം വന്നു. ഈ ഹവാല പണം ഉപയോഗിച്ചാണ് ഇവിടെ തീവ്രവാദ പ്രവർത്തനം നടത്തുന്നത്. സംസ്ഥാന ഡി.ജി.പി. ആയിരുന്ന ശ്രീ. ഹോർമിസ് തരകൻ പരസ്യമായി നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ഭയാനകമാണെന്ന് പറഞ്ഞുകൊണ്ടാണ് കേരളംവിട്ട് ഡൽഹിയിലേക്ക് പോയിരിക്കുന്നത്. ഹവാല പണം മത-തീവ്രവാദ പ്രവർത്തനത്തിന് ഉപയോഗിക്കുന്നു: ഇതിന്റെ ഭാഗമായി മുസ്ലീം ലീഗ് സ്വീകരിക്കുന്ന സമീപനം ഇതിന് കൂട്ടുനിൽക്കുന്നതാണ്. മത-തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിന് മുസ്ളീംലീഗ് സഹകരിക്കുന്ന സമീപനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ പലയിടത്തും മുസ്ളിംലീഗ് പഞ്ചായത്ത് കമ്മിറ്റി എന്ന പേരിൽ ചില നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ആ ലഘുലേഖയിൽ പറയുന്നത്. പെൺകുട്ടികളെ കമ്മ്യൂണിസ്റ്റുകാർക്ക് വിവാഹം ചെയ്തുകൊടുക്കുന്നതും കമ്മ്യൂണിസ്റ്റുകാരനായ ഒരാൾ പിതാവിന്റെ സ്ഥാനത്തിൽ അവകാശം നൽകുന്നതും ഇസ്ളാം മതമൂല്യം ന്യായീകരിക്കുന്നില്ല എന്നാണ്. കൂടാതെ കമ്മ്യൂണിസ്റ്റായി മരിക്കുന്നപക്ഷം മയ്യത്ത് കുളിപ്പിക്കുന്നതും മയ്യത്ത് നമസ്ക്കരിക്കുന്നതും അനുവദനീയമല്ലായെന്നാണ് കരുവാരക്കുണ്ട് ലീഗ് കമ്മിറ്റി പ്രസിദ്ധീകരിച്ച നോട്ടീസിൽ പറയുന്നത്. ഇത് തെറ്റാണെന്ന് മുസ്ളീംലീഗുകാർ പറയട്ടെ ഞങ്ങളതിനോട് യോജിക്കുന്നില്ല. ഇങ്ങനെ ഒരു നോട്ടീസ് നമ്മുടെ മതേതര സങ്കല്പത്തിനെതിരാണെന്ന് അവർ പറയട്ടെ. നമ്മുടെ നാട്ടിൽ മതേതര രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കാൻ പാടില്ലാത്ത നിലപാടാണ് മുസ്ളീം ലീഗിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ഇതൊന്നും ഈ കേരളത്തിൽ നടക്കുന്ന കാര്യമല്ല. മുസ്ളീം കുടുംബത്തിൽനിന്ന് സർവ്വീസിലായിരുന്ന പുതിയാപ്ളമാരെ കിട്ടാൻ ഡി.വൈ.എഫ്.ഐ. ഓഫീസിൽ ക്യൂ നിൽക്കുന്ന കാലമാണ്. കേരളത്തിൽ ആ നിലയ്ക്ക് കമ്മ്യൂണിസ്റ്റുകാരുടെ കുടുംബത്തിൽ നിന്ന് കല്യാണം കഴിക്കാൻ പാടില്ലയെന്നു പറഞ്ഞാൽ നടപ്പുള്ള കാര്യമാണോ? കമ്മ്യൂണിസ്റ്റുകാരായ ആളുകളെ കമ്മ്യൂണിസ്റ്റായതിന്റെ പേരിൽ മൊഴിചൊല്ലാൻ പറഞ്ഞാൽ അതു നടക്കുമോ? മുസ്ളീം ലീഗിന്റെ ജില്ലാ സെക്രട്ടറി സി. പി കുഞ്ഞാലിക്കുട്ടിയായിരുന്ന കാലത്താണ് ശ്രീ. മഞ്ഞളാംകുഴി അലി അദ്ദേഹത്തിന്റെ മകളെ കല്യാണം കഴിച്ചത്. ഇത്തരത്തിൽ എത്രയെത്ര കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. ഇത്തരത്തിൽ പ്രചാരവേലചെയ്യുന്ന മുസ്ളീം ലീഗിനോട് ചോദിക്കട്ടെ ആളുകളെ മൊഴിചൊല്ലണമെന്നൊക്കെ പറയുന്നത് കേരളത്തിൽ നടക്കുന്ന കാര്യമാണോ? ഇവിടെ കാലം മാറിപ്പോയി നാടുമാറി. മുസ്ളിം ജനവിഭാഗങ്ങൾ കൂട്ടത്തോടെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെടുന്നതിന്റെ വെപ്രാളമാണ് . മലപ്പുറത്ത് സി.പി.എം.ന്റെ സംസ്ഥാന സമ്മേളനം കഴിഞ്ഞപ്പോൾ, മുസ്ളീം ലീഗിന്റെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോയപ്പോൾ അവർ അക്രമത്തിലേക്ക് തിരിഞ്ഞിരിക്കുകയാണ്. മലപ്പുറത്ത് എൽ.ഡി.എഫിന്റെ ശ്രീ. ബി.പി . അബ്ദുഹാജിയെ ലീഗുകാർ ആക്രമിച്ചു. പരപ്പനങ്ങാടിയിൽ അബ്ദുറഹിമാനെ ആക്രമിച്ചു. വെളുമ്പിശേരിയിൽ മറ്റൊരു അബ്ദുറഹിമാനും ആക്രമിക്കപ്പെട്ടു. മുസ്ളീംലീഗുകാർ ആക്രമണം അഴിച്ചുവിടുന്നു. അക്രമം നടത്തി മുന്നേറ്റം തടയാം എന്നാണുദ്ദേശിക്കുന്നതെങ്കിൽ അതൊന്നും കേരളത്തിൽ നടക്കുന്ന കാര്യമല്ല എന്നവർ മനസ്സിലാക്കണം. കേരളത്തിൽ ഈ ഭരണത്തിൻകീഴിൽ ക്രമസമാധാനം നഷ്ടപ്പെടുന്നു.

സർ, ഇവിടെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനം ന്യൂനപക്ഷങ്ങൾക്കുവേണ്ടി എല്ലാ കാലത്തും സംസാരിച്ചിട്ടുള്ള പാർട്ടിയാണ്. കഴിഞ്ഞ ദിവസം സുപ്രധാനമായ ഒരു സംഭവം നടന്നു. സി.പി.എം.ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. സുർജിത് സിംഗും സി.പി.ഐ.യുടെ സെക്രട്ടറി ശ്രീ. ബർദ്ധനും ചേർന്ന് പാക്കിസ്ഥാനിൽ പോയി. ഇന്ത്യാ രാജ്യത്തിനുണ്ടായിരിക്കുന്ന നേട്ടങ്ങളിൽ കേരളത്തിനുകൂടി പങ്കാളിത്തമുണ്ട്. അവിടെ 800 തടവുകാരെ പാക്കിസ്ഥാൻ വിട്ടയയ്ക്കാൻ തീരുമാനിച്ചു. ഇവിടേക്ക് വരാൻ ആഗ്രഹിക്കുന്ന ധാരാളം ഇന്ത്യാക്കാർ ഇപ്പോൾ കറാച്ചിയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കുടുംബം ഇവിടെയുണ്ട്. 80-ഉം 70-ഉം വയസ്സായ ആളുകൾ കറാച്ചിയിൽ ജീവിക്കുന്നു. അവർക്ക് ഈ നാട്ടിൽ വരാനുള്ള അന്തരീക്ഷമുണ്ടായിട്ടുണ്ട്. ഈ അന്തരീക്ഷം ഉപയോഗിച്ച് ഗുജറാത്തിലെ ഗവൺമെന്റ് ഇടപെട്ട് 2000 ആളുകളെ പാക്കിസ്ഥാനിൽനിന്നും ഇങ്ങോട്ടുകൊണ്ടുവരാനുള്ള അനുവാദം വാങ്ങി. ഈ സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടണം. സംസ്ഥാന ഗവൺമെന്റ് ഇടപെട്ടാൽ മാത്രമേ ചെയ്യാൻ കഴിയൂ എന്നാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം. അതുകൊണ്ട് നമ്മുടെ നാട്ടിലെ ആളുകളെ, പരമ്പരാഗതമായി കറാച്ചിയിൽ കഴിയുന്ന മലയാളികളെ ഇവിടെ എത്തിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതിൽ മുഖ്യമന്ത്രി ഇടപെടണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

മറ്റൊരുകാര്യംകൂടി ഇവിടെ പറയട്ടെ, ജയിൽ വകുപ്പ് ഇന്ന് ആകെ അനാഥമായി കിടക്കുകയാണ്. ജയിലിനെക്കുറിച്ച് വരുന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണ്. പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും കഞ്ചാവ് പിടികൂടിയ വാർത്ത വന്നു. ഇന്ന് ജയിൽ ഡി.ഐ.ജി.യുടേയും സൂപ്രണ്ടിന്റേയും വസതികളിൽ ഡി.ജി.പി.യുടെ മിന്നൽ പരിശോധനയാണ്. പരോൾ കൊടുക്കുന്ന കാര്യത്തിൽ വലിയ ആക്ഷേപം നിലനിൽക്കുകയാണ്. വേണ്ടപ്പെട്ടവർക്കു മാത്രമാണ് ഇപ്പോൾ പരോൾ കൊടുക്കുന്നത്. ജയിലിൽ കിടക്കുന്ന ആളുകളെ ഞാൻ പലപ്പോഴും പോയി കാണാറുണ്ട്. അവിടെ പോയാൽ കിട്ടുന്ന റിപ്പോർട്ട് 8 കൊല്ലം വരെയായിട്ടും ഒരു ദിവസംപോലും പരോളിൽ ഇറങ്ങാൻ കഴിയാത്ത ആളുകൾ ജയിലിലുണ്ടെന്നുള്ളതാണ്. രണ്ടും മൂന്നും വർഷമായി തുടർച്ചയായി പരോൾ കിട്ടാത്ത ആളുകളുണ്ട്. സി.പി.എം.കാരായ തടവുകാർക്ക് പരോൾ കൊടുക്കാതിരിക്കുക എന്നുള്ള സമീപനം ഇപ്പോൾ പോലീസും ജയിൽ അധികൃതരും ചേർന്ന് സ്വീകരിക്കുന്നുണ്ട്. കോൺഗ്രസ്സിന്റെ ആളുകൾക്ക് ഇഷ്ടംപോലെ പരോൾ കൊടുക്കുകയാണ്. പരോളിൽ ക്രമക്കേട് നടക്കുന്നു. ഇതിന് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ജയിൽ ഡി.ജി.പി.തന്നെ ആവശ്യപ്പെട്ടിരിക്കുന്നു. ഒരു ജുഡീഷ്യൽ അന്വേഷണം ഈ കാര്യത്തിൽ നടത്താൻ മുഖ്യമന്ത്രി തയ്യാറാണോ? മലയാള മനോരമയിൽ വന്ന വാർത്ത മാത്രം എടുത്താൽ മതി. ദേശാഭിമാനിയിൽ പറയുന്നതല്ല ഞാൻ പറയുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ? എല്ലാ രംഗത്തും സർവ്വത്ര നാശത്തിലേക്ക് നയിക്കുന്ന ഒരു മന്ത്രിസഭയാണ് ഇവിടെ ധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ല. കാരണം അവിടെ തമ്മിലടി മാത്രമേയുള്ളൂ. ഇവിടെ തമ്മിലടിക്കുന്ന മന്ത്രിസഭയ്ക്ക് കേരളത്തെ എങ്ങനെ രക്ഷിക്കാൻ കഴിയും? ക്രമസമാധാനം എങ്ങനെ നടക്കും? ഗവൺമെന്റിലുണ്ടാകുന്ന തമ്മിലടി, വകുപ്പു തലവന്മാർ തമ്മിലുള്ള തമ്മിലടിയായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നിയമവാഴ്ചയില്ലാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിനെ സംബന്ധിച്ച് ഭരണത്തിന് നേതൃത്വം കൊടുക്കുന്ന തലത്തിലാണ് ഇപ്പോൾ തമ്മിലടി മൂർച്ഛിച്ചിരിക്കുന്നത്. മുഖ്യമന്ത്രി രാജിവച്ചാൽ പരുമല പള്ളിയിൽ മെഴുകുതിരി കത്തിക്കാമെന്നാണ് ശ്രീ. ആർ ബാലകൃഷ്ണപിള്ള പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന് എപ്പോഴാണ് അവസരം കിട്ടുക എന്നറിയില്ല. ഇന്ന് കോഴിക്കോട് പോകാൻ നിൽക്കുന്ന എം.എൽ.എ.മാരെ ഇവിടെ പിടിച്ചുനിർത്തിയത് വിപ്പിന്റെ ബലത്തിലാണ്. വിപ്പ് കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.മാരെ ഇവിടെ നിർത്താൻ സാധിക്കും. വിപ്പ് ജനങ്ങൾക്ക് ബാധകമല്ലെന്ന് ശ്രീ. മുരളി പറഞ്ഞല്ലോ. അതോടുകൂടി കേരളത്തിൽ കോൺഗ്രസ് നിരവധി ഗ്രൂപ്പുകളായി പരിണമിക്കുകയാണ്. കരുണാകരൻ ഗ്രൂപ്പ്, ആന്റണി ഗ്രൂപ്പ്, ചെന്നിത്തല ഗ്രൂപ്പ്, വയലാർ രവി ഗ്രൂപ്പ് എന്നീ നാല് ഗ്രൂപ്പുകൾ കൂടാതെ 5-ാമത് ഒരു ഗ്രൂപ്പുണ്ടായിരുന്നു. നമ്മുടെ മുൻ സ്പീക്കർക്ക് ഗ്രൂപ്പുണ്ടായിരുന്നു, വക്കം ഗ്രൂപ്പ്. ആറാമതായി എം.പി. ഗംഗാധരൻ ഗ്രൂപ്പുണ്ടായിരുന്നു. ആ ഗ്രൂപ്പൊക്കെത്തന്നെ പോയി ഇന്നുമുതൽ കേരളത്തിലെ കോൺഗ്രസ്സിൽ രണ്ട് ഗ്രൂപ്പാകും ഒന്ന് കോൺഗ്രസ് (മു) ഗ്രൂപ്പ്-മുരളി ഗ്രൂപ്പ്, മറ്റൊന്ന് കോൺഗ്രസ് (ഉ) ഗ്രൂപ്പ് - ഉമ്മൻചാണ്ടി ഗ്രൂപ്പ്. അങ്ങനെ കോൺഗ്രസ്സിൽ പുതിയൊരു മൂപീകരണത്തിന് തുടക്കം കുറിക്കുന്ന ദിവസമാണിത്. തമ്മിലടി കാരണം കേരളത്തിൽ ഐകൃജനാധിപത്യ മുന്നണിക്ക് സുഗമമായി ഭരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. സഖാവ് വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള നേതാക്കന്മാർ നിരാഹാരം കിടക്കുന്നതിനെ അവഗണിക്കുകയാണെങ്കിൽ വരുംദിവസങ്ങളിൽ കേരളം ആളിക്കത്തും. ഈ ഗവൺമെന്റിന് അത് നിയന്ത്രിക്കാൻ സാധിക്കില്ല. കേരളത്തിലെ കൃഷിക്കാരുടെ ഇരമ്പിക്കയറ്റത്തിനു മുൻപിൽ ഈ ഗവൺമെന്റിന് പിടിച്ചുനിൽക്കാൻ സാധിക്കില്ല. നിങ്ങൾ എന്തെല്ലാം മർദ്ദനമുറകളുപയോഗിച്ചാലും കൃഷിക്കാരന്റെ ആവശ്യത്തിനുവേണ്ടി ഞങ്ങൾ പൊരുതിമരിക്കും. അതിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ മർദ്ദന വാഴ്ചകളേയും എതിർത്തു തോല്പിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനം മുന്നോട്ടുപോകും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിരാഹാരം കിടക്കുന്നത് ദൗർഭാഗ്യകരമാണ്. ആ സ്ഥിതിയിലേക്ക് അദ്ദേഹത്തെ എത്തിച്ചത് മലപ്പുറത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണനും കൂട്ടുകാരും ആണെന്നുള്ള കാര്യം എന്തുകൊണ്ട് പരിഗണിച്ചില്ല?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മലപ്പുറത്തെ കാര്യം ഞങ്ങൾ നോക്കാം. അപ്പുറത്താണെങ്കിൽ ഒരു സംഘടനാ തെരഞ്ഞെടുപ്പുപോലും നടത്താൻ പറ്റാത്ത പാർട്ടിയാണ്. സംഘടനാ തെരഞ്ഞെടുപ്പ് നടത്താൻ റിട്ടേണിംഗ് ഓഫീസർ ശ്രീ. കൃഷ്ണസ്വാമി വന്നിട്ട് ശ്രീ. കെ. കരുണാകരന്റെ അടുത്തേക്ക്ചെന്നു. റിട്ടേണിംഗ് ഓഫീസർ സ്ഥാനാർത്ഥിയുടെ അടുത്ത് അങ്ങോട്ടുചെല്ലുന്ന പാർട്ടി എവിടെയെങ്കിലുമുണ്ടോ? ശ്രീ. കൃഷ്ണസ്വാമി ശ്രീ. കെ. കരുണാകരന്റെ അടുത്തുനിൽക്കുന്ന പടം കണ്ടില്ലേ? സിംഹത്തിന്റെ അടുത്ത് പൂച്ചക്കുട്ടി ഇരിക്കുന്നതുപോലെയാണ് റിട്ടേണിംഗ് ഓഫീസർ ശ്രീ. കെ. കരുണാകരന്റെ മുമ്പിൽ പോയി ഇരിക്കുന്നത്. ഇത്രയും കൊല്ലക്കാലമായി ഒരു സംഘടനാ തെരഞ്ഞെടുപ്പു നടത്താൻ കഴിയാത്ത പാർട്ടിയാണ് കോൺഗ്രസ്. സി.പി.എം. സംഘടനാ തെരഞ്ഞെടുപ്പും എല്ലാ കാര്യങ്ങളും നടത്തി ജനാധിപത്യ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. അതിന്റെ ശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലുള്ളവർ ഇങ്ങനെ പലതും പറയും.

ശ്രീ. ജി. കാർത്തികേയൻ: സർ, മാർക്സിസ്റ്റു പാർട്ടിയുടെ ഉൾപ്പാർട്ടി ജനാധിപത്യത്തെ പൂർണ്ണമായി ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. നിങ്ങളുടെ ഉൾപ്പാർട്ടി ജനാധിപത്യം, ഉൾപ്പാർട്ടി ചർച്ചാവേളയിൽ പറയുന്നതുപോലെ നിങ്ങൾ ജനാധിപത്യമില്ലാത്ത പാർട്ടിയല്ല. പക്ഷേ മലപ്പുറത്ത് അവസാനം തെരഞ്ഞെടുപ്പ് വന്നപ്പോൾ—ഇത് പത്രത്തിൽ വന്നതാണ് ശരിയാണോ എന്ന് എനിക്കറിയില്ല—പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന വാർത്ത, എങ്ങനെയായിരിക്കണം തെരഞ്ഞെടുപ്പു വന്നാൽ വോട്ടു ചെയ്യേണ്ടത് എന്ന് പോളിറ്റ് ബ്യൂറോയുടെ അന്ത്യശാസനം അവിടെയുണ്ടായി എന്നാണ്. ഉൾപ്പാർട്ടി ജനാധിപത്യത്തിൽ പോളിറ്റ് ബ്യൂറോയുടെ ആ അന്ത്യശാസനം ആരോഗ്യകരമായ ഒരു കീഴ്വഴക്കമാണോ? അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയൊരു വാർത്ത ഏതെങ്കിലും പത്രത്തിൽ വന്നിട്ടുണ്ടെങ്കിൽ അത് അടിസ്ഥാനരഹിതമാണ്. മാത്രമല്ല, സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്ക് യഥേഷ്ടം തീരുമാനമെടുക്കാനുള്ള അവകാശം സി.പി.എം.-ന്റെ ഭരണഘടനയിലുണ്ട്. അതിൽ ഒരു തരത്തിലുള്ള ഇടപെടലും ആരും അനുവദിക്കില്ല, അനുവദിച്ചിട്ടുമില്ല. അങ്ങനെയൊരു സമ്മേളനം നടത്താൻ ഞങ്ങൾക്ക് സാധിച്ചു എന്നുള്ളതും ഉൾപ്പാർട്ടി ജനാധിപത്യം ഉറപ്പുവരുത്താൻ സാധിച്ചുവെന്നുള്ളതും സി.പി.എം.-ന്റെ ഒരു പ്രത്യേകതയാണ്. അതെല്ലാംകൊണ്ട് പുതിയ ഒരു ജനവിഭാഗം സി.പി.എം.-ലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. ഇത്രയുംകാലം ശ്രീ. ജി. കാർത്തികേയൻ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ വരാതിരുന്നത് മാർക്സിസ്റ്റു പാർട്ടിയിൽ തെരഞ്ഞെടുപ്പ് ഇല്ലെന്ന കണക്കാക്കിയിരുന്നതുകൊണ്ടാണ്. അദ്ദേഹത്തിനുപോലും ഇങ്ങോട്ട് വന്നാൽ എന്താണെന്നുള്ള ചിന്ത ഇന്ന് വന്നിരിക്കുന്നു എന്നുള്ള സ്ഥിതിയിലേക്കാണ് ഇപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്. അതുകൊണ്ട് എല്ലാംകൂടി നോക്കുമ്പോൾ ഈ ഭരണംകൊണ്ട് ഇനി അധികകാലം മുന്നോട്ടുപോകാൻ സാധിക്കാത്ത വിധത്തിൽ ജനങ്ങൾക്കിടയിൽ വിശ്വാസം നഷ്ടപ്പെട്ട ഒരു മന്ത്രിസഭയാണിതെന്നുള്ളതുകൊണ്ടും, ഈ ഭരണം രാജ്യത്തെ അരാജകത്വത്തിലേക്ക് നയിക്കുമെന്നതുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നീതിന്യായ നിർവ്വഹണം, പോലീസ്, ജയിലുകൾ എന്നീ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയ, വിമർശിച്ച എല്ലാവർക്കും ഞാൻ ആദ്യമായി നന്ദി പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു. പോലീസിന്റെ ഡിമാൻഡുകളെക്കുറിച്ചുള്ള ചർച്ചയാണ്. ഞാൻ ഈ സഭയിൽ വന്നിട്ട് 35 വർഷം ആകുകയാണ്. രാഷ്ട്രീയ സംഘട്ടനങ്ങളെക്കുറിച്ച് വളരെ രൂക്ഷമായിട്ടുള്ള വിമർശനമായിരിക്കും പോലീസിന്റെ demand day-യിൽ ഉണ്ടാകുന്നത്. ഇന്ന് അദ്ദേഹത്തിന് അതൊരു ആക്ഷേപമായിട്ടുപോലും ഉന്നയിക്കാൻ സാധിച്ചിട്ടില്ല. 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുപോരുന്ന പോലീസ് നയത്തിന്റെ ഭാഗമായി ഇന്ന് രാഷ്ട്രീയ രംഗത്ത് നമുക്ക് അഭിമാനകരമായ ഒരു നേട്ടമുണ്ടാക്കാൻ സാധിച്ചു. ഒരിക്കലും അതിന്റെ 100 ശതമാനം ക്രെഡിറ്റ് ഗവൺമെന്റ് അവകാശപ്പെടുന്നില്ല, ഭരണകക്ഷികൾ അവകാശപ്പെട്ടിട്ടില്ല. പ്രതിപക്ഷത്തുള്ളവർക്കും അതിനകത്ത് ഒരു പങ്കുണ്ട്. അതിനോട് സഹകരിച്ചിട്ടുള്ള എല്ലാവരോടും ഞാൻ നന്ദി പറയുകയാണ്. നമുക്ക് ഈ നില തുടരണം. രാഷ്ട്രീയമായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ കായികമായ ഏറ്റുമുട്ടലിൽക്കൂടി തീരുന്നത് ശരിയല്ല.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കാനും ശക്തി പരീക്ഷിക്കാനും ധാരാളം മേഖലകളുള്ള സാഹചര്യത്തിൽ ആ

LIBRARY ARCHIVES Kerala Legislative Assembly

2 P.M.] അവസരങ്ങൾ നമ്മൾ ഉപയോഗിക്കണം. ഇന്നത്തെ ഈ നല്ല അന്തരീക്ഷം നിലനിർത്തിക്കൊണ്ട് മുമ്പോട്ടുപോകണം. അതിനു സഹകരിക്കുന്ന ഒരു പുതിയസമീപനം, ഒരു പുതിയ രാഷ്ട്രീയ ശൈലി കേരളത്തിൽ കഴിഞ്ഞ കുറെ നാളുകളായി വളർന്നുവരുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നതോടൊപ്പം അതിനോട് സഹകരിച്ച എല്ലാവരോടും നന്ദി പറയുകയാണ്. ഇതു നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയേയുള്ളൂ. ജനാധിപത്യ സംസ്ക്കാരം, അതു മനങ്ങളുടെ പിന്തുണയോടുകൂടി മാത്രമേ മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കൂ. അതുകൊണ്ട് അക്രമ രാഷ്ട്രീയത്തിന്റെ വഴി പൂർണ്ണമായും ഉപേക്ഷിച്ച്, ആയുധങ്ങൾ താഴെവച്ച്, ഇന്നു തുടരുന്ന നല്ല അന്തരീക്ഷം തുടരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനോട് സഹകരിച്ച എല്ലാവരും ഈ നിലപാട് തുടരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാട്ടിൽ വളർന്നു വരുന്ന രണ്ടു തെറ്റായ പ്രവണതകൾ, അതിനെതിരെ നമ്മൾ ശക്തിയായി പോരാടണം. (1) ഗുണ്ടാവിളയാട്ടം (2) സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുനടക്കുന്ന അക്രമം. വാടക ഗുണ്ടകളുടെ ആക്രമണങ്ങൾ പല സ്ഥലത്തും ഉണ്ടാകുന്നുണ്ട്. അതിനെതിരെ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ. ശ്രീ. ആർ. ബാലകൃഷ്ണപിള്ള കൊട്ടാരക്കരയിലെ സംഭവം പറഞ്ഞപ്പോൾ, ഗവൺമെന്റ് എടുത്ത സമീപനം വളരെ വ്യക്തമാണ്. ഒരു കാരണവശാലും വാടക ഗുണ്ടകളെ വച്ചുകൊണ്ട് പ്രതിയോഗികളെ കൈകാര്യം ചെയ്യാനോ ഭീഷണിപ്പെടുത്താനോ തങ്ങളുടേതായ താല്പര്യങ്ങൾ സംരക്ഷിക്കാനോ ശ്രമിച്ചിട്ടില്ല; അത് അനുവദിക്കുന്ന പ്രശ്നമില്ല. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ചെറിയ വീഴ്ച വന്നാൽപ്പോലും അതിനെ ഗുരുതരമായി കാണും. അതുകൊണ്ടാണ് രണ്ടു ഉദ്യോഗസ്ഥന്മാരെ സസ്പെന്റു ചെയ്യാൻ തീരുമാനിച്ചത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞ സംഭവത്തിനെതിരെ കർശനമായ നടപടി പോലീസ് എടുത്തു. പക്ഷേ അതിനുമുമ്പ് ഒരു സംഭവമുണ്ടായി. ആ സംഭവത്തിൽ നടപടി എടുക്കുന്നതിനുവീഴ്ച വരുത്തി എന്നുള്ള കാരണത്താലാണ് രണ്ടു ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തത്. ഭരണപക്ഷമോ പ്രതിപക്ഷമോ എന്നുള്ള വ്യത്യാസമില്ലാതെ, കേരളത്തിന്റെ സംസ്ക്കാരത്തിനുനിരക്കാത്ത നിലയിലുള്ള പ്രവർത്തനം നടത്തിയാൽ നിയമ നടപടികൾകൊണ്ടു കർശനമായി അതിനെ നേരിടും, സംശയം വേണ്ട. പക്ഷേ അതോടൊപ്പം തന്നെ സാമൂഹ്യപരമായും രാഷ്ട്രീയപരമായും ഇതിന് നേതൃത്വം കൊടുക്കുന്നവരേയും ഇതിനുവേണ്ടി പ്രവർത്തിക്കുന്നവരേയും ഒറ്റപ്പെടുത്താൻ നമുക്ക് ഒന്നായി പ്രവർത്തിക്കാൻ സാധിക്കണം. അക്കാര്യത്തിൽ പ്രതിപക്ഷമുൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. തമിഴ്നാടിന്റെ മോഡലിൽ ഒരു ഗുണ്ടാ നിരോധന ആക്ട് നിയമമായി കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അത് എത്രയും വേഗം കൊണ്ടുവരുമെന്ന് ഈ സഭയ്ക്ക് ഉറപ്പുതരികയാണ്. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികളും സ്വീകരിക്കും. ശ്രീ. പി. എസ്. സുപാൽ ചർച്ച തുടങ്ങിവച്ചപ്പോൾ എന്നേയും ഗവൺമെന്റിനേയുമൊക്കെ പ്രതികൂട്ടിലാക്കാൻ ശ്രമിച്ചു. ഇത് രാഷ്ട്രീയം മാത്രമാണോ? കോട്ടയത്തുണ്ടായ നിർഭാഗ്യകരമായ സംഭവത്തിൽ അങ്ങയുടെ പാർട്ടിയുടെ ആളും പ്രതിയാണ്. മന്ദബുദ്ധിയായ ഒരു കുട്ടിയെ പീഡിപ്പിച്ച കേസിൽ. ഇവിടെ രാഷ്ട്രീയമല്ല നോക്കേണ്ടത്, ഇതിനകത്ത് എന്തു കുറ്റം ചെയ്തു എന്നുള്ളതാണ് നോക്കേണ്ടത്..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, ആ കേസിൽ സി.പി.ഐ.യുടെ ആരെങ്കിലും പ്രതിയാണെന്നു തെളിയിക്കപ്പെട്ടാൽ പുറത്താക്കിയിരിക്കും.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ പറഞ്ഞല്ലോ അയാളുടെ പേരും വന്നു ; അയാളെ അറസ്റ്റും ചെയ്തു. അത് എല്ലാ പത്രങ്ങളിലും വാർത്ത വരികയും ചെയ്തതാണ്. ഇതുപോലുള്ള കുറ്റകൃത്യങ്ങളെ നമ്മൾ രാഷ്ട്രീയവൽക്കരിക്കരുത്. ഇവർ എന്തു ചെയ്യുന്നു എന്നു നോക്കി അതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു, ഇതുപോലുള്ള കുറ്റകൃത്യങ്ങൾക്കെതിരെ മുഖം നോക്കാതെ, രാഷ്ട്രീയ സ്വഭാവം നോക്കാതെ നടപടി എടുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിൽ നിന്നും ഒരിഞ്ചു പോലും പുറകോട്ടു പോകുന്ന പ്രശ്നമില്ല. കഴിഞ്ഞ കുറെ നാളുകളായി ചർച്ച വരുമ്പോൾ 'സൂര്യനെല്ലി' 'സൂര്യനെല്ലി' എന്നു പറഞ്ഞ് എന്നെയും ഗവൺമെന്റിനേയും കുറ്റപ്പെടുത്താൻ ശ്രമിക്കുകയാണ്. ഞാൻ കുറെ നാളുകൾ മിണ്ടാതിരുന്നു. ഇനി എനിക്കു മിണ്ടാതിരിക്കാൻ പറ്റില്ല. 20-1-2005-ലാണ് കോടതി വിധി വന്നത്.കോടതി വിധി വന്നാൽ ബന്ധപ്പെട്ട ലീഗൽ ഓഫീസർ ജഡ്ജ്മെന്റിന്റെ കോപ്പി സഹിതം ഗവൺമെന്റിനോട് ശുപാർശ ചെയ്യണം. ഈ നിമിഷം വരെ ആ ശുപാർശ ഇവിടെ കിട്ടിയിട്ടില്ല. ആരാണ് ലീഗൽ ഓഫീസർ എന്നറിയാമോ? കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നിയോഗിച്ച അഡ്വക്കേറ്റ് കെ. ഗോപാലകൃഷ്ണക്കുറുപ്പാണ് ഈ കേസ്സിലെ സ്പെഷ്യൽ പ്രോസിക്യൂട്ടർ. ശ്രീ. എ. കെ. ആന്റണി വന്നപ്പോഴും ആ വക്കീലിനെ മാറ്റിയില്ല. ഞാൻ വന്നിട്ടും മാറ്റിയില്ല. ഈ കോസ്സിലെ സ്പെഷ്യൽ പ്രോസിക്യൂട്ടറായി ഈ കേസ്സിന്റെ അവസാന ദിവസം ഹാജരായത് അഡ്വക്കേറ്റ് കെ. ഗോപാലകൃഷ്ണക്കുറുപ്പാണ്. രണ്ടു മാസമാകാൻ പോകുന്നു. കോടതിയുടെ ജഡ്ജ്മെന്റ് സഹിതം അദ്ദേഹത്തിന്റെ ഒപ്പീനിയൻ അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടില്ല. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെ അറിയിച്ചിട്ടില്ല. ഗവൺമെന്റിനേയും അറിയിച്ചിട്ടില്ല.

മി. സ്പീക്കർ: കുറെ നാളത്തെ ഇടവേളയ്ക്കുശേഷം ബഹുമാന്യയായ നമ്മുടെ മെമ്പർ ശ്രീമതി മേഴ്സി രവി ഇന്ന് നിയമസഭയിൽ വന്നിരിക്കുകയാണ്. അതുപോലെ തന്നെ ശ്രീ പ്രയാർ ഗോപാലകൃഷ്ണനും ഒരു ചെറിയ ഇടവേളയ്ക്കുശേഷം ആരോഗ്യവാനായി സഭയിൽ വന്നതിൽ എനിക്കു സന്തോഷമുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 'അഡ്വക്കേറ്റ് കെ ഗോപാലകൃഷ്ണക്കുറുപ്പ് ആരാണെന്നു ഞാൻ പറയില്ലെന്നു' പറഞ്ഞു. അദ്ദേഹം ഇനി സുരേഷ്ക്കുറുപ്പിന്റെ അനിയനോ ചേട്ടനോ എന്നാണ് എന്റെ സംശയം.

ശ്രീ. ഉമ്മൻചാണ്ടി: പ്രതിപക്ഷം എന്റെ നേരെ കൈവിരൽ ചൂണ്ടുന്നത് ഞാൻ പല പ്രാവശ്യം കേട്ടിരുന്നു. ഇതിനു മറുപടി പറയാൻ വേണ്ടി ഞാൻ അന്വേഷിക്കുമ്പോൾ പറയുന്നത്, ഗവൺമെന്റിലേക്കുള്ള ശുപാർശ എഴുതിക്കൊണ്ടിരിക്കുകയാണ് എന്നാണ്. അതിൽ എന്നെ കുറ്റപ്പെടുത്തണമോ? സൂര്യനെല്ലിക്കേസ്സിലെ പ്രതികളെ രക്ഷിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നു, ഗവൺമെന്റ് ശ്രമിക്കുന്നു എന്നു പറഞ്ഞ് എന്നെ കുറ്റപ്പെടുത്തണമോ? ആ ശുപാർശ കിട്ടിയില്ല, അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ കൊടുക്കാനുള്ള നടപടികൾ എടുക്കും. പക്ഷേ യാഥാർത്ഥ്യം മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ലീഗൽ ഓഫീസറുടെ അഡ്വൈസ് കിട്ടാത്തതാണ് കാരണമെന്നു പറഞ്ഞു. സുപ്രീംകോടതിയിൽ ശ്രീ. കെ. പി. വിശ്വനാഥന്റെ കേസ്സിൽ ഏതു ലീഗൽ ഓഫീസറുടെ അഡ്വൈസ് കിട്ടിയിട്ടാണ് സർക്കാർ അവിടെ ഹാജരായത്? ഏതു അഡ്വക്കേറ്റ് ജനറലിന്റെ, ഏതു ഗവൺമെന്റ് പ്രോസിക്യൂട്ടറുടെ അഡ്വൈസാണ് കിട്ടിയത് ? അഡ്വക്കേറ്റ് കെ. ഗോപാലകൃഷ്ണക്കുറുപ്പിന്റെതാണോ?

ശ്രീ. ഉമ്മൻചാണ്ടി: ശ്രീ. എം. വി. ജയരാജൻ, സൂര്യനെല്ലിക്കേസിനെക്കുറിച്ചാണ് ഇപ്പോൾ പറയുന്നത്. ഞാൻ അതിലോട്ട് വരുന്നുണ്ട്. സൂര്യനെല്ലിക്കേസിൽ മുഖ്യമന്ത്രിയേയും ഗവൺമെന്റിനേയും പ്രതിക്കൂട്ടിൽ നിർത്തിയ നിങ്ങളോട് ചോദിക്കുകയാണ്, ഈ കേസിൽ ശുപാർശ ചെയ്യാൻ ബാദ്ധ്യസ്ഥനായ ശ്രീ. ഗോപാലകൃഷ്ണകുറുപ്പ് ഇന്നുവരെ ഒരു റിപ്പോർട്ട് തരണ്ടേ? എനിക്ക് തരണ്ട. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോ അഡ്വക്കേറ്റ് ജനറലിനോ കൊടുക്കാൻ ശ്രമിക്കുന്നതിനുപകരം അവിടെയൊന്നും കൊടുത്തിട്ടില്ല. ഇവിടേയും തന്നിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. കുറ്റം ചെയ്ത ഒരാളിനെപ്പോലും രക്ഷിക്കാനോ സംരക്ഷിക്കാനോ ഗവൺമെന്റ് മുതിരുകയില്ല. പൊതുപ്രവർത്തകരോടുള്ള പോലീസിന്റെ നിലപാട്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത്തരത്തിൽ ഒരു പ്രധാനപ്പെട്ട കേസിൽ ഇങ്ങനെ നിയമപരമായ ബാദ്ധ്യത നിറവേറ്റാത്ത അഡ്വക്കേറ്റ് കെ. ഗോപാലകൃഷ്ണക്കുറുപ്പിനെതിരെ എന്തെങ്കിലും നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : അദ്ദേഹത്തിന്റെ ശുപാർശ വരട്ടെ. അത് നിങ്ങൾ നിയമിച്ച സ്പെഷ്യൽ പ്രോസിക്യൂട്ടറാണ്. ഞങ്ങൾ എന്തെങ്കിലും നടപടിയെടുത്താൽ അവിടെ രാഷ്ട്രീയം കാണാനാണല്ലോ നിങ്ങൾ നിൽക്കുന്നത്. അപ്പോൾ അതുകൊണ്ട്.....

ശ്രീ. പി.എൻ. രാജൻ ബാബു : അദ്ദേഹം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. അച്ചുതാനന്ദന്റെ കൂടെയുള്ള ഒരാളെന്നുള്ള നിലയിൽ നടപടിയെടുത്തോട്ടെയെന്ന നിലയിലാണോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ രാഷ്ട്രീയത്തിലേക്ക് കടക്കുന്നില്ല. പക്ഷേ യാഥാർത്ഥ്യങ്ങൾ നിങ്ങൾ തിരിച്ചറിയണം. അദ്ദേഹമല്ലേ ശുപാർശ ചെയ്യേണ്ടത്. അല്ലാതെ അദ്ദേഹത്തെ മാറ്റിയാൽ മതിയോ? ഇപ്പോൾ അതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണല്ലോ ഞാൻ ഇതുവരെ ഇക്കാര്യം പറയാതിരുന്നത്. ന്യായമായ ഒരു ടൈം അദ്ദേഹത്തിന് കൊടുക്കണം. ആ ടൈം കൊടുത്തു. ഇനി ഒരു ന്യായീകരണവുമില്ല. അതുകൊണ്ടാണ് ഞാൻ ഇന്ന് ഈ കാര്യം ഇവിടെ തുറന്നുപറയുന്നത്. പൊതുപ്രവർത്തകരോട് പോലീസിനുള്ള സമീപനം. പൊതുപ്രവർത്തകർക്ക് കാര്യങ്ങൾ അന്വേഷിക്കാനും കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളറിയാനുമുള്ള സ്വാതന്ത്ര്യമുണ്ട്. അവകാശമുണ്ട്. അത് പൂർണ്ണമായും നിലനിർത്തും. പക്ഷേ പൊതുപ്രവർത്തകർ പറയുന്നതുപോലെ കാര്യങ്ങൾ നടത്തണമെന്നുള്ള ഒരു വാശി ആർക്കും ഉണ്ടാകാൻ പാടില്ല. പോലീസിന്റെ ചുമതല ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുക, നിയമവാഴ്ച ഉറപ്പുവരുത്തുക, എല്ലാപേർക്കും നീതിലഭ്യമാകുന്ന സാഹചര്യമുണ്ടാക്കുക എന്നതാണ്. ഇക്കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് പോലീസ് സ്വീകരിച്ചേ മതിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അതോടൊപ്പം പൊതുപ്രവർത്തകരെ മാനിക്കാൻ, അംഗീകരിക്കാൻ, അവർക്ക് ഉചിതമായ സ്ഥാനം നൽകാൻ, അവരുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളാൻ, അവരുടെ ചുമതല നിറവേറ്റുന്ന രംഗത്ത് ഒരു ചെറിയ വീഴ്ചപോലും വരാത്ത വിധത്തിൽ ഈ കാര്യങ്ങളൊക്കെ നിറവേറ്റാൻ പോലീസ് ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. പൊതുപ്രവർത്തകരോട് അപമര്യാദയായി പെരുമാറിയാൽ, പൊതുപ്രവർത്തകരുടെ ന്യായമായ ആവശ്യങ്ങൾ ധിക്കാരപൂർവ്വം അവഗണിച്ചാൽ അത് ഗൗരവതരമായിത്തന്നെ ഗവൺമെന്റ് കാണും. പക്ഷേ അതേസമയത്ത് നീതി നടത്തുന്നതിന്റെ പേരിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ വരിധിക്ക് നിർത്താൻ ആര് ശ്രമിച്ചാലും അത് അംഗീകരിക്കുകയുമില്ല. സാധാരണയായി പോലീസിനെക്കുറിച്ചുള്ള ഡിമാന്റിന്റെ ചർച്ച വരുമ്പോൾ പോലീസിന്റെ പക്ഷപാതപരമായ പ്രവർത്തനത്തെക്കുറിച്ചാണ് ആക്ഷേപങ്ങളുണ്ടാകാറുള്ളത്. ഇവിടെ അതുപോലുള്ള ഒരു ആക്ഷേപം വന്നില്ല. ദുർബലമായ ഒരു കേസ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ കൊണ്ടുവന്നു. സ്റ്റേഷനുകളിൽ ആരുടെയോ പേരിൽ എന്തോ ഉണ്ടെന്ന്. ശ്രീ. കോടിയേരി ഞാൻ ഇവിടെ ഇരിക്കാം ഏതെങ്കിലും ഒരു സ്റ്റേഷനിലെ ഒരാളുടെ പേര് പറയാൻ പറ്റുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്നത്തെ മാതൃഭൂമി പത്രത്തിൽ റിപ്പോർട്ട് വന്നിട്ടുണ്ട്. അങ്ങ് അത് പരിശോധിച്ചിട്ട് എന്തുകൊണ്ട് അന്വേഷിച്ചില്ല?

ശ്രീ. ഉമ്മൻ ചാണ്ടി : എനിക്ക് പത്രത്തിൽ വരുന്നത് മുഴുവൻ വായിക്കാനും അത് മുഴുവൻ നിഷേധിക്കാനും കഴിയുമോ? അത് സാധിക്കത്തില്ല. പൊതുപ്രവർത്തകരോട്, അതിന് ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോയില്ല, അവരോട് മാന്യമായി പെരുമാറണം, അവർ പറയുന്ന കാര്യങ്ങൾ ഗൗരവതരമായി കണക്കിലെടുക്കണം. പക്ഷേ ഒരിക്കലും പോലീസിന്റെ നീതിനിർവ്വഹണ രംഗത്ത് അവർക്ക് തടസ്സമുണ്ടാക്കുന്ന ഒരു നിസ്സാര സംഭവംപോലും ഉണ്ടാകാൻ പാടില്ല. ഇന്ന് ഇവിടെ നടന്ന ചർച്ചയിൽ രാഷ്ട്രീയ സംഘട്ടനത്തെക്കുറിച്ചൊന്നും പരാമർശിച്ചില്ല എന്നുപറയുന്നതുപോലെതന്നെ പോലീസുകാർ ഏതെങ്കിലും വിധത്തിൽ പക്ഷപാതപരമായി പെരുമാറുന്നു, ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ എന്നുള്ള നിലയിൽ വേർതിരിവുണ്ടാകുന്നു എന്നുള്ള ഒരാക്ഷേപം ഇവിടെ ഉണ്ടായിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പോലീസ് പക്ഷപാതപരമായി പെരുമാറുന്നുവെന്ന ആക്ഷേപം ഭരണപക്ഷത്തുള്ള അംഗങ്ങൾതന്നെ ഉന്നയിച്ചിരിക്കുകയാണ്. ശ്രീ. കെ.ബി. ഗണേഷ്കുമാർ പ്രസംഗിച്ചപ്പോൾ പറഞ്ഞു ശ്രീ. ഷിബു ബേബിജോണിനെ 307-ാം വകുപ്പനുസരിച്ച് കേസെടുത്തത് കോടതിയിൽ എത്തിയപ്പോൾ അതെങ്ങനെ ജാമ്യം കിട്ടുന്ന വകുപ്പായി.

ശ്രീ. ഉമ്മൻ ചാണ്ടി : അത് ഞാൻ പറയാം. ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞപ്പോൾ ഞാൻ ആ കേസ് അങ്ങ് പിൻവലിക്കട്ടെയെന്ന് ചോദിച്ചപ്പോൾ അത് വേണ്ടെന്ന് പറഞ്ഞ് പോയതാണ്. അന്ന് ഞാൻ വ്യക്തമായി മറുപടി പറഞ്ഞതാണ്. ശ്രീ. കെ.ബി. ഗണേഷ് കുമാറിനും മറുപടി പറയുന്നുണ്ട്. പക്ഷേ സ്വജനപക്ഷപാതം ഇന്നത്തെ ചർച്ചയിൽ വന്നില്ല. പിന്നെ സമരങ്ങളോടുള്ള സമീപനം. ഒരു ജനാധിപത്യ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള സ്വാതന്ത്ര്യം എല്ലാപേർക്കുമുണ്ട്. ആ സ്വാതന്ത്ര്യത്തിന് അണുവിട തടസ്സമുണ്ടാക്കാൻ ഗവൺമെന്റ് കൂട്ടുനിൽക്കത്തില്ല. എന്നുമാത്രമല്ല വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ, ജനാധിപത്യപരമായ മാർഗ്ഗത്തിൽകൂടി പ്രവർത്തിക്കാനുള്ള അവസരങ്ങൾ, അതിനുള്ള അനുകൂല സാഹചര്യങ്ങളുണ്ടാക്കി ക്കൊടുക്കാൻ പോലീസ് തയ്യാറാണ്. പക്ഷേ അത് മറ്റുള്ളവരുടെ അവകാശങ്ങൾ തടസ്സപ്പെടുത്തരുത്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കരുത്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിക്കൊണ്ടുള്ള സമരവും അക്രമാസക്തമായ സമരവും പോലീസിന് അനുവദിക്കാനും നിയമപരമായ നടപടിയെടുക്കാതിരിക്കാനും നിവൃത്തിയില്ല. അതിന് നിയമപരമായ നടപടികൾ എടുക്കുമ്പോൾ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോട് തട്ടിക്കയറിയിട്ട് കാര്യമില്ല. അത് ഗവൺമെന്റിന്റെ നയമാണ്. അതിന് ഉത്തരവാദി ഞാനാണ്. സമരം ചെയ്യാം. സമരത്തിന് പൂർണ്ണമായ അവസരം.....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : അങ്ങയുടെ നയത്തിന്റെ ഭാഗമായിട്ടാണോ electric batten വച്ചത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: പറയാം. വ്യവസ്ഥാപിതമായ, ജനാധിപത്യപരമായ മാർഗ്ഗത്തിൽ എന്ത് സമരം വേണമെങ്കിലും ചെയ്യാം. പക്ഷേ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കരുത്. അക്രമാസക്തമാകരുത്. പൊതുമുതൽ നശിപ്പിക്കുന്ന സാഹചര്യമുണ്ടാകരുത്. പൊതുമുതൽ നശിപ്പിച്ചാൽ അതിന് ഇതുവരെ സ്വീകരിച്ചത് ക്രിമിനൽ നടപടിയാണെങ്കിൽ ഇനി സിവിൽ നടപടികൂടി എടുക്കാൻ ഈ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അതിന് ഉദ്യോഗസ്ഥൻമാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കോടതിയുടെ വിധി വന്നു. അത് നടപ്പിലാക്കുന്ന കാര്യം ചർച്ച ചെയ്തു. ഞാൻ പങ്കെടുത്ത കോൺഫറൻസിൽവച്ച് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസുകളും ക്രിമിനൽ കേസിനോടൊപ്പം കൊണ്ടുവരാൻ തീരുമാനിച്ചു. അത് ഹൈക്കോടതിയുടെ ഡയറക്ഷനാണ്. ഉദ്യോഗസ്ഥൻമാർ ഉത്തരവാദികളല്ല. ഗവൺമെന്റിനാണ് അതിന്റെ ഉത്തരവാദിത്വം. ഗവൺമെന്റാണ് തീരുമാനം എടുത്തിരിക്കുന്നത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ജനകീയ സമരങ്ങളാകാം, പ്രതിഷേധമാകാം. അതൊക്കെ സ്വാഭാവികമാണ്. അക്രമാസക്തമായ സമരമാകരുത്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള സമരമാകരുത്. അതിൽ നിന്നൊക്കെ പിൻതിരിയണം. അങ്ങനെ വരുന്നയവസരത്തിൽ നമുക്ക് വളരെയേറെ നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. രാഷ്ട്രീയ സംഘട്ടനങ്ങളും അക്രമാസക്തമായ സമരങ്ങളും ഒഴിവാക്കിയാൽ കേരളത്തിനുണ്ടാകുന്ന നേട്ടം വളരെ വലുതായിരിക്കും. അതിന് നിങ്ങളുടെ സഹായസഹകരണം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u> : ജനകീയ സമരങ്ങളാകാമെന്ന് മുഖ്യമന്ത്രി ആവർത്തിച്ച് പറയുന്നുണ്ട്. തിരുവനന്തപുരത്ത് എൽ.എം.എസ് ജംഗ്ഷൻ മുതൽ ഓവർബ്രിഡ്ജ് വരെ സെക്രട്ടേറിയറ്റിന്റെ മുന്നിലെ മെയിൻ റോഡിൽ നടക്കുന്ന നിരന്തരമായ സമരങ്ങൾ മൂലം, ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം കണക്കിലെടുത്ത് ദയവായി ഹൈക്കോടതി വിധി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : സെക്രട്ടേറിയറ്റിന് മുന്നിൽ കഴിഞ്ഞ ഏതാണ്ട് ആറുമാസത്തിനിടയിൽ ആദിവാസികളുടെ പേരിൽ കുടിൽകെട്ടി അവിടെ കഞ്ഞിവെച്ച്, അവിടെ പാചകം ചെയ്ത്, അവിടെ നടത്തുന്ന സമരാഭാസം അവസാനിപ്പിക്കുവാൻ അങ്ങയുടെ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : ജനകീയ സമരങ്ങൾ ജനങ്ങൾക്ക് ദോഷകരമായ രീതിയിൽ വരുന്നത് തെറ്റാണ്. സെക്രട്ടേറിയറ്റിന്റെ മുന്നിൽക്കൂടിയുള്ള ജാഥകൾ തിരുവനന്തപുരത്ത് ആകെക്കൂടി സ്തംഭനമുണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ച് പാളയത്ത് റോഡിന്റെ പണി നടക്കുന്നതുകൊണ്ട് ഗതാഗതം തിരിച്ചുവിട്ട സാഹചര്യത്തിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത് ഏകപക്ഷീയമായി നടപ്പിലാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞ അഭിപ്രായം കണക്കിലെടുത്ത് രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്ത് ഒരു ഏകദേശധാരണയുണ്ടാക്കിക്കൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കും.

ശ്രീ. ബി. വിജയകുമാർ : സെക്രട്ടേറിയേറ്റിന്റെ മുന്നിലുള്ള ആ സമരപന്തൽ അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : അത് പരിശോധിക്കാം. എനിക്ക് ഏകപക്ഷീയമായി നിന്നുകൊണ്ട് അത് പറയാനാകത്തില്ല. പക്ഷെ അക്രമാസക്തമല്ലാത്ത സമരത്തോട് ഗവൺമെന്റ് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. പക്ഷേ അതുകൊണ്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കണക്കിലെടുത്തിട്ട് എല്ലാ പാർട്ടിക്കാരുമായിട്ടും ചർച്ച ചെയ്യാൻ തയ്യാറാണ്. ഇവിടെ പറഞ്ഞ ഒരു പ്രധാന ആക്ഷേപം ഗവൺമെന്റ് വളരെ ഗൗരവമായിട്ട് കാണുന്നു. പോലീസ് സേനയിലുള്ള പോലീസ് മുഴുവനും കുറ്റക്കാരാണ്, അവർ മുഴുവനും മോശക്കാരാണ് എന്ന് പറഞ്ഞാൽ അതിനെ അംഗീകരിക്കാൻ ഒരിക്കലും ഞാൻ തയ്യാറല്ല. കേരള പോലീസ് എന്ന് പറഞ്ഞാൽ ഏറ്റവും നല്ല പോലീസ് ഫോഴ്സ് ആണ്. നമുക്ക് അഭിമാനിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പോലീസ് സംവിധാനമാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ അതിനകത്ത് പുഴുകുത്തുകൾ ഉണ്ട്. കുറ്റങ്ങൾ ചെയ്യുന്നവരുമുണ്ട്. കാരണം അവരുടെ കയ്യിലാണ് അധികാരം. ആ അധികാരം കയ്യിൽ കിട്ടുമ്പോൾ അത് വിനിയോഗിക്കുന്നത് ആരും നിയന്ത്രിക്കാനില്ല എന്ന് ബോദ്ധ്യം വന്നുകഴിഞ്ഞാൽ പല തെറ്റുകളും ആവർത്തിക്കാൻ സാദ്ധ്യതയുണ്ട്. അടുത്ത കാലത്ത് പോലീസിനെതിരായി വന്നിട്ടുള്ള വിമർശനങ്ങളും പരാമർശങ്ങളും ആക്ഷേപങ്ങളും ഗവൺമെന്റ് വളരെ ഗൗരവമായിട്ട് ആലോചിക്കണം. അതിനെക്കുറിച്ച് സമഗ്രമായി പരിശോധിക്കുകയും സമഗ്രമായി അന്വേഷിക്കുകയും കുറ്റം ചെയ്തിട്ടുള്ളവർക്കെതിരെ കർശനമായ നടപടി എടുക്കുകയും ചെയ്യും. യാതൊരു സംശയവുമില്ല. ഷാജി എന്ന ഡി.വൈ.എസ്.പി. ചെയ്ത കുറ്റം ഏറ്റവും നിന്ദ്യവും നീചവും മൃഗീയവുമായിട്ടുള്ളതാണ്. ആ കേസ് ലോക്കൽ പോലീസ് തന്നെ സമഗ്രമായ രീതിയിൽ ഏറ്റവും വേഗത്തിൽ അതിന്റെ അന്വേഷണം പൂർത്തിയാക്കി വരുകയാണ്. പോലീസിൽ കുറ്റം ചെയ്യുന്നവരെ സംരക്ഷിക്കുന്ന ഒരു സമീപനം ഉണ്ടാവില്ല. മറിച്ച് പോലീസ് സേനയിൽപ്പെട്ടവർ ചെയ്യുന്ന കുറ്റം സാധാരണ കുറ്റത്തേക്കാൾ ഗൗരവമായി കാണണം എന്നുള്ള സമീപനമാണ് ഗവൺമെന്റിനുള്ളത്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുക തന്നെ ചെയ്യും. ശ്രീ. ഗണേഷ്കുമാർ പ്രസംഗിച്ചപ്പോൾ ഷാജിക്കുവേണ്ടി ഏതോ എം.എൽ.എ. ശുപാർശ കത്ത് കൊടുത്തു എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറയുകയുണ്ടായി. അങ്ങനെ കാര്യങ്ങൾ അറിയാതെ ഒരു എം.എൽ.എ.യേയും അടച്ച് ആക്ഷേപിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഷാജിക്കുവേണ്ടി ഒരു എം.എൽ.എ.യും കത്ത് കൊടുത്തിട്ടില്ല. 2001 തൊട്ട് ഇങ്ങോട്ട് ഷാജി ഇരുന്ന സ്ഥാനങ്ങൾ നോക്കിയാൽ ഒരു സ്വാധീനവും യു.ഡി.എഫ്. ഗവൺമെന്റിൽനിന്ന് ആ പോലീസ് ഉദ്യോഗസ്ഥന് ഉണ്ടായിരുന്നില്ല എന്നത് വളരെ വ്യക്തമാണ്. കുറ്റം ചെയ്യുന്നവന്റെ കുറ്റത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് അതിനെതിരെ നടപടി സ്വീകരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

ശ്രീ. തോമസ് ഉണ്ണിയാടൻ : കുറ്റം ചെയ്തവരുടെമേൽ നടപടി സ്വീകരിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. കഴിഞ്ഞ ഒരാഴ്ചയായി മനോരമയിൽ ഒരു പരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനകത്ത് വളരെ വ്യക്തമായ സൂചനകൾ ഉണ്ട്. ആ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്നും ഏതൊക്കെ സംഭവങ്ങളാണെന്നും പറയത്തക്ക രീതിയിൽ വ്യക്തമായ സൂചനയുണ്ട്. അത് സംബന്ധിച്ച് ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അങ്ങേയ്ക്ക് ഒരു നിവേദനം നൽകിയിരുന്നു. അതിന്റെ അന്വേഷണത്തിന് അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി : പല പത്രങ്ങളിലും ഇതുപോലുള്ള പല കാര്യങ്ങളും വന്നിട്ടുണ്ട്. പല എം.എൽ.എ.മാരും എഴുതി തന്നിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കും. കുറ്റം ചെയ്തിട്ടുള്ളവർ ആരുതന്നെയായാലും അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോലീസിന് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. ഏറ്റവും ബുദ്ധിമുട്ടേറിയ ഉത്തരവാദിത്വമാണ് പോലീസ് നിറവേറ്റുന്നത്. ആ സമയത്ത് അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ആ കടമ ഗവൺമെന്റ് നിർവ്വഹിക്കും. ഇന്നിപ്പോൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങൾ കൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ 92 പുതിയ ജീപ്പുകൾ വാങ്ങാൻ ഓർഡർ കൊടുത്തു കഴിഞ്ഞു. 1000 മോട്ടോർ സൈക്കിളുകൾ വാങ്ങുകയാണ്. എവിടെയൊക്കെ സൗകര്യങ്ങൾ ഉണ്ടോ അവിടെയൊക്കെ പോലീസ് സ്റ്റേഷനുവേണ്ടി എല്ലാവിധ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ കെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതുപോലെ പോലീസ് ക്വാർട്ടേഴ്സിന്റെ കാര്യത്തിലാണെങ്കിലും അടിയന്തിരമായിട്ടുള്ള നടപടികൾ പ്രത്യേകമായിട്ടും സ്വീകരിക്കുന്നുണ്ട്. ഭരണ നവീകരണത്തിന്റെ ഭാഗമായിട്ട് പോലീസിന് ഏറ്റവും കൂടുതൽ പ്രയോരിറ്റി കൊടുത്തിട്ട് ഈ കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്കൽ പോലീസിന്റെ എണ്ണത്തിൽ 10 ശതമാനം വനിതാ പോലീസ് ആക്കുമെന്ന് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് പ്രഖ്യാപിച്ചു. ആ 10 ശതമാനം എന്നുള്ള ലക്ഷ്യത്തിലേക്ക് നമ്മൾ അടുക്കുകയാണ്. 1478 പേരെ ഇതിനോടകം തന്നെ പോസ്റ്റ് ചെയ്തു കഴിഞ്ഞു. 574 പേർക്ക് പരിശീലനം നടത്തുന്നുണ്ട്. ഈ 574 പേർ പരിശീലനം കഴിഞ്ഞ് ജോയിൻ ചെയ്യുമ്പോൾ 2052 വനിതാ പോലീസ് ഉണ്ടാകും. അതായത് ലോക്കൽ പോലീസിന്റെ 10 ശതമാനം വനിതാ പോലീസ് ഉണ്ടാകും. 57 പോലീസ് സ്റ്റേഷനുകൾ ഭരണ നവീകരണ പരിപാടിയിൽ എടുത്തിട്ടുണ്ട്. എട്ട് മണിക്കൂർ ജോലിസമയമായി നിജപ്പെടുത്തുന്ന സമ്പ്രദായം ഈ 57 പോലീസ് സ്റ്റേഷനുകളിൽ ക്രമേണ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ട്രെയിനിംഗിന്റെ കാര്യത്തിലാണ്. പുതിയതായിട്ട് വരുന്ന പോലീസ് സേനാംഗങ്ങൾക്കും അതുകൂടാതെ ഇൻ സർവ്വീസ് ആയി നിലവിലുള്ള പോലീസ്സേനാംഗങ്ങൾക്കും ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. നമ്മുടെ പോലീസ് അക്കാഡമി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ എന്നല്ല ഇൻഡ്യയിലെതന്നെ ഏറ്റവും വലിയ പോലീസ് അക്കാഡമിയാണ്. അവിടെ ട്രെയിനിംഗിനുള്ള ഏറ്റവും നല്ല സൗകര്യങ്ങളൊക്കെ എത്തിയിട്ടുണ്ട്. ഏറ്റവും നല്ല രീതിയിലുള്ള പരിശീലനം കൊടുത്ത് അവരെ ജനങ്ങളുടെ പോലീസ് ആക്കി മാറ്റുന്നതിന്, സമൂഹത്തോടും ജനങ്ങളോടും ഉള്ള ബാദ്ധ്യത നിറവേറ്റുക എന്നത് പൂർണ്ണമായി ഉറപ്പ് വരുത്താനുതകുന്നവിധമുള്ള ഒരു പോലീസ് സേനയാക്കി മാറ്റുന്നതിന്, ആവശ്യമായ ട്രെയിനിംഗുകളാണ് അവിടെ നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, ഇപ്പോൾ പോലീസ് സേനാംഗങ്ങളുടെ എണ്ണം 50000-ത്തിലധികമായി വർദ്ധിച്ചിട്ടുണ്ട്. നേരത്തെ 30000 പോലീസുകാർ ഉണ്ടായിരുന്ന സമയത്ത് ഉള്ള അത്രയും മിനിസ്റ്റീരിയൽ സ്റ്റാഫുകൾ മാത്രമേ ഇപ്പോഴും ഉള്ളൂ. പോലീസുകാരുടെ എണ്ണത്തിനനുസരിച്ച് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണവും വർദ്ധിപ്പിക്കണം എന്ന ആവശ്യം വളരെക്കാലമായിട്ട് ഉള്ളതാണ്. അത് പരിഗണിക്കാൻ തയ്യാറാകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പുതിയതായിട്ടുള്ള പോസ്റ്റ് ക്രിയേഷന് കുറേ നിയന്ത്രണങ്ങൾ ഒക്കെയുണ്ട്. നമുക്ക് ഇപ്പോൾ പോലീസ് സേനയിൽ വരുന്ന സംഖ്യയ്ക്ക് ആനുപാതികമായിട്ട് മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയോഗിക്കാനായിട്ട് ബുദ്ധിമുട്ട് വരും. ഏതായാലും ആവശ്യാനുസരണം ആ കാര്യം പരിഗണിക്കുന്നതാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം ഏറ്റവും ഒടുവിൽ പറഞ്ഞത് പാകിസ്ഥാൻ പൗരത്വം ഉള്ള കറാച്ചിയിലൊക്കെയുള്ളവരെ ഇങ്ങോട്ട് കൊണ്ടുവരുന്ന കാര്യങ്ങളാണ്. കേരളത്തിൽ പാകിസ്ഥാൻ പൗരത്വം ഉള്ള കുറേ ആളുകളുണ്ട്. അവരെ തിരിച്ചയക്കണം എന്നുള്ള നിലപാടാണ് കേന്ദ്ര വിദേശകാര്യ വകുപ്പ് എടുത്തിട്ടുള്ളത്. അത് മനുഷ്യത്വപരമായ പ്രശ്നമാണ്. ഇന്നിപ്പോൾ അവർ താമസിക്കുന്നത് നിയമത്തിന് അതീതമായ സാഹചര്യത്തിലാണ്. നിയമപരമായ അവകാശം കൊടുക്കണം എന്നുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. ഒരു രാജ്യത്തിന്റെ ഭാഗത്ത് കുറേപേർ താമസിച്ചുകൊണ്ടിരുന്ന സമയത്ത് ഒരു സുപ്രഭാതത്തിൽ ആ രാജ്യം രണ്ടായി. അങ്ങനെ രണ്ട് സ്ഥലത്ത് വന്നതാണ്. അല്ലാതെ വേറൊരു വിദേശ രാജ്യത്തുനിന്നോ മറ്റൊരു ശത്രു രാജ്യത്തുനിന്നോ ഇങ്ങോട്ട് വന്നവരല്ല. ആ നിലയിൽ മനുഷ്യത്വപരമായ ഒരു സമീപനം എന്നുള്ള നിലയിൽ അവരെ നിയമപരമായി ഇവിടെ പാർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരുകയാണ്. ഇങ്ങോട്ട് പോരാൻ ആഗ്രഹിക്കുന്നവർക്ക് സംസ്ഥാന ഗവൺമെന്റ് സാദ്ധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് ഉറപ്പ് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അവരുടെയെല്ലാം കുടുംബവും കുടുംബബന്ധങ്ങളും എല്ലാം ഇവിടെയാണ്. വർഷങ്ങൾ പലത് കഴിഞ്ഞെങ്കിലും അവർക്ക് തിരിച്ചുവരാനുള്ള താൽപ്പര്യം ഉണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. ചീഫ് സെക്രട്ടറിയുടെ വണ്ടി പരിശോധിച്ച് കൈക്കൂലി വാങ്ങിച്ച കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് പത്രങ്ങളിൽ വന്ന വാർത്തയാണ്. ആ രീതിയിലൊന്നുമല്ല കാര്യങ്ങൾ. മോട്ടോർ വെഹിക്കിൾസ് ചെക്ക് പോസ്റ്റിലാണ് ഇങ്ങനെ ഒരു പ്രശ്നം ഉണ്ടായത്. ആ സമയത്ത് അവിടെ ഉണ്ടായിരുന്ന രണ്ട് (എ.എം.വി.ഐ.) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ സസ്പെന്റ് ചെയ്തു കഴിഞ്ഞു. നാഥൻ ഇല്ലാത്ത സ്ഥിതിയാണ് കേരളാ പോലീസിന്റേത്, അനാഥമാണ് ജയിൽ എന്നൊക്കെ അങ്ങ് ഇവിടെ പറഞ്ഞു. അങ്ങ് അത് ഓർത്ത് ഒരിക്കലും വിഷമിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന് നാഥൻ ഉണ്ട്. ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അങ്ങയുടെ രോദനം കേട്ടപ്പോൾ എനിക്ക് തന്നെ സഹതാപം തോന്നി. അത്രമാത്രം അങ്ങ് പോലീസിന്റെ കാര്യത്തിൽ താൽപ്പര്യം കാണിക്കുന്നു. നാഥനില്ലാത്ത പോലീസിനെ ഓർത്ത് അങ്ങ് വിലപിക്കുന്നത് കേട്ടപ്പോൾ എനിക്കുപോലും സങ്കടം തോന്നി. അങ്ങ് ഒരിക്കലും അതിനെക്കുറിച്ച് വിഷമിക്കരുത്. ഇവിടെ നാഥനുണ്ട്. ഒരു കുഴപ്പവും വരില്ല. അതുപോലെ ജയിലും. എന്തെങ്കിലും കുറവുകളോ പോരായ്മയോ ഉണ്ടെങ്കിൽ അത് നികത്തിക്കൊണ്ട് മുന്നോട്ടുപോകും. പക്ഷേ എനിക്ക് ഒരു കാര്യത്തിൽ പ്രയാസമുണ്ട്. അങ്ങ് ഇങ്ങനെ പറയുന്നത് കേട്ടപ്പോൾ അങ്ങയെക്കുറിച്ച് എനിക്ക് സിമ്പതി തോന്നിയതുപോലെ അങ്ങയുടെ നേതാവിനെക്കുറിച്ചും എനിക്ക് സിമ്പതി തോന്നി. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇല്ലാതിരുന്ന സമയത്ത് ശ്രീ. എം. എം.ഹസ്സൻ അദ്ദേഹത്തെക്കുറിച്ച് ചെറിയ ആക്ഷേപങ്ങളും ആരോപണങ്ങളുമൊക്കെ പറഞ്ഞു. ആ ആരോപണത്തിനെതിരായിട്ട് അങ്ങേയ്ക്ക് ആവശ്യത്തിലേറെ സമയം കിട്ടിയിട്ടും അത് നിഷേധിച്ച് ഒരു വാക്ക് പറയാൻ സാധിച്ചില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. എം. എം. ഹസ്സൻ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. ആരോപണം ഉന്നയിച്ച പത്രത്തിനെതിരായിട്ട് കേസ് കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചിട്ടുണ്ട്. അത് അദ്ദേഹം പരസ്യമായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ആരോപണത്തിനു മുന്നിലൊന്നും ഒളിച്ചോടുന്ന ആളല്ല സഖാവ് വി. എസ്. അച്ചുതാനന്ദൻ എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ അത് സമ്മതിച്ചു, പക്ഷെ അതിനുശേഷമാണ് രേഖകൾ എല്ലാം എന്റെ കൈയിൽ ഉണ്ടെന്ന് ശ്രീ. ഹസ്സൻ പറഞ്ഞത്. അങ്ങനെ പറഞ്ഞപ്പോൾ ഈ ഒരു വാചകം എങ്കിലും അങ്ങ് പറഞ്ഞിരുന്നു എങ്കിൽ ഞാൻ സന്തുഷ്ടനാകുമായിരുന്നു. ഇപ്പോൾ പറഞ്ഞ കാര്യമെങ്കിലും പറഞ്ഞിരുന്നു എങ്കിൽ. അത് പറയാതിരുന്ന സമയത്ത് പ്രതിപക്ഷ നേതാവിനോട് എനിക്ക് സിമ്പതി തോന്നി.

ശ്രീ. മത്തായി ചാക്കോ : കണ്ണൂർ ജയിലിൽ രവീന്ദ്രൻ എന്ന പേരിലുള്ള ഒരു തടവുകാരൻ മരിച്ചിട്ട് ഇപ്പോൾ ഒരു വർഷം ആകാറായി. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്തു തന്നെ ആ കുടുംബത്തിന് സഹായം കൊടുക്കുന്നതിനെ സംബന്ധിച്ച് ഒരു നിവേദനം ഞാൻ കൊടുത്തിട്ടുണ്ട്. അങ്ങ് വന്നപ്പോഴും ഒരു നിവേദനം തന്നു; അത് പരിശോധിച്ചുവരുന്നു എന്നുള്ള മറുപടിയാണ് മുമ്പുണ്ടായത്. ഇപ്പോഴും അതുതന്നെയാണോ സ്ഥിതി. ജയിലിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങ് അത് വ്യക്തമാക്കണം.

ശ്രീ. ഉമ്മൻചാണ്ടി : അതിനകത്ത് ചില പ്രായോഗിക പ്രശ്നങ്ങൾ കൂടിയുള്ളതുകൊണ്ടാണ് ഒരു തീരുമാനം എടുക്കാതിരിക്കുന്നത്. അതിന്റെ നിയമപരമായിട്ടുള്ള അഭിപ്രായംകൂടി കേട്ടതിനുശേഷം അതിൻമേൽ ഒരു തീരുമാനം എടുക്കും. അത് പരിഗണിക്കാതിരുന്നിട്ടില്ല. പക്ഷെ അതോടനുബന്ധിച്ച് നിങ്ങൾ പറഞ്ഞ മറ്റു കാര്യങ്ങളൊക്കെ ഞാൻ വളരെ പെട്ടെന്നുതന്നെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, പ്രതിപക്ഷ നേതാവ് ഇവിടെ സമരം നടത്തുന്ന കാര്യം പറഞ്ഞു. ഞാൻ കഴിഞ്ഞ വെള്ളിയാഴ്ചതന്നെ എല്ലാ നേതാക്കൻമാർക്കും കത്ത് കൊടുത്തു. എല്ലാവരോടും എന്ന് ഞാൻ പറയുന്നില്ല, പ്രതിപക്ഷ നേതാവിനോടടക്കം പറഞ്ഞു. ഡോ. കെ.സി. ജോസഫിനോടും പറഞ്ഞു ഞാൻ ഇങ്ങനെ ഒരു കത്ത് തരുന്നുണ്ട് എന്ന്. തിങ്കളാഴ്ച ആഭ്യന്തര വകുപ്പിന്റെ ചർച്ച ആയതുകൊണ്ട് രാവിലെ പറ്റില്ല, ചർച്ച കഴിഞ്ഞ അന്നേരം ഞാൻ ഊണുകഴിക്കാൻ പോലും പോകില്ല, നേരെ അങ്ങോട്ടു വന്നേക്കാം നമുക്ക് ചർച്ച ചെയ്യാം എന്ന്. അന്നേരം അവരാരും ഒൻപതാം തീയതി എന്നുള്ളത് മാറ്റി എട്ടാം തീയതി വേണമെന്ന് പറഞ്ഞില്ല. എട്ടാം തീയതി വേണമെന്ന് പ്രതിപക്ഷമോ മറ്റാരെങ്കിലുമോ പറഞ്ഞിരുന്നു എങ്കിൽ ഞാൻ എന്ത് പരിപാടി ഉണ്ടായിരുന്നു എങ്കിലും അത് ക്യാൻസൽ ചെയ്ത് ഇവിടെ ഇരിക്കുമായിരുന്നു. കാരണം അങ്ങേക്ക് ആഗ്രഹമില്ലെങ്കിലും എനിക്ക് പ്രതിപക്ഷ നേതാവ് ഒരു കാരണവശാലും പട്ടിണി കിടക്കരുത് എന്ന് ആഗ്രഹമുണ്ടായിരുന്നു. അന്ന് പ്രതിപക്ഷ നേതാവും പറഞ്ഞില്ല, മറ്റ് ഒരു കക്ഷി നേതാക്കളും പറഞ്ഞില്ല. എനിക്ക് ഇന്നലെ പ്രതിപക്ഷ നേതാവിന്റെ ഒരു കത്ത് കിട്ടി. ഇന്നലെ കത്തുകിട്ടിയപ്പോഴും ഞാൻ ഇവിടെയുണ്ട്. ഞാൻ അന്നേരം തന്നെ ആ കത്ത് എടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി അതുസംബന്ധിച്ച് സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചെല്ലാം പറഞ്ഞു. ഞാൻ ചർച്ച ഇന്നുവയ്ക്കാൻ കാരണം തന്നെ വ്യക്തമായ ചില തീരുമാനങ്ങൾ എടുത്തുകഴിഞ്ഞു, ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മൂന്നു നാല് ദിവസത്തെ പ്രോഗ്രസ്സ് കൂടി കണ്ടിട്ട് ആകാം എന്നുവച്ചുകൊണ്ടാണ്. ഇന്നലെ ചർച്ച വയ്ക്കണം എന്നുള്ളത് ആരെങ്കിലും പറഞ്ഞിരുന്നു എങ്കിൽ ചെയ്യുമായിരുന്നു, ഞാൻ ഇന്ന് രാവിലെയല്ല ചർച്ചയുടെ കാര്യം പറയുന്നത്, വെള്ളിയാഴ്ച പറഞ്ഞതാണ്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എനിക്ക് ഒരു കത്ത് തരികയും ചെയ്തു. ഞാൻ ഇവിടെ ഉണ്ടായിരുന്നു. ആ കത്തിനകത്തും ഈ ചർച്ച നേരത്തേ വയ്ക്കണമെന്ന് പറഞ്ഞിരുന്നില്ല. അതുകൊണ്ടാണ്, അല്ലെങ്കിൽ ഞാൻ നിശ്ചയമായിട്ടും ഇന്നലെ ചർച്ച വയ്ക്കുമായിരുന്നു. ഞാൻ ഇവിടെ ഉണ്ടായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : രാവിലെ ഒൻപതു മണിക്ക് സമരം നടത്തുമെന്ന് അങ്ങേക്ക് അറിയാമായിരുന്നല്ലോ, ഇന്ന് രാവിലെ സമരം നടത്തുമെന്ന് പ്രതിപക്ഷ നേതാവ് മുൻകൂട്ടി ഇവിടെ പ്രഖ്യാപിച്ചതാണല്ലോ, അങ്ങനെയാണെങ്കിൽ അതിനുമുമ്പ് ഒരു സമയം നിങ്ങൾ കണ്ടുപിടിക്കണ്ടേ ?

ശ്രീ. ഉമ്മൻചാണ്ടി: ഇല്ല, പ്രതിപക്ഷ നേതാവ് പറഞ്ഞത് നിങ്ങൾ എടുത്തിട്ടുള്ള വാഗ്ദാനങ്ങൾ ഒക്കെ നിങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് നോക്കിയിട്ട്, ആ വാഗ്ദാനങ്ങൾ നടന്നില്ലെങ്കിൽ ഞാൻ രാവിലെ സമരം ചെയ്യും എന്നാണ്. നിങ്ങൾ അഞ്ചു കൊല്ലം കൊണ്ട് നെല്ല് സംഭരണത്തിന് വേണ്ടി 11 കോടിയിൽ താഴെ രൂപയാണ് ചെലവാക്കിയത് എങ്കിൽ ഈ 6 മാസംകൊണ്ട് ബജറ്റിൽ ഉൾപ്പെടുത്തിയതിനു പുറമേ 14 കോടി രൂപ ഞാൻ മുഖ്യമന്ത്രിയായതിനു ശേഷം കൊടുത്തു. രാവിലെ ഇവിടെ കണക്ക് പറഞ്ഞതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. ബജറ്റിൽ ഉൾക്കൊള്ളിച്ചതും കൂടി ചേർത്ത് ഈ വർഷം 17.8 കോടി രൂപയാണ് ഒരൊറ്റ വർഷം കൊടുത്തിരിക്കുന്നത്. നിങ്ങൾ 5 കൊല്ലം കൊണ്ടു സംഭരിച്ച നെല്ലിന് കൊടുക്കേണ്ട ഹാന്റ് ലിംഗ് ചാർജ്ജ് 26 കോടി രൂപയായിരുന്നു. 11 കോടി രൂപ മാത്രമേ നിങ്ങളുടെ കാലത്ത് കൊടുത്തുള്ളൂ. ബാക്കി 15 കോടി രൂപയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി വന്നതിനു ശേഷം ഓരോ കൊല്ലവും കൊടുത്തു തീർക്കുകയാണ് ചെയ്തത്. ഈ നാല് കൊല്ലംകൊണ്ട് നെല്ലു സംഭരണത്തിനു വേണ്ടി ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്നത് 36 കോടി രൂപയാണ്. നിങ്ങളുടെ കാലത്തുള്ള കുടിശ്ശിക സഹിതം കൊടുത്തു തീർത്തിരിക്കുകയാണ്. നെല്ല് സംഭരണത്തിന് ഇനിയും എന്താ വേണ്ടത്? നിങ്ങൾ നിർദ്ദേശിക്ക്, കുടിശ്ശിക മുഴുവൻ കൊടുത്തുകഴിഞ്ഞു. പാലക്കാട്ടുള്ള എം.എൽ.എ. മാർ ഒന്നന്വേഷിച്ചോ, ഏതെങ്കിലും സൊസൈറ്റിക്ക് കുടിശ്ശിക കിട്ടാനുണ്ടോ? ഞാൻ ചോദിക്കുന്നു. ഞാൻ പറഞ്ഞ വാക്ക്, ഈ സഭയിൽ തന്ന ഉറപ്പ് അത് പൂർണ്ണമായും പാലിച്ചു. ഇനിയും കുറവുണ്ടോ, ഇപ്പോൾ ഇതിനോടകം തന്നെ വളരെയധികം നെല്ല് സംഭരിച്ചു കഴിഞ്ഞു. രാവിലെ ഞാൻ അതിന്റെ കണക്ക് പറഞ്ഞു. 31000 ടൺ ആണെന്ന് തോന്നുന്നു, അത് സംഭരിച്ചു കഴിഞ്ഞു. അതുകഴിഞ്ഞ് മുഞ്ഞയുടെ കാര്യത്തിൽ ഇൻഷ്വറൻസിന്റെ കാര്യത്തിൽ ഒക്കെ അനുഭാവപൂർവ്വമായ സമീപനം എടുത്ത് അതിൻമേൽ നടപടികളുമായിട്ട് മുന്നോട്ടു പോകുകയാണ്. ഞാൻ ഇന്നുരാവിലെ ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾ രാഷ്ട്രീയത്തിന് അതീതമായി കൃഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടുകൊണ്ട് നിങ്ങൾ കേൾക്കാൻ തയ്യാറാണെങ്കിൽ ഒരു നിമിഷം പോലും പ്രതിപക്ഷ നേതാവിന് അതിന്റെ പേരിൽ നിരാഹാരം ഇരിക്കേണ്ടി വരുമായിരുന്നില്ല.

ശ്രീ. തോമസ് ചാഴികാടൻ : ഇപ്പോൾ കോട്ടയം ജില്ലയിൽ പ്രധാനമായും പ്രശ്നമുള്ളത് തിരുവാർപ്പിലും കുമരകത്തുമാണ്. നെല്ല് സംഭരണം നടത്തേണ്ട ചുമതലയുള്ള തിരുവാർപ്പിലും കുമരകത്തുമുള്ള സൊസൈറ്റികളിലാണ് നെല്ല് സംഭരണം നടക്കാതിരിക്കുന്നത്. അവിടെ നെല്ല് സംഭരിക്കാൻ ഉത്തരവാദപ്പെട്ട സൊസൈറ്റികളുടെ മുഴുവൻ പ്രസിഡന്റുമാരും ഭരണ സമിതിയും മാർക്സിസ്റ്റ് പാർട്ടിയുടേതാണ് എന്നുള്ളത് അങ്ങേയ്ക്കറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയുടെ കാലത്ത് 11 കോടി രൂപയുടെ സംഭരണമാണ് നടത്തിയതെന്ന് അങ്ങ് പറഞ്ഞു. അങ്ങ് തന്നെ അതിന്റെ കൂടെ പറഞ്ഞു 15 കോടി രൂപ പിന്നെയാണ് കൊടുത്തത് എന്ന്; അപ്പോൾ 11 കോടി രൂപയുടെ സംഭരണമല്ല നടത്തിയത് എന്നുള്ളത് വ്യക്തമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് നെല്ല് സംഭരണം നടത്തിയത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ്, അപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തന്നെ നെല്ല് സംഭരിച്ചുകൊണ്ട് ഇറങ്ങണം. നെല്ലിന് ന്യായമായ വില ഉണ്ടെങ്കിൽ സംഭരണത്തിന്റെ ആവശ്യമില്ല. ന്യായമായ വില ഉണ്ടായിരുന്നു ഇടതുപക്ഷ മുന്നണി ഭരണകാലത്ത്. വിലയില്ലാത്ത ഘട്ടത്തിൽ മാത്രമേ സംഭരണത്തിന്റെ ആവശ്യമുള്ളൂ.

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ, ഇന്നത്തെ ചർച്ചയ്ക്കു വരുമ്പോൾ അന്നു കിട്ടിയ വിലയും ഇന്ന് കിട്ടുന്ന വിലയും എത്രയാണെന്ന് ഞാൻ കാണിച്ചുതരാം. അന്നു കിട്ടിയ വില എത്രയായിരുന്നു എന്നുള്ളതിന്റെ കണക്ക് ഞങ്ങളുടെ കൈയിലുണ്ട്. അത് കാണിച്ചു തരാം. ഇന്ന് കൊടുക്കുന്ന വില എത്രയാണെന്നുള്ളതും അങ്ങേക്ക് അറിയാമല്ലോ? ശ്രീ. ചാഴികാടൻ പറഞ്ഞത് പ്രധാന പോയിന്റാണ്. ഇന്ന് ഇപ്പോൾ സംഭരണം ഏറ്റവും സ്ലോയിൽ നടക്കുന്നത് കോട്ടയത്താണ്. കോട്ടയത്ത് നിങ്ങളുടെ പാർട്ടികൾ നിയന്ത്രിക്കുന്ന സൊസൈറ്റികൾ ഇതുവരെ നെല്ല് എടുക്കാൻ തയ്യാറായിട്ടില്ല. അതാണ് അതിന്റെ കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഗവൺമെന്റിനെതിരെയല്ല സമരം നടത്തേണ്ടത് .....ബഹളം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സഹകരണ സൊസൈറ്റികൾവഴി നെല്ല് സംഭരണം പ്രായോഗികമല്ല എന്നുള്ളതുകൊണ്ടാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കണം എന്ന് ഞങ്ങൾ പറയുന്നത്.

ശ്രീ. ഉമ്മൻചാണ്ടി : മറ്റു ജില്ലകളിൽ എടുക്കുന്നണ്ടല്ലോ, കോട്ടയത്തു തന്നെ മറ്റു സൊസൈറ്റികൾ എടുക്കുന്നുണ്ട്. അപ്പോൾ ഇത് രാഷ്ട്രീയമായിട്ട് ഗവൺമെന്റിന്റെ നെല്ല് സംഭരണത്തെ അട്ടിമറിക്കാൻ വേണ്ടി, ഇന്ന് ഇവിടെ സമരം നടക്കുന്നതിന് സാഹചര്യം ഉണ്ടാക്കാൻ വേണ്ടി ശ്രമിക്കുമ്പോൾ ഗവൺമെന്റിന് എന്തുചെയ്യാൻ പറ്റും ?

ശ്രീമതി മേഴ്സി രവി : സർ, ഞാൻ കോട്ടയത്തെ എം.എൽ.എ. യാണ്. അവിടെ മാർക്സിസ്റ്റു പാർട്ടി രാഷ്ട്രീയം കളിക്കുന്നതാണ് ഇന്ന് നെല്ല് സംഭരണത്തിന്റെ എറ്റവും വലിയ പ്രശ്നം. ഈ സഹകരണ സംഘങ്ങൾ കളക്ടർ വിളിച്ചുചേർത്ത മീറ്റിംഗിൽ പങ്കെടുത്തില്ല. നെല്ല് എടുക്കുന്നതിന് ഉത്തരവാദപ്പെട്ട ഈ സഹകരണസംഘങ്ങൾ മീറ്റിംഗിനു വന്നില്ല. ഇപ്പോൾ ശ്രീ. കോടിയേരി പറഞ്ഞു പഴയ ഡ്യൂസ് ഉണ്ടെന്ന്. ഡ്യൂസ് കാലാകാലങ്ങളിൽ ഉള്ളതാണ്. പുതിയ കാര്യമൊന്നുമല്ല. കളക്ടർ വിളിച്ച മീറ്റിംഗിൽ പങ്കെടുക്കാത്ത സഹകരണ സംഘങ്ങളെ പിരിച്ചുവിടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നത്തെ പ്രശ്നം ഇവർ ഉണ്ടാക്കുന്നതാണ്. പാവപ്പെട്ട കർഷകരുടെ പേരിൽ രാഷ്ട്രീയം കളിക്കാൻ ഇറങ്ങരുത്. ബഹുമാനപ്പെട്ട അച്ചുതാനന്ദൻ പറഞ്ഞു ആയിരം രൂപ മേടിച്ചു കൊടുക്കുമെന്ന്. ഇത്രയും കാലം ഭരിച്ചപ്പോൾ ഈ ആയിരം രൂപയുടെ കണക്ക് അവിടെ ഉണ്ടായിരുന്നില്ലല്ലോ. നീതി നടപ്പാകണമെങ്കിൽ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എക്സ്പ്ലനേഷൻ ചോദിച്ച് ഈ സഹകരണ സംഘങ്ങളെ പിരിച്ചുവിടട്ടെ. അതാ വേണ്ടത്.

(ബഹളം .....ബഹളം .....)

ശ്രീ. കെ. എ. ചന്ദ്രൻ : പ്രതിപക്ഷ നേതാവ് നെൽ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കാത്തതിന്റെ വേദനയിൽ നിരാഹാരം കിടക്കുന്നു, അതിനോട് സഹതാപമുണ്ട്. അദ്ദേഹം നെൽകൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പറഞ്ഞതിൽ ആത്മാർത്ഥതയുടെ ഒരു ശിഖിരമെങ്കിലും ഉണ്ടായിരുന്നു എങ്കിൽ അത് സമ്മതിക്കാമായിരുന്നു. പാലക്കാട് ജില്ലയിൽ നൂറിലേറെ പാടശേഖരങ്ങൾ ഇല്ലേ? ആറ് സഹകരണസംഘങ്ങളാണ് ഇന്നുവരെ നെല്ല് ശേഖരിക്കാൻ മുന്നോട്ടു വന്നിട്ടുള്ളത്. ആറും യു.ഡി.എഫ്. ന്റെ സംഘങ്ങൾ ആണ്. അവിടെ തൊണ്ണൂറിലേറെ സഹകരണ സംഘങ്ങൾ ഇല്ലേ ? എത്ര സംഘങ്ങൾ ഈ ഘട്ടത്തിലും നെല്ല് സംഭരിക്കാനായി വന്നു. ഒരു പൈസ കൂടിശ്ശികയില്ലാത്ത ഈ സന്ദർഭത്തിലും, ഈ പറയുന്ന കാര്യം ആത്മാർത്ഥത ഉള്ളതായിരുന്നു എങ്കിൽ നിങ്ങൾക്ക് സംഭരണ രംഗത്ത് വരാമായിരുന്നില്ലേ, ഈ കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾക്ക് കാരണം രാഷ്ട്രീയപ്രേരിതം എന്നതിൽ കവിഞ്ഞ് വേറെ എന്തെങ്കിലും ഉണ്ടോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിഞ്ഞുകൂടേ?

(ബഹളം ..... ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly

'പാഡികോ' അയൽ സംസ്ഥാനത്തുനിന്ന് നെല്ല് കൊണ്ടുവന്നാണ് പ്രോസ്സസ് ചെയ്തത്. അതിന്റെ നേതൃത്വം എൽ.ഡി.എഫ്നല്ലേ ? 'പാഡികോ' ആർക്കുവേണ്ടിയാണ് ഉണ്ടാക്കിയത്, ഏതു മുതലാളിമാരാണ് അവിടെ ചരക്കിറക്കിയത്. സത്യത്തിന്റെ മുമ്പിൽ ഈ കപടനാടകം വേണ്ട. പാലക്കാട്ടെ നെൽകൃഷിക്കാർക്കു വേണ്ടി ഉണ്ടാക്കിയ ആ 'പാഡികോ'- യിൽ ഏത് നെല്ല് വരുന്നു, ഏത് സംഭരിക്കുന്നു ? ഇവിടെ കാണിക്കുന്ന ഈ രാഷ്ട്രീയ കോലാഹലം എന്തിനുവേണ്ടി ? ഇനിയെങ്കിലും നെൽകൃഷിക്കാർക്കുവേണ്ടി ആ നെല്ല് സംഭരിക്കാൻ മുന്നോട്ടുവരിക.

(ബഹളം ..... ബഹളം .....)

ശ്രീ. എ. കെ. ബാലൻ : സർ, സഹകരണ മേഖലകൾ 18,000 മെട്രിക് ടൺ നെല്ല് സംഭരിച്ചു, കാൾ കുറച്ചുകൂടുതൽ കൊടുത്തുപോയി. അതാണോ അപകടം പറ്റിയത്. മാർക്കറ്റിൽ അരിയുടെ വില കുറഞ്ഞു. സഹകരണ സ്ഥാപനങ്ങൾ സംഭരിക്കാത്തതല്ല എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞതാണ്. സി.പി.എം.-ന്റെ നിയന്ത്രണത്തിലുള്ള ഭൂരിപക്ഷം സൊസൈറ്റികളാണ് ഈ നെല്ല് സംഭരിച്ചിട്ടുള്ളത്. ചന്ദ്രേട്ടൻ പാടശേഖര കമ്മിറ്റിയെപ്പറ്റിയാണ് പറയുന്നത്. പാടശേഖര കമ്മിറ്റികൾ ഇതു എടുക്കേണ്ട ആവശ്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ബാലൻ ഇവിടെ പറഞ്ഞ പാലക്കാട്ടെ പ്രശ്നം പതിനെണ്ണായിരം ടൺ നെല്ല് സംഭരിച്ചത് വിൽക്കാതിരുന്നതാണ്. അതിന് ഞാൻ അവിടെ വന്ന് എല്ലാപേരുമായി ചർച്ച ചെയ്ത് സൊസൈറ്റിയുമായിട്ട് ധാരണയുണ്ടാക്കി അതിൽ വരുന്ന 80 പൈസയുടെ ഡിഫറൻസ്---കേരളത്തിലെ മറ്റുള്ള ജില്ലകളിൽ നിന്ന് 80 പൈസ കൂടുതൽ വില കൊടുത്താണ് അവിടെ വാങ്ങിയത്---40 പൈസ സംസ്ഥാന ഗവൺമെന്റ് വിഹിതവും, 40 പൈസ സൊസൈറ്റി വിഹിതവുമാണ്. പിറ്റേ ദിവസത്തെ ക്യാബിനറ്റിൽ ആ 40 പൈസ വച്ച് പതിനെണ്ണായിരത്തിൽപ്പരം ടൺ നെല്ലിന് കൊടുക്കേണ്ട എഴുപത്തിരണ്ടു ലക്ഷം രൂപയും പാസാക്കി അതിനുള്ള ഉത്തരവും കൊടുത്തു. എനിക്ക് ഒരു റിക്വസ്റ്റ് മാത്രമേയുള്ളൂ, പ്രതിപക്ഷ നേതാവ് ഇവിടെ കേൾക്കാനില്ല. അങ്ങ് പറഞ്ഞാൽ കേൾക്കുമോ എന്ന് അറിയില്ല. എനിക്ക് അങ്ങിലൂടെ അഭ്യർത്ഥിക്കാനുള്ളത് കർഷകന്റെ പേരിൽ ഈ രാഷ്ട്രീയം വേണ്ട. നമുക്ക് വേറെ തർക്കിക്കാൻ എത്തെല്ലാം കാര്യങ്ങളുണ്ട്. അതുകൊണ്ട് ഞാൻ ഒരു ഉറപ്പുതരാം. ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങളിൽ എവിടെയാണ് വീഴ്ച, നിങ്ങൾ ചൂണ്ടിക്കാണിക്ക്, എവിടെയാണ് ഞങ്ങൾ തിരുത്തേണ്ടത്? ഞങ്ങൾ തിരുത്താൻ തയ്യാറാണ്. നിങ്ങൾ തിരുത്താനുള്ളതിന് നിങ്ങൾ തയ്യാറാകുമോ? നിങ്ങളുടെ സൊസൈറ്റിക്കാരെക്കൊണ്ട് കഴിഞ്ഞ കൊല്ലം എടുപ്പിച്ചതുപോലെ നെല്ല് എടുപ്പിക്കാൻ നിങ്ങൾ തയ്യാറാകുമോ ? നമുക്ക് ഈ പ്രശ്നം ഇപ്പോൾ തീർക്കാം. അതുകൊണ്ട് സ്വന്തമായിട്ട് വീഴ്ച വരുത്തിയിട്ട് ഗവൺമെന്റിന്റെ മേൽ പഴിചാരാനാണ് ശ്രമിക്കുന്നതെങ്കിൽ അത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നമുക്ക് ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്ന സമയത്ത് ആലോചിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : ശരി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആ സൊസൈറ്റികൾക്ക് നഷ്ടം വരുന്നതുകൊണ്ട് നെല്ല് സംഭരിക്കാൻ സാധിക്കില്ല. ആ സൊസൈറ്റികൾക്ക് നഷ്ടം വരാത്തവിധത്തിലുള്ള ക്രമീകരണം ഉണ്ടാക്കണം. മറ്റ് ഡീറ്റെയിൽസ് ചർച്ച ചെയ്യുമ്പോൾ നമുക്ക് തീരുമാനിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : നമുക്ക് ചർച്ച ചെയ്ത് തീരുമാനിക്കാം. പക്ഷെ മറ്റ് സഹകരണ സംഘങ്ങൾ എടുക്കുന്നുണ്ട്. ചില സൊസൈറ്റികൾ മാത്രം എടുക്കാതിരിക്കുന്ന സാഹചര്യം നിങ്ങൾ ഗൗരവമായിട്ട് കാണണം. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ ഇവിടെ പറഞ്ഞ ഒരു കാര്യത്തിൽ, 'ഡി.വൈ.എസ്.പി..മാരുടെ സ്ഥലംമാറ്റത്തിൽ അഴിമതി നടത്തിയിട്ടുണ്ടെന്നും ജുഡീഷ്യൽ അന്വേഷണം നടത്തുകയാണെങ്കിൽ തെളിവ് തരാമെന്നും' ശ്രീ. കെ. കരുണാകരന്റെ ഒരു പ്രസ്താവന പത്രത്തിൽ കണ്ടു. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി : അഴിമതിക്കാരായ ചില ഉദ്യോഗസ്ഥൻമാർക്ക് ചില ബുദ്ധിമുട്ടുകളുണ്ടാകുമെന്ന് കാണുമ്പോൾ കൈയും കാലുമിട്ട് അടിച്ചാൽ അത് അനുസരിച്ച് കുലുങ്ങുന്ന ഒരു ഗവൺമെന്റല്ല ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏത് ഡിവൈ.എസ്.പി.യെയാണ് മാറ്റിയത്. നിങ്ങൾ ഇതുപോലെ കാര്യങ്ങൾ അറിയാതെ സംസാരിക്കരുത്. നിങ്ങൾ കാര്യങ്ങൾ പഠിക്കണം. സർ, ഉദ്യോഗസ്ഥൻമാർ ചില അന്വേഷണങ്ങളും കാര്യങ്ങളും നടത്തി ഇതിനകത്ത് ശരി ഏത്, തെറ്റ് ഏത്, ആർക്കെങ്കിലും പിശകുപറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ തുടങ്ങുമ്പോൾ ചില ഉദ്യോഗസ്ഥൻമാർ അവരുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഇവിടെ ഗവൺമെന്റിനെ പേടിപ്പിക്കാൻ നോക്കിയാൽ ആ പേടിയുടെ മുൻപിൽ മുട്ടുമടക്കില്ല അതാണ് ഇവിടെ നടന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒന്നുപറയൂ. ഏതെങ്കിലും ഒരു ഡിവൈ.എസ്.പി.യെ മാറ്റി,—ഈ റിപ്പോർട്ടിനകത്ത് പല സ്റ്റേഷനുകളുടേയും കഥയൊക്കെ പറയുന്നുണ്ട്—അതിന് ഇത്ര ലക്ഷമെന്നൊക്കെ പറയുന്നുണ്ട്. അവിടെയൊന്നും ഒരു മാറ്റവും ഉണ്ടായിട്ടില്ല. ചിലർ ഒരു പുകമറ സൃഷ്ടിക്കാൻവേണ്ടി അവർക്ക് ചില ബുദ്ധിമുട്ടുകൾ വരുമെന്ന് തോന്നിയപ്പോൾ ഉണ്ടായ സംഗതിയാണ്. സുപ്രീം കോടതിയെക്കുറിച്ചു പറഞ്ഞു, ശ്രീ. കെ. പി. വിശ്വനാഥന് എതിരായി കേരള ഹൈക്കോടതിയിൽ വന്ന ചില കാര്യങ്ങളെക്കുറിച്ച് അപ്പീൽ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ശ്രീ. കെ. പി. വിശ്വനാഥൻ അതിനകത്ത് ഒരു തെറ്റും ചെയ്തിട്ടില്ലായെന്ന് മുഖ്യമന്ത്രിയെന്ന നിലയിൽ അതുമുഴുവൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം എടുത്ത തീരുമാനമാണ്. സുപ്രീം കോടതി ഇപ്പോൾ—ശരിവച്ചു. (പരിശോധിച്ചു.) വിമർശിച്ചു എന്നൊക്കെയാണ് പറഞ്ഞുകേട്ടത്. എന്താ സുപ്രീം കോടതി പറഞ്ഞത്; എവിടെയാണ് ശരിവച്ചത് ? ഏതെങ്കിലും മീഡിയായിൽ ഗവൺമെന്റിന് ശാസനമെന്നു പറഞ്ഞാൽ അത് ശാസനമാകുമോ ? ഏത് വാചകമാണ് പറഞ്ഞതെന്നു പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എന്തിനാണ് ഈ കേസുമായിട്ട് സുപ്രീം കോടതിയെ സമീപിച്ചത്. ഗവൺമെന്റിന് എന്താണ് ഇതിൽ കാര്യം, ഒരു മുൻ മന്ത്രിയല്ലേ എന്നുള്ളതാണ് സുപ്രീംകോടതി ഉന്നയിച്ചിരിക്കുന്ന പ്രശ്നം.

GCPT. 2/2317/2013/TP.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : എന്താണ് ഇതിനകത്ത് ഗവൺമെന്റിന്റെ ഇന്ററസ്റ്റ് എന്ന് ചോദിച്ചു. ഗവൺമെന്റിന്റെ വക്കീൽ ഇതിന്റെ സാഹചര്യങ്ങൾ പറഞ്ഞപ്പോൾ കേസ് ഫയലിൽ സ്വീകരിച്ചുകൊണ്ട് നോട്ടീസ് അയയ്ക്കാൻ പറഞ്ഞു. അതാണ് ഉണ്ടായത്. അല്ലാതെ ആരെങ്കിലും എന്തെങ്കിലും പറയുന്നതു കേട്ടുകൊണ്ടുവന്നാൽ എന്റെ കോടിയേരീ, അച്ചുതാനന്ദൻ തിരുവല്ലയിലെ ശവക്കുഴി പോയി തോണ്ടിയതു പോലിരിക്കും. ഇപ്പോൾ എന്തായി, തിരുവല്ലയിലെ ശവക്കുഴിയെന്തായി ? ഇവിടെ പുഷ്പഗിരി മാനേജ്മെന്റിനെ അപമാനിക്കാൻവേണ്ടി ഒരു കഥയുണ്ടാക്കി അത് നമ്മുടെ പ്രതിപക്ഷനേതാവ് ഏറ്റെടുത്തു. അദ്ദേഹം അത് ഇവിടെകൊണ്ടുവന്ന് ഈ നാട്ടിലെ ഏറ്റവും വലിയ പ്രശ്നമായി പറഞ്ഞു, ആ ശവക്കുഴി അവിടെപോയി തോണ്ടിയാൽ അവിടെ ആ ശവം ഉണ്ടോയെന്നുള്ളത് അറിയണമെന്ന് ഉണ്ടെങ്കിൽ തന്നെ, ഈ മരിച്ച ആളിന്റെതാണോയെന്ന് അറിയണം. അതിന് സയന്റിഫിക് ആയിട്ടുള്ള എല്ലാ പരിശോധനയും നടത്താൻ പറഞ്ഞു, പത്തയ്യായിരം ആളുകൾ നോക്കിനിൽക്കേ ആ ശവക്കുഴി തുറന്നു. അവടെ നോക്കി, അവിടെ ഡെഡ് ബോഡിയുണ്ട്. എല്ലാ വിധത്തിലുള്ള സയന്റിഫിക് ആയിട്ടുള്ള പരിശോധനയും നടത്തി. ആ മരിച്ച ആളിന്റെ തന്നെയാണെന്ന് ബോദ്ധ്യപ്പെട്ടു. ഇങ്ങനെ ആരെങ്കിലും പറയുന്ന കേസുമെടുത്തുകൊണ്ട് നിയമസഭയിൽ വന്നാൽ ഇതുപോലെയായിരിക്കും അനുഭവം. പുഷ്പഗിരി മെഡിക്കൽ കോളേജിനെക്കുറിച്ചോ ആശുപത്രിയെക്കുറിച്ചോ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ആ രീതിയിൽ തീർക്കണ്ടേതിന് ഇതുപോലെ വളരെ തെറ്റായിട്ടുള്ള ഒരു പ്രചരണം നടത്തി ആരെയൊക്കെ ബുദ്ധിമുട്ടിപ്പിച്ചു. ആ മരിച്ച ആളിന്റെ കുടുംബത്തിന്റെ വേദനയെത്രയാണ്, അവരനുഭവിച്ച ബുദ്ധിമുട്ട് എത്രയാണ്? ദുഃഖം എത്രയാണ് ? അവരെ ഈ ശവം കാണിക്കാൻവേണ്ടി കൊണ്ടുവന്നു, അവരെ കൊണ്ടുവന്നു കാണിച്ചു. ഇതിൽപ്പരം ഒരു ക്രൂരത ആ കുടുംബത്തോട് കാട്ടാനുണ്ടോ? ഉണ്ടാകാം, പക്ഷേ അത് ഇത്രയും കടന്നുപോകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. എസ്. സുപാൽ നീതിന്യായ നിർവ്വഹണമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം നിരാകരിക്കപ്പെട്ടിരിക്കുന്നു.

ഇനി. നീതിന്യായ നിർവഹണമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ-91

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്
4. ശ്രീ. കെ. അച്ചുതൻ

5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ
9. ശ്രീ. ഇ. എം. അഗസ്തി
10. ശ്രീ. കെ. ബാബു
11. ശ്രീ. ബാബു ദിവാകരൻ
12. ശ്രീ. പി. കെ. കെ. ബാബു
13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ശ്രീ. കെ. എ. ചന്ദ്രൻ
15. ശ്രീ. എം. എ. ചന്ദ്രശേഖരൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. എം. പി. ഗംഗാധരൻ
18. ശ്രീ. പി. പി. ജോർജ്
19. ശ്രീ. ജോർജ് ജെ. മാത്യു
20. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
24. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
25. ശ്രീ. ജോണി നെല്ലൂർ
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. ജോസഫ് എം. പുതുശ്ശേരി
28. ശ്രീ. പി. ജെ. ജോയി
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. ജി. കാർത്തികേയൻ
31. ശ്രീ. കെ. കെ. നായർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ഡോ. എം. എ. കുട്ടപ്പൻ
34. ശ്രീ. ലൂഡി ലൂയിസ്
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീമതി മേഴ്സി രവി
38. ശ്രീ. കെ. മുഹമ്മദാലി
39. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. കെ. മോഹൻ കുമാർ
41. ശ്രീ. എ. കെ. മണി
42. ശ്രീ. സി. മോയിൻകുട്ടി
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. സി. പി. മുഹമ്മദ്
45. ശ്രീ. എം. കെ. മുനീർ
46. ശ്രീ. എം. മുരളി
47. പ്രൊഫ. എ. ഡി. മുസ്തഫ
48. ശ്രീ. ടി. എച്ച്. മുസ്തഫ
49. ശ്രീ. കെ. നാരായണക്കുറുപ്പ്
50. ശ്രീ. എഴുകോൺ നാരായണൻ
51. ശ്രീ. കെ. കെ. ഷാജു
52. ശ്രീ. ഷിബു ബേബി ജോൺ
53. ശ്രീ. കടവൂർ ശിവദാസൻ
54. ശ്രീമതി ശോഭനാ ജോർജ്
55. ശ്രീ. നാലകത്ത് സൂപ്പി
56. ശ്രീ. സ്റ്റീഫൻ ജോർജ്
57. ശ്രീ. കെ. സുധാകരൻ
58. ശ്രീ. ഡി. സുഗതൻ
59. ശ്രീ. എ. സുജനപാൽ
60. ശ്രീ. ഉമ്മൻ ചാണ്ടി
61. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
62. ശ്രീ. വി. ജെ. പൗലോസ്
63. ശ്രീ. അടൂർ പ്രകാശ്
64. ശ്രീ. ടി. എൻ. പ്രതാപൻ
65. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
66. ശ്രീ. വക്കം പുരുഷോത്തമൻ
67. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
68. ശ്രീമതി രാധാ രാഘവൻ
69. ശ്രീ. എം. വി. രാഘവൻ
70. ശ്രീ. എ. എൻ. രാജൻ ബാബു
71. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
72. ശ്രീ. യു. സി. രാമൻ
73. ശ്രീ. തമ്പാനൂർ രവി
74. ശ്രീ. റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

75. ശ്രീ. ടി. പി. എം. സാഹിർ
76. ശ്രീ. എൻ. ശക്തൻ
77. ശ്രീ. പി. ശങ്കരൻ
78. ശ്രീ. കെ. ശങ്കരനാരായണൻ
79. ശ്രീമതി മാലേത്ത് സരളാദേവി
80. ശ്രീ. വി. ഡി. സതീശൻ
81. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
82. ശ്രീ. എൻ. സുന്ദരൻ നാടാർ
83. ശ്രീ. സി. എഫ്. തോമസ്
84. ശ്രീ. പി. ടി. തോമസ്
85. ശ്രീ. തോമസ് ചാഴികാടൻ
86. ശ്രീ. തോമസ് ഉണ്ണിയാടൻ
87. ശ്രീ. ഉമേഷ് ചള്ളിയിൽ
88. ശ്രീ. എം. എ. വാഹീദ്
89. ശ്രീ. കെ. സി. വേണുഗോപാൽ
90. ശ്രീ. ബി. വിജയകുമാർ
91. ശ്രീ. കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ-28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കൊടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ.മതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ശ്രീ. എം. വി. ജയരാജൻ
12. ശ്രീ. എം. കുമാരൻ
13. ശ്രീ. കെ. വി. കുഞ്ഞിരാമൻ
14. ശ്രീ. കോവൂർ കുഞ്ഞുമോൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. പിരപ്പൻകോട് മുരളി
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. എൻ. രാജൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. സാജു പോൾ
25. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോക്ടർ തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....91.

പ്രതികൂലിക്കുന്നവർ.....28.

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ പോലീസ്: പോലീസ് എന്ന XII-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം നിരാകരിക്കപ്പെട്ടിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-91

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ
9. ശ്രീ. ഇ. എം. അഗസ്തി
10. ശ്രീ. കെ. ബാബു.
11. ശ്രീ. ബാബു ദിവാകരൻ
12. ശ്രീ. പി. കെ. കെ. ബാബ
13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ശ്രീ. കെ. എ. ചന്ദ്രൻ
15. ശ്രീ. എം. എ. ചന്ദശേഖരൻ
16. ശ്രീ. ഡൊമനിക് പ്രസന്റേഷൻ
17. ശ്രീ. എം. പി. ഗംഗാധരൻ
18. ശ്രീ. പി. പി. ജോർജ്ജ്
19. ശ്രീ. ജോർജ് ജെ. മാത്യു
20. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
24. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
25. ശ്രീ. ജോണി നെല്ലൂർ
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. ജോസഫ് എം. പുതുശ്ശേരി
28. ശ്രീ. പി. ജെ. ജോയി
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. ജി. കാർത്തികേയൻ
31. ശ്രീ. കെ. കെ. നായർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ഡോ. എം. എ. കുട്ടപ്പൻ
34. ശ്രീ. ലൂഡി ലൂയിസ്
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീമതി മേഴ്സി രവി
38. ശ്രീ. കെ. മുഹമ്മദാലി
39. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
40. ശ്രീ. കെ. മോഹൻ കുമാർ

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. എ. കെ. മണി
42. ശ്രീ. സി. മോയിൻകുട്ടി
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. സി. പി. മുഹമ്മദ്
45. ശ്രീ. എം. കെ. മുനീർ
46. ശ്രീ. എം. മുരളി
47. പ്രൊഫ. എ. ഡി. മുസ്തഫ
48. ശ്രീ. ടി. എച്ച്. മുസ്തഫ
49. ശ്രീ. കെ. നാരായണക്കുറുപ്പ്
50. ശ്രീ. എഴുകോൺ നാരായണൻ
51. ശ്രീ. കെ. കെ. ഷാജു
52. ശ്രീ. ഷിബു ബേബിജോൺ
53. ശ്രീ. കടവൂർ ശിവദാസൻ
54. ശ്രീമതി ശോഭനാ ജോർജ്
55. ശ്രീ. നാലകത്ത് സൂപ്പി
56. ശ്രീ. സ്റ്റീഫൻ ജോർജ്
57. ശ്രീ. കെ. സുധാകരൻ
58. ശ്രീ. ഡി. സുഗതൻ
59. ശ്രീ. എ. സുജനപാൽ
60. ശ്രീ. ഉമ്മൻചാണ്ടി
61. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
62. ശ്രീ. വി. ജെ. പൗലോസ്
63. ശ്രീ. അടൂർ പ്രകാശ്
64. ശ്രീ. ടി. എൻ. പ്രതാപൻ
65. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
66. ശ്രീ. വക്കം പുരുഷോത്തമൻ
67. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
68. ശ്രീമതി രാധാ രാഘവൻ
69. ശ്രീ. എം. വി. രാഘവൻ
70. ശ്രീ. എ. എൻ. രാജൻ ബാബു
71. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
72. ശ്രീ. യു. സി. രാമൻ
73. ശ്രീ. തമ്പാനൂർ രവി
74. ശ്രീ. റോഷി അഗസ്റ്റിൻ
75. ശ്രീ. ടി. പി. എം. സാഹിർ

LIBRARY ARCHIVES Kerala Legislative Assembly

76. ശ്രീ. എൻ. ശക്തൻ
77. ശ്രീ. പി. ശങ്കരൻ
78. ശ്രീ. കെ. ശങ്കരനാരായണൻ
79. ശ്രീമതി മാലേത്ത് സരളാദേവി
80. ശ്രീ. വി. ഡി. സതീശൻ
81. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
82. ശ്രീ. എൻ. സുന്ദരൻ നാടാർ
83. ശ്രീ. സി. എഫ്. തോമസ്
84. ശ്രീ. പി. ടി. തോമസ്
85. ശ്രീ. തോമസ് ചാഴികാടൻ
86. ശ്രീ. തോമസ് ഉണ്ണിയാടൻ
87. ശ്രീ. ഉമേഷ് ചള്ളിയിൽ
88. ശ്രീ. എം. എ. വാഹീദ്
89. ശ്രീ. കെ. സി. വേണുഗോപാൽ
90. ശ്രീ. ബി. വിജയകുമാർ
91. ശ്രീ. കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ–28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ബിനോയ് വിശ്വം
5. ശ്രീ. വി. കെ. ചന്ദ്രൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. ടി. കെ ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ശ്രീ. എം. വി. ജയരാജൻ
11. ശ്രീ. കെ. കെ. പ്രകാശൻ മാസ്റ്റർ
12. ശ്രീ. എം. കുമാരൻ
13. ശ്രീ. കെ. വി. കുഞ്ഞിരാമൻ
14. ശ്രീ. കോവൂർ കുഞ്ഞുമോൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. പിരപ്പൻകോട് മുരളി
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. എൻ. രാജൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. സാജു പോൾ
25. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോക്ടർ തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....91.

പ്രതികൂലിക്കുന്നവർ.....28.

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. പി എസ്. സുപാൽ ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം നിരാകരിക്കപ്പെട്ടിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-91

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽകുമാർ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ
9. ശ്രീ. ഇ. എം. അഗസ്തി
10. ശ്രീ. കെ. ബാബു
11. ശ്രീ. ബാബു ദിവാകരൻ
12. ശ്രീ. പി. കെ. കെ. ബാവ
13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ശ്രീ. കെ. എ. ചന്ദ്രൻ
15. ശ്രീ. എം. എ. ചന്ദ്രശേഖരൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. എം. പി. ഗംഗാധരൻ
18. ശ്രീ. പി. പി. ജോർജ്
19. ശ്രീ. ജോർജ് ജെ. മാത്യു
20. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
24. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
25. ശ്രീ. ജോണി നെല്ലൂർ
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. ജോസഫ് എം. പുതുശ്ശേരി
28. ശ്രീ. പി. ജെ. ജോയി
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. ജി. കാർത്തികേയൻ
31. ശ്രീ. കെ. കെ. നായർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ഡോ. എം. എ. കുട്ടപ്പൻ
34. ശ്രീ. ലൂഡി ലൂയിസ്
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീമതി മേഴ്സി രവി
38. ശ്രീ. കെ. മുഹമ്മദാലി
39. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
40. ശ്രീ. കെ. മോഹൻ കുമാർ
41. ശ്രീ. എ. കെ. മാണി

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. സി. മോയിൻകുട്ടി
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. സി. പി. മുഹമ്മദ്
45. ശ്രീ. എം. കെ. മുനീർ
46. ശ്രീ. എം. മുരളി
47. പ്രൊഫ. എ. ഡി. മുസ്തഫ
48. ശ്രീ. ടി. എച്ച്. മുസ്തഫ
49. ശ്രീ. കെ. നാരായണക്കുറുപ്പ്
50. ശ്രീ. എഴുകോൺ നാരായണൻ
51. ശ്രീ. കെ. കെ. ഷാജു
52. ശ്രീ. ഷിബു ബേബി ജോൺ
53. ശ്രീ. കടവൂർ ശിവദാസൻ
54. ശ്രീമതി ശോഭനാ ജോർജ്
55. ശ്രീ. നാലകത്ത് സൂപ്പി
56. ശ്രീ. സ്റ്റീഫൻ ജോർജ്
57. ശ്രീ. കെ. സുധാകരൻ
58. ശ്രീ. ഡി. സുഗതൻ
59. ശ്രീ. എ. സുജനപാൽ
60. ശ്രീ. ഉമ്മൻചാണ്ടി
61. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
62. ശ്രീ. വി. ജെ. പൗലോസ്
63 ശ്രീ. അടൂർ പ്രകാശ്
64. ശ്രീ. ടി. എൻ. പ്രതാപൻ
65 ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
66. ശ്രീ. വക്കം പുരുഷോത്തമൻ
67. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
68. ശ്രീമതി രാധാ രാഘവൻ
69. ശ്രീ. എം. വി. രാഘവൻ
70. ശ്രീ. എ. എൻ. രാജൻ ബാബു
71. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
72. ശ്രീ. യു. സി. രാമൻ
73. ശ്രീ. തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

74. ശ്രീ. റോഷി അഗസ്റ്റിൻ
75. ശ്രീ. ടി. പി. എം. സാഹിർ
76. ശ്രീ. എൻ. ശക്തൻ
77. ശ്രീ. പി. ശങ്കരൻ
78. ശ്രീ. കെ. ശങ്കരനാരായണൻ
79. ശ്രീമതി മാലേത്ത് സരളാദേവി
80. ശ്രീ. വി. ഡി. സതീശൻ
81. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
82. ശ്രീ. എൻ. സുന്ദരൻ നാടാർ
83. ശ്രീ. സി. എഫ്. തോമസ്
84. ശ്രീ. പി. ടി. തോമസ്
85. ശ്രീ. തോമസ് ചാഴികാടൻ
86. ശ്രീ. തോമസ് ഉണ്ണിയാടൻ
87. ശ്രീ. രമേഷ് ചള്ളിയിൽ
88. ശ്രീ. എം. എ. വാഹിദ്
89. ശ്രീ. കെ. സി. വേണുഗോപാൽ
90. ശ്രീ. ബി. വിജയകുമാർ
91. ശ്രീ. കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ-28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ശ്രീ. എം. വി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. എം. കുമാരൻ
13. ശ്രീ. കെ. വി. കുഞ്ഞിരാമൻ
14. ശ്രീ. കോവൂർ കുഞ്ഞുമോൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. പിരപ്പൻകോട് മുരളി
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. എൻ. രാജൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. സാജു പോൾ
25. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോക്ടർ തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ..... 91.

പ്രതികൂലിക്കുന്നവർ.....28.

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 2.50-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly